## ഉള്ളടക്കം


| വിഷയം | പേജ് |
|---|---|
| ആമുഖം | 2 |
| സ്വലാതുൽ ഇസ്തിഖാറ | 4 |
| പ്രാർത്ഥനയുടെ ശ്രേഷ്ഠത | 6 |
| പ്രാർത്ഥനയുടെ മര്യാദകൾ | 8 |
| ഉത്തരം ലഭിക്കുന്ന സമയങ്ങളും സ്ഥലങ്ങളും | 10 |
| അല്ലാഹുവിൻെറ നാമങ്ങൾ | 14 |
| സ്ഥിരപ്പെട്ട പ്രാർത്ഥനകൾ | 17 |
| ഹജ്ജും ഉംറയും | 63 |
| റുക്നുകളും വാജിബുകളും | 65 |
| കുററ കൃത്യങ്ങളും പ്രായശ്ചിത്തവും | 67 |
| യാത്രയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 68 |
| ഹജ്ജ് നിർബന്ധമാകുന്ന നിബന്ധനകൾ | 74 |
| മീഖാത്തുകൾ | 75 |
| ഹജ്ജ് നിർവ്വഹിക്കാവുന്ന രീതികൾ | 77 |
| ഉംറ നിർവ്വഹിക്കേണ്ട രൂപം | 79 |
| ഹജ്ജ് കർമ്മങ്ങൾ | 88 |
| ഹജ്ജിൻെറ ആത്മാവ് | 99 |
| മദീന സന്ദർശനം | 105 |
| വിശ്വാസ പരമായ താക്കീതുകൾ | 107 |
| തവസ്സുൽ (ഇടതേട്ടം) | 125 |
| നമസ്കാരത്തിൻെറ പ്രാധാന്യം | 144 |
| ജമാഅത്ത് നമസ്കാരം | 148 |
| നമസ്കരിക്കാത്തവരോടുള്ള സമീപനം | 156 |




بسم الله الرحمن الرحيم

## ആമുഖം

**സ**ർവ്വസ്തുതിയും അല്ലാഹുവിന്, അവനെ വാഴ്ത്തുന്നു, അവനോട് മാത്രം സഹായം തേടുന്നു, അവനോട് പാപ മോചനം തേടുന്നു, അവനിലേക്ക് പശ്ചാത്തപിക്കുന്നു, നമ്മുടെ മനസ്സിൻെറ ദൂഷ്യങ്ങളിൽനിന്നും, ചീത്ത പ്രവർത്തനങ്ങളിൽ നിന്നും അല്ലാഹുവിൽ ശരണംതേടുന്നു.

അല്ലാഹു മാർഗ്ഗദർശനം നൽകിയാൽ അവനെ പിഴപ്പിക്കാനാരുമില്ല, അവനാൽ പിഴവിലായാൽ അവനെ നേർവഴിയിലാക്കാനും ആരുമില്ല. അല്ലാഹുവിന്നു പുറമെ ആരാധ്യനില്ലെന്നും മുഹമ്മദ് നബി(സ) അല്ലാഹുവിൻെറ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ അദ്ദേഹത്തിനും കുടുംബത്തിന്നും സഖാക്കൾക്കും അവരെ അനുഗമിക്കുന്ന സർവ്വജനങ്ങൾക്കും ധാരാളമായി എന്നെന്നും വർഷിക്കുമാറാകട്ടെ. (ആമീൻ)

ഹാജിമാർക്ക് വേണ്ടി തയ്യാറാക്കപ്പെട്ടതാണ് നിങ്ങളുടെ കൈകളിലിരിക്കുന്ന ഈ ഗ്രന്ഥം. എന്നാൽ മററുള്ളവർക്കും ഇതിൽ നിന്നും ഒരുപാട് കാര്യങ്ങൾ മനസ്സിലാക്കാനുണ്ട്. ഹജ്ജിന് പോകുന്ന ആളുകളിൽ പലരും ഒരു പാട് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പേറിയാണ് ഇന്നും ജീവിക്കുന്നത്. പരിശുദ്ധമായ ഹറമിലും പരിസരങ്ങളിലും, മിനായിലും, അറഫയിലും കഴിച്ചുകൂട്ടുന്ന സമയങ്ങളിൽ പോലും മൗലിദുകളും അതുപോലുള്ള കീർത്തനങ്ങളും പാടിക്കൊണ്ടിരിക്കുന്ന വേദനയേറിയ കാഴ്ചക

ൾ പല ടൻറുകളിലും കാണാൻ കഴിയുന്നു !? അല്ലാഹു വോടല്ലാതെ പ്രാർത്ഥിക്കുകയും മരണപ്പെട്ട മഹാത്മാക്ക ളെ തവസ്സുലാക്കുകയും (മദ്ധ്യവർത്തികളാക്കുകയും) ചെയ്തുവരുന്നു. അതാകട്ടെ, അതിലുള്ള കുററങ്ങൾ അ റിഞ്ഞുകൊണ്ടാണ് ഒരാൾ പാരായണം ചെയ്യുന്നത് എ ങ്കിൽ താൻ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ഹജ്ജ് അടക്കം സർവ്വ അമലുകളെയും ബാത്വിലാക്കി, ശാശ്വതമായ നര കാവകാശിയാക്കി മാറുന്നതാണ് തീർച്ച! അല്ലാഹു അത്ത രത്തിലുള്ള ദുഷിച്ച മാർഗ്ഗത്തിൽ നിന്നും നമ്മെയെല്ലാം കാത്ത് രക്ഷിക്കുമാറാകട്ടെ. (ആമീൻ)

അതുകൊണ്ട് ഒരു വിശ്വാസി നിർബന്ധമായും മനസ്സി ലാക്കിയിരിക്കേണ്ട വളരെ പ്രധാനപ്പെട്ട പല വിഷയങ്ങ ളും ഉൾക്കൊള്ളിച്ചുള്ളതാണ് ഈ കൃതി. അല്ലാഹു ഇതു മായി സഹകരിച്ച എല്ലാവർക്കും മതിയായ പ്രതിഫലം ന ൽകുമാറാകട്ടെ. സത്യം സത്യമായി മനസ്സിലാക്കാനും അ ത് ഉൾക്കൊണ്ട് ജീവിക്കാനും നമ്മെ അനുഗ്രഹിക്കട്ടെ. തെററായ കാര്യങ്ങൾ കയ്യൊഴിക്കാനുള്ള സന്മനസ്സ് എല്ലാ മുസ്ലിം സഹോദരങ്ങൾക്കും നൽകുമാറാകട്ടെ .

അല്ലാഹുവിൻെറ മഹത്തായ നാമങ്ങളും ഉന്നതങ്ങളായ വിശേഷണങ്ങളും മുൻനിറുത്തി, നിഷ്കളങ്കമായും അവ ൻെറ പ്രീതി മാത്രം മുന്നിൽ കണ്ടും ഇത് നിർവ്വഹിക്കുന്ന തിന് ഞാൻ അവനോട് സഹായം ചോദിക്കുന്നു. അവനാ ണല്ലോ സർവ്വശക്തനും സഹായിയും.

അബ്ദുൽ ലത്തീഫ് സുല്ലമി മാറഞ്ചേരി.
ഇസ്ലാമിക് ഗൈഡൻസ് സെൻറർ
സുലൈ (റിയാദ്) സുഊദി അറേബ്യ.



# സ്വലാത്തുൽ ഇസ്തിഖാറ

ഉത്തമമായ കാര്യം വെളിപ്പെടാനുള്ള നമസ്കാരം.

ജാബിർ(റ) പറയുന്നു: പ്രവാചകൻ(സ) ഖുർആൻ സൂറ ത്തുകൾ പഠിപ്പിച്ചിരുന്നത്പോലെ എല്ലാ കാര്യങ്ങളിലും ഇസ്തിഖാറത്ത് ചെയ്യുവാൻ ഞങ്ങളെ പഠിപ്പിക്കുമായിരു ന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളിലാരെങ്കിലും ഒരു കാര്യം ഉദ്ദേശിക്കുകയും അതിൽ നിങ്ങൾക്ക് തീരുമാനത്തിലെ ത്താൻ കഴിയാതെ വരികയും ചെയ്താൽ അവൻ രണ്ട് റ ക്അത്ത് (സുന്നത്ത്) നമസ്കരിക്കുകയും ശേഷം ഇങ്ങി നെ പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളട്ടെ (ബുഖാരി).
(അല്ലാഹു ഉത്തമമായത് കാണിച്ചുതരുന്നതാണ്)

اَللهُمَّ إِنِّي أَسْتَخِيرُكَ بِعِلْمِكَ ، وَأَسْتَقْدِرُكَ بِقُدْرَتِكَ ، وَأَسْأَلُكَ مِنْ فَضْلِكَ الْعَظِيمْ، فَإِنَّكَ تَقْدِرُ وَلاَ أَقْدِرُ، وَتَعْلَمُ وَلاَأَعْلَمُ وَأَنْتَ عَــلاَّمُ الْغُيُوبِ. اَللهُمَّ إِنْ كُنْتَ تَعْلَمُ أَنَّ هذَا الأَمْرَ (.. .. .. ) خَيْرٌ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي فَاقْدُرْهُ لِي وَيَسِّرْهُ لِي ثُمَّ بَارِكْ لِي فِيهِ. وَإِنْ كُنْتَ تَعْلَمْ أَنَّ هذَا الْأَمْرَ (. .. .. .) شَرٌّ لِي فِي دِينِي وَمَعَاشِي وَعَاقِبَةِ أَمْرِي فَاصْرِفْهُ عَنِّي وَاصْرِفْنِي عَنْهُ وَاقْدُرْ لِي الْخَيْرَ حَيْثُ كَانَ ثُمَّ رَضِّنِي بِهِ (البخاري)

അല്ലാഹുമ്മ ഇന്നീ അസ്തഖീറുക ബി ഇൽമിക, വ അസ് തഖ്ദിറുക ബി ഖുദ്റതിക, വ അസ്അലുക മിൻ ഫദ്ലിക ൽഅളീം, ഫ ഇന്നക തഖ്ദിറു വലാ അഖ്ദിറു, വതഅ്ലമു വലാ അഅ്ലമു, വഅൻത അല്ലാമുൽ ഗുയൂബ്.

അല്ലാഹുമ്മ ഇൻ കുൻത തഅ്ലമു അന്ന ഹാദൽ അംറ (ഏത് കാര്യമെന്ന് പറയുക) ഖയ്റുൻ ലീ ഫീ ദീനീ വമ ആശീ വ ആഖിബതി അംരീ ഫഖ്ദുർഹു ലീ, വ യസ്സിർ ഹു ലീ, ഥുമ്മ ബാരിക് ലീ ഫീഹി. വഇൻ കുൻത തഅ്ല മു അന്ന ഹാദൽ അംറ (ഏത് കാര്യമെന്ന് പറയുക) ശർ റുൻ ലീ ഫീ ദീനീ, വ മആശീ, വ ആഖിബതി അംരീ ഫ സ്രിഫ്ഹു അന്നീ വസ്രിഫ്നീ അൻഹു. വഖ്ദുർ ലിയ ൽ ഖൈറ ഹൈഥു കാന. ഥുമ്മ റദ്ളിനീ ബിഹി.[1]

അല്ലാഹുവേ നിൻെറ അറിവിൻെറ അടിസ്ഥാനത്തിൽ ഞാൻ നിന്നോട് നന്മയേതെന്ന് ചോദിക്കുന്നു, നിൻെറ കഴിവിൻെറ അടിസ്ഥാനത്തിൽ ഞാൻ നിന്നോട് കഴിവ് ചോദിക്കുന്നു, നിൻെറ മഹത്തായ ഔദാര്യത്തിൽ നിന്നും ഞാൻ നിന്നോട് തേടുകയും ചെയ്യുന്നു. കാരണം നിനക്ക് കഴിയും എനിക്ക് കഴിയുകയില്ല. നീ അറിയുന്നു ഞാൻ അറിയുന്നില്ല. നീ എല്ലാ രഹസ്യങ്ങളും അതി സൂക്ഷ്മമാ യി അറിയുന്നവനുമാണല്ലോ. അല്ലാഹുവേ എൻെറ ഈ കാര്യം (കാര്യം ഏതെന്ന് പറയുക) എനിക്ക് എൻെറ മത ത്തിൻെറ വിഷയത്തിലും ജീവിത വിഷയത്തിലും എൻെറ കാര്യത്തിൻെറ അന്തിമമായ വിശകലനത്തിലും നന്മയാ യി നീ അറിയുന്നുവെങ്കിൽ അതെനിക്ക് വിധിക്കുകയും അതിനെ എനിക്ക് എളുപ്പമാക്കി തരികയും പിന്നീട് എ നിക്കതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ. ഈ കാര്യം (കാര്യം ഏതെന്ന് പറയുക) എൻെറ മതത്തി ൻെറ വിഷയത്തിലും എൻെറ ജീവിത വിഷയത്തിലും എ ൻെറ കാര്യത്തിൻെറ അന്തിമമായ വിഷയത്തിലും എനി

[1] **ബുഖാരി**



ക്ക് ദോഷകരമായാണ് നീ അറിയുന്നതെങ്കിൽ അതിനെ എന്നിൽ നിന്നും നീ തിരിച്ചുവിടേണമേ, എന്നെ അതിൽ നിന്നും നീ തിരിച്ചുവിടേണമേ. നന്മ എവിടെയാണോ അ തെനിക്ക് വിധിക്കുകയും ശേഷം അതിനെ എനിക്ക് നീ തൃപ്തിപ്പെടുത്തുകയും ചെയ്യേണമേ. (ബുഖാരി)

## പ്രാർത്ഥനയുടെ ശ്രേഷ്ഠത

وَقَالَ رَبَّكُمُ ادْعُوْنِي اَسْتَجِبْ لَكُمْ. إِنَّ الَّذِيْنَ يَسْتَكْبِرُوْنَ عَـنْ عِبَـادَتِي سَيَدْخُلُوْنَ جَهَنَّمَ دَاخِرِيْنَ [سـورة غافـر : ٦٠]

‘‘നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എ ന്നോട് പ്രാർത്ഥിക്കുവീൻ ഞാൻ നിങ്ങൾക്ക് ഉത്തരം ന ൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്ന വരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്’’[1]

وَإِذَا سَأَلَكَ عِبَادِيْ عَنِّي فَإِنِّي قَرِيْبٌ أُجِيْبُ دَعْوَةَ الدَّاعِ إِذَا دَعَـانِ فَلْيَسْتَجِيْبُوْا لِيْ وَلْيُؤْمِنُوْا بِي لَعَلَّهُمْ يَرْشُدُوْنَ [البقرة : ١٨٦]

‘‘നിന്നോട് എൻെറ ദാസന്മാർ എന്നെപ്പററി ചോദിച്ചാൽ ഞാൻ (അവർക്ക് ഏററവും) അടുത്തുള്ളവനാകുന്നു (എന്ന്പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാ ർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്ന താണ്. അത്കൊണ്ട് എൻെറ ആഹ്വാനം അവർ സ്വീകരി ക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്’’[2]

നബി(സ) പറയുന്നത് കാണുക:

[1] **ഗാഫിർ 60**
[2] **_ബഖറ 186**

الدُّعَاءُ هُوَ العِبَادَةُ ، قَالَ رَبُّكُمْ : ادْعُوْنِي اَسْتَجِبْ لَكُمْ

''പ്രാർത്ഥന അതുതന്നെയാണ് ആരാധന. അല്ലാഹു പറ യന്നു 'നിങ്ങൾ എന്നോട് പ്രാർത്ഥിക്കുവീൻ ഞാൻ നി ങ്ങൾക്ക് ഉത്തരം നൽകാം' എന്ന് ."[1]

മററൊരു ഹദീസ്കൂടി കാണുക:

إِنَّ رَبَّكُمْ تَبَارَكَ وَتَعَالَى حَيِيٌّ كَرِيْمٌ يَسْتَحْيِيْ مِنْ عَبْدِهِ إِذَا رَفَعَ يَدَيْهِ إِلَيْهِ أَنْ يَرُدَّهُمَا صِفْرًا (أبو داود ٧٨/٢، صحيح الترمذي ١٧٩/٣ )

''നിശ്ചയം നിങ്ങളുടെ നാഥൻ അത്യുദാരനും ല ജ്ജി ക്കുന്നവനുമാണ്. തൻെറ ദാസൻ അവനിലേക്ക് ഉയർ ത്തുന്ന കൈകകളെ കാലിയാക്കി മടക്കുന്നതിനെ അവ ൻ ലജ്ജിക്കുന്നതാണ്"[2]

പ്രവാചകൻ (സ) പറയുന്നു:

مَا مِنْ مُسْلِمٍ يَدْعُوْ اللهَ بِدَعْوَةٍ لَيْسَ فِيْهَا إِثْمٌ وَلاَ قَطِيْعَةُ رَحِمٍ إِلاَّ أَعْطَاهُ اللهُ بِهَا إِحْدَى ثَلاَثٍ: إِمَّا أَنْ تُعَجِّلَ لَهُ دَعْوَتَهُ وَإِمَّا أَنْ يَدَّخِرَهَا لَهُ فِي الآخِرَةِ ، وَإِمَّا أَنْ يُصْرَفَ عَنْهُ مِنَ السُّوْءِ مِثْلَهَا . قَالُوا: إِذًا نُكْثِرُ. قَالَ: اللهُ أَكْثَرُ( صحيح الجامع ١١٦/٥، صحيح الترمذي ١٤٠/٣)

'' ഏതൊരു മുസ്ലിമാണോ കുററകരായ കാര്യങ്ങൾക്ക് വേണ്ടിയോ, കുടുംബ ബന്ധം വിഛേദിക്കുവാൻ വേണ്ടി യോ അല്ലാതെ അല്ലാഹുവോട് പ്രാർത്ഥിക്കുന്നത്; അവന് മൂന്നാലൊരു നിലക്ക് അല്ലാഹു പ്രതിഫലം നൽകുന്നതാ യിരിക്കും. ഒന്നുകിൽ അവൻ പ്രാർത്ഥിച്ച കാര്യം അവന് പെട്ടന്ന് നൽകുന്നു. അതല്ലെങ്കിൽ അതവന് പരലോക

[1] അബൂദാവൂദ് 2/78, തുർമുദി 5/211, സ്വഹീഹു ഇബ്നുമാജ: 2/324

[2] അബൂദാവൂദ് 2/78, ഇബ്നുമാജ: 2/1271, സ്വഹീഹു തുർമുദി 3/179.



ത്തേക്ക് പിന്തിച്ചുകൊണ്ട് നൽകുന്നു. അതുമല്ലങ്കിൽ അവ ൻ ചോദിച്ചതിന് തുല്യമായ തിന്മ അവനെത്തൊട്ട് തട്ടിമാററുന്നു. (സ്വഹാബികൾ) ചോദിച്ചു: എങ്കിൽ ഞങ്ങൾ അ ധികരിപ്പിക്കുക തന്നെ ചെയ്യും. അദ്ദേഹം (പ്രവാചകൻ (സ) പറഞ്ഞു: അല്ലാഹുവും അധികരിപ്പിക്കും."[1]

## പ്രാർത്ഥനയുടെ മര്യാദകളും ഉത്തരം ലഭിക്കാനുള്ള കാരണങ്ങളും

1. ആത്മാർത്ഥതയോടെ ആയിരിക്കുക.
2. അല്ലാഹുവിനെ സ്തുതിച്ചും ശേഷം നബി(സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലിയും ആരംഭിക്കുക. സ്വ ലാത്ത് കൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുക.
3. ഉത്തരം ലഭിക്കുമെന്ന ദൃഢ മനസ്സോടെ പ്രാർത്ഥന യിൽ ശ്രദ്ധിക്കുക.
4. ധൃതി കൂട്ടാതെയും പ്രാർത്ഥനയിൽ ശ്രദ്ധിച്ചുകൊ ണ്ടും ആയിരിക്കുക.
5. പ്രാർത്ഥന മനസ്സിൽ തട്ടിക്കൊണ്ട് ആയിരിക്കുക.
6. സന്തോഷാവസരത്തിലും സന്താപാവസരത്തിലും പ്രാർത്ഥന പതിവാക്കുക.
7. അല്ലാഹുവോടല്ലാതെ പ്രാർത്ഥിക്കാതിരിക്കുക.
8. കുടുംബത്തിനും ധനത്തിനും മക്കൾക്കും സ്വന്ത ത്തിനും എതിരായി പ്രാർത്ഥിക്കാതിരിക്കുക.
9. അത്യുച്ചത്തിലും തീരെ പതുക്കെയും ആവാത്ത വിധം പ്രാർത്ഥിക്കുക.

[1] സ്വഹീഹുൽ ജാമിഅ് 5/116, സ്വഹീഹു തുർമുദി 3/140, അഹ്മദ് 3/18.

10. കുററകൃത്യങ്ങളിൽ നിന്ന് പശ്ചാത്തപിച്ചും അനുഗ്രഹങ്ങൾക്ക് നന്ദികാണിച്ചും ആയിരിക്കുക.
11. പ്രാർത്ഥനയിൽ കൃത്രിമമായുള്ള ഈണങ്ങൾ ഒഴിവാക്കുക.
12. നരകത്തെ പേടിച്ചും സ്വർഗ്ഗമാഗ്രഹിച്ചും വിനയത്തോടെയും താഴ്മയോടെയും പ്രാർത്ഥിക്കുക.
13. പശ്ചാത്താപത്തോടെ അന്യരുമായുള്ള ഇടപാടുകൾ തീർത്തും പ്രാർത്ഥിക്കുക.
14. പ്രാർത്ഥിക്കുന്നത് മൂന്ന് തവണ ആവർത്തിക്കുക.
15. ഖിബ്ലക്ക് മുന്നിട്ടുകൊണ്ട് പ്രാർത്ഥിക്കുക.
16. പ്രാർത്ഥനകളിൽ കൈകൾ ഉയർത്തുക.[1]
17. പ്രാർത്ഥനയിൽ അതിരു കവിയാതിരിക്കുക.
18. മററുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോഴും ആദ്യം തനിക്ക് വേണ്ടി പ്രാർത്ഥിക്കുക.
19. അല്ലാഹുവിൻെറ മഹത്തരങ്ങളായ നാമങ്ങളും ഉന്നതമായ വിശേഷണങ്ങളും മുൻ നിറുത്തിക്കൊണ്ടോ, അതല്ലെങ്കിൽ താൻ നിർവ്വഹിച്ച പുണ്യകർമ്മങ്ങൾ എടുത്ത് പറഞ്ഞോ അതുമല്ലെങ്കിൽ ജീവിച്ചിരിക്കുന്ന സമീപസ്ഥരായ സജ്ജനങ്ങളെക്കൊണ്ട് പ്രാർത്ഥിപ്പിക്കുകയോ ചെയ്യുക.
20. ഭക്ഷണപാനീയങ്ങൾ വസ്ത്രം എന്നിവ അനുവദനീയ മാർഗ്ഗത്തിലൂടെ മാത്രം സമ്പാദിച്ചതായിരിക്കുക.
21. കുടുംബ വിച്ഛേദനത്തിനും കുററകരമായ കാര്യങ്ങൾക്കും വേണ്ടി പ്രാർത്ഥിക്കാതിരിക്കുക.

[1] നബി(സ) പതിവായി പ്രാർത്ഥിക്കുകയും അവയിൽ കൈകൾ ഉയർത്തിയിരുന്നതായി റിപ്പോർട്ട് ചെയ്യാതിരിക്കുകയും; കൈകൾ ഉയർത്തിയിരുന്നില്ലെന്ന് തെളിയുകയും ചെയ്ത വിഷയങ്ങളിൽ നാമും കൈകൾ ഉയർത്താതിരിക്കലാണ് ഉത്തമം.



22. പ്രാർത്ഥിക്കുന്നവർ നന്മ കൽപ്പിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക.

## ഉത്തരം ലഭിക്കുന്ന സമയങ്ങളും സ്ഥലങ്ങളും

1. ലൈലത്തുൽ ഖദ്ർ
2. രാത്രിയുടെ അന്ത്യയാമങ്ങൾ
3. ഫർദ് നമസ്കാരങ്ങൾക്ക് ശേഷം
4. ബാങ്കിൻേറയും ഇഖാമത്തിൻേറയും ഇടയിൽ
5. രാത്രി സമയം
6. ഫർദ് നമസ്കാരത്തിലേക്ക് നിൽക്കുന്ന സമയം
7. മഴ പെയ്യുന്ന സമയം
8. യുദ്ധത്തിനിടയിൽ
9. വെള്ളിയാഴ്ച ദിവസം[1]
10. സംസം കുടിക്കുന്ന സമയം
11. സുജൂദുകളിൽ
12. രാത്രി ഉറങ്ങി ഉണർന്നാൽ
13. ശുദ്ധിയോടെ ഉറങ്ങി ഉറക്കിൽ നിന്ന് ഉണർന്നാൽ
14. ലാ ഇലാഹ ഇല്ലാ അൻത സുബ്ഹാനക ഇന്നീ കുൻതു മിനള്ളാലിമീൻ എന്ന് ചൊല്ലിയ ശേഷം പ്രാർത്ഥിക്കുക.
15. മയ്യിത്തിന് വേണ്ടി ജനങ്ങൾ നടത്തുന്നത്

[1] ഇത് എപ്പോഴാണ് എന്ന് നിർണ്ണിതമല്ല. അസ്റ് നമസ്കാര സമയത്തിൻെറ അവസാന സമയമാണ് എന്നും, ഖുത്വുബയുടേയും നമസ്കാരത്തിൻേറയും ഇടയിലെ സമയം എന്നെല്ലാം പണ്ഡിതാഭിപ്രായങ്ങളുണ്ട്. എന്നുമാത്രം

16. അവസാന അത്തഹിയ്യാത്തിൽ അല്ലാഹുവിനെ പുകഴ്ത്തുകയും പ്രവാചകൻ (സ)യുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും ചെയ്ത ശേഷം.
17. പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കുമെന്നും ചോദിച്ചാൽ ലഭിക്കും എന്നും ഹദീസിൽ പറയപ്പെട്ട അല്ലാഹുവിൻെറ മഹത്തായ നാമങ്ങൾ ഉരവിട്ടുകൊണ്ടുള്ള പ്രാർത്ഥന. [1]
18. ഒരു മുസ്ലിമിന് വേണ്ടി അദ്ദേഹത്തിൻെറ അഭാവത്തിൽ നടത്തുന്ന ആത്മാർത്ഥമായ പ്രാർത്ഥന.
19. അറഫാ ദിവസം അറഫയിൽ വെച്ച് നടത്തുന്നത്
20. റമദാൻ മാസത്തിലെ പ്രാർത്ഥന.
21. അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ട് ഒരുമിച്ചു കൂടുന്ന സദസ്സുകളിലെ പ്രാർത്ഥന.
22. ഇടങ്ങേറുകളുണ്ടാകുമ്പോൾ നടത്തുന്ന താഴെ പറയുന്ന പ്രാർത്ഥന. **ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ. അല്ലാഹുമ്മ അ്ജുർനീ ഫീ മുസ്വീബത്തീ വഖ്‌ലിഫ് ലീ ഖൈറൻ മിൻഹാ** (ഞങ്ങൾ അല്ലാഹുവിൻെറ അധീനത്തിലാണ് അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ്. അല്ലാഹുവേ എനിക്ക് ബാധിച്ച ആപത്തിൽ എനിക്ക് നീ പ്രതിഫലം നൽകേണമേ, എനിക്ക് ഉണ്ടായിരുന്നതിനേക്കാൾ ഗുണകരമായത് എനിക്ക് നീ പകരം നൽകുകയും ചെയ്യേണമേ).
23. മനസ്സ് അങ്ങേ അററം അല്ലാഹുവിലേക്ക് തിരിച്ച് ആത്മാർത്ഥതയോടെ നടത്തുന്ന പ്രാർത്ഥന.
24. മർദ്ദകന് എതിരിൽ മർദ്ധിതൻെറ പ്രാർത്ഥന.

[1] ഇവിടെ പറയപ്പെട്ട ദിക്റുകൾ 48, 49 എന്നീ പേജുകളിൽ നോക്കുക.



25. മാതാപിതാക്കൾ മക്കൾക്ക് വേണ്ടിയോ മക്കൾക്ക് എതിരിലോ നടത്തുന്ന പ്രാർത്ഥന.
26. യാത്രക്കാരൻെറ പ്രാർത്ഥന.
27. നോമ്പു കാരൻെറ പ്രാർത്ഥന.
28. നോമ്പുകാരൻെറ നോമ്പു തുറക്കുന്ന സമയത്തുള്ള പ്രാർത്ഥന.
29. വിപത്തുകൾ ബാധിച്ചവൻെറ പ്രാർത്ഥന.
30. നീതിമാനായ നേതാവിൻെറ പ്രാർത്ഥന.
31. പുണ്യവാനായ മകൻെറ മാതാപിതാക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥന.
32. വുദുവിന് ശേഷം നിർണ്ണിതമായ പ്രാർത്ഥന നിർവ്വഹിച്ച ശേഷം നടത്തുന്ന പ്രാർത്ഥന.
33. ഒന്നാമത്തെ (ചെറിയ) ജംറയിൽ എറിഞ്ഞ ശേഷം നടത്തുന്ന പ്രാർത്ഥന.
34. മദ്ധ്യമ ജംറയിൽ എറിഞ്ഞ ശേഷമുള്ള പ്രാർത്ഥന.
35. ത്വവാഫിന് ഇടയിലുള്ള പ്രാർത്ഥന.
36. സ്വഫയിൽ വെച്ചുള്ള പ്രാർത്ഥന.
37. മർവയിൽ വെച്ചുള്ള പ്രാർത്ഥന.
38. മുസ്ദലിഫയിൽ മശ്അറുൽ ഹറാമിന് അടുത്ത് വെച്ചുള്ള പ്രാർത്ഥന.

وَإِذَا سَأَلَكَ عِبَادِيْ عَنِّي فَإِنِّي قَرِيْبٌ أُجِيْبُ دَعْوَةَ الدَّاعِ إِذَا دَعَــانِ [البقرة ]

''നിന്നോട് എൻെറ ദാസന്മാർ എന്നെപ്പററി ചോദിച്ചാൽ ഞാൻ (അവർക്ക് ഏററവും) അടുത്തുള്ള വനാകുന്നു. (എന്ന് പറയുക) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു

പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ് ''[1]

മേൽ പറയപ്പെട്ട ആയത്ത് എവിടെ വെച്ച് എപ്പോൾ പ്രാർത്ഥിച്ചാലും അല്ലാഹു അവന് ഉത്തരം നൽകുമെന്നാണ് വാഗ്ദാനം ചെയ്യുന്നത്. അതിനാൽ ഒരു വിശ്വാസി എവിടെയായിരുന്നാലും അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടതുണ്ട്. എന്നാൽ മുകളിൽ സൂചിപ്പിച്ച സ്ഥലങ്ങളിലും സമയങ്ങളിലും സന്ദർഭങ്ങളിലും അവൻ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

## അല്ലാഹുവിൻെറ നാമ വിശേഷണങ്ങൾ

وَلله ٱلأَسْمَاءُ الْحُسْنَى فَادْعُوْهُ بِهَا وَذَرُوا الَّذِيْنَ يُلْحِدُوْنَ فِي أَسْمَائِهِ سَيُجْزَوْنَ مَا كَانُوا يَعْمَلُوْنَ [الأعراف : ١٨٠]

''അല്ലാഹുവിന് ഏററവും നല്ല പേരുകളുണ്ട് അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചു കൊള്ളുക, അവൻെറ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തു വരുന്നതിൻെറ ഫലം അവർക്ക് വഴിയെ നൽകപ്പെടും.''[2]

**ഖുർആനിലും ഹദീസിലും വന്നിട്ടുള്ള നാമങ്ങളിൽ നിന്നും ചിലത് ശ്രദ്ധിക്കുക.**

[1] ബഖറ: 186

[2] അഅ്റാഫ് 180



١. اللهُ ٢. ٱلأَوّل ٣. ٱلآخِر ٤. الظَّاهر ٥. الْبَاطِنُ
٦. الْعَلِيُّ ٧. ٱلأَعْلَى ٨. الْمُتَعَالُ ٩ . الْعَظِيْم ١٠.
الْمَجِيْدُ ١١. . ٱلكَبِيْرُ ١٢. السَّمِيْعُ ١٣. ٱلبَصِيْرُ ١٤.
ٱلعَلِيْمُ ١٥. الْخَبِيْر ١٦. الْحَمِيْدُ ١٧. الْعَزِيْزُ ١٨.
الْقَدِيْر ١٩. الْقَادِر ٢٠ الْمُقْتَدِرُ ٢١. الْقَوِيُّ ٢٢.
الْمَتِينُ ٢٣. الْغَنِيُّ ٢٣. الْغَنِيُّ ٢٤. الْحَكِيْمُ ٢٥. الْحَلِيْمُ
٢٦. ٱلعَفُوُّ ٢٧. الْغَفُوْرُ ٢٨. الْغَفَّارُ ٢٩. التَّوَّابُ ٣٠.
الرَّقِيْبُ ٣١. الشَّهِيْدُ ٣٢. الْحَفِيْظُ ٣٣. اللَّطِيْفُ ٣٤.
الْقَرِيْبُ ٣٥. الْمُجِيْبُ ٣٦. الْوَدُوْدُ ٣٧. الشَّاكِرُ ٣٨.
الشَّكُوْرُ ٣٩. السَّيِّدُ ٤٠. الصَّمَدُ ٤١. الْقَاهِرُ ٤٢. ٱلقَهَّارُ
٤٣. الْجَبَّارُ ٤٤. الْحَسِيْبُ ٤٥. الْهَادي ٤٦. الْحَكَمُ ٤٧.
الْقُدُّوْسُ ٤٨. السَّلاَمُ ٤٩. ٱلبِرُّ ٥٠. ٱلوَهَّابُ ٥١. الرَّحْمَنُ
٥٢. الرَّحِيْمُ ٥٣. الْكَرِيْمُ ٥٤. ٱلأَكْرَمُ ٥٥. الرَّؤُوْف ٥٦.
الْفَتَّاحُ ٥٧. الرَّازِقُ ٥٨. الرَّزَّاقُ ٥٩. الْحَيُّ ٦٠. الْقَيُّوْمُ
٦١. الرَّبُّ ٦٢. الْمَلِكُ ٦٣. الْمَلِيْكُ ٦٤. الْوَاحِدُ ٦٥.
ٱلأَحَدُ ٦٦. الْمُتَكَبِّرُ ٦٦. الْخَالِقُ ٦٨. الْخَلاَقُ ٦٩. الْبَارِئُ

٧٠. الْمُصَوِّرُ ٧١. الْمُؤْمِنُ ٧٢. الْمُهَيْمِنُ ٧٣. الْمُحِيْطُ ٧٤.
الْمُقِيْتُ ٧٥. الْوَكِيْلُ ٧٦. الْكَافِي ٧٧. ا لْوَاسِعُ ٧٨. الْحَقُّ
٧٩. الْجَمِيْلُ ٨٠. الرَّفِيْقُ ٨١. الْحَيِيُّ ٨٢. السَّتِيْرُ ٨٣.
الإِلَهُ ٨٤. الْقَابِضُ ٨٥. الْبَاسِطُ ٨٦. الْمُعْطِي ٨٧. الْمُقَدِّمُ
٨٨. الْمُؤَخِّرُ ٨٩. الْمُبِيْنُ ٩٠. الْمَنَّانُ ٩١. الْوَلِيُّ ٩٢.
الْمَوْلَى ٩٣. النَّصِيْرُ ٩٤. الشَّافِي ٩٥. مَالِكُ الْمُلْك ٩٦.
جَامِعُ النَّاسِ ٩٧. نُورُ السَّمَوَاتِ وَالْأَرْضِ ٩٨. ذُو الْجَلَالِ
وَالْإِكْرَامِ ٩٩. بَدِيْعُ السَّمَوَاتِ وَالْأَرْضِ

1. അല്ലാഹു. 2. ആദിമൻ 3. അന്തിമൻ 4. പ്രത്യക്ഷൻ 5. പരോക്ഷൻ 6. അത്യുന്നതൻ 7. മഹോന്നതൻ 8. സർവ്വോന്നതൻ 9. മഹാൻ 10.ശ്രേഷ്ഠൻ 11. വലിയവൻ 12. എല്ലാം കേൾക്കുന്നവൻ 13. എല്ലാം കാണുന്നവൻ 14. സർവ്വജ്ഞൻ 15.സൂ ക്ഷ്മജ്ഞൻ 16. സ്തുത്യർഹൻ 17. പ്രതാപി 18. സർവ്വ ശക്തൻ 19. കഴിവുള്ളവൻ 20. എല്ലാററിനും കഴിവുള്ളവൻ 21. ശക്തൻ 22. അതി ശക്തൻ 23. ഐശ്വര്യവാൻ 24. യുക്തിമാൻ 25. സഹന ശീലൻ 26. മാപ്പരുളുന്നവൻ 27. പൊറുക്കുന്നവൻ 28. അങ്ങേയററം പൊറുക്കുന്നവൻ 29. പശ്ചാത്താപം സ്വീകരിക്കുന്നവൻ 30. നിരീക്ഷിക്കുന്നവൻ 31. സാക്ഷ്യം വഹിക്കുന്നവൻ 32. സംരക്ഷിക്കുന്ന വൻ 33. കൃപാലു 34. സമീപസ്ഥൻ 35. ഉത്തരം നൽകുന്നവൻ 36. സ്നേഹധനൻ 37.നന്ദിയർഹിക്കുന്നവൻ 38. കൃതജ്ഞൻ 39. യജമാനൻ 40. സർവ്വാധി



പൻ 41. അടക്കി വാഴുന്ന വൻ 42. അടക്കി ഭരിക്കുന്നവൻ 43. സർവ്വാധിപതി 44. വിചാരണ നടത്തുന്നവൻ 45. മാർഗ്ഗദർശനം നൽകുന്നവൻ 46. തന്ത്രജ്ഞൻ 47. പരമ പരിശുദ്ധൻ 48. അന്യൂനൻ 49. പുണ്യം നൽകുന്നവൻ 50. ദാനശീലൻ 51. പരമ കാരുണികൻ 52. കരുണാനിധി 53. അത്യുദാരൻ 54. ഏററവും ഔദാര്യവാൻ 55. ദയാനിധി 56. തീർപ്പു കൽപ്പിക്കുന്നവൻ 57. ഉപജീവനം നൽകുന്നവൻ 58. ഭക്ഷണം നൽകുന്നവൻ 59. എന്നെന്നും ജീവിച്ചിരിക്കുന്നവൻ 60. നിയന്താവ് 61. രക്ഷിതാവ് 62. രാജാധിരാജൻ 63. അധികാരസ്ഥൻ 64. ഏകൻ 65. ഒരുവൻ 66. മഹത്വമുള്ളവൻ 67. സ്രഷ്ടാവ് 68. സർവ്വ സൃഷ്ടികർത്താവ് 69. നിർമ്മാതാവ് 70. രൂപം നൽകുന്നവൻ 71. അഭയം നൽകുന്നവൻ 72. മേൽനോട്ടം വഹിക്കുന്നവൻ 73. വലയം ചെയ്യുന്നവൻ 74. ശിക്ഷി ക്കുന്നവൻ 75. സംരക്ഷണ മേൽക്കുന്നവൻ 76. പരിപൂർണ്ണൻ 77. വിശാലമായ ഗുണമുള്ളവൻ 78. യാഥാർത്ഥ്യമായവൻ 79. ഭംഗിയുള്ളവൻ 80. കരുണയുള്ളവൻ 81. ലജ്ജിക്കുന്നവൻ 82. മറഞ്ഞിരിക്കുന്നവൻ 83. ആരാധ്യൻ 84. ഏറെറടുക്കുന്നവൻ 85. അതിവിശാലൻ 86. ദാനം നൽകുന്നവൻ 87. മുന്തിക്കുന്നവൻ 88. പിന്തിക്കുന്നവൻ 89. വ്യക്തമാക്കുന്നവൻ 90. ദാനം നൽകുന്നവൻ 91. രക്ഷകൻ 92. യജമാനൻ 93. സഹായി 94. ശമനം നൽകുന്നവൻ 95. അധികാരം നൽകുന്നവൻ 96. ജനങ്ങളെ ഒരുമിച്ചു കൂട്ടുന്നവൻ 97. ആകാശ ഭൂമികളുടെ പ്രകാശം 98. മാന്യതയും മഹതവുമുള്ളവൻ 99. ആകാശ ഭൂമികളുടെ സ്രഷ്ടാവ് .

# ഖുര്‍ആനിലും സുന്നത്തിലും സ്ഥിരപ്പെട്ട പ്രാര്‍ത്ഥനകള്‍

١. رَبَّنَا ظَلَمْنَا أَنْفُسَنَا وَإِنْ لَمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَسِرِيْنَ [سورة الأعراف : ٢٣]

1. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങള്‍ ഞങ്ങളോട് തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങള്‍ക്ക് പൊറുത്തുതരികയും, കരുണ കാണിക്കുകയും ചെയ്തില്ലെങ്കില്‍ തീര്‍ച്ചയായും ഞങ്ങള്‍ നഷ്ടം പററിയവരുടെ കൂട്ടത്തിലായിരിക്കും ''[1]

٢. رَبِّ إِنِّي أَعُوْذُ بِكَ أَنْ أَسْأَلُكَ مَا لَيْسَ لِي بِهِ عِلْمٌ وَإِلاَّ تَغْفِرْ لِي وَتَرْحَمْنِي أَكُنْ مِنَ الْخَسِرِيْنَ [سورة هود ٤٧]

2. ''എന്‍െറ രക്ഷിതാവേ, എനിക്ക് അറിവില്ലാത്ത കാര്യം നിന്നോട് ആവശ്യപ്പെടുന്നതില്‍ നിന്ന് ഞാന്‍ നിന്നോട് ശരണം തേടുന്നു. നീ എനിക്ക് പൊറുത്ത് തരികയും, നീ എന്നോട് കരുണ കാണിക്കുകയും ചെയ്യാത്ത പക്ഷം ഞാന്‍ നഷ്ടക്കാരുടെ കൂട്ടത്തിലായിരിക്കും.''[2]

٣. رَبِّ اغْفِرْ لِي وَلِوَالِدَيَّ وَلِمَنْ دَخَلَ بَيْتِيَ مُؤْمِناً وَلِلْمُؤْمِنِيْنَ وَالْمُؤْمِنَاتِ [سورة نوح : ٢٨]

3. ''എന്‍െറ രക്ഷിതാവേ, എനിക്കും എന്‍െറ മാതാപിതാക്കള്‍ക്കും എന്‍െറ വീട്ടില്‍ വിശ്വാസിയായിക്കൊണ്ട് പ്ര

[1] അഅ്റാഫ് 24. ആദംനബിയുടേയും ഹവ്വാഅ് ബീവിയുടേയും പ്രാര്‍ത്ഥന.

[2] ഹൂദ് 47. നൂഹ് നബിയുടെ പ്രാര്‍ത്ഥന



വേശിച്ചവനും സത്യവിശ്വാസികള്‍ക്കും സത്യവിശ്വാസിനികള്‍ക്കും നീ പൊറുത്ത് തരേണമേ'' [1]

٤. رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنْتَ السَّمِيْعُ الْعَلِيْمُ ، . . . وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيْمُ [سورة البقرة : ١٢٧-١٢٨]

4. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളില്‍ നിന്ന് നീ ഇത് സ്വീകരിക്കേണമേ തീര്‍ച്ചയായും നീ എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമാകുന്നു. . . . ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീര്‍ച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാ നിധിയുമാകുന്നു.'' [2]

٥. رَبِّ اجْعَلْنِي مُقِيْمَ الصَّلاَةِ وَمِنْ ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَاءَ [سورة إبراهيم : ٤٠]

''എന്‍െറ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിര്‍വ്വഹിക്കുന്നവനാക്കേണമേ. എന്‍െ സന്തതികളില്‍ പെട്ടവരേയും (അപ്രകാരം ആക്കേണമേ) ഞങ്ങളുടെ രക്ഷിതാവേ, എന്‍െറ പ്രാര്‍ത്ഥന നീ സ്വീകരിക്കുകയും ചെയ്യേണമേ''[3]

٦. رَبَّنَا اغْفِرْلِي وَلِوَالِدَيَّ وَلِلْمُؤْمِنِيْنَ يَوْمَ يَقُوْمُ الْحِسَابُ [إبراهيم : ٤١]

[1] നൂഹ് 28. നൂഹ് നബിയുടെ പ്രാര്‍ത്ഥന.

[2] ബഖറ: 127, 128. ഇബ്റാഹീം നബിയുടേയും ഇസ്മായീല്‍ നബിയുടേയും പ്രാര്‍ത്ഥനയില്‍ നിന്ന്.

[3] ഇബ്റാഹീം 40. ഇബ്റാഹീം നബിയുടെ പ്രാര്‍ത്ഥന .

6. ‘‘ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എൻെറ മാതാപിതാക്കൾക്കും സത്യ വിശ്വാസികൾക്കും നീ പൊറുത്ത് തരേണമേ’’ [1]

٧. رَبِّ هَبْ لِي حُكْماً وَأَلْحِقْنِي بِالصَّالِحِيْنَ . وَاجْعَلْ لِي لِسَانَ صِدْقٍ فِي الآخِرِيْنَ . وَاجْعَلْنِي مِنْ وَرَثَةِ جَنَّةِ النَّعِيمِ وَلاَ تُخْزِنِي يَوْمَ يُبْعَثُوْنَ [سورة الشعراء : ٨٣-٨٥، ٨٧]

7. ‘‘എൻെറ രക്ഷിതാവേ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ. പിൽക്കാലക്കാർക്ക് ഇടയിൽ എനിക്ക് നീ സൽക്കീർത്തി ഉണ്ടാക്കേണമേ. എന്നെ നീ സുഖ സമ്പൂർണ്ണമായ സ്വർഗ്ഗത്തിൻെറ അവകാശികളിൽ പെട്ടവനാക്കേണമേ. അവർ (മനുഷ്യർ) ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിലാക്കരുതേ’’ [2]

٨. رَبِّ هَبْ لِي مِنَ الصَّـلِحِيْنَ [سورة الصافات ١٠٠]

8. ‘‘എൻെറ നാഥാ, സദ്വൃത്തരിൽ ഒരാളെ (ഒരു പുത്രനെ) നീ എനിക്ക് പ്രദാനം ചെയ്യേണമേ’’ [3]

٩. رَبَّنَا عَلَيْكَ تَوَكَّلْنَا وَإِلَيْكَ أَنَبْنَا وَإِلَيْـكَ الْمَصِيْـرُ [ الممتحنة : ٤]

9. ‘‘ഞങ്ങളുടെ രക്ഷിതാവേ, നിൻെറ മേൽ ഞങ്ങൾ ഭരമേൽപ്പിക്കുകയും, നിന്നിലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിന്നിലേക്ക് തന്നെയാണ് തിരിച്ചുവരവ്.’’ [1]

[1] ഇബ്റാഹീം 41. ഇബ്റാഹീം നബിയുടെ പ്രാർത്ഥന.

[2] ശുഅറാഅ് 83 .. 85, 87. ഇബ്റാഹീം നബിയുടെ പ്രാർത്ഥന

[3] സ്വാഫ്ഫാത്ത് 100. ഇബ്റാഹീം നബിയുടെ പ്രാർത്ഥന.



١٠. رَبَّنَا لاَ تَجْعَلْنَا فِتْنَةً لِلَّذِيْنَ كَفَرُوا وَاغْفِرْ لَنَا رَبَّنَا إِنَّكَ أَنْتَ الْعَزِيْزُ الْحَكِيْمُ [سورة الممتحنة : ٥]

10. ‘‘ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ സത്യനിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കു നീ പൊറുത്ത് തരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും’’ [2]

١١. رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ. وَأَدْخِلْنِيْ بِرَحْمَتِكَ فِيْ عِبَادِكَ الصَّالِحِيْنَ [النمل : ١٩]

11. ‘‘എൻെറ രക്ഷിതാവേ, എനിക്കും എൻെറ മാതാപിതാക്കൾക്കും നീ ചെയ്തു തന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മം ചെയ്യുവാനും എനിക്ക് പ്രചോദനം നൽകേണമേ. നിൻെറ കാരുണ്യത്താൽനിൻെറ സദ്വൃത്തരായ ദാസന്മാരുടെ കൂട്ടത്തിൽ എന്നെ നീ ഉൾപ്പെടുത്തുകയും ചെയ്യേണമേ’’ [3]

١٢. رَبِّ هَبْ لِي مِنْ لَدُنْكَ ذُرِّيَّةً طَيِّبَةً . إِنَّكَ سَمِيْعُ الدُّعَاءَ [سورة آل عمران ٣٨]

12. ‘‘എൻെറ രക്ഷിതാവേ, എനിക്ക് നിൻെറ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും

[1] മുംതഹിന: 4. ഇബ്റാഹിം നബിയുടേയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവരുടേയും പ്രാർത്ഥനയിൽ നിന്ന്.

[2] മുംതഹിന: 5.

[3] നംല് 19. സുലൈമാൻ നബിയുടെ പ്രാർത്ഥന.

നീ പ്രാർത്ഥന കേൾക്കുന്നവനാണല്ലോ.''[1]

١٣. رَبِّ لاَ تَذَرْنِي فَرْداً وَأَنْتَ خَيْرُ الْوَارِثِيْنَ [سورة الأنبياء : ٨٩]

13. ''എൻെറ രക്ഷിതാവേ, എന്നെ ഏകനായി (പിന്തുടർച്ച ക്കാരില്ലാതെ) വിടരുതേ. നീയാണല്ലോ അനന്തിരാവകാശ മെടുക്കുന്നവരിൽ ഏററവും ഉത്തമൻ'' [2]

١٤. لاَ إِلَهَ إِلاَّ أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِيْنَ [سورة الأنبياء ]

14. ''നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരി ശു ദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തി ൽ പെട്ടവനായിരിക്കുന്നു.''[3]

١٥. رَبِّ اشْرَحْ لِيْ صَدْرِيْ وَيَسِّرْلِي أَمْرِيْ ، وَاحْلُلْ عُقْدَةً مِنْ لِسَانِي يَفْقَهُوا قَوْلِي [سورة طه : ٢٥-٢٨] .

15. ''എൻെറ നാഥാ, എനിക്ക് നീ ഹൃദയ വിശാലത നൽ കേണമേ. എനിക്ക് എൻെറ കാര്യം നീ എളുപ്പമാക്കിത്ത രേണമേ. ജനങ്ങൾ എൻെറ സംസാരം മനസ്സിലാക്കേണ്ട തിനായി എൻെറ നാവിൽനിന്ന് നീ കെട്ടഴിച്ചു തരേണമേ'' [4]

١٦. رَبِّ إِنِّي ظَلَمْتُ نَفْسِي فَاغْفِرْ لِي [سورة القصص :١٦]

16. ''എൻെറ രക്ഷിതാവേ തീർച്ചയായും ഞാൻ എന്നോട് തന്നെ അന്യായം ചെയ്തിരിക്കുന്നു അതിനാൽ എനിക്ക്

[1] ആലു ഇംറാൻ 38. സക്കരിയ്യാ നബിയുടെ പ്രാർത്ഥന.
[2] അൻബിയാഅ് 89. സക്കരിയ്യാ നബിയുടെ പ്രാർത്ഥന.
[3] അൻബിയാഅ് 87. യൂനുസ് നബിയുടെ പ്രാർത്ഥന.
[4] ത്വാഹ 25.. 28. മൂസാ നബിയുടെ പ്രാർത്ഥന.



നീ പൊറുത്ത് തരേണമേ''[1]

١٧. رَبَّنَا آمَنَّا بِمَا أَنْزَلْتَ وَاتَّبَعْنَا الرَّسُوْلَ فَاكْتُبْنَا مَعَ الشَّاهِدِيْنَ [سورة آل عمران : ٥٣]

17. ''ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചു തന്നതിൽ ഞ ങ്ങൾ വിശ്വസിക്കുകയും, (നിൻെറ) ദൂതനെ ഞങ്ങൾ പിൻപററുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ'' [2]

١٨. رَبَّنَا لاَ تَجْعَلْنَا فِتْنَةً لِلْقَوْمِ الظَّالِمِيْنَ . وَنَجِّنَا بِرَحْمَتِكَ مِنَ الْقَوْمِ الْكَافِرِيْنَ [سورة يونس: ٨٥-٨٦]

18. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ഈ ജനവിഭാഗത്തിൻെറ മർദ്ദനത്തിനിരയാക്കരുതേ. നി ൻെറ കാരുണ്യം കൊണ്ട് സത്യനിഷേധികളായ ഈ ജന തയിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തേണമേ'' [3]

١٩. رَبَّنَا اغْفِرْ لَنَا ذُنُوْبَنَا وَإِسْرَافَنَا فِي أَمْرِنَا وَثَبِّتْ أَقْدَامَنَا وَانْصُرْنَا عَلَى الْقَوْمِ الْكَافِرِيْنَ [سورة آل عمران ١٤٧]

19. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും ഞ ങ്ങളുടെ കാര്യത്തിൽ വന്നുപോയ അതിക്രമങ്ങളും ഞ ങ്ങൾക്ക് നീ പൊറുത്ത് തരേണമേ. ഞങ്ങളുടെ കാലടി കൾ നീ ഉറപ്പിച്ചു നിർത്തുകയും, സത്യനിഷേധികളായ

[1] ഖസ്വസ് 16. മൂസാ നബിയുടെ പ്രാർത്ഥന
[2] ആലു ഇംറാൻ 53. ഈസാ നബിയിൽ വിശ്വസിച്ചവരുടെ പ്രാർത്ഥന.
[3] യൂനുസ് 85,86. മൂസാ നബിയിൽ വിശ്വസിച്ചവരുടെ പ്രാർത്ഥന.

ജനങ്ങൾക്കെതിരിൽ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ'' [1]

**٢٠. رَبَّنَا آتِنَا مِنْ لَدُنْكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَداً [سورة الكهف : ١٠]**

20. ''ഞങ്ങളുടെ രക്ഷിതാവേ, നിൻെറ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവ്വഹിക്കുവാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ''[2]

**٢١. رَبِّ زِدْنِي عِلْمًا [سورة طه : ١١٤]**

21. ''എൻെറ രക്ഷിതാവേ എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ'' [3]

**٢٢. رَبِّ أَعُوذُ بِكَ مِنْ هَمَزَاتِ الشَّيَاطِيْنِ وَأَعُوذُ بِكَ رَبِّ أَنْ يَحْضُرُوْنَ [سورة المؤمنون : ٩٧-٩٨]**

22. ''എൻെറ രക്ഷിതാവേ, പിശാചുക്കളുടെ ദുർബോധനങ്ങളിൽ നിന്ന് ഞാൻ നിന്നോട് രക്ഷതേടുന്നു. അവർ (പിശാചുക്കൾ എൻെറ അടുത്ത് സന്നിഹിതരാകുന്നതിൽ നിന്നും എൻെറ രക്ഷിതാവേ, ഞാൻ നിന്നോട് രക്ഷ തേടുന്നു''[4]

**٢٣. رَبِّ اغْفِرْ وَارْحَمْ وَأَنْتَ خَيْرُ الرَّحِمِيْنَ [سورة المؤمنون ١١٨]**

[1] ആലു ഇംറാൻ 147.

[2] അൽ കഹ്ഫ് 10. അസ്ഹാബുൽ കഹ്ഫിൻെറ പ്രാർത്ഥന.

[3] ത്വാഹ 114. മൂസാ നബിയുടെ പ്രാർത്ഥന.

[4] മുഅ്മിനൂൻ 97, 98.



23. ''എൻെറ രക്ഷിതാവേ, നീ പൊറുത്ത് തരികയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീ കാരുണ്യവാന്മാരിൽ ഏററവും ഉത്തമനാണല്ലോ'' [1]

**٢٤. رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ [سورة البقرة ٢٠١]**

24. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ.''[2]

**٢٥. سَمِعْنَا وَأَطَعْنَا غُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيْرُ [البقرة : ٢٨٥]**

25. ''ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ. നിന്നിലേക്കാകുന്നു ഞങ്ങളുടെ മടക്കം''[3]

**٢٦. رَبَّنَا لاَ تُؤَاخِذْنَا إِنْ نَسِيْنَا أَوْ أَخْطَأْنَا رَبَّنَا وَلاَ تَحْمِلْ عَلَيْنَا إِصْرًا كَمَا حَمَلْتَهُ عَلَى الَّذِيْنَ مِنْ قَبْلِنَا، رَبَّنَا وَلاَ تُحَمِّلْنَا مَا لاَ طَاقَةَ لَنَا بِهِ وَاعْفُ عَنَّا وَاغْفِرْ لَنَا وَارْحَمْنَا أَنْتَ مَوْلاَنَا فَانْصُرْنَا عَلَى الْقَوْمِ الْكَافِرِيْنَ [سورة البقرة ٢٨٦]**

26. ''ഞങ്ങളുടെ നാഥ, ഞങ്ങൾ മറന്നു പോകുകയോ ഞങ്ങൾക്ക് തെററ് പററുകയോ ചെയ്തുവെങ്കിൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ. ഞങ്ങളുടെ നാഥാ ഞങ്ങളുടെ മുൻ

[1] മുഅ്മിനൂൻ 118.

[2] ബഖറ: 201

[3] ബഖറ: 285.

ഗാമികളുടെ മേൽ നീ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ നീ ചുമത്തരുതേ. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് കഴിവില്ലാത്തത് ഞങ്ങളെ നീ വഹിപ്പിക്കരുതേ. ഞങ്ങൾക്ക് നീ മാപ്പ് നൽകുകയും ഞങ്ങളോട് പൊറുക്കുകയും, കരുണ കാണിക്കുകയും ചെയ്യേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതുകൊണ്ട് സത്യനിഷേധികളായ ജനങ്ങൾക്കെതിരായി നീ ഞങ്ങളെ സഹായിക്കേണമേ.'' [1]

٢٧. رَبَّنَا لاَ تُزِغْ قُلُوبَنَا بَعْدَ إِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَدُنْكَ رَحْمَةً إِنَّــكَ أَنْتَ الْوَهَّابُ [سورة آل عمران : ٨]

27. ''ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സന്മാർഗ്ഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെററിക്കരുതേ. നിൻെറ അടുക്കൽ നിന്നുള്ള കാരണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു.'' [2]

٢٨. رَبَّنَا مَا خَلَقْتَ هَذَا بَــطِلاً سُبْحَــنَكَ فَقِنَا عَذَابَ النَّارِ . رَبَّنَا إِنَّكَ مَنْ تُدْخِلِ النَّارَ فَقَدْ أَخْزَيْتَهُ وَمَا لِلظَّلِمِينَ مِنْ أَنْصَارَ. رَبَّنَا إِنَّنَا سَمِعْنَا مُنَادِياً يُنَادِي لِلإِيْمَنِ أَنْ ءَامِنُوا بِرَبِّكُمْ فَئَامَنَّا فَاغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّئَاتِنَا وَتَوَفَّنَا مَعَ الأَبْرَارِ . رَبَّنَا وَآتِنَا مَا وَعَدْتَنَا عَلَى رُسُلِكَ وَلاَ تُخْزِنَــا يَوْمَ الْقِيَمَةِ إِنَّكَ لاَ تُخْلِفُ الْمِيــعَادَ [ آل عمران :١٩١-١٩٤]

28. '' ഞങ്ങളുടെ രക്ഷിതാവേ, നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ അതിനാൽ നര

[1] ബഖറ: 286.

[2] ആലു ഇംറാൻ 8.



ക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ കാത്തു രക്ഷിക്കേണമേ.ഞങ്ങളുടെ രക്ഷിതാവേ, നീ വല്ലവനേയും നരകത്തിൽ പ്രവേശിപ്പിച്ചാൽ  അവനെ നീ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ല താനും'' [1]

٢٩. رَبَّنَا آمَنَّا فَاغْفِرْ لَنَا وَارْحَمْنَا وَأَنْتَ خَيْرُ الرَّحِمِيْنَ [سورة المؤمنون : ١٠٩]

29. ഞങ്ങളുടെ നാഥാ, ഞങ്ങളോട് നീ കരുണ കാണിക്കേണ മേ. നീ കരുണ ചൊരിയുന്നവരിൽ ഉത്തമനാണല്ലോ[2]

٣٠. رَبَّنَا اصْرِفْ عَنَّا عَــذَابَ جَهَــنَّمَ إِنَّ عَــذَابَهَا كَــانَ غَرَامًــا . إِنَّهاسَاءَتْ مُسْتَقَرًّا وَمُقَامًا [سورة الفرقان : ٦٥-٦٦]

30. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നരക ശിക്ഷ നീ ഒഴിവാക്കിത്തരേണമേ. തീർച്ചയായും അതിലെ ശിക്ഷ വിട്ടൊഴിയാത്ത വിപത്താകുന്നു. തീർച്ചയായും അത് (നരകം) ചീത്തയായ ഒരു താവളവും പാർപ്പിടവും തന്നെയാകുന്നു '' [3]

٣١. رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّــتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِــيْنَ إِمَاماً .[سورة الفرقان : ٧٤]

31. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർ

[1] ആലു ഇംറാൻ 191 . .794.

[2] മുഅ്മിനൂൻ 109

[3] **ഫുർഖാൻ 65,66.**

മ്മ നൽകുകയും ധർമ്മനിഷ്ഠം പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ.'' [1]

٣٢. رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَصْلِحْ لِي فِي ذُرِّيَّتِي إِنِّي تُبْتُ إِلَيْكَ وَإِنِّي مِنَ الْمُسْلِمِيْنَ [سورة الأحقاف ١٥]

32. ''എന്റെ രക്ഷിതാവേ, എനിക്കും എന്റെ മാതാപിതാക്കൾക്കും നീ ചെയ്തുതന്നിട്ടുള്ള അനുഗ്രഹത്തിന് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽക്കർമ്മം പ്രവർത്തിക്കുവാനും നീ എനിക്ക് പ്രചോദനം നൽകേണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മയുണ്ടാക്കിത്തരുകയും ചെയ്യേണമേ. തീർച്ചയായും ഞാൻ നിന്നിലേക്ക് ഖേദിച്ചു മടങ്ങിയിരിക്കുന്നു. തീർച്ചയായും ഞാൻ കീഴ്പെടുന്നവരുടെ കൂട്ടത്തിലാകുന്നു.'' [2]

٣٣. رَبَّنَا اغْفِرْ لَنَا وَلِإِخْوَانِنَا الَّذِيْنَ سَبَقُوْنَا بِالإِيْمَانِ وَلاَ تَجْعَلْ فِي قُلُوْبِنَا غِلاًّ لِلَّذِيْنَ آمَنُوا رَبَّنَا إِنَّكَ رَؤُوْفٌ رَحِيْمٌ [الحشر ١٠]

33. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തോടെ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരങ്ങൾക്കും നീ പൊറുത്ത് തരേണമേ. സത്യ വിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സുകളിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു.'' [3]

---

[1] ഫുർഖാൻ 74
[2] അഹ്ഖാഫ് 15
[3] ഹശ്റ് 10



٣٤. رَبَّنَا أَتْمِمْ لَنَا نُوْرَنَا وَاغْفِرْ لَنَا إِنَّكَ عَلَى كُلِّ شَيْءٍ قَدِيْرٌ [سورة التحريم : ٨]

34. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പ്രകാശം നീ ഞങ്ങൾക്ക് നീ പൂർത്തീകരിച്ചു തരികയും, ഞങ്ങൾക്കു നീ പൊറുത്ത് തരികയും ചെയ്യേണമേ. തീർച്ചയായും നീ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു.'' [1]

٣٥. رَبَّنَا إِنَّنَا آمَنَّا فَاغْفِرْ لَنَا ذُنُوْبَنَا وَقِنَا عَذَابَ النَّارِ [سورة آل عمران ١٦]

35. ''ഞങ്ങളുടെ നാഥാ, ഞങ്ങളിതാ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ പൊറുത്ത് തരികയും, നരകശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ.'' [2]

٣٦. رَبَّنَا آمَنَّا فَاكْتُبْنَا مَعَ الشَّاهِدِيْنَ [سورة المائدة ٨٣]

36. "ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യ സാക്ഷികളോടൊപ്പം ഞങ്ങളേയും നീ രേഖപ്പെടുത്തേണമേ.'' [3]

٣٧. رَبِّ اجْعَلْ هَذَا الْبَلَدَ آمِناً وَاجْنُبْنِي وَبَنِيَّ أَنْ نَعْبُدَ الْأَصْنَامَ [سورة إبراهيم ٣٥]

37. ''എന്റെ രക്ഷിതാവേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും, എന്നെയും എന്റെ മക്കളേയും

---

[1] തഹ്രീം 8.
[2] ആലു ഇംറാൻ 16.
[3] മാഇദ: 83

ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകററി നിർത്തുകയും ചെയ്യേണമേ.''[1]

**٣٨. رَبِّ إِنِّي لِمَا أَنْزَلْتَ إِلَيَّ مِنْ خَيْرٍ فَقِيْرٌ [سورة القصص ٢٤]**

38. ''എൻെറ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നന്മക്കും ഞാൻ ആവശ്യക്കാരനാകുന്നു.'' [2]

**٣٩. رَبِّ انْصُرْنِي عَلَى الْقَوْمِ الْمُفْسِدِيْنَ [سورة العنكبوت ٣٠]**

39. ''എൻെറ രക്ഷിതാവേ, കുഴപ്പക്കാരായ ഈ ജനതക്ക് എതിരിൽ എന്നെ നീ സഹായിക്കേണമേ'' [3]

**٤٠. رَبَّنَا لاَ تَجْعَلْنَا مَعَ الْقَوْمِ الظَّالِمِيْنَ [سورة الأعراف ٤٧]**

40. ''ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ അക്രമികളായ ജനങ്ങളുടെ കൂട്ടത്തിൽ ആക്കരുതേ.''[4]

**٤١. حَسْبِيَ اللهُ لاَ إِلَهَ إِلاَّ هُوَ عَلَيْهِ تَوَكَّلْتُ وَهُوَ رَبُّ الْعَرْشِ الْعَظِيْمِ [سورة التوبة ١٢٩]**

41. ''എനിക്ക് അല്ലാഹു മതി. അവനല്ലാതെ ഒരു ദൈവവുമില്ല. അവൻെറ മേലാണ് ഞാൻ ഭരമേൽപ്പിച്ചിരിക്കുന്നത്. അവനാണ് മഹത്തായ സിംഹാസനത്തിൻെറ നാഥൻ.'' [5]

**٤٢. عَسَى رَبِّي أَنْ يَهْدِيَنِي سَوَاءَ السَّبِيْلِ [سورة القصص : ٢٢**

[1] ഇബ്റാഹീം 35. ഇബ്റാഹീം നബിയുടെ പ്രാർത്ഥന.

[2] ഖസ്വസ് 24 മൂസാ നബിയുടെ പ്രാർത്ഥന.

[3] അൻകബൂത് 30. ലൂത്ത് നബിയുടെ പ്രാർത്ഥന.

[4] അഅ്റാഫ് 47.

[5] തൗബ: 129



42. ''എൻെറ രക്ഷിതാവേ, ശരിയായ മാർഗ്ഗത്തിലേക്ക് എന്നെ നയിച്ചേക്കാം.'' [1]

**٤٣. رَبِّ نَجِّنِي مِنَ الْقَوْمِ الظَّالِمِيْنَ [سورة القصص : ٢١]**

43. ''എൻെറ രക്ഷിതാവേ, അക്രമികളായ ജനതയിൽ നിന്ന് എന്നെ നീ രക്ഷപ്പെടുത്തേണമേ.'' [2]

**٤٤. رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ (رواه البخاري)**

44. ''അല്ലാഹുവേ, ഞങ്ങൾക്ക് നീ ഇഹത്തിലും പരത്തിലും നന്മ നൽകേണമേ. നരകശിക്ഷയിൽ നിന്നും ഞങ്ങളെ കാക്കുകയും ചെയ്യേണമേ''[3]

**٤٥. اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ فِتْنَةِ النَّارِ وَعَذَابِ النَّارِ، وَفِتْنَةِ الْقَبْرِ وَعَذَابِ الْقَبْرِ ، وَشَرِّ فِتْنَةِ الْغِنَى ، وَشَرِّ فِتْنَةِ الْفَقْرِ . اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ شَرِّ فِتْنَةِ الْمَسِيحِ الدَّجَّالِ ، اللَّهُمَّ اغْسِلْ قَلْبِي بِمَاءِ الثَّلْجِ وَالْبَرَدِ ، وَنَقِّ قَلْبِي مِنَ الْخَطَايَا كَمَا نَقَّيْتَ الثَّوْبَ الأَبْيَضَ مِنَ الدَّنَسِ ، وَبَاعِدْ بَيْنِي وَبَيْنَ خَطَايَايَ كَمَا بَاعَدْتَ بَيْنَ الْمَشْرِقِ وَالْمَغْرِبِ . اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْكَسَلِ وَالْمَأْثَمِ وَالْمَغْرَمِ (البخاري ١٦١/٧)**

45. ''അല്ലാഹുവേ, നരക നാശത്തിൽ നിന്നും നരക ശിക്ഷയിൽ നിന്നും, ഖബറിലെ നാശത്തിൽ നിന്നും ഖബറിലെ ശിക്ഷയിൽ നിന്നും, സമ്പന്നതയുടെ പരീക്ഷത്തിലെ നാശത്തിൽ നിന്നും, ദാരിദ്ര്യത്തിൻെറ പരീക്ഷണ നാശ

[1] ഖസ്വസ് 22. മൂസാനബിയുടെ പ്രാർത്ഥന

[2] ഖസ്വസ് 21. മൂസാനബിയുടെ പ്രാർത്ഥന

[3] ബുഖാരി 7/163

ത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ, ദജ്ജാലിൻെറ പരീക്ഷണത്തിൻെറ നാശത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ, എൻെറ ഹൃദയത്തെ നീ മഞ്ഞ് കൊണ്ടും ആലിപ്പഴം കൊണ്ടും കഴുകി നന്നാക്കേണമേ. അഴുക്കിൽ നിന്നും വെള്ള വസ്ത്രം ശുദ്ധിയാക്കുന്നത് പോലെ എൻെറ ഹൃദയത്തെ പാപത്തിൽ നിന്നും നീ ശുദ്ധിയാക്കേണമേ. പൂർവ്വ പശ്ചിമ ദിക്കുകൾ തമ്മിൽ അകററിയത് പോലെ എന്നെയും എൻെറ പാപങ്ങളേയും നീ അകററേണമേ. അല്ലാഹുവേ, അലസതയിൽ നിന്നും കുററകൃത്യങ്ങളിൽ നിന്നും കട ബാധ്യതകളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.'' [1]

٤٦. اللَّهُمَّ إِنِّي أَعُوذُ بِكَ من الْعَجْزِ وَالْكَسَلِ وَالْجُبْنِ وَالْهَرَمِ وَالْبُخْلِ، وَأَعُوذُ بِكَ مِنْ عَذَابِ الْقَبْرِ وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ (البخاري ٥٩/٧، ومسلم ٢٠٧٩/٤)

46. '' അല്ലാഹുവേ, അശക്തത, അലസത, ഭീരുത്വം, വാർദ്ധക്യ പ്രയാസങ്ങൾ, ലുബ്ധത എന്നിവയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു. (അപ്രകാരം തന്നെ) ഖബറിലെ ശിക്ഷയിൽ നിന്നും ജീവിതത്തിലും മരണത്തിലുമുണ്ടാകുന്ന പരീക്ഷണങ്ങളിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു.'' [2]

٤٧. اللَّهُمَّ إِنِّي أَعُوذُ بِكَ مِنْ جَهْدِ الْبَلَاءِ وَدَرْكِ الشَّقَاءِ وَسُوءِ الْقَضَاءِ وَشَمَاتَةِ الأَعْدَاءِ (البخاري ١٥٥/٧)

[1] ബുഖാരി 7/161, മുസ്ലിം 4/2074

[2] ബുഖാരി 7/59, മുസ്ലിം 4/2079



47. ''അല്ലാഹുവേ, പരീക്ഷണങ്ങളുടെ ക്ലേശങ്ങളിൽ നിന്നും ദൗർഭാഗ്യത്തിൻെറ ഗർത്തത്തിൽ നിന്നും ചീത്ത വിധിയിൽ നിന്നും ശത്രുക്കളുടെ സന്തോഷത്തിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു.'' [1]

٤٨. اللَّهُمَّ اَصْلِحْ لِيْ دِيْنِيَ الَّذِيْ هُوَ عِصْمَةُ أَمْرِيْ ، وَأَصْلِحْ لِيْ دُنْيَايَ الَّتِي فِيْهَا مَعَاشِي ، وَأَصْلِحْ لِي آخِرَتِيَ الَّتِي فِيْهَا مَعَادِيْ . وَاجْعَلِ الْحَيَاةَ زِيَادَةً لِي فِي كُلِّ خَيْرٍ ، وَالْمَوْتَ رَاحَةً لِيْ مِنْ كُلِّ شَرٍّ (مسلم ٢٠٨٧/٤)

48. ''അല്ലാഹുവേ, എൻെറ മത രംഗം എനിക്ക് നീ നന്നാക്കി തരേണമേ അതാണല്ലോ എൻെറ കാര്യത്തിൻെറ അവലംബം. എൻെറ ദുനിയാവിനെ എനിക്ക് നീ നന്നാക്കിത്തരേണമേ അതിലാണല്ലോ എൻെറ ജീവിതം. എൻെറ പരലോകം നീ എനിക്ക് നന്നാക്കിത്തരേണമേ അതിലേക്കാണല്ലോ എൻെറ മടക്കം. എൻെറ ജീവിതം എനിക്ക് എല്ലാവിധ നന്മയിലുമുള്ള വർദ്ധനവും എൻെറ മരണം എല്ലാ വിധ നാശത്തിൽ നിന്നുമുള്ള ആശ്വാസവും ആക്കേണമേ.'' [2]

٤٩. اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالتُّقَى وَالْعَفَافَ وَالْغِنَى (مسلم ٢٠٨٧/٤)

[1] ബുഖാരി 7/155

[2] മുസ്ലിം 4/2084

49. ‘‘അല്ലാഹുവേ, സന്മാർഗ്ഗവും, സൂക്ഷ്മതാ ബോധവും, സംശുദ്ധമായ ജീവിതവും, ഐശ്വര്യവും ഞാൻ നിന്നോ ട് ചോദിക്കുന്നു.’’[1]

٥٠. اللَّهُمَّ إِنِّي أَعُوْذُ بِكَ من الْعَجْزِ وَالْكَسَلِ وَالْجُبْنِ وَالْهَرَمِ وَعَذَابِ الْقَبْرِ اللَّهُمَّ آتِ نَفْسِي تَقْوَاهَا وَزَكِّهَا أَنْتَ خَيْرُ مَنْ زَكَّاهَا أَنْتَ وَلِيُّهَا وَمَوْلاَهَا . اللَّهُمَّ إِنِّي أَعُوْذُ بِكَ مِنْ عِلْمٍ لاَ يَنْفَعْ ، وَمِنْ قَلْبٍ لاَ يَخْشَعْ ، وَمِنْ نَفْسٍ لاَ تَشْبَعْ ، وَمِنْ دَعْوَةٍ لاَ يُسْتَجَابُ لَهَا (مسلم ٢٠٨٨/٤)

50. ‘‘അല്ലാഹുവേ, ബലഹീനത, അലസത, ഭീരുത്വം, വാർ ദ്ധക്യം, ഖബർ ശിക്ഷ എന്നിവയിൽ നിന്നും ഞാൻ നി ന്നോട് അഭയം തേടുന്നു. അല്ലാഹുവേ എൻെറ ഹൃദയ ത്തിന് നീ സൂക്ഷ്മതാ ബോധം നൽകേണമേ. അതിനെ നീ സംസ്കരിക്കുകയും ചെയ്യേണമേ. നീയാണല്ലൊ അ തിനെ നന്നായി സംസ്കരിക്കുന്നവൻ. നീ തന്നെയാണ ല്ലൊ അതിൻെറ സംരക്ഷകനും യജമാനും. അല്ലാഹുവേ, ഉപകാരമില്ലാത്ത വിജ്ഞാനത്തിൽ നിന്നും, ഭക്തിയില്ലാ ത്ത ഹൃദയത്തിൽ നിന്നും, മതിവരാത്ത മനസ്സിൽ നി ന്നും, ഉത്തരം ലഭിക്കാത്ത പ്രാർത്ഥനയിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു.’’ [2]

٥١. اللَّهُمَّ اهْدِنِي وَسَدِّدْنِي ، اللَّهُمَّ إِنِّي أَسْأَلُكَ الْهُدَى وَالسَّدَادَ (مسلم ٢٠٩٠/٤)

51. ‘‘അല്ലാഹുവേ, നീ എനിക്ക് മാർഗ്ഗദർശനം നൽകി എ ന്നെ നേർമാർഗ്ഗത്തിലാക്കേണമേ. അല്ലാഹുവേ എനിക്ക്

[1] മുസ്ലിം 4/2084
[2] മുസ്ലിം 4/2088



നീ മാർഗ്ഗ ദർശനവും നേർമാർഗ്ഗവും നൽകേണമേ’’ [1]

٥٢. اللَّهُمَّ إِنَّا نَعُوْذُ بِكَ مِنْ زَوَالِ نِعْمَتِكَ وَتَحَوُّلِ عَافِيَتِكَ وَفُجَاءَةِ نِقْمَتِكَ وَجَمِيْعِ سَخَطِكَ (مسلم ٢٠٩٧/٤)

52. ‘‘അല്ലാഹുവേ, അനുഗ്രഹങ്ങൾ നീങ്ങിപ്പോകുന്നതിൽ നിന്നും സുഖ സൗഖ്യങ്ങൾ മാററിമറിക്കപ്പെടുന്നതിൽ നി ന്നും പെട്ടന്നുണ്ടാകുന്ന ശിക്ഷകളിൽ നിന്നും നിന്നിൽ നി ന്നുണ്ടാകുന്ന എല്ലാവിധ കോപത്തിൽ നിന്നും ഞാൻ നി ന്നോട് രക്ഷ ചോദിക്കുന്നു.’’ [2]

٥٣. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنْ شَرِّ مَا عَمِلْتُ وَمِنْ شَرِّ مَا لَمْ أَعْمَلْ (مسلم ٢٠٨٥/٤)

53. ‘‘അല്ലാഹുവേ, ഞാൻ പ്രവർത്തിച്ചതിലെ നാശത്തിൽ നിന്നും, ഞാൻ പ്രവർത്തിച്ചിട്ടില്ലാത്തവയിലെ നാശത്തിൽ നിന്നും ഞാൻ നിന്നോട് ശരണം തേടുന്നു.’’ [3]

٥٤. اللَّهُمَّ أَكْثِرْ مَالِي ، وَوَلَدِي ، وَبَارِكْ لِي فِيْمَا أَعْطَيْتَنِي [وَأَطِلْ حَيَاتِي عَلَى طَاعَتِكَ وَأَحْسِنْ عَمَلِي] وَاغْفِرْ لِي (البخاري في الأدب المفرد ١٥٤/٧ وصححه الألباني في سلسلة الصحيحة رقم ٢٢٤١)

54. ‘‘ അല്ലാഹുവേ, എൻെറ സന്താനങ്ങളിലും സമ്പത്തി ലും എനിക്ക് നീ വർദ്ധനവ് നൽകുകയും എനിക്ക് നീ ന

[1] മുസ്ലിം 4/2090
[2] മുസ്ലിം 4/2097
[3] മുസ്ലിം 4/2085

ൽകിയതിൽ അനുഗ്രഹം ചൊരിയുകയും ചെയ്യേണമേ.[ നിനക്ക് കീഴ്പ്പെട്ട് ജീവിക്കാൻ എനിക്ക് നീ ദീർഘായുസ്സ് നൽകുകയും എൻെറ കർമ്മങ്ങളെ നീ നന്നാക്കിത്തീർക്കുകയും ചെയ്യേണമേ.] എനിക്ക് നീ പൊറുത്ത് തരികയും ചെയ്യേണമേ.'' [1]

٥٥. لاَ إِلَهَ إِلاَّ اللهُ الْعَظِيْمُ الْحَلِيْمُ، لاَ إِلَهَ إِلاَّ اللهُ رَبُّ الْعَرْشِ الْعَظِيْمُ، لاَ إِلَهَ إِلاَّ اللهُ رَبُّ السَّمَوَاتِ وَرَبُّ الأَرْضِ وَرَبُّ الْعَرْشِ الْكَرِيْمُ (البخاري ٧/١٥٤ ومسلم ٤/٢٠٩٢)

55. ''ഉന്നതനും സഹനശീലനുമായ അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല മഹത്തരമായ സിംഹാസനത്തിൻെറ സംര ക്ഷകനായ അല്ലാഹുവല്ലാതെ ഒരു ആരാധ്യനുമില്ല. ആകാശങ്ങളുടേയും ഭൂമിയുടേയും ഉന്നതമായ സിംഹാസനത്തിൻേറയും സംരക്ഷകനായ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ല.'' [2]

٥٦. اللَّهُمَّ رَحْمَتَكَ أَرْجُو فَلاَ تَكِلْنِي إِلَى نَفْسِي طَرْفَةَ عَيْنٍ، وَأَصْلِحْ لِيْ شَأْنِي كُلَّهُ، لاَ إِلَهَ إِلاَّ أَنْتَ (أبو دود ٤/٣٢٤ وأحمد ٥/ ٤٢ وحسنه الألباني)

56. ''അല്ലാഹുവേ, നിൻെറ കാരുണ്യത്തെ ഞാൻ പ്രതീക്ഷിക്കുന്നു. ഒരു ഇമവെട്ടുന്ന സമയം പോലും എൻെറ കാര്യങ്ങൾ നീ എന്നെമാത്രം ഏൽപ്പിക്കരുതേ. എൻെറ

[1] ബുഖാരി അദബുൽ മുഫ്റദ് നമ്പർ 653. അൽബാനിയുടെ സിൽസില: സ്വഹീഹ് 2241. [ ] ലുള്ളത് തുർമുദി. അൽബാനി സ്വഹീഹ് തുർമുദി 2/271.

[2] ബുഖാരി 7/154, മുസ്ലിം 4/2092.



കാര്യങ്ങളും നീ എനിക്ക് നന്നാക്കിത്തരേണമേ. നീയല്ലാതെ ഒരു ആരാധ്യനും ഇല്ല'' [1]

٥٧. لاَ إِلَهَ إِلاَّ أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِيْنَ (صحيح النرمذي ٣/١٦٨)

57. ''നീയല്ലാതെ ഒരു ആരാധ്യനുമില്ല. നീ പരിശുദ്ധനാകുന്നു. തീർച്ചയായും ഞാൻ അക്രമകാരികളിൽ പെട്ടുപോയിരിക്കുന്നു.'' [2]

٥٨. اللَّهُمَّ إِنِّي عَبْدُكَ، ابْنُ عَبْدِكَ، ابْنُ أَمَتِكَ، نَاصِيَتِي بِيَدِكَ، مَاضٍ فِيَّ حُكْمُكَ، عَدْلٌ فِيَّ قَضَاؤُكَ، أَسْأَلُكَ بِكُلِّ اسْمٍ هُوَ لَكَ، سَمَّيْتَ بِهِ نَفْسَكَ، أَوْ أَنْزَلْتَهُ فِي كِتَابِكَ، أَوْ عَلَّمْتَهُ أَحَداً مِنْ خَلْقِكَ، أَوِ اسْتَأْثَرْتَ بِهِ فِي عِلْمِ الْغَيْبِ عِنْدَكَ، أَنْ تَجْعَلَ الْقُرْآنَ رَبِيْعَ قَلْبِي، وَنُوْرَ صَدْرِي، وَجَلاَءَ حُزْنِي، وَذَهَابَ هَمِّي (أحمد ١/٣٩١، ٤٥٣. حاكم ١/٥٠٩. وصححه الألباني رحمه الله) ٥٢٨. ؛]؛ الجامع ٦/٣٠٩. صحيح الترمذي ٣/١٧١. وقد قالت أم سلمة (ر) كان أكثر دعاءه صلى الله عليه وسلم)

58. ''അല്ലാഹുവേ, ഞാൻ നിൻെറ ദാസനും നിൻെറ ദാസൻെറ പുത്രനും നിൻെറ ദാസിയുടെ മകനുമാണ്. എൻെറ മൂർദ്ധാവ് നിൻെറ കയ്യിലാണ്. നിൻെറ തീരുമാനങ്ങളാണ് എന്നിൽ നടപ്പാകുന്നത്. നിൻെറ വിധികളെല്ലാം എന്നിൽ

[1] അബൂദാവൂദ് 4/324, അഹ്മദ് 5/42. അൽബാനി (ഹസൻ) കുററമററതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

[2] സ്വഹീഹ് തിർമുദി 3/168. യൂനുസ് നബിയുടെ പ്രാർത്ഥന. ഇത് ഉൾപ്പെടുത്തി പ്രാർത്ഥിക്കുന്ന പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുക തന്നെ ചെയ്യുമെന്ന് മററ് ഹദീസുകളിൽ വന്നിട്ടുണ്ട്.

നീതി പൂർവ്വം മാത്രമാണ്. നീ നിനക്ക് പേരായി വെച്ചിട്ടുള്ളതോ, നിൻെറ ഗ്രന്ഥത്തിൽ ഇറക്കിയിട്ടുള്ളതോ നിൻെറ സൃഷ്ടികളിൽ നിന്ന് ആർക്കെങ്കിലും നീ പഠിപ്പിച്ചിട്ടുള്ളതോ അതുമല്ലെങ്കിൽ നിൻെറ പക്കൽ നീ സൂക്ഷിച്ചിട്ടുള്ള നിൻെറ അദൃശ്യജ്ഞാനത്തിലുള്ളതോ ആയ നിൻെറ മുഴുവൻ നാമങ്ങളും മുൻ നിറുത്തി ഞാനിതാ നിന്നോട് ചോദിക്കുന്നു:'ഖുർആനിനെ നീ എൻെറ ഹൃദയത്തിൻെറ വസന്തവും മനസ്സിൻെറ പ്രകാശവും ദു:ഖത്തിൻെറ പരിഹാരവും മനോവ്യഥയെ പോക്കിക്കളയുന്നതും ആക്കിത്തീർക്കേണമേ' എന്ന് '' [1]

٥٩. اللَّهُمَّ مُصَرِّفَ الْقُلُوْبِ صَرِّفْ قُلوْبَنَا عَلَى طَاعَتِكِ (صحيح الترمذي ١٧١/٣ وأحمد ١٨١/٤ والحاكم ١/ ٥٢٥ الجامع ٣٠٩/٦ وقد قالت أم سلمة (ر) كان أكثر دعاءه صلى الله عليه وسلم)

59. ''ഹൃദയങ്ങളെ നിയന്ത്രിക്കുന്ന നാഥാ, ഞങ്ങളുടെ ഹൃദയങ്ങളെ നിനക്ക് കീഴ്പ്പെട്ട് ജീവിക്കുന്നതിനായി തിരിച്ചുവിടേണമേ'' [2]

٦٠. يَا مُقَلِّبَ الْقُلُوْبِ ثَبِّتْ قَلْبِي عَلَى دِيْنِكَ (صحيح الترمذي ١٧١/٣ وأحمد ١٨١/٤ والحاكم ١/ ٥٢٥ الجامع ٣٠٩/٦ وقد قالت أم سلمة (ر) كان أكثر دعاءه صلى الله عليه وسلم)

60. ''ഹൃദയങ്ങളെ മാററി മറിക്കുന്ന നാഥാ, എൻെറ ഹൃദയത്തെ നീ നിൻെറ മതത്തിൽ ഉറപ്പിച്ചു നിർത്തേണമേ'' [1]

[1] അഹ്മദ് 1/391, 452. ഹാകിം 1/509 അൽബാനി(റ) സ്വഹീഹിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

[2] മുസ്ലിം 4/2045.



٦١. اللَّهُمَّ إِنِّي أَسْأَلُكَ الْعَافِيَةَ فِي الدُّنْيَا وَالآخِرَةِ (صحيح الترمذي ١٨٠/٣ وأحمد ١٥٦/١، ١٥٧)

61. ''അല്ലാഹുവേ ഇഹപരമായ സൗഖ്യത്തെ ഞാൻ നിന്നോട് ചോദിക്കുന്നു.'' [2]

٦٢. اللَّهُمَّ أَحْسِنْ عَاقِبَتَنَا فِي الْأُمُوْرِ كُلِّهَا وَأَجِرْنَا مِنْ خِزْيِ الدُّنْيَا وَعَذَابِ الآخِرَةِ (أحمد ١٨١/٤)

62. ''അല്ലാഹുവേ, ഞങ്ങളുടെ എല്ലാ കാര്യങ്ങളുടേയും പര്യവസാനം നീ നന്നാക്കേണമേ. ഐഹിക ജീവിതത്തിലെ അപമാനത്തിൽ നിന്നും പരലോക ശിക്ഷയിൽ നിന്നും നീ ഞങ്ങളെ അകററേണമേ'' [3]

٦٣. رَبِّ أَعِنِّي وَلاَ تُعِنْ عَلَيَّ ، وَانْصُرْنِي وَلاَ تَنْصُرْ عَلَيَّ ، وَامْكُرْ لِي وَلاَ تَمْكُرْ عَلَيَّ ، وَاهْدِنِي وَيَسِّرْ الْهُدَى إِلَيَّ وَانْصُرْنِي عَلَى مَنْ بَغَى عَلَيَّ ، رَبِّ اجْعَلْنِي لَكَ شَكَّاراً ، لَكَ ذَكَّاراً ، لَكَ رَهَّاباً ، لَكَ مِطْوَاعاً ، إِلَيْكَ مُخْبِتاً أَوَّاهاً مُنِيْباً ، رَبِّ تَقَبَّلْ تَوْبَتِي ، وَاغْسِلْ حَوْبَتِي ، وَأَجِبْ دَعْوَتِي ، وَثَبِّتْ حُجَّتِي ، وَاهْدِ قَلْبِي ، وَسَدِّدْ لِسَانِي ، وَاسْلُلْ سَخِيْمَةَ قَلْبِي (صحيح الترمذي ١٧٨/٣ أبو داود ٨٣/٢)

63. "'നാഥാ, നീ എൻെറ സഹായി ആകേണമേ എനിക്കെതിരിലുള്ള സഹായി ആകരുതേ. നീ എന്നെ സഹായിക്കേണമേ എനിക്കെതിരിൽ നീ സഹായിക്കരുതേ. എനി

[1] സ്വഹീഹ് തിർമുദി 3/171. അഹ്മദ് 4/182. ഹാകിം 1/525. ഇത് നബി(സ) കൂടുതലായി പ്രാർത്ഥിക്കാറുണ്ടായിരുന്ന പ്രാർത്ഥനകളിൽ പെട്ടതാണ് എന്ന് ഉമ്മുസൽമ (റ) പറഞ്ഞതായി വന്നിട്ടുണ്ട്.

[2] സ്വഹീഹ് തിർമുദി 3/180. അഹ്മദ് 1/186, 187.

[3] അഹ്മദ് 4/181

ക്ക് വേണ്ടി നീ തന്ത്രം പ്രയോഗിക്കേണമേ എനിക്കെതിരിൽ നീ തന്ത്രം പ്രയോഗിക്കരുതേ. നീ എന്നെ നേർമാർഗ്ഗത്തിലാക്കുകയും എനിക്കുള്ള മാർഗ്ഗദർശനം എളുപ്പമാക്കുകയും ചെയ്യേണമേ. എന്നോട് അതിക്രമം കാണിച്ചവർക്ക് എതിരിൽ നീ എന്നെ സഹായിക്കേണമേ. നാഥാ, എന്നെ നീ നിനക്ക് അങ്ങേയററം നന്ദി കാണിക്കുകയും, നിന്നെ സ്മരിക്കുകയും, നിന്നെ ഭയപ്പെടുകയും, നിനക്ക് കീഴ്പ്പെടുകയും, നിന്നിലേക്ക് പശ്ചാത്തപിക്കുകയും, നിന്നിലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുന്നവൻ ആക്കേണമേ. നാഥാ, എൻെറ പശ്ചാത്താപം നീ സ്വീകരിക്കുകയും എൻെറ പാപങ്ങൾ നീ കഴുകിക്കളയുകയും, എൻെറ പ്രാർത്ഥനക്ക് നീ ഉത്തരം നൽകുകയും, എൻെറ തെളിവുകളെ നീ സ്ഥിരപ്പെടുത്തുകയും, എൻെറ ഹൃദയത്തിന് മാർഗ്ഗ ദർശനം നൽകുകയും, എൻെറ നാവിനെ നീ നേരെയാക്കുകയും എൻെറ ഹൃദയത്തിൻെറ പരുഷതയെ നീ നീക്കുകയും ചെയ്യേണമേ ''[1]

٦٤. اللَّهُمَّ إِنَّا نَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ مِنْهُ نَبِيُّكَ مُحَمَّـدٌ صَـلَّى اللهُ عَلَيْهِ وَسَلَّمَ وَنَعُوْذُ بِكَ مِنْ شَرِّ مَا اسْتَعَاذَ مِنْهُ نَبِيُّكَ مُحَمَّدٌ صَـلَّى اللهُ عليه وسلم وَأَنْتَ الْمُسْتَعَانُ وَعَلَيْكَ الْبَلاَغُ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِـالله
( الترمذي ٥٣٧/٥ وان ماجه ١٢٦٤/٢).

64. ''അല്ലാഹുവേ, നിൻെറ പ്രവാചകൻ മുഹമ്മദ് (സ) നിന്നോട് ചോദിച്ചതായ ഉത്തമമായ കാര്യങ്ങൾ ഞങ്ങൾ നിന്നോട് ചോദിക്കുന്നു. നിൻെറ പ്രവാചകൻ മുഹമ്മദ് (സ) നി ന്നോടമുഹമ്മദ് (സ) നി ന്നോട് രക്ഷതേടിയതായ നാശത്തെതൊട്ട് ഞങ്ങളും നിന്നോട് രക്ഷതേടുന്നു. നിന്നോട് മാത്രമാണ് സഹയമർത്ഥിക്കാനുള്ളത്. നീ മാത്രമാണ് പൂർത്തീകരിക്കുന്നവനും. യാതൊരു ശക്തിയും കഴിവും നിന്നെക്കൊണ്ടല്ലാതെ ഇല്ല.''[1]

٦٥. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنْ شَرِّ سَمْعِي وَمِنْ شَرِّ بَصَرِي ، وَمِنْ شَرِّ لِسَانِي ، وَمِنْ شَرِّ قَلْبِي ، وَمِنْ شَرِّ مَنِيَّتِي (أبوداود ٩٢/٢ وصحيح الترمذي ١٦٦/٣ وصحيح النسائي ١١٠٨/٣)

65. ''അല്ലാഹുവേ, എൻെറ കേൾവിയുടേയും കാഴ്ചയുടേയും നാവിൻേറയും ഹൃദയത്തിൻേറയും മരണത്തിൻേറയും നാശത്തെത്തൊട്ട് ഞാൻ നിന്നോട് രക്ഷതേടുന്നു.''[2]

٦٦. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنَ الْبَرَصِ وَالْجُنُوْنِ، وَالْجُذَامِ ، وَمِنْ سَيِّءِ الأَسْقَامِ (أبوداود ٩٣/٢ وصحيح الترمذي ١٨٤/٣ وصحيح النسائي ١١١٦/٣)

66. “അല്ലാഹുവേ, പാൺഡ് ഭ്രാന്ത്, വസൂരി, മററ് മാരക രോഗങ്ങൾ എന്നിവയെത്തൊട്ട് ഞാൻ നിന്നോട് ശരണം തേ ടുന്നു.''[3]

٦٧. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنْ مُنْكَرَاتِ الأَخْلاَقِ وَالأَعْمَالِ وَالأَهْوَاءِ (صحيح الترمذي ٥٧٥/٥ واب حبان والحاكم والطبراني)

[1] അബൂദാവൂദ് 2/83. സ്വഹീഹ് തിർമുദി 3/178. അഹ്മദ് 1/519. ഇബ്നുമാജ: 2/1259.



[1] തിർമിദി 5/537. ഇബ്നുമാജ: 2/1264.

[2] അബൂദാവൂദ് 2/92. സ്വഹീഹ് തിർമിദി 3/166. സ്വഹീഹ് നസാഇ 3/1108

[3] അബൂദാവൂദ് 2/93. സ്വഹീഹ് തിർമിദി 3/184. സ്വഹീഹ് നസാഇ 3/1116

67. ''അല്ലാഹുവേ, സ്വഭാവങ്ങളിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും ഇഛകളിൽ നിന്നും ഉണ്ടാകുന്ന നിഷിദ്ധങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.'' [1]

٦٨. اللَّهُمَّ إِنَّكَ عَفُوٌّ كَرِيْمٌ تُحِبُّ الْعَفْوَ فَاعْفُ عَنِّي (صحيح الترمذي ١٧٠/٣)

68. ''അല്ലാഹുവേ, തീർച്ചയായും നീ ഔദാര്യവാനും പാപങ്ങൾ പൊറുക്കുന്നവനും പാപമോചനം ഇഷ്ടപ്പെടുന്നവനുമല്ലോ; എന്റെ പാപങ്ങൾ നീ പൊറുത്ത് തരേണമേ'' [2]

٦٩. اللَّهُمَّ إِنِّي أَسْأَلُكَ فِعْلَ الْخَيْرَاتِ ، وَتَرْكَ الْمُنْكَرَاتِ ، وَحُبَّ الْمَسَاكِيْنِ ، وَأَنْ تَغْفِرَ لِي ، وَتَرْحَمْنِي . وَإِذَا أَرَدْتَ فِتْنَةَ قَوْمٍ فَتَوَفَّنِي غَيْرَ مَفْتُوْنٍ ، وَأَسْأَلُكَ حُبَّكَ ، وَحُبَّ مَنْ يُحِبُّكَ وَحُبَّ عَمَلٍ يُقَرِّبُنِي إِلَى حُبِّكَ (أحمد ٢٤٣/٥ والترمذي ٣٦٩/٥)

69. ''അല്ലാഹുവേ, നല്ലത് പ്രവർത്തിക്കാനും ചീത്ത കയ്യൊഴിക്കാനും സാധുക്കളെ ഇഷ്ടപ്പെടുന്നതിനും ഞാൻ നിന്നോട് ചോദിക്കുന്നു. എന്റെ പാപങ്ങൾ നീ എനിക്ക് പൊറുത്ത് തരികയും എന്നോട് കരുണ കാണിക്കുകയും, നീ ഒരു ജനതയെ നശിപ്പിക്കാൻ തീരുമാനിച്ചാൽ നശിപ്പിക്കപ്പെടാത്ത നിലയിൽ നീ എന്നെ മരിപ്പിക്കുകയും ചെയ്യേണമേ. നിന്റെ സ്നേഹവും നിന്നെ സ്നേഹിക്കുന്നവരുടെ സ്നേഹവും നിന്റെ സ്നേഹത്തിലേക്ക് എന്നെ അടുപ്പിക്കുന്ന പ്രവർത്തനങ്ങളോടുള്ള സ്നേഹവും ഞാൻ നിന്നോട് ചോദിക്കുന്നു.''[1]

[1] സ്വഹീഹ് തിർമിദി 3/184. ഇബ്നു ഹിബ്ബാൻ. ഹാകിം, ത്വബ്റാനി.

[2] സ്വഹീഹ് തിർമിദി 3/170.



٧٠. اللَّهُمَّ إِنِّي أَسْأَلُكَ مِنَ الْخَيْرِ كُلِّهِ عَاجِلِهِ وَآجِلِهِ مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ وَأَعُوْذُ بِكَ مِنَ الشَّرِّ كُلِّهِ عَاجِلِهِ وَآجِلِهِ مَا عَلِمْتُ مِنْهُ وَمَا لَمْ أَعْلَمْ .اللَّهُمَّ إِنِّي أَسْأَلُكَ مِنْ خَيْرِ مَا سَأَلَكَ عَبْدُكَ وَنَبِيُّكَ وَأَعُوْذُ بِكَ مِنْ شَرِّ [مَا اسْتَعَاذَ بِكَ] [مِنْهُ] عَبْدُكَ وَنَبِيُّكاللَّهُمَّ إِنِّي أَسْأَلُكَ الْجَنَّـــةَ وَمَـــا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ ، وَأَعُوْذُ بِكَ مِنَ النَّارِ وَمَا قَرَّبَ إِلَيْهَا مِنْ قَوْلٍ أَوْ عَمَلٍ ، وَأَسْأَلُكَ أَنْ تَجْعَلَ كُلَّ قَضَاءٍ قَضَيْتَهُ لِي خَيْراً (صحيح ابن ماجة ٣٢٧/٢ وأحمد ١٣٤/٦)

70. ''അല്ലാഹുവേ, ഞാൻ അറിയുന്നതും അറിയാത്തതും പെട്ടന്ന് ഉണ്ടാകുന്നതും താമസിച്ച് ഉണ്ടാകുന്നതുമായ എല്ലാ വിഷയത്തിലുമുള്ള നന്മയെ ഞാൻ നിന്നോട് ചോദിക്കുന്നു. അപ്രകാരം ഞാൻ അറിയുന്നതും അറിയാത്തതും പെട്ടന്ന് ഉണ്ടാകുന്നതും താമസിച്ച് ഉണ്ടാകുന്നതുമായ എല്ലാ വിഷയത്തിലുമുള്ള തിന്മയെത്തൊട്ട് ഞാൻ നിന്നോട് രക്ഷചോദിക്കുകയും ചെയ്യുന്നു. അല്ലാഹുവേ, നിന്റെ ദാസനും പ്രവാചകനും നിന്നോട് ചോദിച്ചതായ എല്ലാ നന്മയും ഞാൻ നിന്നോട് ചോദിക്കുകയും; നിന്റെ ദാസനും പ്രവാചകനും നിന്നോട് രക്ഷ ചോദിച്ചതായ എല്ലാ തിന്മയെത്തൊട്ട് ഞാൻ നിന്നോട് രക്ഷ ചോദിക്കുകയും ചെയ്യുന്നു. അല്ലാഹുവേ ഞാൻ നിന്നോട് സ്വർഗ്ഗവും അതിലേക്ക് അടുപ്പിക്കുന്ന വാക്കുകളും പ്രവർത്തികളും ചോദിക്കുന്നു. ഞാൻ നിന്നോട് നരകത്തെത്തൊട്ടും അതിലേക്ക് അടുപ്പിക്കുന്ന വാക്കുകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും രക്ഷചോദിക്കുകയും ചെയ്യുന്നു.

[1] അഹ്മദ് 5/243. തിർമിദി 5/369.

നീ വിധിക്കുന്നതായ എല്ലാ വിധികളും നീ എന്നിൽ ഗുണകരമായ നിലയിൽ ആക്കിത്തീർക്കേണമേ'' [1]

٧١. اللَّهُمَّ احْفَظْنِي بِالإِسْلاَمِ قَائِماً ، وَاحْفَظْنِي بِالإِسْلاَمِ قَاعِداً ، وَاحْفَظْنِي بِالإِسْلاَمِ رَاقِداً ، وَلاَ تُشْمِتْ بِي عَدُوًّا وَلاَ حَاسِداً. اللَّهُمَّ إِنِّي أَسْأَلُكَ مِنْ كُلِّ خَيْرٍ خَزَائِنُهُ بِيَدِكَ ، وَأَعُوْذُ بِكَ مِنْ كُلِّ شَرٍّ خَزَائِنُهُ بِيَدِكَ (الحاكم ٥٢٥/١ الأحاديث الصحيحة ٥٤/٤ برقم ١٥٤٠)

71. ''അല്ലാഹുവേ, എൻെറ നിറുത്തത്തിലും ഇരുത്തത്തിലും കിടത്തത്തിലും നീ എന്നെ ഇസ്‌ലാമിലായിക്കൊണ്ട് സംരക്ഷിക്കേണമേ. ശത്രുവിനും അസൂയാലുവിനും എന്നിലൂടെ സന്തോഷിക്കാൻ ഇടവരുത്തരുതേ. അല്ലാഹുവേ, എല്ലാ വിധ നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു അവയുടെ ഖജനാവുകൾ നിൻെറ പക്കലാണല്ലൊ. എല്ലാ വിധ തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു അവയുടേയും ഖജനാവുകൾ നിൻെറ പക്കലാണല്ലൊ.'' [2]

٧٢. اللَّهُمَّ اقْسِمْ لَنَا مِنْ خَشْيَتِكَ مَا تَحُوْلُ بِهِ بَيْنَنَا وَبَيْنَ مَعَاصِيْكَ، وَمِنْ طَاعَتِكَ مَا تُبَلِّغُنَا بِهِ جَنَّتَكَ، وَمِنَ الْيَقِيْنِ مَا تُهَوِّنُ بِهِ عَلَيْنَا مَصَائِبَ الدُّنْيَا، اللَّهُمَّ مَتِّعْنَا بِأَسْمَاعِنَا وَأَبْصَارِنَا وَقُوَّاتِنَا مَا أَحْيَيْتَنَا وَاجْعَلْهُ الْوَارِثَ مِنَّا وَاجْعَلْ ثَأْرَنَا عَلَىمَنْ ظَلَمَنَا وَانْصُرْنَا عَلَى مَنْ عَادَانَا وَلاَ تَجْعَلْ مُصِيْبَتَنَا فِي دِيْنِنَا وَلاَ تَجْعَلِ الدُّنْيَا أَكْبَرَ هَمِّنَا وَلاَ مَبْلَغَ عِلْمِنَا وَلاَ تُسَلِّطْ عَلَيْنَا مَنْ لاَ يَرْحَمُنَا.(صحيح الترمذي ١٦٨/٣ وصحيح الجامع ٤٠٠/١)

[1] സ്വഹീഹ് ഇബ്നുമാജ: 2/327. അഹ്മദ് 6/134.

[2] ഹാകിം 1/525. അഹാദീസു സ്വഹീഹ: 4/54 നമ്പർ 540.



72. ''അല്ലാഹുവേ, ഞങ്ങളുടേയും നിന്നോട് ധിക്കാരം പ്രവർത്തിക്കുന്നതിൻേറയും ഇടയിൽ മറയിടുന്ന നിലക്കും നിനക്ക് കീഴ്പെട്ട് കൊണ്ട് സ്വർഗ്ഗം നേടിയെടുക്കുന്ന വിധത്തിലുമുള്ള ഭക്തിയും ഐഹിക ദുരിതങ്ങളെ ലഘൂകരിക്കാൻ കഴിയും വിധമുള്ള മനസ്സുറപ്പും നീ ഞങ്ങൾക്ക് പ്രദാനം ചെയ്യേണമേ. അല്ലാഹുവേ ഞങ്ങളുടെ കേൾവി കൊണ്ടും കാഴ്ചകൊണ്ടും ശക്തികൊണ്ടും ഞങ്ങളുടെ ജീവിത കാലമത്രയും നീ സംതൃപ്തി നൽകുകയും അവയെ ഞങ്ങൾക്ക് അനന്തിരമായി നൽകുകയും; അത് ഞങ്ങളെ ദ്രോഹിച്ചവരോട് ഞങ്ങൾക്കുള്ള പ്രതികാരമാക്കുകയും ചെയ്യേണമേ. ഞങ്ങളെ ദ്രോഹിക്കുന്നവർക്ക് എതിരിൽ നീ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ മതപരമായ കാര്യത്തിൽ നീ ഞങ്ങൾക്ക് പ്രയാസങ്ങളുണ്ടാക്കരുതേ. ഐഹിക ജീവിതത്തെ നീ ഞങ്ങളുടെ മുഖ്യ വിഷയവും, വിജ്ഞാന സമ്പാദനത്തിൻെറ ലക്ഷ്യവും ആക്കരുതേ. ഞങ്ങളോട് കരുണകാണിക്കാത്തവർക്ക് ഞങ്ങളുടെ മേൽ അധികാരവും നൽകരുതേ.'' [1]

٧٣. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنَ الْجُبْنِ ، وَأَعُوْذُ بِكَ مِنَ الْبُخْلِ ، وَأَعُوْذُ بِكَ مِنْ أَنْ أُرَدَّ إِلَى أَرْذَلِ الْعُمُرِ، وَأَعُوْذُ بِكَ مِنْ فِتْنَةِ الدُّنْيَا وَعَذَابِ الْقَبْرِ.(البخاري فتح الباري ١٨١/١١)

73. ''അല്ലാഹുവേ, ഭീരുത്വത്തിൽ നിന്നും പിശുക്കിൽ നിന്നും ഒന്നിനും കഴിയാത്ത നിലക്കുള്ള വാർദ്ധക്യത്തിലേക്ക് മടക്കപ്പെടുന്നതിൽ നിന്നും, ദുനിയാവിലെ പരീക്ഷണങ്ങളിൽ നിന്നും ഖബറിലെ ശിക്ഷയിൽ നിന്നും ഞാൻ നി

[1] സ്വഹീഹ് തിർമുദി 3/168. സ്വഹീഹുൽ ജാമിഅ് 1/400.

ന്നോട് രക്ഷതേടുന്നു.'' [1]

٧٤. اللَّهُمَّ اغْفِرْ لِي خَطِيْئَتِي ، وَجَهْلِي ، وَإِسْرَافِي فِي أَمْرِي، وَمَا أَنْتَ أَعْلَمُ بِهِ مِنِّي ، اللَّهُمَّ اغْفِرْ لِي هَزْلِي وَجِدِّي، وَخَطَئِي وَعَمْدِي ، وَكُلَّ ذَلِكَ عِنْدِي (البخاري فتح الباري ١٩٦/١١)

74. ''അല്ലാഹുവേ എൻെറ പാപങ്ങളേയും അജ്ഞതയേയും എൻെറ കാര്യങ്ങളിലെ ദുർവ്യയത്തേയും നീ എനിക്ക് മാപ്പാക്കിത്തരേണമേ. എന്നേക്കാളെല്ലാം അവയെപ്പററി അറിയുന്നവനാണല്ലൊ നീ. അല്ലാഹുവേ, എന്നിൽ നിന്നും തെററായും വീഴ്ചയായും കാര്യമായും താമാശയായും സംഭവിച്ച എല്ലാം നീ എനിക്ക് പൊറുത്ത് തരേണമേ''[2]

٧٥. اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْماً كَثِيْراً، وَلاَ يَغْفِرُ الذُّنُوْبَ إِلاَّ أَنْتَ، فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ الْغَفُوْرُ الرَّحِيْمُ (البخاري ٣٠٢/١ ومسلم ٢٠٧٨/٤)

75. ''അല്ലാഹുവേ, ഞാൻ എന്നോട് ധാരാളം തെററുകൾ ചെയ്ത വ്യക്തിയാണ്. നീയല്ലാതെപാപങ്ങൾ പൊറുക്കുന്നവനായിട്ട് ഇല്ല. അത്കൊണ്ട് നിന്നിൽ നിന്നുമുള്ള പാപ മോചനം നൽകി എനിക്ക് നീ പൊറുത്ത് തരികയും എന്നോട് കരുണ കാണിക്കുകയും ചെയ്യേണമേ'' [3]

[1] ബുഖാരി ഫത്ഹുൽ ബാരി 11/181

[2] ബുഖാരി ഫത്ഹുൽ ബാരി 11/196

[3] ബുഖാരി 1/302. മുസ്ലിം 4/2078



٧٦. اللَّهُمَّ لَكَ أَسْلَمْتُ وَعَلَيْكَ تَوَكَّلْتُ، وَبِكَ آمَنْتُ، وَإِلَيْكَ أَنَبْتُ، وَبِكَ خَاصَمْتُ . اللَّهُمَّ إِنِّي أَعُوْذُ بِعِزَّتِكَ لاَ إِلَهَ إِلاَّ أَنْتَ أَنْ تُضِلَّنِي . أَنْتَ الْحَيُّ الَّذِي لاَ يَمُوْتُ وَالْجِنُّ وَالْإِنْسُ يَمُوْتُوْنَ (البخاري ١٦٧/١ ومسلم ٢٠٨٦/٤)

76. ''അല്ലാഹുവേ, ഞാനിതാ നിനക്ക് കീഴ്പ്പെടുകയും, നിന്നിൽ വിശ്വസിക്കുകയും, നിൻെറ മേൽ ഭരമേൽപ്പിക്കുകയും, നിന്നിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും നിന്നെ മുൻനിറുത്തി തർക്കിക്കുകയും ചെയ്യുന്നു. അല്ലാഹുവേ നീയല്ലാതെ ഒരു ഇലാഹുമില്ല. നിൻെറ പ്രതാപം മുൻനിർത്തി ഞാനിതോ നിന്നോട് രക്ഷതേടുന്നു: നാഥാ നീ എന്നെ വഴിപിഴപ്പിക്കരുതേ. നീ ഒരിക്കലും മരിക്കാത്ത എന്നെന്നും ജീവിച്ചിരിക്കുന്നവനാണല്ലൊ. ജിന്നുകളും മനുഷ്യരും മരിക്കുന്നുന്നവരും''[1]

٧٧. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنْ غَلَبَةِ الدَّيْنِ ، وَغَلَبَةِ الْعَدُوِّ ، وَشَمَاتَةِ الأَعْدَاءِ (صحيح النسائي ١١١٣/٣)

77. ''അല്ലാഹുവേ, കടത്തിൻെറ ആധിക്യം, ശത്രുക്കളുടെ കടന്നാക്രമണം, ശത്രുക്കൾക്ക് സന്തോഷിക്കാൻ ഇടവരിക എന്നിവയിൽ നിന്നും ഞാൻ നിന്നിൽ ശരണം തേടുന്നു '' [2]

٧٨. اللَّهُمَّ اجْعَلْ أَوْسَعَ رِزْقِكَ عَلَيَّ عِنْدَ كِبَرِ سِنِّي ، وَانْقِطَاعِ عُمْرِي (الحاكم ٥٤٢/١ والأحاديث الصحيحة ١٥٣٩)

[1] ബുഖാരി 7/167. മുസ്ലിം

[2] സ്വഹീഹ് നസാഇ 3/1113.

78. ''അല്ലാഹുവേ എൻെറ വാർദ്ധക്യത്തിലെത്തുകയും ആയുസ്സ് മുറിഞ്ഞുപോകുകയും ചെയ്യുന്ന അവസരത്തിൽ എൻെറ ഉപജീവനം എനിക്ക് വിശാലമക്കേണമേ.''[1]

٧٩. اللَّهُمَّ اغْفِرْ لِي ذَنْبِي ، وَوَسِّعْ لِي فِي دَارِي ، وَبَارِكْ فِي رِزْقِي (أحمد ٤/٦٣، ٥/٣٧٥ وصحيح الجامع ١/٣٩٩)

79. ''അല്ലാഹുവേ, എൻെറ പാപങ്ങൾ നീ എനിക്ക് പൊറുത്ത് തരികയും, വീട് എനിക്ക് വിശാലമാക്കിത്തരികയും, ഉപജീവനത്തിൽ അനുഗ്രഹം ചൊരിയുകയും ചെയ്തു തരേണമേ.''[2]

٨٠. اللَّهُمَّ إِنِّي أَسْأَلُكَ مِنْ فَضْلِكَ وَرَحْمَتِكَ ، فَإِنَّهُ لاَ يَمْلِكُهَا إِلاَّ أَنْتَ (أخرجه الطبراني و صحيح الجامع ١/٤٠١)

80. '' അല്ലാഹുവേ, നീയല്ലാതെമററാരും ഉടമപ്പെടുത്തിയിട്ടില്ലാത്ത നിൻെറ ഔദാര്യത്തിൽ നിന്നും കാരുണ്യത്തിൽ നിന്നും ഞാൻ നിന്നോട് ചോദിക്കുന്നു''[3]

٨١. اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ التَّرَدِّي وَالْهَدْمِ ، وَالْغَرَقِ ، وَالْحَرَقِ ، وَأَعُوذُ بِكَ أَنْ يَتَخَبَّطَنِي الشَّيْطَانُ عِنْدَ الْمَوْتِ ، وَأَعُوذُ بِكَ أَنْ أَمُوتَ فِي سَبِيلِكَ مُدْبِراً ، وَأَعُوذُ بِكَ أَنْ أَمُوتَ لَدِيغاً.(أبو داود ٢/٩٢ وصحيح النسائي ٣/١١٢٣)

81. ''അല്ലാഹുവേ, ഉയരങ്ങളിൽ നിന്നുള്ള വീഴ്ചമൂലമുണ്ടാകുന്ന മരണം, കെട്ടിടങ്ങൾ തകർന്നുള്ള മരണം, വെ

[1] ഹാകിം 1/542. അഹാദീസുസ്സഹീഹ: നമ്പർ 1539.
[2] അഹ്മദ് 4/63, 5/357. സ്വഹീഹുൽ ജാമിഅ് 1/399
[3] ത്വബ്റാനി, സ്വഹീഹുൽ ജാമിഅ് 1/404



ള്ളത്തിൽ മുങ്ങി മരിക്കൽ, എന്നിവയിൽ നിന്നും മരണ നേരം പിശാച് പിടികൂടുന്നതിൽ നിന്നും, നിൻെറ മാർഗ്ഗം വിട്ട് പിന്തിരിഞ്ഞവനായി മരണപ്പെടുന്നതിൽ നിന്നും, (സർപ്പങ്ങളുടേയും മററും) കൊത്തുകൊണ്ട് മരണപ്പെടുന്നതിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു''[1]

٨٢. اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْجُوعِ ، فَإِنَّهُ بِئْسَ الضَّجِيعُ ، وَأَعُوذُ بِكَ مِنَ الْخِيَانَةِ ، فَإِنَّهَا بِئْسَتِ الْبِطَانَةُ (أبوداود٢/٩٢ وصحيح النسائي ٣/١١١٢ )

82. “അല്ലാഹുവേ, ഏററവും മോശപ്പെട്ട പ്രയാസമായ വിശപ്പിൽ നിന്നും മോശപ്പെട്ട പൊള്ളത്തരമായ വഞ്ചനയിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു''[2]

٨٣. اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْعَجْزِ ، وَالْكَسَلِ ، وَالْجُبْنِ ، وَالْبُخْلِ ، وَالْهَرَمِ ، وَالْقَسْوَةِ ، وَالْغَفْلَةِ ، وَالْعَيْلَةِ ، وَالذِّلَّةِ ، وَالْمَسْكَنَةِ ، وَأَعُوذُ بِكَ مِنَ الْفَقْرِ ، وَالْكُفْرِ ، وَالْفُسُوقِ ، وَالشِّقَاقِ ، وَالنِّفَاقِ ، وَالسُّمْعَةِ ، وَالرِّيَاءِ ، وَأَعُوذُ بِكَ مِنَ الصَّمَمِ ، وَالْبَكَمِ ، وَالْجُنُونِ ، وَالْجُذَامِ ، وَالْبَرَصِ ، وَسَيِّءِ الأَسْقَامِ (الحاكم والبيهقي وصحيح الجامع ١/٤٠٦ )

83. “അല്ലാഹുവേ, അശക്തത, അലസത, ഭീരുത്വം, ലുബ്ധത, വാർദ്ധക്യ പ്രയാസങ്ങൾ, ഹൃദയ പരുഷത, അശ്രദ്ധ, പ്രാരാബ്ധം, നീചത്വം, പതിത്വം എന്നിവയിൽ നിന്നും ദാരിദ്ര്യം, സത്യ നിഷേധം, അധർമ്മം, ഭിന്നിപ്പ്, കാപട്യം, ദുഷ്പ്പേര് ലോകമാന്യത, എന്നിവയിൽനിന്നും ബധിരത,

[1] അബൂദാവൂദ് 2/92. സ്വഹീഹ് നസാഇ 3/1123
[2] അബൂദാവൂദ് 2/91. സ്വഹീഹ് നസാഇ 3/1112

സംസാരശക്തിയില്ലായ്മ, ഭ്രാന്ത്, വസൂരി, പാണ്ഡ്, മററ് മാ രക രോഗങ്ങൾ എന്നിവയിൽ നിന്നും ഞാൻ നിന്നോട് ര ക്ഷതേടുന്നു.'' [1]

٨٤. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنَ الْفَقْرِ ، وَالْقِلَّةِ ، وَالذِّلَّةِ ، وَأَعُوْذُ بِكَ مِنْ أَنْ أَظْلِمَ أَوْ أُظْلَم (أبو داود ٢/٩١ وصحيح النسائي ٣/١١١١ وصحيح الجامع ١/٤٠٧)

84. “അല്ലാഹുവേ, ദാരിദ്ര്യം, ജീവിത പരാധീനത, നിന്ദ്യത എന്നിവയിൽ നിന്നും അക്രമത്തിൽ നിന്നും അക്രമിക്കപ്പെടുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു'' [2]

٨٥. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنْ جَارِ السُّوْءِ فِي دَارِ الْمُقَامَةِ ؛ فَإِنَّ دَارَ الْبَادِيَةِ يَتَحَوَّلُ (صحيح النسائي ٣/١١١٨ صحيح الجامع ١/٤٠٨)

85. ''അല്ലാഹുവേ, എന്റെ സ്ഥിരതാമസ ഭവനത്തെത്തൊട്ട് ചീത്ത അയൽ പക്കമുണ്ടാകുന്നതിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു; താൽക്കാലിക ഭവനം മാറാനുള്ളതുമാണല്ലോ ''[3]

٨٦. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنْ قَلْبٍ لاَ يَخْشَعُ ، وَمِنْ دُعَاءٍ لاَ يُسْمَعُ ، وَمِنْ نَفْسٍ لاَ تَشْبَعُ ، وَمِنْ عِلْمٍ لاَ يَنْفَعُ . أَعُوْذُ بِكَ مِنْ هَؤُلاَءِ الْأَرْبَعِ (الترمذي ٥/٥١٩ وصحيح النسائي ٣/١١١٣ وصحيح الجامع ١٠/٤١٠)

[1] ഹാകിം, ബൈഹഖി, സ്വഹീഹുൽ ജാമിഅ് 1/406

[2] അബൂദാവൂദ് 2/91, സ്വഹീഹ് നസാഇ 3/1111. സ്വഹീഹുൽ ജാമിഅ് 1/407.

[3] സ്വഹീഹ് നസാഇ 3/1118. സ്വഹീഹുൽ ജാമിഅ് 1/408.



86. ''അല്ലാഹുവേ, പ്രയോജനമില്ലാത്ത അറിവ്, മതിവരാത്ത മനസ്സ്, സ്വീകരിക്കപ്പെടാത്ത പ്രാർത്ഥന, ഭക്തിയില്ലാത്ത ഹൃദയം എന്നീ നാല് കാര്യങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു''[1]

٨٧. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنْ يَوْمِ السُّوْءِ ، وَمِنْ لَيْلَةِ السُّوْءِ ، وَمِنْ سَاعَةِ السُّوْءِ ، وَمِنْ صَاحِبِ السُّوْءِ ، وَمِنْ جَارِ السُّوْءِ فِي دَارِ الْمُقَامَةِ (أخرجه الطبراني وجامع الصحيح ١/٤١١)

87. ''അല്ലാഹുവേ, സ്ഥായിയായ ഭവനത്തെത്തൊട്ട് ചീത്ത അയൽവാസിയിൽ നിന്നും ചീത്ത കൂട്ടുകാരൻ, ചീത്ത സമയം, ചീത്ത രാത്രി, ചീത്ത പകൽ എന്നിവയിൽ നിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു'' [2]

٨٨. اللَّهُمَّ إِنِّي أَسْأَلُكَ الْجَنَّةَ وَأَسْتَجِيْرُ بِكَ مِنَ النَّارِ [ثلاث مرات] (صحيح الترمذي ٢/٣١٩ وصحيح النسائي ٣/١١٢١)

88. ''അല്ലാഹുവേ, ഞാൻ നിന്നോട് സ്വർഗ്ഗം ചോദിക്കുകയും നരകത്തെത്തൊട്ട് അഭയം തേടുകയും ചെയ്യുന്നു (ഇത് മൂന്ന് തവണ പ്രാർത്ഥിക്കുക)'' [3]

٨٩. اللَّهُمَّ فَقِّهْنِي فِي الدِّيْنِ (البخاري الفتح ١/٤٤ ومسلم ٤/١٧٩٧)

[1] തുർമുദി 5/519. സ്വഹീഹ് നസാഇ 3/1113. സ്വഹീഹുൽ ജാമിഅ് 10/410

[2] ത്വബ്റാനി, ജാമിഉ സ്വഹീഹ് 1/411.

[3] സ്വഹീഹ് തിർമുദി 2/319, സ്വഹീഹ് നസാഇ 3/1121. ആരെങ്കിലും ഇത് മൂന്ന് തവണ പ്രാർത്ഥിച്ചാൽ സ്വർഗ്ഗം പറയും അല്ലാഹുവേ അവനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കൂ എന്നും നരകം അല്ലാഹുവേ അവനെ നരകത്തിൽ നിന്ന് അകററൂ എന്നും പറയുന്നതാണ് എന്ന് നസാഇ റിപ്പോർട്ട് ചെയ്യുന്നുണ്ട്.

89. "അല്ലാഹുവേ നീ എന്നെ മതകാര്യത്തിൽ ജ്ഞാനിയാക്കേണമേ''[1]

٩٠. اللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأَنَا أَعْلَمُ، وَأَسْتَغْفِرُكَ لِمَا لاَ أَعْلَمُ (أحمد ٤٠٣/٤ وصحيح الترغيب والترهيب للألباني ١٩/١)

90. ''അല്ലാഹുവേ, ഞാൻ അറിഞ്ഞുകൊണ്ട് നിന്നിൽ പങ്ക് ചേർക്കുന്നതിനെ തൊട്ട് നിന്നോട് രക്ഷ തേടുകയും അറിയാതെ നിന്നിൽ പങ്ക് ചേർക്കുന്നതിനെ തൊട്ട് നിന്നോട് പാപമോചനം തേടുകയും ചെയ്യുന്നു''[2]

٩١. اللَّهُمَّ انْفَعْنِي بِمَا عَلَّمْتَنِي ، وَعَلِّمْنِي مَا يَنْفَعُنِي ، وَزِدْنِي عِلْماً (صحيح ابن ماجه ٤٧/١)

91. ''അല്ലാഹുവേ, എനിക്ക് നീ പഠിപ്പിച്ചു തന്നത് പ്രയോജനപ്പെടുത്തേണമേ. ഉപകാരമുള്ളത് എനിക്ക് പഠിപ്പിച്ചു തരേണമേ. എനിക്ക് നീ വിജ്ഞാനം വർദ്ധിപ്പിച്ചു തരികയും ചെയ്യേണമേ ''[3]

٩٢. اللَّهُمَّ إِنِّي أَسْأَلُكَ عِلْماً نَافِعاً ، وَرِزْقاً طَيِّباً ، وَعَمَلاً مُتَقَبَّلاً ( صحيح ابن ماجه ١٥٢/١)

92. ''അല്ലാഹുവേ, ഉപകാരപ്രദമായ അറിവും, വിശിഷ്ടമായ ഭക്ഷണവും സ്വീകരിക്കപ്പെടുന്ന കർമ്മവും ഞാൻ നിന്നോട് ചോദിക്കുന്നു''[4]

---

[1] ഫത്ഹുൽ ബാരി 1/44. മുസ്‌ലിം 4/1797. ഇതേ പ്രാർത്ഥന നബ(സ) ഇബ്നു അബ്ബാസ് (റ) വിന് വേണ്ടി പ്രാർത്ഥിച്ചതാണ്.

[2] അഹ്മദ് 4/403. അൽബാനിയുടെ സ്വഹീഹ് തർഗീബ് വത്തർഹീബ് 1/19

[3] സ്വഹീഹ് ഇബ്നുമാജ: 1/47

[4] സ്വഹീഹ് ഇബ്നുമാജ: 1/152



٩٣. اللَّهُمَّ إِنِّي أَسْأَلُكَ يَا اللهُ بِأَنَّكَ الْوَاحِدُ الأَحَدُ الصَّمَدُ الَّذِي لَمْ يَلِدْ وَلَمْ يُولَدْ وَلَمْ يَكُنْ لَهُ كُفُواً أَحَدٌ، أَنْ تَغْفِرَ لِي ذُنُوبِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ (أحمد ٣٣٨/٤ وصحيح النسائي ٢٧٩/١)

93. ''അല്ലാഹുവേ, ഏകനും ഒരുവനും പരാശ്രയമില്ലാത്തവനും ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തവനും, തുല്യനായി ആരും തന്നെ ഇല്ലാത്തവനുമായ അല്ലാഹുവേ, നീ എൻെറ പാപങ്ങൾ പൊറുത്ത് തരേണമേ. തീർച്ചയായും നീ ഔദാര്യവാനും പാപങ്ങൾ പൊറുക്കുന്നവനുമാണല്ലൊ''[1]

٩٤. اللَّهُمَّ إِنِّي أَسْأَلُكَ بِأَنَّ لَكَ الْحَمْدُ لاَ إِلَهَ إِلاَّ أَنْتَ وَحْدَكَ لاَ شَرِيكَ لَكَ، الْمَنَّانُ، يَا بَدِيعَ السَّمَوَاتِ وَالأَرْضِ يَا ذَا الْجَلاَلِ وَالإِكْرَامِ، يَا حَيُّ يَا قَيُّومُ ، إِنِّي أَسْأَلُكَ الْجَنَّةَ وَأَعُوذُ بِكَ مِنَ النَّارِ (أبو داود ٨٠/٢ وابن ماجه ١٢٦٨/٢ صحيح النسائي ٢٧٩/١)

94. ''അല്ലാഹുവേ, ഏകനും പങ്കുകാരില്ലാത്തവനും നീയല്ലാതെ യാതൊരു ആരാധ്യനുമില്ലാത്ത ഔദാര്യവാനും സ്തുത്യർഹനുമായ, ആകാശഭൂമികളെ മാതൃകയില്ലാതെ സൃഷ്ടിച്ച മഹത്വവും മാന്യതയുമുടയവനായ എന്നെന്നും ജീവിക്കുന്ന എല്ലാററിനേയും നിയന്ത്രിക്കുന്നവനായ നാഥാ, ഞാൻ നിന്നോട് സ്വർഗ്ഗം ചോദിക്കുകയും നരകത്തിൽ നിന്ന് രക്ഷ ചോദിക്കുകയും ചെയ്യുന്നു.''[2]

---

[1] അഹ്മദ് 4/338. സ്വഹീഹ് നസാഇ 1/279

[2] അബൂദാവൂദ് 2/80. ഇബ്നുമാജ: 2/1268, സ്വഹീഹ് നസാഇ 1/279.

٩٥. اللَّهُمَّ إِنِّي أَسْأَلُكَ بِأَنِّي أَشْهَدُ أَنَّكَ اللهُ لاَ إِلَهَ إِلاَّ أَنْتَ، الأَحَدُ ، الصَّمَدُ ، الَّذِي لَمْ يَلِدْ ، وَلَمْ يُولَدْ ، وَلَمْ يَكُنْ لَهُ كُفُواً أَحَدٌ (أبو داود ٧٩/٢ وابن ماجه ١٢٦٧/٢ صحيح الترمذي ١٦٨/٣)

**95.** ''അല്ലാഹുവേ, ഏകനും പരാശ്രയമില്ലാത്തവനും ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്തിട്ടില്ലാത്തവനും തുല്യനായി ആരും തന്നെ ഇല്ലാത്തവനുമായ അല്ലാഹുവേ, നീയല്ലാതെ ഒരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുകയും നിന്നോട് ഞാൻ (എൻെറ ആവശ്യങ്ങൾ) ചോദിക്കുകയും ചെയ്യുന്നു.''[1]

٩٦. رَبِّ اغْفِرْ لِي وَتُبْ عَلَيَّ إِنَّكَ أَنْتَ التَّوَّابُ الْغَفُورُ (أبو داود وصحيح الترمذي ١٥٣/٣ وحيح ابن ماجة ٣٢١/٢)

96. ''നാഥാ, നീ എനിക്ക് പൊറുത്ത് തരികയും എൻെറ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും പശ്ചാത്താപം സ്വീകരിക്കുന്നവനും പൊറുക്കുന്നവനുമാണ് ''[2]

٩٧. اللَّهُمَّ بِعِلْمِكَ الْغَيْبَ ، وَقُدْرَتِكَ عَلَى الْخَلْقِ ، أَحْيِنِي مَا عَلِمْتَ الْحَيَاةَ خَيْراً لِي ، وَتَوَفَّنِي إِذَا عَلِمْتَ الْوَفَاةَ خَيْراً لِي ، اللَّهُمَّ إِنِّي أَسْأَلُكَ خَشْيَتَكَ فِي الْغَيْبِ وَالشَّهَادَةِ، وَأَسْأَلُكَ كَلِمَةَ الْحَقِّ فِي الرِّضَا وَالْغَضَبِ، وَأَسْأَلُكَ الْقَصْدَ فِي الْغِنَى وَالْفَقْرِ، وَأَسْأَلُكَ نَعِيماً لاَ يَنْفَدُ ،

[1] അബൂദാവൂദ് 2/79. ഇബ്നുമാജ: 2/1267, സ്വഹീഹ് തുർമുദി 3/163.

[2] അബൂദാവൂദ്. സ്വഹീഹ് തുർമുദി 3/153, സ്വഹീഹ് ഇബ്നുമാജ: 3/1353



وَأَسْأَلُكَ قُرَّةَ عَيْنٍ لاَ تَنْقَطِعُ ، وَأَسْأَلُكَ الرِّضَا بَعْدَ الْقَضَاءِ ، وَأَسْأَلُكَ بَرْدَ الْعَيْشِ بَعْدَ الْمَوْتِ ، وَأَسْأَلُكَ لَذَّةَ النَّظَرِ إِلَى وَجْهِكَ وَالشَّوْقَ إِلَى لِقَائِكَ فِي غَيْرِ ضَرَّاءَ مُضِرَّةٍ وَلاَ فِتْنَةٍ مُضِلَّةٍ، اللَّهُمَّ زَيِّنَّا بِزِينَةِ الإِيمَانِ وَاجْعَلْنَا هُدَاةً مُهْتَدِينَ (أحمد ٣٦٤/٤ وصحيح النسائي ٢٨٠،٢٨١/١)

97. ''അല്ലാഹുവേ, നിൻെറ അദൃശ്യ ജ്ഞാനവും സൃഷ്ടികളുടെ മേലുള്ള നിൻെറ കഴിവും മുൻ നിർത്തി ഞാനിതാ ചോദിക്കുന്നു: ജീവിതം എനിക്ക് ഉത്തമമായി നീ അറിയുന്നിടത്തോളം നീ എന്നെ ജീവിപ്പിക്കുകയും മരണമാണ് എനിക്ക് ഉത്തമമായി അറിയുന്നതെങ്കിൽ നീ എന്നെ മരിപ്പിക്കുകയും ചെയ്യേണമേ. അല്ലാഹുവേ, രഹസ്യ ജീവിതത്തിലും പരസ്യ ജീവിതത്തിലും ഭക്തിയും, തൃപ്തിയിലും കോപത്തിലും സത്യവും, ഐശ്വര്യത്തിലും ദാരിദ്ര്യത്തിലും മിതത്വവും ഞാൻ നിന്നോട് ചോദിക്കുന്നു. നാഥാ, തീർന്നുപോകാത്ത സുഖങ്ങളും അററുപോകാത്ത കൺകുളിർമ്മയും, വിധിയിൽ സംതൃപ്തിയും, മരണശേഷം ജീവിത കുളിർമയും നിൻെറ മുഖം ദർശിക്കാനുള്ള മോഹവും പിഴപ്പിക്കപ്പെടുന്ന പരീക്ഷണവും പ്രയാസപ്പെടുന്ന വിഷമവും കൂടാതെ അത് കാണുന്നതിൽ ആനന്ദവും നീ എനിക്ക് നൽകേണമേ. അല്ലാഹുവേ ഈമാനിക സൗന്ദര്യം കൊണ്ട് നീ എന്നെ ഭംഗിയാക്കുകയും സച്ചരിതരിൽ നീ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ.''[1]

[1] അഹ്മദ് 4/364. സ്വഹീഹ് നസാഇ: 1/280,281

٩٨. اللَّهُمَّ ارْزُقْنِي حُبَّكَ ، وَحُبَّ مَنْ يَنْفَعُنِي حُبُّهُ عِنْدَكَ ، اللَّهُمَّ مَا رَزَقْتَنِي مِمَّا أُحِبُّ فَاجْعَلْهُ قُوَّةً لِي فِيمَا تُحِبُّ ، اللَّهُمَّ مَا زَوَيْتَ عَنِّي مِمَّا أُحِبُّ فَاجْعَلْهُ فَرَاغاً لِي فِيمَا تُحِبُّ (الترمذي ٥/٥٢٣)

98. ''അല്ലാഹുവേ, നിൻെറ സ്നേഹവും നിൻെറയടുക്കൽ ഉപകരിക്കുന്നവരുടെ സ്നേഹവും എനിക്ക് നീ നൽകേണമേ. അല്ലാഹുവേ, ഞാൻ ഇഷ്ടപ്പെടുന്നവയിൽ നീ എനിക്ക് നൽകിയത് നിൻെറ ഇഷ്ടം നേടുവാൻ പ്രചോദന പ്രദമാക്കേണമേ. അല്ലാഹുവേ ഞാൻ ഇഷ്ടപ്പെടുന്നവയിൽ നീ എനിക്ക് തടഞ്ഞുവെച്ചത് നിൻെറ ഇഷ്ടം നേടാനുള്ള ഒരു വിടവ് ആക്കേണമേ.'' [1]

٩٩. اللَّهُمَّ طَهِّرْنِي مِنَ الذُّنُوبِ وَالْخَطَايَا ، اللَّهُمَّ نَقِّنِي مِنْهَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ ، اللَّهُمَّ طَهِّرْنِي بِالثَّلْجِ وَالْبَرَدِ وَالْمَاءِ الْبَارِدِ (الترمذي ٥/٥١٥ وصحيح النسائي ١/٨٦)

99. ''അല്ലാഹുവേ, എൻെറ തെററുകുററങ്ങളിൽ നിന്ന് നീ എന്നെ പരിശുദ്ധമാക്കുകയും വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധിയാക്കും പ്രകാരം അവയിൽ നിന്ന് എന്നെ ശുദ്ധീകരിക്കുകയും, തണുത്ത വെള്ളം മഞ്ഞ് ഐസ് എന്നിവകൊണ്ട് എന്നെ ശുദ്ധമാക്കേണമേ'' [2]

١٠٠. اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْبُخْلِ، وَالْجُبْنِ، وَسُوءِ الْعُمْرِ، وَفِتْنَةِ الصَّدْرِ وَعَذَابِ الْقَبْرِ .(أبو داود ٢/٩ والنسائي ٨/٢٥٥)

---

[1] തിർമുദി 5/523

[2] തിർമിദി 5/515. സ്വഹീഹ് നസാഇ 1/86.



100. ''അല്ലാഹുവേ, ലുബ്ധത, ഭീരുത്വം, ആയുസ്സിലെ പരാധീനത, നേതൃത്വ പരീക്ഷണം, ഖബറിലെ ശിക്ഷ എന്നിവയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.'' [1]

١٠١. اللَّهُمَّ رَبَّ جِبْرَائِيلَ، وَمِيكَائِيلَ، وَإِسْرَافِيلَ ، أَعُوذُ بِكَ مِنْ حَرِّ النَّارِ وَمِنْ عَذَابِ الْقَبْرِ( صحيح النسائي ٣/١٢٢١)

101. '' ഇസ്റാഫീലിൻേറയും മീകാഈലിൻേറയും ജിബ്രീലിൻേറയും രക്ഷിതാവായ അല്ലാഹുവേ നരക ചൂടിൽ നിന്നും ഖബറിലെ ശിക്ഷയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു.'' [2]

١٠٢. اللَّهُمَّ أَلْهِمْنِي رُشْدِي ، وَأَعِذْنِي مِنْ شَرِّ نَفْسِي (أحمد ٤/٤٤٤ والترمذي ٥/٥١٩)

102. ''അല്ലാഹുവേ, നീ എനിക്ക് വിവേകം തോന്നിപ്പിക്കുക എൻെറമനസ്സിൻെറ ദൂഷ്യങ്ങളിൽ നിന്നും എന്നെ അകററുകയും ചെയ്യേണമേ'' [3]

١٠٣. اللَّهُمَّ إِنِّي أَسْأَلُكَ عِلْماً نَافِعاً ، وَأَعُوذُ بِكَ مِنْ عِلْمٍ لاَ يَنْفَعُ (صحيح ابن ماجه ٢/٣٢٧)

103. ''അല്ലാഹുവേ, ഉപകാരപ്രദമായ അറിവ് ഞാൻ നിന്നോട് ചോദിക്കുകയും ഉപകാരപ്രദമല്ലാത്ത അറിവിനെ ത്തൊട്ട് ഞാൻ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു'' [4]

---

[1] നസാഇ: 8/255.

[2] ഗമഹീഹ് നസാഇ: 3/1121

[3] അഹ്മദ് 4/444. തിർമിദി 5/519

[4] സ്വഹീഹ് ഇബ്നുമാജ: 2/327

١٠٤. اللَّهُمَّ رَبَّ السَّمَوَاتِ السَّبْعِ وَرَبَّ الْعَرْشِ الْعَظِيْمِ ، رَبَّنَا وَرَبُّ كُلِّ شَيْءٍ ، فَالِقَ الْحَبِّ وَالنَّوَى ، وَمُنْزِلَ التَّوْرَاةِ وَالْإِنْجِيْلِ وَالْفُرْقَانِ، أَعُوْذُ بِكَ مِنْ شَرِّ كُلِّ شَيْءٍ أَنْتَ آخِذٌ بِنَاصِيَتِهِ. اللَّهُمَّ أَنْتَ الْأَوَّلُ فَلَيْسَ قَبْلَكَ شَيْءٌ ، وَأَنْتَ الآخِرُ فَلَيْس بَعْدَكَ شَيْءٌ ، وَأَنْتَ الظَّاهِرُ فَلَيْسَ فَوْقَكَ شَيْءٌ ، وَأَنْتَ الْبَاطِنُ فَلَيْس دُوْنَكَ شَيْءٌ ، اقْضِ عَنَّا الدَّيْنَ وَأَغْنِنَا مِنَ الْفَقْرِ.(مسلم ٢٠٨٤/٤)

104. ''മഹത്തായ സിംഹാസനത്തിൻെറയും ഏഴ് ആകാശങ്ങളുടേയും അധിപനായ അല്ലാഹുവേ, ഫുർഖാനും (ഖുർആൻ) തൗറാത്തും ഇൻജീലും ഇറക്കിയവനും വിത്തുകളേയും ധാന്യങ്ങളേയും മുളപ്പിക്കുന്നവനും ഞങ്ങളുടേയും മററെല്ലാ വസ്തുക്കളുടേയും രക്ഷിതാവുമായ അല്ലാഹുവേ, നിൻെറ അധീനതയിലുള്ളതായ എല്ലാ വസ്തുക്കളുടേയും നാശത്തിൽ നിന്ന് ഞാൻ നിന്നോട് ശരണം തേടുന്നു. അല്ലാഹുവേ നീയാണ് എല്ലാററിലും ആദ്യമായിട്ടുള്ളവൻ നിനക്ക് മുമ്പ് യാതൊന്നുമില്ല. നീയാണ് അന്തിമൻ നിനക്ക് ശേഷം യാതൊന്നും ഇല്ല. നീയാണ് പ്രത്യക്ഷമായവൻ നിനക്ക് മുകളിൽ യാതൊന്നുമില്ല. നീയാണ് പരോക്ഷമായവൻ നിന്നെ കൂടാതെയും യാതൊന്നുമില്ല. ഞങ്ങളുടെ കടബാധ്യതകൾ നീ വീട്ടുകയും ദാരിദ്ര്യത്തിൽ നിന്നും ഞങ്ങളെ ധന്യരാക്കുകയും ചെയ്യേണമേ.'' [1]

١٠٥. اللَّهُمَّ أَلِّفْ بَيْنَ قُلُوْبِنَا ، وَأَصْلِحْ ذَاتَ بَيْنِنَا ، وَاهْدِنَا سُبُلَ السَّلَامِ ، وَنَجِّنَا مِنَ الظُّلُمَاتِ إِلَى النُّوْرِ ، وَجَنِّبْنَا الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ ، وَبَارِكْ لَنَا فِي أَسْمَاعِنَا ، وَأَبْصَارِنَا ، وَقُلُوْبِنَا ،

[1] മുസ്ലിം 4/2084



وَأَزْوَاجِنَا ، وَذُرِّيَّاتِنَا ، وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيْمُ ، وَاجْعَلْنَا شَاكِرِيْنَ لِنِعَمِكَ مُثْنِيْنَ بِهَا عَلَيْكَ قَابِلِيْنَ لَهَا وَأَتْمِمْهَا عَلَيْنَا (الحاكم على شرط مسلم والذهبي ٢٦٥/١)

105. ''അല്ലാഹുവേ, ഞങ്ങളുടെ ഹൃദയങ്ങളെ നീ രഞ്ജിപ്പിലാക്കുകയും ഞങ്ങളുടെ കാര്യങ്ങളെ നീ നന്നാക്കുകയും ചെയ്യേണമേ. ഞങ്ങളെ രക്ഷാമാർഗ്ഗത്തിലേക്ക് നയിക്കേണമേ. അന്ധകാരങ്ങളിൽ നിന്നും ഞങ്ങളെ പ്രകാശത്തിലേക്ക് രക്ഷപ്പെടുത്തുകയും, പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചകൃത്യങ്ങളിൽ നിന്നും ഞങ്ങളെ അകററുകയും, ഞങ്ങളുടെ കേൾവിയിലും കാഴ്ചയിലും, ഹൃദയങ്ങളിലും, ഇണകളിലും, സന്താനങ്ങളിലും നീ അനുഗ്രഹം ചെരിയുകയും ചെയ്യേണമേ. നീ ഞങ്ങൾക്ക് പൊറുത്ത് തരേണമേ തീർച്ചയായും നീ പശ്ചാത്താപം സ്വീകരിക്കുന്നവനും കാരുണ്യവാനുമാണ്. ഞങ്ങളെ നീ നിൻെറ അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവരും അതുമുഖേനെ നിന്നെ പുകഴ്ത്തുന്നവരും ആക്കേണമേ. ഞങ്ങളെ നീ അവയിലേക്ക് ധൃതികൂട്ടുകയും അവയെ നീ ഞങ്ങൾക്ക് പൂർത്തീകരിച്ചു തരികയും ചെയ്യേണമേ.'' [1]

١٠٦. اللَّهُمَّ إِنِّي أَعُوْذُ بِكَ مِنَ غَلَبَةِ الدَّيْنِ ، وَغَلَبَةِ الْعَدُوِّ ، وَشَمَاتَةِ الأَعْدَاءِ (صحيح النسائي ١١١٣/٣)

106. ''അല്ലാഹുവേ, കടത്തിൻെറ ആധിക്യം, ശത്രുക്കളുടെ കടന്നാക്രമണം, ശത്രുക്കൾക്ക് സന്തോഷിക്കാൻ ഇടവരി

[1] ഹാകിം മുസ്ലിമിൻെറ ശർത്തോടുകൂടി. ദഹബി 1/256.

ക എന്നിവയിൽ നിന്നും ഞാൻ നിന്നിൽ ശരണം തേടുന്നു ''[1]

١٠٧. اللَّهُمَّ اغْفِرْ لِي ، وَاهْدِنِي ، وَارْزُقْنِي ، وَعَافِنِي ، أَعُوْذُ بِــاللهِ مِنْ ضِيْقِ الْمُقَامِ يَوْمَ الْقِيَامَةِ (صحيح النسائي ٣٥٦/١ وصحيح ابن ماجه ٢٢٦/١)

107. ''അല്ലാഹുവേ നീ എനിക്ക് പൊറുത്ത് തരികയും, നേർ മാർഗ്ഗത്തിലാക്കുകയും, ഉപജീവനം നൽകുകയും, സൗഖ്യം നൽകുകയും ചെയ്യേണമേ. അന്ത്യനാളിലെ ഞെരുക്കങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുകയും ചെയ്യുന്നു ''[2]

١٠٨. اللَّهُمَّ مَتِّعْنِي بِسَمْعِي ، وَبَصَرِي ، وَاجْعَلْهُمَا الْوَارِثَ مِنِّي ، وَانْصُرْنِي عَلَى مَنْ يَظْلِمُنِي ، وَخُذْ مِنْهُ بِثَأْرِي (صحيح الترمذي ١٨٨/٣)

108. '' അല്ലാഹുവേ, എൻെറ കേൾവിയിലും കാഴ്ചയിലും നീ എനിക്ക് ആനന്ദം പകരുകയും അതിനെ നീ എനിക്ക് അനന്തിരമാക്കിത്തീർക്കുകയും; എന്നെ അക്രമിക്കുന്നവർക്ക് എതിരിൽ നീ എന്നെ സഹായിക്കുകയും അവരോട് നീ പ്രതികാരമെടുക്കുകയും ചെയ്യേണമേ''[3]

١٠٩. اللَّهُمَّ إِنِّي أَسْأَلُكَ عِيْشَةً نَقِيَّةً ، وَمِيْتَةً سَوِيَّةً ، وَمَرَدًّا غَيْرَ مُخْزٍ وَلاَ فَاضِحٍ (مسند البزار ٤٤٢/٢ز والطبراني مجمع الزوائد ١٧٩/١٠)

[1] സ്വഹീഹ് നസാഇ 3/1113.

[2] സ്വഹീഹ് നസാഇ: 1/356. സഹീഹ് ഇബ്നുമാജ: 1/226

[3] സ്വഹീഹ് തുർമുദി 3/188.



109. ''അല്ലാഹുവേ, പരിശുദ്ധമായ ജീവിതവും പ്രയാസ രഹിതമായ മരണവും, അപമാനവും നിന്ദ്യയുമില്ലാത്ത നിലയിലുള്ള മടക്കവും (ഉയിർത്തെഴുന്നേൽപ്പും) ഞാൻ നിന്നോട് ചോദിക്കുന്നു''[1]

١١٠. اللَّهُمَّ لَكَ الْحَمْدُ كُلُّهُ ، اللَّهُمَّ لاَ قَابِضَ لِمَا بَسَطْتَ ، وَلاَ بَاسِطَ لِمَا قَبَضْتَ ، وَلاَ هَادِيَ لِمَنْ أَضْلَلْتَ وَلاَ مُضِلَّ لِمَنْ هَدَيْتَ ، وَلاَ مُعْطِيَ لِمَا مَنَعْتَ وَلاَ مَانِعَ لِمَا أَعْطَيْتَ ، وَلاَ مُقَرِّبَ لِمَا بَاعَدْتَ ، وَلاَ مُبَاعِدَ لِمَا قَرَّبْتَ ، اللَّهُمَّ ابْسُطْ عَلَيْنَا مِنْ بَرَكَاتِكَ وَرَحْمَتِكَ وَفَضْلِكَ وَرِزْقِكَ ، اللَّهُمَّ إِنِّي أَسْأَلُكَ النَّعِيْمَ الْمُقِيْمَ الَّذِي يَحُوْلُ وَلاَ يَزُوْلُ اللهم اني أسألك النعيم يوم العيلة والأمن يوم الخوف اللهم عائذا بك من سوء ما أعطيتنا وشر ما منعت منا اللهم حبب إلينا الإيمان وزينه في قلوبنا وكره إلينا الكفر والفسوق والعصيان واجعلنا من الراشدين اللهم توفنا مسلمين وأحينا مسلمين وألحقنا بالصالحين غير خزايا ولا مفتونين اللهم قاتل الكفرة الذين يصدون عن سبيلك ويكذبون رسلك واجعل عليهم رجزك وعذابك اللهم قاتل الكفرة الذين أوتوا الكتاب إله الحق (أحمد ٤٢٤/٣ وصحيح الأدب المفرد للبخاري برقم ٥٣٨)

110 ''അല്ലാഹുവേ, നിനക്കാണ് സ്തുതി മുഴുവനും. നീ നീട്ടിയത് ചുരുക്കുവാനോ നീ പിടിച്ചുവെച്ചത് നൽകുവാനോ, നീ പിഴവിലാക്കിയവനെ നേർമാർഗ്ഗത്തിലാക്കുവാനോ നീ നേർമാഗ്ഗത്തിലാക്കിയവനെ പിഴവിലാക്കുവാനോ, നീ തടഞ്ഞത് നൽകുവാനോ നൽകിയത് തടയുവാനോ, നീ അകററിയത് അടുപ്പിക്കുവാനോ അടുപ്പിച്ചതിനെ അകററുവാനോ, ആരുമില്ല. അല്ലാഹുവേ, നിന്നിൽ നിന്നുള്ള ഉ

[1] മുസ്നദ് ബസ്സാർ 2/442. മജ്മഉ സ്സവാഇദ് ത്വബ്റാനി 10/179

പജീവനവും, ഔദാര്യവും, കാരുണ്യവും, അനുഗ്രഹവും നീ ഞങ്ങൾക്ക് ചൊരിഞ്ഞു തരേണമേ. അല്ലാഹുവേ, നീങ്ങിപ്പോവുകയോ മറയിടുകയോ ചെയ്യാത്തതായ അനുഗ്രഹത്തെ ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, ദാരിദ്ര്യ നാളിൽ അനുഗ്രഹവും, ഭയത്തിൻെറ നാളിൽ നിർഭയത്വവും, ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, നീ നൽകിയതിലും തടഞ്ഞതിലുമുള്ള നാശത്തെ തൊട്ട് ഞാൻ നിന്നോട് രക്ഷ തേടുന്നു. അല്ലാഹുവേ, വിശ്വാസത്തെ നീ ഞങ്ങളുടെ ഹൃദയത്തിന് അലങ്കാരമാക്കുകയും അതിനെ നീ ഞങ്ങൾക്ക് ഇഷ്ടപ്പെട്ടതാക്കുകയും, കുഫ്റിനേയും ധിക്കാരത്തേയും ഞങ്ങൾക്ക് വെറുപ്പുള്ളതാക്കുകയും, ഞങ്ങളെ മാർഗ്ഗദർശനം സിദ്ധിച്ചവരിൽ ഉൾപ്പെടുത്തുകയും, മുസ്‌ലിംകളായി മരിപ്പിക്കുകയും, മുസ്‌ലിംകളായി ജീവിപ്പിക്കുകയും, അപമാനവും പരീക്ഷണങ്ങളുമില്ലാതെ സജ്ജനങ്ങളോടൊപ്പം ഒരുമിച്ചു കൂട്ടുകയും ചെയ്യേണമേ. അല്ലാഹുവേ, നിൻെറ മാർഗ്ഗത്തിൽ തടസ്സം നിൽക്കുകയും നിൻെറ ദൂതന്മാരെ കളവാക്കുകയും ചെയ്യുന്ന നിഷേധികളെ നീ നശിപ്പിക്കുകയും അവരുടെ മേൽ നിന്നിൽ നിന്നുള്ള നാശവും ശിക്ഷയും ഇറക്കേണമേ. സത്യവാനായ അല്ലാഹുവേ ഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്നുമുള്ള അവിശ്വാസികളേയും നീ നശിപ്പിക്കേണമേ. നാഥാ ഞങ്ങളുടെ പ്രാർത്ഥന നീ സ്വീകരിക്കേണമേ''[1]

١١١. اللّٰهُمَّ اغْفِرْ لِي ، وَارْحَمْنِي ، وَاهْدِنِي ، وَعَافِنِي ، وَارْزُقْنِي .....{ وَاجْبُرْنِي وَارْفَعْنِي} (مسلم ٤/ ٢٠٧٢وصحيح الترمذي ٩٠/١ وصحيح ابن ماجه ١٤٨/١)

[1] അഹ്മദ് 3/423. സ്വഹീഹ് അദബുൽ മുഫ്റദ് നമ്പർ 538



111 . ''അല്ലാഹുവേ, എനിക്ക് നീ പൊറുത്ത് തരികയും, കരുണ ചൊരികയും, മാർഗ്ഗ ദർശനം നൽകുകയും, സുഖം നൽകുകയും ഉപജീവനം നൽകുകയും { എൻെറ ന്യൂനതകൾ പരിഹരിക്കുകയും പദവി ഉയർത്തുകയും } ചെയ്യേണമേ.'' [1]

١١٢. اللّٰهُمَّ أَحْسَنْتَ خَلْقِي فَأَحْسِنْ خُلُقِي (أحمد ٦٨/٦ وصححه الألباني في إرواء الغليل ١٥٥/١ برقم ٧٤)

112. ''എൻെറ സൃഷ്ടിപ്പ് നന്നാക്കിയ അല്ലാഹുവേ, എൻെറ സ്വഭാവവും നീ നന്നാക്കേണമേ''[2]

اللّٰهُمَّ صَلِّ وَسَلَّمَ عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَأَصْحَابِهِ أَجْمَعِيْنَ وَمَنْ تَبِعَهُمْ بِإِحْسَانٍ إِلَى يَوْمِ الدِّيْنِ

[1] മുസ്‌ലിം 4/2072, 2073. ബ്രാക്കററിലുള്ള ഭാഗം സ്വഹീഹ് തിർമുദി 1/90 സ്വഹീഹ് ഇബ്നുമാജ: 1/148.

[2] അഹ്മദ് 6/68. അൽബാനി ഇർവാഉൽ ഗലീലിൽ സ്വഹീഹായി രേഖപ്പെടുത്തിയിരിക്കുന്നു 1/155 നമ്പർ 74.

# ഹജ്ജും ഉംറയും

ഇസ്‌ലാം കാര്യങ്ങളിൽ അതിപ്രാധാന്യമർഹിക്കുന്ന ആരാധ നയാണ് ഹജ്ജ്. ഹജ്ജുംഉംറയും കഴിവുള്ള വർക്ക് ജീവിതത്തിലൊരിക്കൽ നിർവ്വഹിക്കൽ നിർബന്ധമാണ്.

വിശുദ്ധ ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: ‘‘ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ളവർ അതിലേക്ക് ഹജ്ജ് ഉദ്ദേശിച്ച് തീർത്ഥാടനം നടത്തൽ മനുഷ്യർക്ക് അല്ലാഹുവോടുള്ള നിർബന്ധ ബാധ്യതയാകുന്നു.’’[1]

പ്രവാചകൻ(സ) പറഞ്ഞു: ‘‘നിങ്ങൾ ഹജ്ജിന്നായി ധൃതി കാണിക്കണം കാരണം നിങ്ങൾക്കുവല്ല പ്രതിബന്ധങ്ങളും വന്നു ചേരുമോ എന്നുനിങ്ങൾക്കറിയുകയില്ല.’’[2]

‘‘ഒരു ഉംറനിർവ്വഹിച്ച് പിന്നീട് ഒരിക്കൽകൂടി നിർവ്വഹിക്കുന്നു വെങ്കിൽ അത് അവക്കിടയിലെ പാപങ്ങൾക്കുള്ള പരിഹാരമാണ്. പുണ്യകരമായ ഹജ്ജിന്ന് സ്വർഗ്ഗമല്ലാതെ പ്രതിഫലവുമില്ല.’’ [3]

(ഒരേയാത്രയിൽ ഒന്നിൽകൂടുതൽ ഉംറ നിർവ്വഹിക്കുന്നതിനു നബി(സ)യുടെ മാതൃകയില്ല.).

എന്നാലിന്ന്, ഇത്രയും പ്രാധാന്യമുള്ള ഹജ്ജും ഉംറയും നിർവ്വഹിക്കുന്നവരിൽ പലരും ഹജ്ജിൻേറയും ഉംറയുടേയും ശരിയായരൂപം പഠിക്കാൻ ശ്രമിക്കുന്നില്ല. പഠിക്കുന്ന പലരുമാകട്ടെ ശരിയായ പ്രമാണങ്ങളിൽ നിന്നല്ലാതെ പലരും എഴുതിയുണ്ടാക്കിയ കൃതികളെ അവ

---

1 ആലു ഇംറാൻ 97

2 അഹ്മദ്

3 ബുഖാരി



ലംബിക്കുകയും ചെയ്യുന്നു എന്നതും വേദനാജനകമായ കാര്യമാണ്. അതുകൊണ്ട് ഹജ്ജിൻേറയും ഉംറയുടേയും രൂപം നബിചര്യയിലൂടെ വിവരിക്കലാണീ കൃതിയുടെ ലക്ഷ്യം. ഹജ്ജിൻെറ ഓരോകർമ്മങ്ങൾ പ്രവർത്തിക്കുമ്പോഴും നബി(സ) പ്രത്യേകം എടുത്തു പറഞ്ഞ ഒരു വാചകം ഇപ്രകാരം ഹദീസുഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്.

خُذُوا عَنِّـــي مَنَاسِــكَكُمْ (നിങ്ങൾ കർമ്മങ്ങൾ എന്നിൽനിന്നു സ്വീകരിക്കുക). അതുകൊണ്ടുതന്നെ ഹജ്ജുകർമ്മങ്ങൾ പ്രത്യേകിച്ചും നാം നബിചര്യയിലൂടെ പഠിക്കൽ അനിവാര്യമാണ്. കാരണം മിക്കപ്പോഴും ഒരാളുടെ ജീവിതത്തിൽ ഒരിക്കൽ മാത്രം നിർവ്വഹിക്കാൻ അവസരം ലഭിക്കുന്ന കർമ്മമായതുകൊണ്ട് അത് കുററമററതാകണം. അതിനുള്ള ശ്രമമാണ് ഇതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. പരമാവധി ലളിതവും വ്യക്തവുമാക്കിത്തീർക്കാൻ ശ്രമിച്ചിട്ടുണ്ട്. അല്ലാഹു ഇതിലൂടെ ജനങ്ങൾക്ക് നേർമാർഗ്ഗം പ്രാപിക്കാൻ സഹായിക്കട്ടെ. (ആമീൻ)

ഹജ്ജും ഉംറയുമുദ്ദേശിക്കുന്നവർ പാപമുക്തരായി ഭക്തിയുള്ളവരായിത്തീരുക എന്നതായിരിക്കണം ഒന്നാമതായുള്ള തയ്യാറെടുപ്പ്. ഖുർആൻ പറയുന്നു: ‘‘നിങ്ങൾ യാത്രക്കുവേണ്ട വിഭവങ്ങൾ ഒരുക്കിപ്പോവുക, എന്നാൽ യാത്രാവിഭവങ്ങളിൽ ഏററ വും ഉത്തമം തഖ്‌വ (സൂക്ഷ്മത) യാകുന്നു.’’[1]. അതുപോലെത്തന്നെ അനുവദനീയമായ സമ്പാദ്യമായിരിക്കണം ഉപയോഗിക്കേണ്ടത്. മററുള്ളവരുമായുള്ള ഇടപാടുകൾ പരമാവധി പൂർത്തീകരിക്കുകയോ

---

1 ബഖറ 197

കഴിയാത്തവ മററുള്ളവരെ ഏൽപ്പിച്ചു അംഗീകരിപ്പിക്കു കയോ ചെയ്യേണ്ടതുണ്ട്. കാരണം മററു ള്ളവരോടുള്ള ഇ ടപാടുകൾ തീർത്തവരുടെ പ്രശ്നങ്ങൾ മാത്രമേ അല്ലാ ഹു പരിഗണിക്കുകയുള്ളൂ. അതുപോലെ നല്ല കൂട്ടുകാ രോടൊത്ത് മാത്രം യാത്രക്കൊരുങ്ങുക; എന്നിവയെല്ലാം യാത്രയുടെ മുന്നൊരുക്കമായി ചെയ്തിരിക്കേണ്ടതാണ്.

യാത്ര പുറപ്പെട്ടതുമുതൽ തിരിച്ചെത്തുന്നതുവരെ താൻ മഹത്തായ ഒരു ആരാധനയിലാണെന്ന് മനസ്സിലുണ്ടായി രിക്കണം. ചീത്തവാക്കുകളും അധർമ്മങ്ങളുമില്ലാതെ ഹ ജ്ജുനിർവ്വഹിക്കുന്നവർ തൻെറ മാതാവ് തന്നെപ്രസവിച്ച ദിവസത്തേതുപോലെ പരിശുദ്ധിയോടു കൂടിയായിരി ക്കും മടങ്ങിയെത്തുക, എന്ന നബിവചനത്തിൻെറ പൊ രുൾ മനസ്സിലാക്കി, മേൽപറഞ്ഞ പ്രതിഫലം നേടിയെടു ക്കാനായിരിക്കണം തുടർന്നുള്ള ശ്രമങ്ങളെല്ലാം.

## റുക്നുകളും
## വാജിബാത്തുകളും

**ഉംറയുടെ റുക്നുകൾ**: ഇഹ്റാം, ത്വവാഫ്, സഅ്യ് എ ന്നിവയാണ്.

**ഹജ്ജിൻെറ റുക്നുകൾ**: ഇഹ്റാം, അറഫയിൽ നിൽ ക്കൽ, ത്വവാഫുൽ ഇഫാദത്ത്, സ്വഫാമർവക്കിടയിലെ സഅ്യ് എന്നിവയാണ്.

റുക്നുകളിൽ ഏതെങ്കിലും നഷ്ടപ്പെട്ടാൽ പ്രസ്തുത കർമ്മം നിഷ്ഫലമാണ്. പ്രായശ്ചിത്തം കൊണ്ടും പരിഹ രിക്കപ്പെടുന്നതല്ല.

**ഉംറയുടെ വാജിബാത്തുകൾ**: മീഖാത്തിൽവെച്ച് ഇ ഹ്റാമിൽ പ്രവേശിക്കൽ, മുടിയെടുക്കൽ എന്നിവയാണ്.



**ഹജ്ജിൻെറ വാജിബാത്തുകൾ**: മീഖാത്തിൽവെച്ച് ഇഹ്റാമിൽ പ്രവേശിക്കൽ, സൂര്യാസ്തമയംവരെ അറഫ യിൽ നിൽക്കൽ മുസ്ദലിഫയിൽ രാത്രിതാമസിക്കൽ, ദുൽഹജ്ജ് പത്തിന് ജംറത്തുൽ അഖബയിലും അയ്യാമു ത്തശ്രീഖിൻെറ ദിവസങ്ങളിൽ മൂന്ന് ജംറകളിലും കല്ലെ റിയൽ, ദുൽഹജ്ജ് പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് രാ വുകളിൽ മിനായിൽ താമസിക്കൽ, മുടിയെടുക്കൽ, ത്വ വാഫുൽ വിദാഅ് (വിടവാങ്ങൽ ത്വവാഫ്) നിർവ്വഹിക്ക ൽ എന്നിവയാണ്.

വാജിബുകളിൽ ഏതെങ്കിലും നഷ്ടപ്പെട്ടാൽ പ്രായശ് ചി ത്തമായി മൃഗബലി നടത്തുന്നത് കൊണ്ട് പരിഹരിക്കപ്പെ ടും.

**ഇഹ്റാമിന്നു ശേഷം നിഷിദ്ധമായ കാര്യങ്ങൾ**:

നഖം മുറിക്കൽ, തലയിൽനിന്നോ ശരീരത്തിൻെറ മററ് ഭാഗങ്ങളിൽ നിന്നോ മുടി നീക്കംചെയ്യൽ, സുഗന്ധം ഉപ യോഗിക്കൽ, വേട്ടയാടൽ, വിവാഹം കഴിക്കൽ, കഴിച്ചു കൊടുക്കൽ, ഭാര്യാഭർതൃബന്ധത്തിലേർപ്പെടൽ, ലൈംഗി ക ശമനത്തിനായി മററുവല്ല മാർഗ്ഗവും സ്വീകരിക്കൽ എന്നിവ ഇഹ്റാ മിന്ന്ശേഷം നിഷിദ്ധമായ കാര്യങ്ങളാ ണ്. പുരുഷൻമാർ തുന്നിയ വസ്ത്രം (ജട്ടി, ബനിയൻ, ഷ ർട്ട് മുതലായവ) ധരിക്കുക, തലമറക്കുക എന്നതും. സ് ത്രീകൾ മുഖവും മുൻകയ്യും മറക്കുന്നതും ഇഹ്റാമിന്ന് ശേഷം നിഷിദ്ധമായ കാര്യങ്ങളിൽ പെട്ടതാണ്.

## കുററ കൃത്യങ്ങൾക്കുളള പ്രായശ്ചിത്തം

ദുൽഹജ്ജ് പത്തിന് മുടിയെടുത്ത്, ആദ്യതഹല്ലുലാകുന്ന
തിന്ന് മുമ്പ് ഭാര്യാഭർതൃ ബന്ധത്തിലേർപ്പെട്ടാൽ അവ
ൻെറ ഹജ്ജ് നഷ്ടപ്പെടും. അവൻ ഒരൊട്ടകത്തെയറുത്ത്
മാംസം വിതരണം ചെയ്യുകയും അടുത്തവർഷം ഹജ്ജ്
ഖളാഅ് വീട്ടുകയും ചെയ്യൽ നിർബന്ധമാണ്. ഒന്നാം ത
ഹല്ലുലിന്ന് ശേഷമാണ് ബന്ധപ്പെട്ടതെങ്കിൽ ഹജ്ജ് ബാ
ത്വിലാവുകയില്ല. അവൻ ഒരാടിനെ അറുത്ത് വിതരണം
ചെയ്യൽ നിർബന്ധമാണ്.

നഖം മുറിക്കുക, മുടിനീക്കം ചെയ്യുക, സുഗന്ധം ഉപ
യോഗിക്കുക, പുരുഷൻ തല മറക്കുക, സ്ത്രീകൾ മുഖ
മോ മുൻകയ്യോ മറക്കുക, പുരുഷൻ തുന്നിയ വസ്ത്രം
ധരിക്കുക, എന്നിവയിലേതെങ്കിലും ചെയ്തു പോയാൽ
അവർ ഒന്നുകിൽ ഒരാടിനെ ബലിയറുക്കുക, അതല്ലെ
ങ്കിൽ ആറ് അഗതികൾക്ക് ഭക്ഷണം നൽകുക, അതു മ
ല്ലെങ്കിൽ മൂന്ന് ദിവസം നോമ്പനുഷ്ഠിക്കുക ഇവയിൽ ഏ
തെങ്കിലുമൊന്ന് ചെയ്യൽ നിർബന്ധമാണ്.

വേട്ടയാടുകയോ മറേറാ ചെയ്താൽ ഒന്നുകിൽ വേട്ട
മൃഗത്തിനു തുല്യമായ മൃഗത്തെ ബലിയറുക്കുക, അത
ല്ലെങ്കിൽ അതിൻെറവിലക്ക് തുല്യമായ സംഖ്യക്ക് ഭക്ഷ
ണം വാങ്ങി അര സ്വാഅ് (ഏകദേശം ഒരുകിലോവിനേ
ക്കാൾ അൽപം കൂടുതൽ) വീതം അഗതികൾക്ക് വിതര
ണം ചെയ്യുക, അതുമല്ലെങ്കിൽ എത്ര അഗതികൾക്ക് ഭക്ഷ
ണം നൽകാനുള്ള വിലവരുമോ അത്രയും ദിവസം നോ
മ്പ് അനുഷ്ഠിക്കുക ഇവിലേതെങ്കിലുമൊന്ന് നിർവ്വഹിക്ക
ൽ നിർബന്ധമാണ്.



## യാത്രക്കൊരുങ്ങുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

ഹജ്ജിനും ഉംറക്കും എന്നുമാത്രമല്ല മറെറല്ലാ യാത്രയി
ലും നാം അറിഞ്ഞിരിക്കേണ്ട ഏതാനും കാര്യങ്ങൾ ആ
ദ്യം ഉണർത്താൻ ആഗ്രഹിക്കുകയാണ്. വിശേഷിച്ചും നമ
സ്കാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ.
<u>ത്വഹാറത്ത്</u> (ശുദ്ധീകരണം): യാത്ര പുറപ്പെടുമ്പോൾ കഴി
വതും കുളിച്ച് ശുദ്ധിയോടുകൂടി മാത്രമായിരിക്കണം പുറ
പ്പെടുന്നത്. വെള്ളം ലഭ്യമല്ലാതിരിക്കുകയോ ഉപയോഗി
ക്കാൻ പ്രതിബന്ധങ്ങളുണ്ടാകുകയോ ചെയ്യുമ്പോൾ തയ
മ്മും ചെയ്യൽ (തൻെറ ഇരുകൈപ്പത്തിയും ഭൂതലത്തിൽ
ഒരടി അടിച്ച്, ശേഷം മുഖവും കൈപ്പടങ്ങളും ഒരുതവണ
തടവുന്നതാണ് തയമ്മുമിൻെറരൂപം) യാത്രയിൽ ഏറെ
സഹായകരമായിരിക്കും. കുളി നിർബന്ധമായാലും തയ
മ്മുമിൻെറ രൂപം മേൽ പറഞ്ഞതു തന്നെയാണ്. എന്നാൽ
വെള്ളം ലഭ്യമായാൽ വെള്ളം ഉപയോഗിക്കുക തന്നെ
വേണം. നബി(സ) പറയുന്നത് കാണുക: ''ഭൂമി മുസ്ലിമി
ന്ന് ശുദ്ധീകരണത്തിനു പകരം നിൽക്കും. പത്ത്കൊല്ല
ക്കാലം അവന്ന് വെള്ളംകിട്ടിയിട്ടില്ലെങ്കിലും. വെള്ളം ലഭ്യ
മായാൽ അവൻ അല്ലാഹുവിനെ സൂക്ഷിക്കുകയും
തൻെറ ശരീരത്തിൽ വെള്ളമുപയോഗിക്കുകയും ചെയ്യ
ട്ടെ.''[1]. ഈ ഹദീസ് ഹസനും സ്വഹീഹുമാണെന്ന് ഇമാം
തുർമുദി അഭിപ്രായപ്പെട്ടിട്ടുണ്ട്. യാത്രക്കാരന് മൂന്ന് രാപ്പ
കലുകൾ അംഗശുദ്ധി (വുദു) വരുത്തുമ്പോൾ (കാല്

---

[1] **അഹ്മദ്**

കഴുകുന്നതിനുപകരം) സോക്സുകളിൽ തടവുവാൻ ഇസ്ലാം അനുവദിച്ച ആനുകൂല്യവും യാത്രയിൽ ഏറെ സഹായകമാകുന്നതാണ്.

## നമസ്കാരം ജംഉം ഖസ്റുമായി നിർവ്വഹിക്കൽ

യാത്രക്കാരൻ യാത്രപുറപ്പെട്ട് തിരിച്ചെത്തുന്നത്വരെ നാല് റക്അത്തുള്ള നമസ്കാരങ്ങൾ രണ്ടുറക്അത്തു മാത്രമായി നമസ്കരിക്കലാണ് നബിചര്യ. അനസ്(റ) പറയുന്നു: ''ഞങ്ങൾ ഹജ്ജത്തുൽ വദാഇൻെറ സമയത്ത് നബിയോടൊപ്പം മദീനയിൽനിന്നും മക്കയിലേക്ക് പുറപ്പെടുകയുണ്ടായി. അന്നേരം മദീനയിൽ തിരിച്ചെത്തുന്നതുവരെ ഈരണ്ട് റക്അത്തുകൾ മാത്രമാണ് ഞങ്ങൾ നമസ്കരിച്ചിരുന്നത്. അന്നേരം അനസ്(റ) ചോദിക്കപ്പെട്ടു: നിങ്ങൾ മക്കയിൽ താമസിക്കുകയുണ്ടായോ? അദ്ദേഹം പറഞ്ഞു: അതെ പത്തുദിവസം''[1].

നബിപത്നി ആയിശ(റ) പറയുന്നു: ''നമസ്കാരം നിർബന്ധമാക്കിയ സമയത്ത് ഈരണ്ടു റക്അത്തുകൾ വീതമായിരുന്നു; യാത്രയിലും അല്ലാത്തപ്പോഴും. പിന്നീട് യാത്രയിൽ അതങ്ങിനെത്തന്നെ നിലനിർത്തുകയും യാത്രയില്ലാത്ത സമയത്ത് വർദ്ധിപ്പിക്കുകയുമാണ് ഉണ്ടായത്.'' [2]

നബി(സ) യാത്രയിൽ ഒരിക്കൽപോലും പൂർത്തിയാക്കി നമസ്കരിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ നാലു റക്അത്തുള്ള നമസ്കാരങ്ങൾ രണ്ട് റക്അത്തു വീതം ചുരുക്കി നമസ്കരിക്കൽ യാത്രയിൽ നിർബന്ധമാണെന്ന അഭിപ്രായമുള്ളവരും പണ്ഡിതന്മാരിലുണ്ട്. എന്നാൽ യാത്രാസമയത്ത് പൂർ ത്തിയായി നമസ്കരിക്കു

[1] **ബുഖാരി**
[2] **മുസ്ലിം**



ന്ന ഇമാമിനെ തുടരേണ്ടതായി വരുമ്പോൾ പൂർത്തിയാക്കിത്തന്നെ നമസ്കരിക്കേണ്ടതാണ്.

രണ്ട് നമസ്കാരങ്ങൾ ജംആക്കി (രണ്ടും കൂടി ഏതെങ്കിലും ഒന്നിൻെറ സമയത്ത് നമസ്കരിക്കൽ) നമസ്കരിക്കുമ്പോൾ കൂട്ടിനമസ്കരിക്കാൻ അനുവാദമുള്ള ളുഹറും അസ്വറും അതല്ലെങ്കിൽ മഗ്രിബും ഇശാഉം യാത്രക്കിടയിലാണെങ്കിൽ ഏതെങ്കിലും ഒന്നിൻെറ സമയത്ത് നിർവ്വഹിക്കുകയും, ദിവസങ്ങളോളം ഇടക്ക് താമസിക്കു കയാണെങ്കിൽ ജംആക്കാതെ, ചുരുക്കിനമസ് കരിക്കലുമാണുത്തമം. ഇബ്നുഅബ്ബാസ്(റ) പറയുന്നു: നബി (സ) യാത്രയിലായിരിക്കുമ്പോൾ ളുഹറും അസ്വറും, മഗ്രിബും ഇശാഉം ജംആക്കിയായിരുന്നു നമസ്കരിച്ചിരുന്നത്. എന്നാൽ ഇടക്കൊരിടത്ത് തങ്ങുകയാണെങ്കിൽ ജംആക്കിയിരുന്നില്ല.''[1] ജംആക്കേണ്ട ആവശ്യം നേരിട്ടാൽ കുററമല്ല താനും. നബി(സ) മിനയിൽ ജംആക്കി നമസ്കരിച്ചിരുന്നില്ല.

## യാത്രയിലെ സുന്നത്തുനമസ്കാരം

പ്രധാന സുന്നത്തുകൾ യാത്രയിലും അല്ലാത്തപ്പോഴും പ്രത്യേകിച്ച് വ്യത്യാസമൊന്നുമില്ലെന്ന് വേണം പറയാൻ. കാരണം വിത്റ്, ളുഹാ, തഹിയ്യത്ത്, ഗ്രഹണ നമസ്കാരങ്ങൾ എന്നിവ യാത്രയിലും നിർവ്വഹിക്കേണ്ടതാണ്.

ഇബ്നുഉമർ(റ) പറയുന്നത് ശ്രദ്ധിക്കുക: ''നബി(സ) യാത്രയിൽ തിരക്കുള്ള സമയമാണെങ്കിൽ മഗരിബ് പിന്തിച്ച് മൂന്ന് റക്അത്ത് നമസ്കിക്കും ശേഷം ഇഖാമത്ത് കൊടുത്ത് ഇശാഅ് രണ്ടുറക്അത്തും നമസ്കരിക്കും മററു കീർത്തനങ്ങളൊന്നും (സുന്നത്തുകൾ) നിർവ്വഹിച്ചിരു

[1] **ബുഖാരി**

ന്നില്ല''[1]. ''ഹഫ്സുബ് നുആസ്വിമുബ്നു ഉമർ (റ)ൽ നിന്ന്: ഞാനൊരിക്കൽ ഇബ്നുഉമറി(റ) ന്റെ കൂടെ മക്കയിലേക്ക് യാത്രചെയ്യുകയുണ്ടായി, അന്നേരം അദ്ദേഹം ളുഹർ രണ്ടു റക്അത്ത് നമസ്കരിച്ച്, തന്റെ വാഹനത്തിനടുത്തേക്ക് നീങ്ങി. ഞങ്ങളും അപ്രകാരം ചെയ്തു. പക്ഷേ കുറച്ചാളുകൾ വീണ്ടും നമസ്കരിക്കുന്നത് അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടു; ഉടനെ അദ്ദേഹം ചോദിച്ചു അവരെന്താണ് പ്രവർത്തിക്കുന്നത്? അവർസുന്നത്തു നമസ്കരിക്കുകയാണെന്ന് ഞാൻപറഞ്ഞു, അപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: സഹോദരപുത്രാ, ഞാൻ നബിയുടെ കൂടെ യാത്രചെയ്തിട്ടുള്ള വ്യക്തിയാണ്; അദ്ദേഹം മരിക്കുന്നതുവരെ യാത്രയിൽ രണ്ട് റക്അത്തിനേക്കാൾ അധികം നമസ്കരിച്ചിട്ടില്ല. അപ്രകാരം തന്നെയായിരുന്നു അബൂബക്കറും ഉമറും(റ). തുടർന്ന് അല്ലാഹുവിന്റെ റസൂലിൽ നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട് (അഹ്സാബ് 21) എന്ന ഖുർആൻ വചനം ഓതികേൾപ്പിക്കുകയും ചെയ്തു''[2]. എന്നാൽ സുബ്ഹിക്കുമുമ്പുള്ള സുന്നത്തും വിത്റും നബി(സ) ഒരിക്കലും ഒഴിവാക്കിയിരുന്നില്ലെന്നത് പ്രത്യേകം ഓർമ്മിക്കുക.

മേൽകൊടുത്തതിൽ നിന്നും ളുഹർ, മഗ്രിബ്, ഇശാഅ് എന്നിവയുടെ റവാത്തിബുകളല്ലാത്തവ യാത്രയിലും നബി (സ) പതിവാക്കിയിരുന്നു എന്നു കാണാവുന്നതാണ്. സുന്നത്തുകൾ നബി(സ) വാഹനത്തിൽവെച്ചും നമസ്കരിക്കാറുണ്ടായിരുന്നു; അന്നേരം ഖിബ്ല ശ്രദ്ധിക്കാൻ

[1] **ബുഖാരി**
[2] **മുസ്ലിം**



കഴിഞ്ഞില്ലെങ്കിലും വിരോധമില്ല. തുടക്കത്തിൽ ഖിബ്ല ശ്രദ്ധിക്കുന്നത് നല്ലതാണ്.

**യാത്രക്കൊരുങ്ങുമ്പോൾ**: കഴിയുന്നതും ഒററക്ക് യാത്രചെയ്യുന്നത് ഒഴിവാക്കേണ്ടതാണ്. നബി(സ) പറഞ്ഞതായി ഹദീസുകളിൽ ഇപ്രകാരം കാണാം: ഞാൻ മനസ്സിലാക്കിയപോലെ, ഒററക്കുള്ള യാത്രയെ സംബന്ധിച്ച കാര്യങ്ങൾ ജനങ്ങളറിഞ്ഞിരുന്നുവെങ്കിൽ ഒരുരാത്രി പോലും ഒരാളും യാത്ര ചെയ്യുമായിരുന്നില്ല. ഒററക്ക് യാത്ര ചെയ്യൽ അനിവാര്യമായ ഘട്ടത്തിൽ തന്റെ പൂർണ്ണവിലാസവും, എന്തെങ്കിലും അപകടം സംഭവിക്കുകയാണെങ്കിൽ ബന്ധപ്പെട്ടവരെ അറിയിക്കാനുള്ള അഡ്രസ്സും മാർഗ്ഗവും കൂടെ കരുതിയിരിക്കേണ്ടതാണ്.

സ്ത്രീകൾ വിവാഹം നിഷിദ്ധമായ, അടുത്ത കുടുംബക്കാരോ ടൊപ്പമല്ലാതെ യാത്രചെയ്യൽ അനുവദനീയമല്ല.

**പുറപ്പെടുമ്പോൾ** വീട്ടിൽ നിന്നും യാത്രയായി പുറപ്പെടുമ്പോൾ വലതുകാൽ വെച്ച് താഴെപറയുന്ന പ്രാർത്ഥന ഉരുവിട്ടിറങ്ങുക.

بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لاَ حَوْلَ وَلاَ قُوَّةَ  إلاَّ بِاللهِ

(ബിസമില്ലാഹി തവക്കൽതു അലല്ലാഹ് ലാ ഹൗല വലാ ഖുവ്വത്ത ഇല്ലാബില്ലാഹ്) അല്ലാഹുവിന്റെ നാമത്തിൽ. എല്ലാം അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നു. അല്ലാഹുവിനെക്കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയുമില്ല.

വാഹനത്തിൽ കയറുമ്പോൾ : അല്ലാഹുഅക്ബർ എന്ന് മൂന്ന് പ്രാവശ്യം പറഞ്ഞതിനു ശേഷം നബി(സ) പഠിപ്പിച്ച പ്രാർത്ഥന പ്രാർത്ഥിക്കുക. പ്രാർത്ഥന താഴെ ചേർക്കുന്നു.

سُبْحَانَ الَّذِي سَخَّرَ لَنَاَ هَذَا وَمَاَ كُنَاَّ لَهُ مُقْرِنِينَ وَإِناَّ إِلَى رَبِّنَاَ لَمُنْقَلِبُونْ اَللهمَّ إِنِّي أَسْأَلُكَ فِي سَفَرِي هَذَا الْبِرَّ وَالتَّقْوَى وَمِنَ الْعَمَلِ ماَ تَرْضَى اللهُمَّ هَوِّنْ عَلَيْناَ سَفَرَناَ هذَا. وَاطْوِ عَناَّ بُعْدَهُ اللهُمَّ أَنْتَ الصاَحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الأَهْلِ اَللهُمَّ إِنِّي أَعُوذُ بِكَ مِنْ وَعْثاَءِ السَّفَرِ وَكَآبَةِ الْمَنْظَرِ وَسُوءِ الْمُنْقَلَبِ فِي الْمالِ وَالأَهْلِ.

(സുബ്ഹാനല്ലദീ സഹ്ഹറലനാഹാദാ വമാകുന്നാ ലഹു മുഖ്രിനീൻ വഇന്നാ ഇലാറബ്ബിനാ ലമുൻഖലിബൂൻ. അല്ലാഹുമ്മ ഇന്നീ അസ്അലുക ഫീസഫരിനാ ഹാദൽ ബിർറ വത്തഖ്‌വാ വ മിനൽ അമലിമാതർളാ. അല്ലാഹുമ്മ ഹവ്വിൻ അലൈനാ സഫറനാ ഹാദാ. വത്വിഅന്നാ ബുഅ്ദഹു. അല്ലാഹുമ്മ അൻതസ്സ്വാഹിബു ഫിസ്സഫർ വൽ ഖലീഫതു ഫിൽ അഹ്ൽ. അല്ലാഹുമ്മ ഇന്നീ അഊദു ബിക മിൻ വഅ്ഥാഇസ്സഫർ വകആബതിൽ മൻളറി വ സൂഇൽ മുൻഖലബി ഫിൽമാലി വൽഅഹ്ൽ).

ഞങ്ങൾക്ക് ഇതിനെ കീഴ്പ്പെടുത്തിത്തന്ന (അല്ലാഹു) എത്ര പരിശുദ്ധൻ! ഞങ്ങളിതിനൊരിക്കലും കഴിവുള്ളവരായിരുന്നില്ല. ഞങ്ങളാകട്ടെ അവങ്കലേക്ക് മടങ്ങാനുള്ളവരുമാണ്. അല്ലാഹുവേ ഈയാത്രയിൽ ഞാൻ നിന്നോട് തഖ്‌വയും, പുണ്യവും, നീ തൃപ്തിപ്പെടുന്ന കർമ്മങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സഹായവും ചോദിക്കുന്നു. അല്ലാഹുവേ ഈ യാത്ര ഞങ്ങൾക്ക് എളുപ്പമാക്കുകയും ഇതിന്റെ ദൂരം നീ ചുരുക്കുകയും ചെയ്തു തരേണമേ. അല്ലാഹുവേ നീയാണ് എന്റെ യാത്രയിലെ കൂട്ടുകാരൻ നീ തന്നെയാണ് എന്റെ കുടുംബത്തിൽ സംരക്ഷകനും. അല്ലാഹുവേ യാത്രയിലുണ്ടാകുന്ന ക്ലേശങ്ങളിൽനിന്നും ദു:ഖകരമായ കാഴ്ചകളിൽനിന്നും, ധനത്തിലും കുടുംബ



ത്തിലും സംഭവിച്ചേക്കാവുന്ന എല്ലാവിധ ചീത്ത പര്യവസാനങ്ങളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.
യാത്രക്കാരന്റെ പ്രാർത്ഥനക്ക് പ്രത്യേകം ഉത്തരം ലഭിക്കുമെന്ന നബിവചനം മറക്കാതിരിക്കുക. ചീത്ത സംസാരങ്ങളും വിനോദങ്ങളും കൈവെടിഞ്ഞ് വിനയാന്വിതരായി ഖുർആൻ പാരായണം, ദിക്റുകൾ, പ്രാർത്ഥനകൾ എന്നിവയിൽ വ്യാപൃതരാവാൻ ശ്രമിക്കുക.

## ഹജ്ജ് നിർബന്ധമാകുന്നതിനുള്ള നിബന്ധനകൾ

1, **ഇസ്‌ലാം**:
മുസ്‌ലിമായിരിക്കൽ. മുസ്‌ലിമല്ലാത്തവന്ന് ഹജ്ജും ഉംറയും നിർബന്ധമില്ല.

2, **ബുദ്ധിയുണ്ടായിരിക്കൽ**.
ഭ്രാന്തന് ഹജ്ജ് നിർബന്ധമില്ല. പ്രായപൂർത്തിയെത്തുന്നതിനുമുമ്പ് ഭ്രാന്തനായ വ്യക്തി മരണം വരെ സുഖം പ്രാപിച്ചില്ലെങ്കിൽ അവൻ കുററക്കാരനല്ല.

3, **പ്രായപൂർത്തിയെത്തൽ**:
കുട്ടികൾക്ക് ഹജ്ജ് നിർബന്ധമില്ല എന്നാലവരുടെ ഹജ്ജ് സ്വീകാര്യമാണ്. എന്നാൽ ഇസ്‌ലാം അവരിൽ നിന്നാവശ്യപ്പെടുന്ന നിർബന്ധഹജ്ജിന് അത് മതി യാവുകയില്ല. നബി(സ)യോട് ഒരു സ്ത്രീ തന്റെ കുഞ്ഞിനെ ഉയർത്തിക്കാണിച്ച് ഇതിനുഹജ്ജുണ്ടോ, എന്ന് ചോദിച്ചപ്പോൾ നബി(സ) പറഞ്ഞു, ഉണ്ട്; പ്രതിഫലം നിനക്കായിരിക്കും, അതിന്റെ നിർബന്ധഹജ്ജിന്നത് മതിയാവുകയുമില്ല. നിർബന്ധമില്ലാത്ത ചെറിയ കുട്ടികളെ ഇന്നത്തെ സാഹചര്യത്തിൽ പങ്കെടുപ്പിക്കാതിരി ക്കലായിരിക്കും ഉ

ത്തമം. മാതാപിതാക്കളുടെ കർമ്മങ്ങളെപ്പോലും അത് പ്രയാസപ്പെടുത്തിയേക്കും.

4, **സ്വതന്ത്രനായിരിക്കൽ**:

അടിമക്ക് ഹജ്ജ് നിർബന്ധമില്ല.

5, **സമ്പത്തും, ശാരീരിക കഴിവും**

സാമ്പത്തിക ശേഷിയുണ്ട് ശാരീരിക ശേഷിയില്ലായെങ്കിൽ അവർക്കുവേണ്ടി പകരം തൻെറ ആശ്രിതർക്ക് ഹജ്ജ് ചെയ്യാവുന്നതാണ്. ഹജ്ജത്തുൽ വദാഇൻെറ അവസരത്തിൽ ഖസ്അമിയ്യാ ഗോത്രക്കാരിയായൊരു സ്ത്രീ നബിയോടിപ്രകാരം ചോദിച്ചു; എൻെറ പിതാവ് ഹജ്ജ് നിർബന്ധമുള്ളയാളാണ്. എന്നാലദ്ദേഹത്തിന് വാർദ്ധക്യം കാരണത്താൽ വാഹനപ്പുറത്ത് ഇരിക്കുവാൻ കഴിഞ്ഞു കൂടാ, അദ്ദേഹത്തിനുവേണ്ടി എനിക്കു ഹജ്ജ് ചെയ്യാമോ? പ്രവാചകൻ പറഞ്ഞു അതെ, ഉപകരിക്കുമെന്ന്. എന്നാൽ ശാരീരിക ശേഷിയുണ്ട് സമ്പത്തില്ലെങ്കിൽ അവനു നിർബന്ധമില്ല.

## ഹജ്ജിൻെറ മീഖാത്തുകൾ

**കാലവുമായി ബന്ധപ്പെട്ടത്**: ഹജ്ജിൻെറ കാലം ശവ്വാൽ മാസം ആരംഭിക്കുന്നതോടെ തുടങ്ങുകയും ദുൽഹജ്ജ് അവസാനിക്കുന്നത് വരെ നീണ്ടുനിൽക്കുകയും ചെയ്യുന്നു. ദുൽഹജ്ജ് പത്തിന് അവസാനിക്കുമെന്ന അഭിപ്രായക്കാരുമുണ്ട്.അല്ലാഹു പറയുന്നു: ''ഹജ്ജ്കാലം അറിയപ്പെട്ട മാസങ്ങളിലാകുന്നു''[1]

[1] ബഖറ



ഇവിടെ മാസങ്ങൾ എന്ന് പറയുമ്പോൾ മൂന്ന് മാസം പൂർണ്ണമായും ഉൾപ്പെടുന്നുണ്ട്. എന്നാൽ ഹജ്ജിന്ന് നിർണ്ണിത സമയങ്ങളുണ്ടെന്നത് വ്യക്തമാണ്.

ദുൽഹജ്ജ് മാസം പൂർണ്ണമായും ഹജ്ജ് മാസമാണ് എന്നതുകൊണ്ടുദ്ദേശിക്കുന്നത് ത്വവാഫുൽ ഇഫാദത്ത്, സഅ്യ് എന്നിവ ദുൽഹജ്ജ്മാസം അവസാനം വരെ പിന്തിക്കൽ അനുവദനീയമാണ്. എന്നാലൊരു സ്ത്രീ പ്രസവിച്ച് ദുൽഹജ്ജിന് ശേഷമാണ് ശുദ്ധിയായതെങ്കിൽ കാരണം മൂലമായതിനാൽ ദുൽഹജ്ജിനു ശേഷം ത്വവാഫും സഅ്യും നിർവ്വഹിക്കുന്നതിലും കുററമില്ല.

ഉംറക്ക് നിർണ്ണിതകാലമില്ല. ഏത്കാലത്തും നിർവ്വഹിക്കാവുന്നതാണ്. എന്നാൽ റമദാനിൽ നിർവ്വഹിക്കുന്ന ഉംറക്ക് ഹജ്ജിൻെറ പ്രതിഫലമാണുള്ളത്[1]. മററു ചിലഹദീസുകളിൽ നബി(സ)യോടൊപ്പം ഹജ്ജ്ചെയ്ത പ്രതിഫലമുണ്ട് എന്നും കാണാവുന്നതാണ്. അതുപോലെ നബി(സ) നിർവ്വഹിച്ച ഉംറകളെല്ലാം ദുൽഖഅദ് മാസത്തിലായതിനാൽ ഹജ്ജ്മാസത്തിൽ നിർവ്വഹിക്കുന്ന ഉംറക്ക് ഏറെ പുണ്യമുണ്ട് എന്നും പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്.

**സ്ഥലങ്ങളുമായി ബന്ധപ്പെട്ടത്**: ഹജ്ജിലും ഉംറയിലും പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾക്ക് മീഖാത്തുകൾ എന്നാണ് പറയപ്പെടുന്നത്. അവ അഞ്ച് സ്ഥലങ്ങളാണ്.

### 1, ദുൽഹുലൈഫ:

ഇത് മദീനക്കടുത്ത ഒരുസ്ഥലമാണ്. ഇപ്പോൾ അബ്യാർ അലി എന്നപേരിലാണിതറിയപ്പെടുന്നത്.

[1] നബിവചനം

**2, ജുഹ്ഫ:**
ശാമിൽനിന്നും മക്കയിലേക്കുള്ള വഴിയിലാണിത്. ഇപ്പോൾ അതിനടുത്തുള്ള റാബിഗ് എന്ന സ്ഥലത്തു നിന്നാണ് ഇഹ്റാമിൽ പ്രവേശിക്കാറുള്ളത്.

**3, യലംലം**:

യമൻ ഭാഗത്തുനിന്ന് വരുമ്പോഴുള്ള ഒരുയർന്ന പ്രദേശം. ഇന്ത്യയിൽനിന്നും വരുന്നവർക്കുള്ള മീഖാത്ത് ഇതാണ്.

**4, ഖർനുൽ മനാസിൽ**:

ഇപ്പോൾ സൈലുൽ കബീർ എന്നറിയ പ്പെടുന്ന ഈ സ്ഥലം നജ്ദിൽ നിന്നും മക്കയിലേക്കുള്ള വഴിയിലാണുള്ളത്.

**5, ദാതുൽ ഇർഖ്:**

ഇറാഖിന്റെ ഭാഗത്ത്നിന്നും വരുന്നവഴിക്കുള്ള പ്രദേശം. ഹജ്ജോ ഉംറയോ ഉദ്ദേശിക്കുന്നവർ മേൽപറയപ്പെട്ട മീഖാത്തുകളിലേതെങ്കിലും ഒരിടത്തുനിന്ന് ഇഹ്റാമിൽ പ്രവേശിക്കൽ നിർബന്ധമാണ്. അല്ലാത്തപക്ഷം ഒരു മൃഗത്തെ ബലിയറുത്ത് മക്കയിലെ അഗതികൾക്ക് വിതരണം ചെയ്താൽ മാത്രമേ കർമ്മം സ്വീകരിക്കപ്പെടുകയുള്ളൂ. എന്നാൽ ജിദ്ദക്കാരുടെ മീഖാത്ത് ജിദ്ദ തന്നെയാണ്. ഹറമിന്റെ പരിധിക്കുള്ളിലുള്ളവരുടെ മീഖാത്ത് ഹജ്ജിന് അവരുടെവീടും ഉംറക്ക് ഹറമിന്റെ പുറത്ത് നിന്നുമാണ്.

## ഹജ്ജ് നിർവ്വഹിക്കാവുന്ന രീതികൾ

**1, തമത്തുഅ്**:



ഹജ്ജുംഉംറയും ഉദ്ദേശിക്കുന്ന ഒരാൾ ഹജ്ജിന്റെ മാസങ്ങളിൽ മീഖാത്തിൽവെച്ച് ഉംറക്കു മാത്രമായി ഇഹ്റാമിൽ പ്രവേശിക്കുകയും, ഉംറ നിർവ്വഹിച്ച ശേഷം ഇഹ്റാമിൽ നിന്ന് ഒഴിവായി ഹജ്ജുവരെ സാധാരണജീവിതം നയിച്ച് ഹജ്ജ് സമയത്ത് താൻ താമസിക്കുന്ന സ്ഥലത്തു നിന്ന് തന്നെ ഇഹ്റാമിൽ പ്രവേശിച്ച്, ഹജ്ജ് നിർവ്വഹിക്കുന്ന രീതിയാണിത്. ഈരീതിയാണ് നബി(സ)തന്റെ സ്വഹാബികളോട് കൽപ്പിച്ചതും പ്രോത്സാഹിപ്പിച്ചതും. ഇതു തന്നെയാണ് ശ്രേഷ്ഠമായ രീതിയും. നേരത്തെ മക്കയിൽ ത്തുന്നവർക്ക് ഇതു തന്നെയാണ് സൗകര്യവും.

**2, ഖിറാന്**:

ഹജ്ജിന്റെ മാസങ്ങളിൽ ഹജ്ജിനും ഉംറക്കും കൂടി ഒന്നിച്ച് ഇഹ്റാമിൽ പ്രവേശിക്കുന്ന രീതിയാണിത്. ഈ രീതി തിരഞ്ഞെടുക്കുന്നവർ ഉംറ നിർവ്വഹിച്ചു കഴിഞ്ഞാലും ഇഹ്റാമിന്റെ എല്ലാനിബന്ധനകളും പാലിച്ച് ഹജ്ജു വരെ കാത്തുനിന്ന്, ഹജ്ജുകൂടി നിർവ്വഹിച്ചു കഴിഞ്ഞ് മാത്രമേ ഇഹ്റാമിൽനിന്നൊഴിവാകാൻ പാടുള്ളൂ. തമത്വുഅ് സ്വീകരിച്ച വ്യക്തിക്കും വേണമെങ്കിൽ ത്വവാഫിന്നു മുമ്പായി ഈരീതിയിലേക്ക് മാറാവുന്നതാണ്.

**3, ഇഫ്റാദ്**:

ഹജ്ജിന്റെ സമയത്ത് ഹജ്ജിനു മാത്രമായി ഇഹ്റാമിൽ പ്രവേശിച്ചു ഹജ്ജ് മാത്രം നിർവ്വഹിക്കുന്ന രീതിയാണിത്. തമത്വുഉം ഖിറാനും തിരഞ്ഞെടുക്കുന്നവർ ബലിയറുക്കൽ നിർബന്ധമാണ്. ഇഫ്റാദിന്ന് മൃഗബലിയാവശ്യമില്ല. അറവിൽനിന്ന് രക്ഷപ്പെടാൻ ഇഫ്റാദ് സ്വീകരിക്കുകയും പിന്നീട് ഹജ്ജിന്നുശേഷം ഉംറ നിർവ്വഹിക്കുന്നവരേയും

കാണാറുണ്ട്. അതൊരിക്കലും ശരിയല്ല. അത്തരത്തിലുള്ള തട്ടിപ്പ് ഉദ്ദേശിക്കുന്നവർ അല്ലാഹുവിനെ വേണ്ടവിധം മനസ്സിലാക്കാത്തവരാണ്. അറവിന്ന് സാമ്പത്തികശേഷിയില്ലാത്തവർ അറവിനു പകരമായി പത്തുദിവസം നോമ്പു അനുഷ്ഠിച്ചാൽ മതി. അതിൽ മൂന്നുദിവസം മക്കയിൽ വെച്ചുതന്നെ നോററിരിക്കണം ബാക്കി തൻെറനാട്ടിലോ ഹജ്ജിനുപോയ സ്ഥലത്തോ തിരിച്ചെത്തിയശേഷവും നോൽക്കേണ്ടതാണ്. ഈ നോമ്പ് മററ് അവസരങ്ങളിൽ നോമ്പ് അനുഷ്ഠിക്കൽ നിഷിദ്ധമായ അയ്യാമുത്തശ്‌രീഖിൻെറ ദിവസങ്ങൾ എന്ന് അറിയപ്പെടുന്ന ദുൽഹജ്ജ് 11, 12, 13 എന്നീ ദിവസങ്ങളിലും അനുഷ്ഠിക്കാവുന്നതാണ്.

## ഉംറ നിർവ്വഹിക്കേണ്ട രൂപം

തമത്വുഅ് രീതി തിരഞ്ഞെടുക്കുന്നവരുടെ ഉംറ മുതൽ ഹജ്ജ് ചെയ്തു വിരമിക്കുന്നതുവരെയുള്ള രൂപമാണ് ഇവിടെ വിവരിക്കുന്നത്.

ഉംറയുടെ രൂപം: നേരത്തെത്തന്നെ കക്ഷം ഗുഹ്യഭാഗം എന്നി വിടങ്ങളിലെ രോമങ്ങൾ നീക്കം ചെയ്യുക, മീശ വെട്ടുക, നഖം മുറിക്കുക എന്നിവ ചെയ്തിരിക്കൽ ഉത്തമമാണ്. കാരണം ഇഹ്റാമിന് ശേഷം നിർവ്വഹിക്കാൻ പാടില്ല. ശേഷം വലിയ അശുദ്ധിയിൽ നിന്നും ശുദ്ധി വരുത്താൻ കുളിക്കാറുള്ളതുപോലെ പൂർണ്ണമായ വിധത്തിൽ ഇഹ്റാമിനു വേണ്ടിയെന്ന ഉദ്ദേശത്തോടെകുളിച്ച്, ഇഹ്റാമിൻെറ വസ്ത്രത്തിലാകാത്തവിധം ശരീര ഭാഗങ്ങളിലും താടിയിലുമെല്ലാം സുഗന്ധം പൂശി പുരുഷൻമാർ വെളുത്ത ഒരു തുണിയുടുക്കുകയും (തുണി മൂട്ടിയതാകാൻ പാടില്ല മറെറാന്ന് കൊണ്ട് പുതക്കുകയും ചെയ്യുക. തല മറക്കാൻ പാടില്ല. സ്ത്രീകൾക്ക് മുൻകയ്യും മുഖവും മറയാത്ത തരത്തിലുള്ളതും, ബാക്കി ശരീരഭാഗങ്ങൾ മുഴുവനും മറയുന്ന നിലക്കുള്ളതുമായ ഏതു വസ്ത്രവും ആകാവുന്നതാണ്. വസ്ത്രം ധരിക്കുന്നതുകൊണ്ടുമാത്രം ഇഹ്റാമിൽ പ്രവേശിച്ചവനായി പരിഗണിക്കുന്നില്ല.



പിന്നീട് നമസ്കാര സമയമാണെങ്കിൽ നമസ്കാരം നിർവ്വഹിച്ച് ഇഹ്റാമിൽ പ്രവേശിക്കുക. ഇഹ്റാമിന് പ്രത്യേകമായി നമസ്കാരം നബിചര്യയിൽ സ്ഥിരപ്പെട്ടിട്ടില്ല. തുടർന്നു ഉംറകർമ്മത്തിലേക്കു പ്രവേശിക്കുന്നു എന്നു കരുതി **ലബ്ബൈക്കല്ലാഹുമ്മ ഉംറത്തൻ** എന്നു പറയുന്നതോടു കൂടി മാത്രമേ ഇഹ്റാമിൽ പ്രവേശിച്ചവനാകുന്നുള്ളൂ. ഹജ്ജിനും ഉംറക്കുംമാത്രമേ നിയ്യത്തു പറയേണ്ടതുള്ളൂ മറെറാരു കർമ്മത്തിനും നിയ്യത്തുപറയൽ സുന്നത്തു പോലുമില്ല.

ഇഹ്റാമിൽ പ്രവേശിക്കുമ്പോൾ **ഇൻ ഹബസനീ ഹാബിസുൻ ഫമഹില്ലീ ഹൈഥു ഹബസത്നീ** (വല്ല പ്രതിബന്ധങ്ങളും എന്നെ തടഞ്ഞാൽ ഞാൻ അവടെ വെച്ച് ഇഹ്റാമിൽ നിന്നും ഒഴിവാകുന്നതാണ്) എന്ന് ഇഹ്റാമിൻെറ അവസരത്തിൽ പറയുന്നത് നല്ലതാണ്. ഇങ്ങിനെ പറയാത്ത ഒരാൾ എന്തെങ്കിലും കാരണവശാൽ കർമ്മം പൂർത്തിയാക്കാൻ കഴിയാതെയോ മറേറാ ഒഴിവാകേണ്ട സാഹചര്യം ഉണ്ടായാൽ അവൻ മൃഗബലി നടത്തി മാംസം മക്കയിലെ ദരിദ്രർക്ക് വിതരണം ചെയ്യൽ നിർബന്ധമാണ്.

ഇഹ്റാമിൽ പ്രവേശിച്ചുകഴിഞ്ഞതു മുതൽ മസ്ജിദുൽ ഹറമിൽ എത്തുന്നതുവരെ തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കണം.

**തൽബിയത്ത്:**

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ، إنَّ الْحَمدَ وَالنِّعْمَةَ لَكَ وَالْمُلْكَ لاَ شَرِيكَ لَكَ

(ലബ്ബൈക്കല്ലാഹുമ്മ ലബ്ബൈക്ക്, ലബ്ബൈക്ക ലാശരീക ലക ലബ്ബൈക്ക്, ഇന്നൽ ഹംദ വന്നിഅ്മത്ത ലക വൽ മുൽക് ലാശരീക ലക്ക്) അല്ലാഹുവേ നിൻെറവിളിക്കിതാ ഞാനുത്തരം ചെയ്തു വന്നെത്തിയിരിക്കുന്നു. യാതൊരു പങ്കുകാരനുമില്ലാത്ത നിൻെറ വിളിക്കിതാ ഞാനുത്തരം ചെയ്തിരിക്കുന്നു. എല്ലാ സ്തുതിയും അനുഗ്രഹവും നിനക്കാണ്. രാജാധികാരവും നിനക്കുതന്നെ നിനക്കാരും പങ്കുകാരില്ല.

പരുഷന്മാർ ഉറക്കെയും സ്ത്രീകൾ പതുക്കെയുമാണ് തൽബിയത്ത് ചെല്ലേണ്ടത്. ഒരാൾ ചൊല്ലിക്കൊടുത്ത് മററുള്ളവർ അതിനെ അനുകരിച്ച് ചൊല്ലുന്ന രീതിക്ക് പ്രമാണങ്ങളിൽ മാതൃക കാണുന്നില്ല.

മസ്ജിദുൽഹറമിലെത്തുമ്പോൾ സാധിക്കുമെങ്കിൽ വീണ്ടും കുളിക്കൽ സുന്നത്തുണ്ട്. തുടർന്ന് വലതു കാൽ എടുത്തു വെച്ച് പ്രാർത്ഥനയോടെ ഹറമിൽ പ്രവേശിക്കുക.

بِسْمِ اللهِ وَالصَّلاةُ وَالسَّلاَمُ عَلَى رَسُولِ اللهِ ، اللهُمَّ افْتَحْ لِي أَبْوَابَ رَحْمَتِكَ.

(ബിസ്മില്ലാഹി വസ്വലാതു വസ്സലാമു അലാറസൂലില്ലാ അല്ലാഹുമ്മഫ്തഹ് ലീ അബ്വാബ റഹ്മത്തിക്ക).

അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിൻെറ ദൂതരിൽ രക്ഷയും സമാധാനവുമുണ്ടകട്ടെ, അല്ലാഹുവേ നിൻെറ കാരുണ്യത്തിൻെറ കവാടങ്ങൾ എനിക്കു വണ്ടി നീ തുറ



ക്കേണമേ. തുടർന്ന് നേരെ ഹജറുൽ അസ്‌വദിന്ന് അടുത്തേക്ക് നീങ്ങുക. തഹിയ്യത്ത് നമസ് കരിക്കേണ്ടതില്ല.

ഇനി ത്വവാഫ് ആരംഭികയാണ് വേണ്ടത്. ത്വവാഫ് സമയത്ത് വുദു വുണ്ടായിരിക്കണം എന്നതാണ് പ്രബലാഭിപ്രായം. പുരുഷന്മാർ അവർ പുതച്ചമുണ്ട് മദ്ധ്യഭാഗം വലതു കക്ഷത്തിലും രണ്ടററങ്ങൾ ഇടത്തെചുമലിലും വരത്തക്ക രൂപത്തിൽ കെട്ടുകയോ പിൻചെയ്യുകയോ ചെയ്തിരിക്കണം. ഈ രീതിയിൽ മുണ്ടിടുന്നതിന്ന് ഇൾത്വിബാഅ് എന്നാണ് പറയുക. ഇത് ത്വവാഫുൽ ഖുദൂമിൻെറ സമയത്ത് മാത്രമേ വേണ്ടതുള്ളൂ. മീഖാത്തിൽ നിന്നും ഇഹ്റാമിൻെറ വസ്ത്രം ധരിക്കുന്നത് മുതൽ ഇഹ്റാമിൻെറ വസ്ത്രം മാററുന്നത് വരേയും മേൽ പറയപ്പെട്ട രീതി സ്വീകരിക്കുന്നവരെ കാണാം; അത് മാതൃകയില്ലാത്തതും നബിചര്യക്ക് വിരുദ്ധവുമാണ്. ത്വവാഫിലെ ആദ്യത്തെ മൂന്ന് ചുററൽ ധൃതിയിലായിരിക്കണം ചുറേറണ്ടത് ഇതിന് റമൽ എന്നും പറയും. ഇൾത്വിബാഉം റമലും സ്ത്രീകൾക്ക് ആവശ്യമില്ല. ഇത് രണ്ടും ആദ്യ ത്വവാഫിൽ മാത്രമേ സുന്നത്തായിട്ടുള്ളൂ.

**ത്വവാഫ്**:

ത്വവാഫ് ആരംഭിക്കേണ്ടത് ഹജറുൽ അസ്‌വദ് മുതലായിരിക്കണം. ഹജറുൽ അസ്‌വദിന്നടുത്തു ചെന്ന് കഴിയുമെങ്കിൽ അതിനെ بِسْمِ اللهِ اللهُ أَكْبَرْ ബിസ്മില്ലാഹി അല്ലാഹു അക്ബർ അല്ലാഹുവിൻെറ നാമത്തിൽ അല്ലാഹു ഏററവും വലിയവനാണ് എന്നുപറഞ്ഞുകൊണ്ട് ചുംബിക്കുക, ഇല്ലെങ്കിൽ കൈകൊണ്ടോ വടി കൊണ്ടോ തൊട്ടു മുത്തുക, അതിനും കഴിയില്ലെങ്കിൽ കൈകൊണ്ട് ആംഗ്യം കാണിക്കുക. ഒരിക്കലും തിക്കും തിരക്കും കൂട്ടി സ്വയം ബു

ദ്ധിമുട്ടുകയും മററുള്ളവരെ ബുദ്ധിമുട്ടിക്കുകയും ചെയ്യാൻ പാടില്ലാത്തതാണ്. അതുകൊണ്ട് ഒരിക്കലും പുണ്യമായിരിക്കില്ല ലഭിക്കുക, മറിച്ചു ആളുകൾക്ക് പ്രയാസമുണ്ടാക്കിയതിനുള്ള ശിക്ഷയായിരിക്കും ലഭിച്ചേക്കുക.

തുടർന്ന് കഅബ തൻെറ ഇടതു വശത്താകും വിധം ഏഴ് ത്വവാഫ് നിർവ്വഹിക്കുക. ത്വവാഫിൽ ഇന്നത് പ്രാർത്ഥിക്കണമെന്ന നിർദ്ദേശങ്ങളൊന്നുമില്ല. ദിക്റുകളും തസ്ബീഹുകളും ഖുർആൻ പാരായണവുമെല്ലാം ആകാവുന്നതാണ്. എന്നാൽ ഹജറുൽ അസ്‌വദിൻെറ തൊട്ടുമുന്നിലത്തെ മൂലക്ക് റുക്നുൽ യമാനിയെന്ന് പറയും. അവിടെയെത്തുമ്പോൾ കഴിയുമെങ്കിൽ ആ മൂലയിൽ ബിസ്മില്ലാഹി അല്ലാഹു അക്ബർ എന്നു പറഞ്ഞു കൈകൊണ്ടു തൊടുകമാത്രം ചെയ്യുക. ചുംബിക്കുകയോ ആംഗ്യം കാണിക്കുകയോ ഒന്നും ചെയ്യേണ്ടതില്ല. റുക്നുൽ യമാനി മുതൽ ഹജറുൽ അസ്‌വദ്‌വരെ:

رَبَّنَاَ آتِنَاَ فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَاَ عَذَابَ النَّارْ

(റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻ വഖിനാ അദാബന്നാർ). ''ഞങ്ങളുടെ നാഥാ ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്ക് നന്മ പ്രധാനം ചെയ്യുകയും നരകശിക്ഷയിൽ നിന്നും ഞങ്ങളെ നീ കാക്കുകയും ചെയ്യേണമേ''.എന്ന് നബി(സ) പ്രാർത്ഥിച്ചിട്ടുള്ളതായി ഹദീസുകളിൽ വന്നിട്ടുണ്ട്. ത്വവാഫ് സമയത്ത് ഓരോ ചുററലിലും പ്രത്യേക പ്രാർത്ഥനകൾ ചൊല്ലുവാൻ പഠിപ്പിക്കുന്നതിന്ന് യാതൊരു അടിസ്ഥാനവുമില്ല. ത്വവാഫിൻ്റ എണ്ണത്തിൽ സംശയം തോന്നിയാൽ ഉറപ്പുള്ള എണ്ണം സ്വീകരിച്ചുകൊണ്ട് പൂർത്തിയാക്കേണ്ടതാണ്. ത്വവാഫു ചെയ്യുമ്പോൾ കഅബയോടു ചേർന്ന്



അർദ്ധവൃത്താകൃതിയിൽ കാണുന്ന ഹിജ്ർ ഇസ്മാഈൽ എന്ന ഭാഗത്തിനു പുറത്തു കൂടിയായിരിക്കണം ത്വവാഫു ചെയ്യുന്നത്. കാരണം അതും കഅബയിൽ പെട്ടത് തന്നെയാണ്. ത്വവാഫ് ഏഴു ചുററൽ പൂർത്തിയായാൽ പിന്നെ തൻെറ മുണ്ട് കക്ഷത്തിൽനിന്നു മാററി രണ്ടററവും മാറിലേക്ക്വരത്തക്കവിധം പുതച്ചാൽ മതി. പിന്നീട് മഖാമു ഇബ്റാഹീമിൻെറ അടുത്തു ചെന്ന് മഖാമ് ഇബ്റാഹീം തൻെയും കഅബയുടേയും ഇടയിലായി വരുന്ന രീതിയിൽ നിന്നുകൊണ്ട് രണ്ട്റക്അത്ത് നമസ്കരിക്കണം ഇത് കഴിയുമെങ്കിൽ മാത്രം. ഇല്ലെങ്കിൽ ഹറമിൽ എവിടെ വെച്ചും നമസ്കരിക്കാവുന്നതാണ്. ഈ നമസ്കാരത്തിൽ ഒന്നാമത്തെ റക്അത്തിൽ ഫാതിഹയും ഖുൽയാഅയ്യുഹൽ കാഫിറൂനയും, രണ്ടാംറക് അത്തിൽ ഫാതിഹയും ഖുൽഹുവല്ലാഹു അഹദുമാണ് പാരായണം ചെയ്യേണ്ടത്.

ഹജ്ജും ഉംറയുമൊന്നിച്ചു നിർവ്വഹിക്കുന്നയാൾ ആദ്യം നിർവ്വഹിക്കുന്ന ത്വവാഫിന്ന് ത്വവാഫുൽഖുദൂം എന്നാണ് പറയുക. ഇത് അയാളുടെ ഉംറയുടെ ത്വവാഫ് കൂടിയാണ്. പിന്നീട് ദുൽഹജ്ജ് പത്തിന്ന് ഹജ്ജിൻെറ നിർബന്ധ ത്വവാഫ് അയാൾ നിർവ്വഹിക്കേണ്ടതുണ്ട് അതിന് ത്വവാഫുൽ ഇഫാദത്ത് എന്നു പറയും. ഇതു രണ്ടും കൂടാതെ ഹജ്ജിൻെറ അവസാന കർമ്മമായി മക്കയോട് വിടചോദിച്ചു കൊണ്ടുള്ള ത്വവാഫും നിർവ്വഹിക്കേണ്ടതുണ്ട് അതിന് ത്വവാഫുൽ വിദാഅ് എന്നുംപറയും.

ഉംറമാത്രം നിർവ്വഹിക്കുന്നവർക്ക് ഒരു ത്വവാഫ് മാത്രമേ നിർവ്വഹിക്കേണ്ടതുള്ളൂ. അവർക്ക് ഉംറയുടെ കർമ്മം എന്ന നിലയിൽ ത്വവാഫുൽ വിദാഅ് നിർവ്വഹിക്കേണ്ടതില്ല.

## സഅ്യ്:

തവാഫിന്ന് ശേഷം നിർവ്വഹിക്കാനുള്ളത് സ്വഫാമർവക്ക് ഇടയിലുള്ള സഅ്യാണ്. സഅ്യ് ആരംഭിക്കേണ്ടത് സഫയിൽ നിന്നായിരിക്കണം. സഫയിൽനിന്ന് മർവയിലേക്ക് ഒന്ന്, തിരിച്ചുള്ളനടത്തം രണ്ട് എന്നരൂപത്തിൽ ഏഴു നടത്തമാണ് നടക്കേണ്ടത്. അവസാനിക്കുന്നത് മർവയിലായിരിക്കും. സഫയുടേയും മർവയുടേയുമിടയിൽ പച്ച ലൈററു കൊണ്ട് അടയാളപ്പെടുത്തിയ സ്ഥലത്ത് എത്തുമ്പോൾ പുരുഷന്മാർ ഓടേണ്ടതുണ്ട്. സ്ത്രീകൾക്ക് ഇതു വേണ്ടതില്ല.

സ്വഫയിലേക്ക് നടന്നടുക്കുമ്പോൾ

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللهِ فَمَنْ حَجَّ الْبَيْتَ أَوِاعْتَمَرَ فَلاَ جُنَاحَ عَلَيْهِ أَنْ يَطَّوَّفَ بِهِما وَمَنْ تَطَوَّعَ خَيْرًا فَإِنَّ اللهَ شَاكِرٌ عَلِيمٌ (سورة البقرة ١٥٨)

(ഇന്നസ്വഫാ വൽമർവത്ത മിൻ ശആഇരില്ലാ ഫമൻ ഹജ്ജൽ ബൈത്ത അവിഅ്തമറ ഫലാജുനാഹ അലൈഹി അൻയത്ത്വവ്വഫ ബിഹിമാ വമൻ തത്വവ്വഅഖൈറൻ ഫഇന്നല്ലാഹ ശാകിറുൻ അലീം) (ബഖറ: 158) ‘‘തീർച്ചയായും സ്വഫയും മർവയും അല്ലാഹുവിൻെറ ചിഹ്നങ്ങളിൽ പെട്ടതാണ്. ഹജ്ജോ ഉംറയോ നിർവ്വഹിക്കുന്നവർ അതിൽ (സഅ്യ്) പ്രദക്ഷിണം നടത്തുന്നതിനു വിരോധമില്ല. നന്മയെ അധികരിപ്പിക്കുവാൻ വല്ലവരും ഉദ്ദേശിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹു കൃതജ്ഞനും അറിവുള്ളവനുമാണ്.’’[1] എന്ന ആയത്ത് പാരായണം ചെയ്ത് കയറി

[1] ബഖറ 158



കഅ്ബയുടെ നേരെ തിരിഞ്ഞു നിന്ന് ഇരു കൈകളുമുയർത്തി ഇനി പറയുന്ന പ്രാർത്ഥന മൂന്നു പ്രാവശ്യം പ്രാർത്ഥിച്ച ശേഷം തനിക്കാവശ്യമുള്ള ഇഹപര കാര്യങ്ങൾക്കായി പ്രാർത്ഥിക്കാവുന്നതാണ്.

لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ لاَ إِلَهَ إِلاَّ اللهُ وَحْدَهُ أَنْجَزَ وَعْدَهُ، وَنَصَرَ عَبْدَهُ، وَهَزَمَ الأَحْزَابَ وَحْدَهُ

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാശരീകലഹു, ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ, ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വനസ്വറ അബ്ദഹു, വഹസമൽ അഹ്സാബ വഹ്ദഹു). ‘‘അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. സ്തുതിയും അധികാരവും അവനു തന്നെ. അവൻ എല്ലാററിനും കഴിവുള്ളവനത്രെ. അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല. അവൻ ഏകനാണ്. അവൻ തൻെറ വാഗ്ദത്തം പൂർത്തീകരിച്ചു. തൻെറ ദാസനെ സഹായിച്ചു. ശത്രുസേനകളെ അവൻ ഒററക്ക് പരാജയപ്പെടുത്തി.’’

പിന്നീട് മർവയിലേക്ക് നീങ്ങുക. അങ്ങോട്ടു മിങ്ങോട്ടുമുള്ള നടത്തത്തിനിടയിൽ ഇന്നത് പ്രാർത്ഥിക്കണമെന്ന നിർദ്ദേശമൊന്നുമില്ല. തനിക്കറിയാവുന്ന ദിക്റുകളും പ്രാർത്ഥനകളുമെല്ലാം ആകാവുന്നതാണ്. മർവയിൽ വെച്ചും സ്വഫയിലേതു പോലെ പ്രാർത്ഥിക്കുക. ഇങ്ങിനെ ഏഴു നടത്തം പൂർത്തിയായാൽ ശേഷം മുടിവെട്ടി ഇഹ്റാമിൽ നിന്നൊഴിവാകാവുന്നതാണ്. ഇതോടെ ഉംറയുടെ കർമ്മങ്ങൾ പൂർത്തിയായി.

ഹജ്ജിനോടൊപ്പമല്ലാത്ത സമയത്ത് പുരുഷന്മാർ മുടി കളയലാണുത്തമം. വെട്ടുമ്പോഴും തലയുടെ എല്ലാ ഭാഗത്തുനിന്നും മുടി വെട്ടിക്കേണ്ടതുണ്ട്. രണ്ടോമൂന്നോ മുടി മാത്രം മുറിക്കുന്ന രീതി ശരിയല്ല. എന്നാൽ സ്ത്രീകൾക്ക് ഏതാനും വിരൽ തുമ്പ് നീളത്തിൽ മുടിയുടെഅററം വെട്ടിയാൽമതി.

(ഹജ്ജിനോടൊപ്പമല്ലാത്ത സമയത്തുള്ള ഉംറയുടെ രൂപവും മേൽപറഞ്ഞതുതന്നെയാണ്).

> നബി(സ) തൻെറ ജീവിതത്തിൽ നാല് ഉംറമാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത് ഒന്ന് ഹജ്ജിനോടൊപ്പം, മററുമൂന്നെണ്ണം ദുൽഖഅദ് മാസത്തിലുമാണ്.
> ഒരുയാത്രയിൽ ഒന്നിലധികം ഉംറചെയ്യുന്നരീതി നബി(സ) പഠിപ്പിച്ചുതന്നിട്ടില്ല. മക്കം ഫത്ഹിനോടനുബന്ധിച്ച് നബി(സ) ദിവസങ്ങളോളം മക്കയിൽ താമസിച്ചിട്ടും ഒന്നിലധികം ഉംറ നിർവ്വഹിച്ചിട്ടില്ല. നബിചര്യ പിൻപററുന്നതിലൂടെ മാത്രമേ പുണ്യംനേടാൻ കഴിയുകയുള്ളൂ. അതുമാത്രമാണ് പ്രതിഫലാർഹവും.



# ഹജ്ജിൻെറ കർമ്മങ്ങൾ

ഇഹ്റാം: (തമത്വുഅ് രീതി സ്വീകരിച്ചവർമാത്രം) ദുൽഹജ്ജ് എട്ടിന് താൻ താമസിക്കുന്നിടത്തുനിന്ന് തന്നെ ഉംറയിൽ വിവരിച്ച പ്രകാരം കുളിച്ച് ഇഹ്റാമിൻെറ വസ്ത്രം ധരിച്ച് لَبَّيْكَ حَجاً ലബ്ബൈക്ക ഹജ്ജൻ എന്നുപറഞ്ഞ് ഇഹ്റാമിൽ പ്രവേശിച്ച് തൽബിയത്ത് ചൊല്ലിത്തുടങ്ങുക. ശേഷം മിനായിൽ വെച്ച് ളുഹർ നമസ്കരിക്കാൻ കഴിയുംവിധം മിനായിലേക്ക് പുറപ്പെടുക.

എന്നാൽ ഖിറാൻ രീതി സ്വീകരിച്ചവർ നേരത്തെത്തന്നെ ഇഹ്റാമിലായിരിക്കും. ഇഫ്റാദുകാർ മീഖാത്തിൽ നിന്നുതന്നെ ഇഹ്റാമിൽ പ്രവേശിക്കേണ്ടതുമാണ്.

## ദുൽഹജ്ജ് എട്ട്: (യൗമുത്തർവിയ:) يوم التروية

ഹജ്ജ് കർമ്മങ്ങൾ ആരംഭിക്കുന്നത് ദുൽഹജ്ജ് എട്ട് മുതൽക്കാണ് അന്ന് ളുഹർ മിനായിൽ വെച്ച് നമസ്കരിക്കാവുന്ന വിധത്തിൽ മിനയിലേക്ക് പുറപ്പെടുക. ളുഹർ, അസ്വർ, മഗ്രിബ്, ഇശാഅ് സുബ്ഹി എന്നീ നമസ് കാരങ്ങളെല്ലാം അതാതിൻെറ സമയങ്ങളിലായി, നാല് റക്അത്തുള്ളവ രണ്ടായി ഖസ്റാക്കി (ചുരുക്കി) നമസ്കരിക്കുക. മക്കാനിവാസികളും അല്ലാത്തവരുമെല്ലാം ചുരുക്കിയാണ് നമസ്കരിക്കേണ്ടത്. നബി(സ) മക്കാവിജയ സമയത്ത് മക്കാ നിവാസികളോട് പൂർത്തിയാക്കി നമസ്കരിക്കാൻ കൽപ്പിച്ചു, എന്നാൽ ഹജ്ജത്തുൽ വദാഇൻെറ സമയത്ത് പൂർത്തിയാക്കാൻ കൽപ്പിച്ചിട്ടില്ല. മിനയിൽ വെച്ച് സുബ്ഹി നമസ്കാരം കഴിഞ്ഞ് സൂര്യോദയം വരെ മിനയിൽ തന്നെ കഴിഞ്ഞുകൂടേണ്ടതാണ്.

ദുൽഹജജ് എട്ടിന്  മിനയിലെത്താൻ ഒരാൾക്ക് കഴിഞ്ഞില്ലെങ്കിൽ അയാളുടെ ഹജജിനു കുഴപ്പമൊന്നുമില്ല. ഒരുവിധപ്രായശ്ചിത്തവും ആവശ്യമില്ല. പൂർണ്ണമായും നബിചര്യയോട് യോജിച്ചില്ല എന്നുമാത്രം.

**ദുൽഹജജ് ഒമ്പത്: (അറഫാദിവസം)** يوم عرفة

ദുൽഹജജ് ഒമ്പതിന് സൂര്യോദയത്തിനു ശേഷം അറഫയിലേക്ക് നീങ്ങുക. സാധിക്കുമെങ്കിൽ അറഫക്കു സമീപമുള്ള **നമിറ**: യിൽ ഉച്ചവരെ കഴിച്ചുകൂട്ടുക. അതായിരുന്നു പ്രവാചകചര്യ. ഹജജ് കർമ്മങ്ങളിൽ ഏററവും പ്രധാനപ്പെട്ടത് അറഫയിൽ നിൽക്കലാണ്. നബി(സ) പറഞ്ഞു: ഹജജ് എന്നാൽ അറഫയാണ്. അത്കൊണ്ട് നിൽക്കുമ്പോൾ താൻ നിൽക്കുന്നത് അറഫയുടെ അതിർത്തിക്കുള്ളിൽ തന്നെയാകാൻ പ്രത്യേകം ശ്രദ്ധിക്കണം.

ബത്നുഉർന എന്നഭാഗം അറഫയിൽ പെട്ടതല്ല. എന്നോർക്കുക. പകൽ മുഴുവനും സൂര്യാസ്തമയം വരെ അറഫയിൽ നിൽക്കേണ്ടതാണ്. അസ്തമിക്കുന്നതിനു മുമ്പായി അറഫയിൽ നിന്ന് പുറത്തുപോയാൽ പ്രായശ്ചിത്തമായി ബലികർമ്മം നടത്തേണ്ടതായിവരും. എന്നാൽ നിർബന്ധഘട്ടങ്ങളിൽ മാത്രം ഒരാൾക്ക് ദുൽഹജജ് പത്തിൻെറ പ്രഭാതോദയത്തിനു മുമ്പായി അൽപ്പ സമയമെങ്കിലും അറഫയിൽ നിൽക്കാൻ കഴിഞ്ഞാൽ അത് പരിഗണിക്കപ്പെടും ഹജ്ജ് സ്വീകരിക്കപ്പെടുകയും ചെയ്യും. അതും കഴിയാത്തവിധം അറഫ നഷ്ടപ്പെട്ടവന് ഹജ്ജ് സ്വീകരിക്കപ്പെടണമെങ്കിൽ അടുത്തവർഷം ഖളാഅ് വീട്ടുകയും ബലിനൽകുകയും ചെയ്യേണ്ടതായിവരും.



സൂര്യൻ മദ്ധ്യാഹ്നത്തിൽനിന്നു തെററിയാൽ ഇമാമിൻെറ പ്രസംഗമുണ്ടായിരിക്കും അതിനു ശേഷം ളുഹറും അസ്വറും ഈരണ്ട് റക്അത്താക്കി ചുരുക്കി ളുഹറിൻെറ സമയത്ത് നമസ്കരിക്കുക. ഇങ്ങനെ ഖസ്റാക്കി (ചുരുക്കി) നമസ്കരിക്കൽ എല്ലാവർക്കും ബാധകമാണ്. അസ്വർ ളുഹറിൻെറ സമയത്തേക്ക് മുന്തിക്കാനുള്ള കാരണം ബാക്കി സമയം അസ്തമയം വരെ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടാനാണ്. പ്രാർത്ഥിക്കുമ്പോൾ ഖിബ്ലക്ക് അഭിമുഖമായും കൈകൾ ഉയർത്തിയും താഴ്മയോടെയും ആകാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇന്നത് പ്രാർത്ഥിക്കണമെന്ന് പ്രത്യേക കൽപ്പനകളൊന്നുമില്ല. എന്നാൽ നബി(സ), അറഫാ ദിനത്തിലെ ഏററവും ഉത്തമമായ പ്രാർത്ഥന ഞാനും എൻെറ മുൻഗാമികളും പറഞ്ഞതിലേററവും ഉത്തമമായ വചനങ്ങളാകുന്നു എന്നു പറഞ്ഞ് പഠിപ്പിച്ചത് ഇപ്രകാരമാണ്.

**لاَ إِلَهَ إِلاَّ اللهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ .**

(ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്കലഹു, ലഹുൽ മുൽക്കു വലഹുൽ ഹംദു വഹുവ അലാകുല്ലി ശൈഇൻ ഖദീർ). അല്ലാഹു, അവനല്ലാതെ ആരാധ്യനില്ല അവൻഏകനും പങ്കുകാരില്ലാത്തവനുമാണ്. എല്ലാ സ്തുതികളും ആധിപത്യവും അവനുതന്നെ അവനെല്ലാററിനും കഴിവുള്ളവനുമാണ്. അതുകൊണ്ട് ഇത് പ്രാർത്ഥനയിൽ കൂടുതൽ ഉൾപ്പെടുത്തുന്നത് ഉത്തമമാണ്. നബി(സ) പ്രത്യേകമായി പ്രാർത്ഥനകൾ പഠിപ്പിച്ചില്ലാത്തതിനാൽ, അർത്ഥ മറിയാതെ എന്തെങ്കിലും പ്രാർത്ഥിക്കുന്നതിനേക്കാൾ നമ്മുടെ ആവശ്യങ്ങൾ മനസ്സറിഞ്ഞ് നമുക്കറിയാവുന്ന ഭാഷയിലും ശൈലിയും അല്ലാഹുവിൻെറ മുന്നിൽ സമർ

പ്പിക്കലായിരിക്കും അഭികാമ്യം. അതുപോലെ ഖുർആൻ പാരായണവും മററു ദിക്റുകളും തസ്ബീഹുകളുമെല്ലാം ആകാവുന്നതാണ്. അങ്ങനെ താഴ്മയോടെ മഗ്രിബ് വരെ കഴിച്ചുകൂട്ടിയതിനു ശേഷം മാത്രം അറഫയിൽ നിന്നും പിരിഞ്ഞുപോകുക. മഗ്രിബ് അറഫയിൽവെച്ച് നമസ്ക രിക്കരുത്.

## മുസ്ദലിഫയിലേക്ക്:

അറഫാ ദിവസം സൂര്യനസ്തമിച്ചു കഴിഞ്ഞാൽ തൽബി ത്തു ചൊല്ലി ഹാജിമാർ സാവകാശം മുസ്ദലിഫയിലേ ക്ക് നീങ്ങേണ്ടതാണ്, അവിടെ എത്തിയ ശേഷമായിരിക്ക ണം മഗ്രിബ് നമസ്കരിക്കേണ്ടത്. മഗ്രിബും ഇശാഉം, ജംഉം ഖസ്റുമായി ഒരുബാങ്കും ഓരോ നമസ്കാരത്തിന് പ്രത്യേകം ഇഖാമത്തും കൊടുത്ത് നമസ്കരിച്ചശേഷം സുബ്ഹിവരെ ഉറങ്ങുകയെന്നതാണ് നബിചര്യ. നബി (സ) യേക്കാൾ ഭക്തരാകാൻ നാം ശ്രമിക്കേണ്ടതില്ല. ന ബി(സ) പ്രഭാതം വരെ കിടക്കുകയാ യിരുന്നുവെന്ന് ജാ ബിർ(റ) വിൽനിന്ന് ഇമാം മുസ്ലിം തൻെറ ഹദീസ് ഗ്ര ന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സുബ്ഹി നമസ്കാരം കഴിഞ്ഞു പ്രകാശം പരക്കുന്നതു വരെ നബി(സ) മുസ്ദലിഫയിൽ മശ്അറുൽ ഹറാമിന്ന് അടുത്ത് നിന്ന് അല്ലാഹുവിനെ മഹത്വപ്പെടുത്തിയും ദിക് റും ദുആയും അധികരിപ്പിച്ചും കഴിച്ചുകൂട്ടുകയുണ്ടായി. ഇന്നവിടെ പള്ളിയാണുള്ളത്. അതിനടുത്തേക്കെത്താൻ കഴിഞ്ഞില്ലെങ്കിലും മുസ്ദലിഫയിലെവിടെയാണോ നാമു ള്ളത് അവിടെ വെച്ച് ദിക്റും ദുആയും നടത്താവുന്നതാ ണ്. പിന്നീട് സൂര്യോദയത്തിനു മുമ്പായി മിനയിലേക്ക് പുറപ്പെടേണ്ടതാണ്.



പ്രായാധിക്യം കൊണ്ടുംമററും ബുദ്ധിമുട്ടുള്ളവർക്ക് മാ ത്രം രാത്രിയുടെ അവസാനത്തിൽ വേണമെങ്കിൽ മിന യിലേക്ക് പോകുന്നതിൽ കുററമില്ല. അല്ലാത്തവരെല്ലാം സുബ്ഹിവരെ മുസ്ദലിഫയിൽ കഴിയൽ ഹജ്ജിൻെറ വാജിബുകളിൽ പെട്ടതാണ് അത് നഷ്ടപ്പെടുത്തിയാൽ മൃഗബലി നിർബന്ധമാണ്.

## ദുൽഹജ്ജ് പത്ത്: (ബലിദിനം) يوم النحر

ദുൽഹജ്ജ് പത്തിന് സൂര്യോദയത്തിനു മുമ്പ് ഹാജിമാർ മിനയിലേക്ക് പുറപ്പെടണം. അവിടെയത്തുന്നതു വരെ ത ൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കണം. മിനയിലെത്തിയാ ൽ ആദ്യം നിർവ്വഹിക്കേണ്ടത് ജംറത്തുൽ അഖബയിൽ കല്ലെറിയലാണ്. മിനയുടെ അതിർത്തിയിൽ മക്കയോട് അടുത്തുള്ളതും മൂന്നു ജംറകളിൽ വലുതുമാണ് ജംറ ത്തുൽ അഖബ:. അതിനടുത്തു ചെന്ന് അല്ലാഹു തന്നോ ടു കൽപ്പിച്ച ആരാധനയുടെ ഭാഗമായാണ് താനിതുനിർ വ്വഹിക്കുന്നത് എന്ന മനസ്സോടെ കടല മണിയോളം വലു പ്പമുള്ള ഏഴുകല്ലുകൾ കൊണ്ട് അല്ലാഹുഅക്ബർ എന്നു പറഞ്ഞ് ഏഴു പ്രാവശ്യമായാണ് എറിയേണ്ടത്. എറിയു മ്പോൾ ജംറയുടെ ചുററിലുമായുള്ള തളത്തിലേക്കെങ്കി ലും കല്ലുകൾ വീഴുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം സ്തൂ പത്തിൽ തന്നെ കൊണ്ടുകൊള്ളണമെന്നില്ല. പിശാചിനോ ടുള്ള ഈർഷ്യത തീർക്കാനെന്നവണ്ണം ചെരുപ്പ് പോലു ള്ളവ കൊണ്ട് എറിയുവാൻ പലരേയും പിശാച് പ്രേരിപ്പി ക്കാറുണ്ട് അതിനു വഴങ്ങാതിരിക്കാൻ പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്. പത്തിനോ ശേഷമുള്ളദിവസങ്ങളിലോ എ റിയാനുള്ള കല്ലുകൾ നിശ്ചിത സ്ഥലത്തുനിന്നെടുക്കണ മെന്നോ കഴുകി വൃത്തിയാക്കണമെന്നോ യാതൊരു നിർ

ദ്ദേശവുമില്ല; എന്ന കാര്യം പ്രത്യേകം അറിഞ്ഞിരിക്കുക. ''കഅബ:ത്വവാഫും സഫാ മർവക്കിടയിലെ സഅ്യും ജംറകളിലെ ഏറുമെല്ലാം അല്ലാഹുവിൻെറ സ്മരണ നില നിർത്തുന്നതിനാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്''[1]

## ബലികർമ്മം:

കല്ലേറിയലിന് ശേഷം പിന്നീട് ബലിയറുക്കാനുള്ളവർ അറവു നടത്തുകയാണ് ചെയ്യേണ്ടത്. കഴിയുമെങ്കിൽ സ്വന്തമായിത്തന്നെ അറുക്കുക, മാംസത്തിൽ നിന്നും അൽപ്പം പാകം ചെയ്ത് ഭക്ഷിക്കുക എന്നതെല്ലാം നബിചര്യയിൽ കാണാവുന്നതാണ്.

## മുടികളയൽ/വെട്ടൽ:

അറവിനുശേഷം മുടികളയുകയോ വെട്ടുകയോചെയ്യുക എന്നതാണ് നിർവ്വഹിക്കാനുള്ളത്. പുരുഷന്മാർ കളയലാണുത്തമം. നബി(സ) മുടികളഞ്ഞവർക്കു വേണ്ടി മൂന്ന് പ്രാവശ്യവും വെട്ടിയവർക്കു വേണ്ടി ഒരു തവണയും പ്രാർത്ഥിച്ചതായി ഹദീസുകളിൽ കാണാൻകഴിയും. സ്ത്രീകൾ മുടിയുടെ അററമൽപ്പം വെട്ടിയാൽമതി.

മുടിയെടുക്കുന്നതോടുകൂടി ഇഹ്റാമിൽ നിന്ന് ഏറെക്കുറെ ഒഴിവായി എന്നു പറയാവുന്നതാണ്. ഭാര്യാഭർതൃബന്ധമല്ലാത്ത, ഇഹ്റാമിൽ നിഷിദ്ധമായിരുന്നതെല്ലാം ഇനിമുതൽ അനുവദനീയ മായിക്കഴിഞ്ഞു. ബാക്കിയുള്ള കർമ്മങ്ങളെല്ലാം സാധാരണ വസ്ത്രം ധരിച്ചുകൊണ്ട് നിർവ്വഹിച്ചാൽമതി. ഇതിന് ഒന്നാം തഹല്ലുല് എന്നാണ് പറയുക.

[1] നബിവചനം



## ത്വവാഫുൽ ഇഫാദത്ത്: സഅ്യ്:

അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക: ''പിന്നീട് അവർ തങ്ങളുടെ അഴുക്കുനീക്കുകയും നേർച്ചകൾ നിറവേററുകയും പുരാതനമായ ആ മന്ദിരം പ്രദക്ഷിണം ചെയ്യുകയും ചെയ്യട്ടെ.''[1]

ഹജ്ജിൻെറ റുക്നുകളിലെണ്ണിയ നിർബന്ധ ത്വവാഫാണിത്. ഇത് (ത്വവാഫുൽ ഇഫാദത്ത്) എല്ലാവരും നിർവ്വഹിക്കേണ്ടതാണ്.

ഇഫ്റാദായും ഖിറാനായും ഹജ്ജ്ചെയ്യുന്നവർ നേരത്തെ ത്വവാഫിനോടൊപ്പം സഅ്യ് ചെയ്തവരാണെങ്കിൽ അതു മതിയാകുന്നതാണ് അവർ വീണ്ടും സഅ്യ് ചെയ്യേണ്ടതില്ല. എന്നാൽ തമത്വുഅ് രീതിയിലുള്ളവർ നേരത്തെ നിർവ്വഹിച്ചത് ഉംറയുടെ സഅ്യായാണ് ഗണിക്കുക. അവർ വീണ്ടും സഅ്യ് ചെയ്യേണ്ടതാണ്. എന്നാലത് ദുൽഹജ്ജ് പത്തിനുതന്നെ നിർവ്വഹിക്കൽ നിർബന്ധമില്ല. അയ്യാമുത്തശ്രീഖ് എന്നറിയപ്പെടുന്ന 11, 12, 13 എന്നീ ദിവസങ്ങളിലേക്ക് പിന്തിക്കാവുന്നതാണ്. നബി(സ)യുടെ ഹജ്ജ് വിവരിക്കുന്ന ഹദീസുകളിൽ അദ്ദേഹം പിന്നീട് ത്വവാഫ് നിർവ്വഹിക്കുകയും മക്കയിൽവെച്ച് ളുഹർ നമസ്കരി ക്കുകയും ചെയ്തു എന്ന്കാണാവുന്നതാണ്.

ത്വവാഫുൽ ഇഫാദത്തും സഅ്യും നിർവ്വഹിക്കുന്നതോടെ ഇഹ്റാമിൽനിന്നും പരിപൂർണ്ണമായും സ്വതന്ത്രനായിക്കഴിഞ്ഞു. ഭാര്യാഭർതൃബന്ധമടക്കം എല്ലാം അനുവദനീയമായി.

[1] ഹജ്ജ് 29

ദുൽഹജ്ജ് പത്തിനു നിർവ്വഹിക്കേണ്ട കർമ്മങ്ങളുടെ, പ്രവാചകൻ നിർവ്വഹിച്ച ക്രമമാണ് മുകളിൽ വിവരിച്ചത്. (ജംറത്തുൽ അഖബയിലെ ഏറ്, ബലികർമ്മം, മുടിയെടുക്കൽ, ത്വവാഫ്, സഅ്യ്). എന്നാൽ മേൽപറഞ്ഞ ക്രമത്തിൽ തന്നെ നിർവ്വഹിക്കൽ നിർബന്ധമൊന്നുമല്ല. ഏറ്, അറവ്, മുടിയെടുക്കൽ എന്നിവ അങ്ങോട്ടുമിങ്ങോട്ടും ക്രമം തെററിച്ചു നിർവ്വഹിക്കുന്നതിനും വിരോധമില്ലെന്നാണ് നബി(സ)യോട് സ്വഹാബികൾ അതിനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം വ്യക്തമാക്കിയത്.

## ദുൽഹജ്ജ് 11, 12, 13.

### മിനായിൽ രാപ്പാർക്കലും ജംറകളിലെ ഏററും:

ദുൽഹജ്ജ് പത്തിൻെറ ശേഷിക്കുന്ന പകലും അയ്യാമുത്തശ്‌രീഖിൻെറ രാത്രികളിലും മിനയിൽ താമസിക്കുക എന്നതും ഹജ്ജിൻെറ വാജിബുകളിൽ പെട്ടതാണ്. എന്നാൽ ഹജ്ജുമായി ബന്ധപ്പെട്ട, ഒഴിച്ചുകൂടാൻ പററാത്ത കാരണങ്ങളുള്ളവർക്ക് നബി(സ) ഇളവു നൽകിയിട്ടുണ്ട്. അബ്ദുല്ലാഹിബ്നു അംറ് (റ) പറയുന്നു: അബ്ബാസുബ്നു അബ്ദുൽമുത്തലിബ്(റ) ഹാജിമാർക്ക് വെള്ളം കൊടുക്കേണ്ട ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടതിനാൽ മിനയിൽ താമസിക്കുന്നതിൽ നിന്നും വിട്ടുനിൽക്കാൻ അനുവാദം ചോദിക്കുകയും നബി(സ) അദ്ദേഹത്തിന് ഇളവ് അനുവദിക്കുകയും ചെയ്തു[1]. അതിനാൽ അത്തരത്തിലുള്ള പ്രതിബന്ധങ്ങളില്ലാത്ത മററെല്ലാവരും മിനയിൽ കഴിച്ചുകൂട്ട

[1] ബുഖാരി, മുസ്‌ലിം



ലും 11, 12, 13 ദിവസങ്ങളിൽ മൂന്നു ജംറകളിൽ ഏഴു വീതം കല്ലുകൾകൊണ്ട് എറിയലും നിർബന്ധമാണ്.

ആദ്യം മസ്ജിദുൽ ഖൈഫിനോടടുത്തുള്ള ജംറത്തുൽ ഊലയിലാണ് എറിയേണ്ടത്. ദുൽഹജ്ജ് 11, 12, 13 ദിവസങ്ങളിൽ ഉച്ചതിരിഞ്ഞശേഷം (സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നും തെററിയശേഷം) മാത്രമാണ് എറിയാൻ നിശ്ചയിക്കപ്പെട്ട സമയമെന്നത് പ്രത്യേകം ശ്രദ്ധിച്ചിരിക്കണം. കാരണം പലരും രാവിലെ മുതൽ തന്നെ എറിയുന്നതായി കാണാറുണ്ട്. ഇത് നബി(സ)യടെ ചര്യക്ക് വിരുദ്ധമാണ്. ജാബിർ(റ)പറയുന്നു: ''നബി(സ) ദുൽഹജ്ജ്പത്തിന് ളുഹാ സമയത്തും മററു ദിവസങ്ങളിൽ ഉച്ചക്കു ശേഷവുമാണ് എറിഞ്ഞിട്ടുള്ളത്.'' (മുസ്‌ലിം) അപ്രകാരം തന്നെയായിരുന്നു സ്വഹാബികളും. ഉച്ചക്ക് മുമ്പ് എറിയൽ അനുവദനീയമായിരുന്നെങ്കിൽ നബി(സ) അപ്രകാരം ചെയ്യുമായിരുന്നു. കാരണം അദ്ദേഹം തൻെറ സമുദായത്തിന് എളുപ്പമുള്ള കാര്യങ്ങളായിരുന്നു എപ്പോഴും കൽപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നത്.

ആദ്യം ജംറത്തുൽ ഊലയിലാണ് എറിയേണ്ടത്. ഏഴു കല്ലുകൾ കൊണ്ട് ഏഴുപ്രാവശ്യമായി തക്ബീർ ചൊല്ലിയെറിഞ്ഞ് അൽപം മുന്നോട്ടു നീങ്ങി കൈകളുയർത്തി ഖിബ്ലക്ക് അഭിമുഖമായി ഏറെനേരം പ്രാർത്ഥിക്കണം. പിന്നീട് മദ്ധ്യത്തിലുള്ള ജംറത്തുൽ വുസ്തയിലും അപ്രകാരം നിർവ്വഹിക്കണം. അതിനു ശേഷം പത്തിനെറിഞ്ഞ ജംറത്തുൽ അഖബയിലും എറിയേണ്ടതാണ്. എന്നാൽ ജംറത്തുൽ അഖബയിൽ എറിഞ്ഞ ശേഷം നബി (സ) പ്രാർത്ഥിച്ചിട്ടില്ലാത്തതിനാൽ അവിടെ വെച്ച് പ്രാർത്ഥിക്കൽ സുന്നത്തില്ല. മേൽപറഞ്ഞ ക്രമത്തിൽ ദുൽഹജ്ജ് പന്ത്രണ്ടിനും പതിമൂന്നിനും എറിയേണ്ടതുണ്ട്. സ്വന്തമായി

എറിയാൻ ബുദ്ധിമുട്ടുള്ളവർക്ക്, പകരം മറ്റൊരാളെ എറിയാൻ ചുമതലപ്പെടുത്താവുന്നതാണ്. അയാൾ തനിക്കുള്ള ഏറ് നിർവ്വഹിച്ച ശേഷമായിരിക്കണം എറിയാൻ ഏൽപ്പിച്ചവർക്ക് എറിയേണ്ടത്.എറിയുന്നതിനുള്ള തുടക്ക സമയം മാത്രമാണ് വ്യക്തമാക്കിയിട്ടുള്ളത് അവസാന സമയം പറഞ്ഞു തന്നിട്ടില്ലാത്തതിനാൽ രാത്രിയും എറിയാവുന്നതാണ്. ജംറത്തുൽ ഊലയിലും വുസ്തയിലും എറിഞ്ഞശേഷമുള്ള പ്രാർത്ഥന പലരും അജ്ഞതമൂലമോ അലസത കാരണത്താലോ ഉപേക്ഷിക്കുന്നത് കണ്ടിട്ടുണ്ട്. അറിഞ്ഞു കൊണ്ട് ചെയ്യാതിരിക്കുമ്പോൾ അത് നബി ചര്യയെ ധിക്കരിക്കലായിരിക്കും. അതിനാൽ അൽപ്പസമയമെങ്കിലും മേൽപറഞ്ഞ സുന്നത്തനുസരിച്ച്, ഒന്നുംരണ്ടും ജംറകളിലെ ഏറിന്നു ശേഷം മാത്രം നാമും പ്രാർത്ഥിക്കേണ്ടതാണ്.

പതിനൊന്നിനും പന്ത്രണ്ടിനും എറിയുന്നതോടെ വാജിബ് നിർവ്വഹിച്ചു കഴിഞ്ഞതായി പരിഗണിക്കപ്പെടും. അതിനാൽ പന്ത്രണ്ടിൻെറ ഏറു കഴിഞ്ഞ് ആർക്കെങ്കിലും പതിമൂന്നിന് എറിയുന്നതിനു മുമ്പ് പോകേണ്ടതുണ്ട് എങ്കിൽ അതിനു വിരോധമില്ല. എന്നാൽ പതിമൂന്നിനു കൂടി എറിയലാണ് പരിപൂർണ്ണത. നബി(സ) പതിമൂന്നിനുകൂടി എറിഞ്ഞിട്ടുണ്ട്. പന്ത്രണ്ടിന് എറിഞ്ഞു മതിയാക്കി പോകുന്നവർ അന്ന് സൂര്യൻ അസ്തമിക്കുന്നതിന് മുമ്പായി മിനയിൽ നിന്നും സ്ഥലം വിട്ടുകെള്ളണം. എന്നാൽ പോകാൻ തീരുമാനിക്കുകയും തിരക്കുകാരണത്താലോ മറ്റോ അസ്തമയത്തിനു മുമ്പായി പുറത്തു കടക്കാൻ കഴിയാതെ വന്നാൽ അതിനു വിരോധമില്ല. ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക: ‘‘ആരെങ്കിലും രണ്ട് ദിവസം കൊണ്ട് മതിയാക്കി ധൃതിപ്പെട്ടു പോകുന്നപക്ഷം അവർക്ക് കുറ്റമില്ല.



ഒരു ദിവസംകൂടി താമസിച്ചുപോകുന്നു വെങ്കിൽ അതിലും കുറ്റമില്ല’’[1] എന്നാൽ സൂചിപ്പിക്കപ്പെട്ട ആയത്തിലെ രണ്ട് ദിവസം എന്നത് ദുൽഹജ്ജ് പത്ത്, പതിനൊന്ന് എന്ന് കണക്കുകൂട്ടി പതിനൊന്നിനു തന്നെ സ്ഥലംവിടുന്നത് ന്യായീകരിക്കാവതല്ല. അതിനുമാതൃകയുമില്ല.

## ത്വവാഫുൽ വിദാഅ്:

മിനയിലെ രാപ്പാർക്കലും ജംറകളിലെ ഏറും കഴിഞ്ഞാൽ ഹജ്ജ് കർമ്മങ്ങളിൽ ബാക്കിയുള്ളത് ത്വവാഫുൽവിദാഅ് (വിടവാങ്ങൽ ത്വവാഫ്) മാത്രമാണ്. നബി(സ) പറഞ്ഞു: ‘‘നിങ്ങളാരും തന്നെ അവസാന കർമ്മം ത്വവാഫായിക്കൊണ്ടല്ലാതെ യാത്രതിരിക്കരുത്.’’ അതുകൊണ്ട് അവസാന കർമ്മം ത്വവാഫായിത്തീരുന്ന നിലക്കായിരിക്കണം അതു നിർവ്വഹിക്കുന്നത്. അതിനുശേഷം യാത്രാ സംബന്ധമായ ആവശ്യങ്ങൾക്കല്ലാതെ മക്കയിൽ തങ്ങാൻ പാടുള്ളതല്ല. ത്വവാഫിനുശേഷം പിന്നേയും കഴിഞ്ഞു കൂടേണ്ടിവന്നാൽ യാത്രാ സമയത്ത് വീണ്ടും ത്വവാഫ് നിർവ്വഹിക്കേണ്ടതുണ്ട്. ഈ രംഗത്തും ചിലർ സൂത്രത്തിൽ എളുപ്പത്തിൽ രക്ഷപ്പെടണമെന്നു കരുതി ജംറകളിലെ ഏറിന്നു മുമ്പായി ത്വവാഫ്ചെയ്യാറുണ്ട്. അത് ശരിയായ രീതിയല്ല. ത്വവാഫുൽ വിദാഅ് ഹജ്ജിൻെറ വാജിബുകളിൽ പെട്ടതാണ് അതിൽ വീഴ്ചവരുത്തിയാൽ പ്രായശ്ചിത്തമായി ബലിയറുത്താൽ മാത്രമേ കർമ്മം സ്വീകരിക്കപ്പെടുകയുള്ളൂ. എന്നാൽ സ്ത്രീകൾ ഈ ത്വവാഫിനുമുമ്പായി അശുദ്ധിയുള്ളവരായാൽ അവർക്ക് ഇതിൽ നിന്നും ഇള

[1] ബഖറ 203

വു നൽകപ്പെട്ടിട്ടുണ്ട്[1]. അവർ ത്വവാഫിനുവേണ്ടി കാത്തു നിൽക്കുകയോ പ്രായശ്ചിത്തം നൽകുകയോ ചെയ്യേണ്ട തില്ല. ത്വവാഫുൽ വിദാഉ കൂടി നിർവ്വഹിക്കുന്നതോടു കൂടി ഹജ്ജുകർമ്മങ്ങളെല്ലാം പൂർത്തിയായിക്കഴിഞ്ഞു.

## ഹജ്ജിൻെറ ആത്മാവ്:

ഹജ്ജ് സാമ്പത്തികവും ശാരീരികവും മാനസികവുമായ കാര്യങ്ങൾ സമ്മേളിച്ച മഹത്തായൊരു ആരാധനയാണ്. തുടക്കം മുതൽ ഒടുക്കം വരേക്കും അതൊരു ഇബാദ ത്താണ് എന്ന ബോധം നിലനിർത്താൻ കഴിയുമ്പോൾ മാ ത്രമേ നിർദ്ദേശിച്ച പ്രതിഫലം നേടിയെടുക്കാൻ സാധ്യ മാവുകയുള്ളൂ. ഹജ്ജുകർമ്മങ്ങളിലധികവും മഹാനായ ഇബ്റാഹീംനബി(അ) യുടേയും കുടുംബത്തിൻേറയും ത്യാഗോജ്ജ്വലമായ വിശ്വാസത്തിൻേറയും, അവർണ്ണനീ യമായ ത്യാഗത്തിൻേറയും ചരിത്രമാണ് ഓർമ്മിപ്പിക്കുന്ന ത്. നൂററാണ്ടുകൾക്കു മുമ്പ് കഴിഞ്ഞുപേയ ആചരിത്രം നാം ഹജ്ജ് കർമ്മത്തിലൂടെ ജീവിതത്തിലഭിനയിച്ച് അ നുസ്മരിക്കുന്നു. മുന്നോട്ടുള്ള ജീവിതത്തിൽ അതനുസ രിച്ച് ജീവിക്കാനുള്ള പ്രതിജ്ഞയെടുക്കലായിരിക്കണം നാം അതിൽ നിന്നും ഏററെടുക്കേണ്ടത്.

### തൗഹീദിൻെറ വിളംബരം:

ഹജ്ജു കർമ്മങ്ങൾ, ഇഹ്റാമിൽ പ്രവേശിച്ച് തൽബിയ ത്ത് മുതൽ ത്വവാഫുൽ വിദാഅ് വരെയുള്ള എല്ലാ കർ മ്മങ്ങളും തൗഹീദ് (ഏകദൈവവിശ്വാസം) മനസ്സിലും ജീ

[1] ബുഖാരി



വിതത്തിലും ഊട്ടിയുറപ്പിക്കാനാണ് നമ്മെ പ്രേരിപ്പിക്കുക യും പഠിപ്പിക്കുകയും ചെയ്യുന്നത്. നാഥാ, പങ്കു കാരില്ലാ ത്ത ഏകനായ നാഥാ എന്ന് ദിവസങ്ങളോളം രാപ്പ കൽ വ്യത്യാസമില്ലാതെ ഏററു പറഞ്ഞ ഒരു ഹാജിക്ക് എങ്ങി നെ അല്ലാഹുവല്ലാത്തവരെ ആശ്രയിക്കാനും അവരെ വി ളിച്ചു പ്രാർത്ഥിക്കാനും സങ്കടമുണർത്തി സഹായമർത്ഥി ക്കാനും സാധിക്കും!?. ഇല്ല, അതൊരിക്കലുമുണ്ടായിക്കൂ ടാ. തൗഹീദിന്നുവേണ്ടി ജീവിച്ച് ആമാർഗ്ഗത്തിൽ നിരവധി പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് സാക്ഷാൽ അഗ്നി പരീക്ഷണത്തിനു വിധേയനായ ഇബ്റാഹീം ന ബി(അ)യുടേയും കുടംബത്തിൻേറയും ജീവിതമാർഗ്ഗത്തി ൽ നിന്നും വ്യതിചലിച്ച് അല്ലാഹുവോടല്ലാതെ പ്രാർത്ഥി ക്കുകയും നേർച്ചവഴിപാടുകൾ അർപ്പിക്കുകയും ചെയ്യു ന്ന, ഇസ്ലാമിൻേറതല്ലാത്ത മാർഗ്ഗമാണ് തിരഞ്ഞെടുക്കു ന്നതെങ്കിൽ അവൻ ഹജ്ജെന്തെന്ന് മനസ്സിലാക്കിയിട്ടില്ല. ഇബ്റാഹീംനബിയുടെ പ്രഖ്യാപനം നമുക്ക് ഖുർആൻ പറഞ്ഞു തരുന്നത് കാണുക: ''തീർച്ചയായും നിങ്ങൾക്ക് ഇബ്റാഹീമിലും അദ്ദേഹത്തിൻെറകൂടെയുള്ളവരിലും ഉ ത്തമമായ മാതൃകയുണ്ട് . അവർ തൻെറ ജനതയോട് പറ ഞ്ഞ സന്ദർഭം ഓർക്കുക: ഞങ്ങൾ നിങ്ങളിൽ നിന്നും നി ങ്ങളാരാധിക്കുന്നതിൽ നിന്നും ഒഴിവാകുന്നു. നിങ്ങളെ ഞങ്ങൾ നിഷേധിക്കുക തന്നെ ചെയ്യും. നിങ്ങൾ ഏകനാ യ അല്ലാഹുവിൽ വശ്വസിക്കുന്നതു വരെ ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ ശത്രുതയും വിദ്വേഷവും നിലനിൽ ക്കുകതന്നെചെയ്യും.''[1] എന്നിട്ടദ്ദേഹം പറഞ്ഞത് കാണുക: ''നിങ്ങളെയും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു

[1] മുംതഹിന 3

പ്രാർത്ഥിക്കുന്നവയേയും ഞാനിതാ കയ്യൊഴിക്കുന്നു.
ഞാൻ എൻെറ രക്ഷിതാവിനോടു പ്രാർത്ഥിക്കുകയും ചെ
യ്യും.''[1]
ഈയൊരാശയം ജീവിതത്തിൽ കാത്തുസൂക്ഷിക്കാൻ ന
മുക്ക് കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ നമ്മുടെ കർമ്മ
ങ്ങൾ സ്വീകരിക്കുകയുള്ളൂ. നമുക്കതിലൂടെ സ്വർഗ്ഗം നേ
ടുവാൻ സാധിക്കുകയുമുള്ളൂ.

## പ്രതീക്ഷയും അർപ്പണ ബോധവും

ഹാജറാ ബീവിയുടെ ജീവിതം, വിജനമായ മരുഭൂമിയിൽ
പിഞ്ചു പൈതലിനേയും തന്നേയും തനിച്ചാക്കിക്കൊണ്ട്
തിരിച്ചുപോകുന്ന ഭർത്താവിനോട് ഇത് 'അല്ലാഹുവിൻെറ
കൽപ്പനപ്രകാരമാണെങ്കിൽ അവൻ ഞങ്ങളെ കയ്യൊഴി
ക്കുകയില്ല' എന്നു പറഞ്ഞ ആ മനസ്സിൻെറ വിശ്വാസം.
അതെ ആ മഹതിയുടെ, പടച്ചവനിലുള്ള വിശ്വാസവും, മ
രുഭൂമിയിൽ നീരുറവ (സംസം) നൽകി അല്ലാഹു അവ
രെ സഹായിച്ചതുമെല്ലാം നേരിൽ കാണുകയും അയ
വിറക്കുകയും അവരുടെ അന്നത്തെ പരിശ്രമം സഅ്യി
ലൂടെ അഭിനയിക്കുകയും ചെയ്യുന്ന ഹാജിയുടെ മനസ്സി
ൽ, തൻെറ ജീവിതവും അല്ലാഹുവിന്നർപ്പിച്ച് അവനിൽ
മാത്രം പ്രതീക്ഷയർപ്പിച്ചു ജീവിക്കാനുള്ള പ്രതിജ്ഞ പു
തുക്കലായിരിക്കണം. അതെ, അല്ലാഹുവിൻെറ വാഗ്ദാ
നം അതെത്ര സത്യം!! ''ആർ അല്ലാഹുവിനെ സൂക്ഷിച്ചു
ജീവിക്കുന്നുവോ അവർക്കവൻ മാർഗ്ഗം കാണിച്ചു കൊ
ടുക്കുകയും അവൻ വിചാരിക്കാത്ത വഴിയിലൂടെ ഉപജീ
വനം നൽകുകയും ചെയ്യും, ..ആർ അല്ലാഹുവിൽ ഭരമേ

[1] മറിയം 48



ൽപ്പിക്കുന്നുവോ അവന്നല്ലാഹുമതി, അവൻെറകാര്യങ്ങൾ
അല്ലാഹു പൂർത്തിയാക്കിക്കൊടുക്കും''[1]

## നാം, മനുഷ്യരൊന്ന്; നമ്മുടെ നാഥനൊന്ന്

ഹജ്ജിൻെറ ഓരോകർമ്മങ്ങളിലും ''തീർച്ചയായും നി
ങ്ങൾ ഒരൊററ സമുദായം ഞാൻനിങ്ങളുടെ നാഥനും അ
തിനാൽ നിങ്ങളെന്നെ മാത്രം ആരാധിക്കുക''[2] എന്ന ദൈ
വീക വചനം മനുഷ്യൻ കണ്ണുനിറയെ കാണുകയാണ്.
ലോകവിശ്വാസികളെല്ലാവരും ഒരു വിഷയത്തിൽ ഒന്നി
ക്കുന്ന ഒരേയൊരു ബിന്ദു; അതത്രെ ഹജ്ജ്. വിശേഷി
ച്ചുംഅറഫ:. രാജാവും പ്രജയും പണക്കാരനും പണിക്കാ
രനും, അടിമയും ഉടമയും, സ്വദേശിയും വിദേശിയും, സ്
ത്രീയും പരുഷനും അവരവരുടെ ദേശവും ഭാഷയും വേ
ഷവുമെല്ലാം മറന്ന് ഒരേ വസ്ത്രംധരിച്ച് ഒരേ മന്ത്രമുരുവി
ട്ട് ഒരേലക്ഷ്യത്തിലൊന്നായിത്തീരുന്ന രംഗം.! സമത്വത്തി
ൻേറയും സാഹോദര്യത്തിൻേറയും സാമൂഹിക ബോധ
ത്തിൻേറയും ഉദാത്തമായ മാതൃക. പ്രതിബന്ധങ്ങളാലും
മററും അങ്ങോട്ടെത്തിപ്പെടാൻ കഴിയാത്തവരും ആ കർ
മ്മത്തോടും പ്രസ്തുത ആശയത്തോടും ഐക്യപ്പെടാൻ
ആ ദിവസത്തിൽ അറഫാ ദിനത്തിൽ നോമ്പനുഷ്ഠിക്കു
ന്നു. എന്തൊരുമഹനീയമാതൃക!!

## തികഞ്ഞ അനുസരണബോധം:

മിനയിലും മുസ്ദലിഫയിലും രാത്രി താമസിക്കുന്ന ഹാ
ജിമാർ പടച്ചവനെന്തു കൽപ്പിച്ചാലും അത് അനുസരിക്കാ

[1] ത്വലാഖ് 2,3
[2] അമ്പിയാഅ് 92

നുള്ള തയ്യാറെടുപ്പ്, ഹജജ്കർമ്മത്തോടൊപ്പം ഒന്നുകൂടി ഉറപ്പിക്കുകയാണ്. മററു കാലങ്ങളിൽ കൊട്ടാരങ്ങളിലും ബംഗ്ലാവുകളിലും അറകളിലും എന്നുവേണ്ട വിവിധങ്ങ ളായ സുഖ സമൃദ്ധികളിൽ കിടന്നുറങ്ങി ശീലിച്ച മനുഷ്യ ർ ഭൂമി വിരിപ്പും ആകാശം പുതപ്പുമെന്ന മട്ടിൽ അന്തി യുറങ്ങുന്നു. ഒരു ദിവസം പോലും വീട്ടിൽനിന്നും വിട്ടു നിൽക്കാൻ കഴിയാത്തവർ, ഇണകളുമൊത്തല്ലാതെ ജീവി ച്ചു ശീലിച്ചിട്ടില്ലാത്തവർ എല്ലാം മറന്ന് ദിവസങ്ങളോളം കഴിച്ചു കൂട്ടുന്നു. അതെ, പടച്ചവനേ നീയെന്തു കൽപ്പി ച്ചാലും ഞാനത് ഏറെറടുക്കാൻ സന്നദ്ധനാണ് എന്ന് ജീ വിതത്തിലൂടെ തെളിയിച്ചത് ആത്മാർത്ഥതയോടെയാണ് എങ്കിൽ, അതിനേക്കാൾ എളുപ്പമുള്ള കൽപ്പനകൾ പാലി ക്കുകയും ഉൾക്കൊണ്ട് ജീവിക്കുകയും ചെയ്യുമ്പോൾ മാ ത്രമല്ലേ അവൻെറ ഹജജും ഉംറയുമെല്ലാം അർത്ഥവത്താ വുകയുള്ളൂ.

ദുൽഹജജ്എട്ടിന് മിനായിൽ താമസിച്ചശേഷം, പതിനൊ ന്ന് പന്ത്രണ്ട് പതിമൂന്ന് ദിവസങ്ങളിൽ പിന്നേയുമതാ താ മ സിക്കാൻ പറയുന്നു.! എങ്കിൽ അത് ഒന്നിച്ചായിക്കൂടെ, എന്ന് ചിന്തിക്കുന്നില്ല; എന്തിനു വീണ്ടുമെന്ന്, മറുചോദ്യ വുമില്ല. ജംറകളിലെ ഏറ് മൂന്ന് ദിവസങ്ങളിലെന്തിന് 21 വീതം കല്ലുകൾ ഒററത്തവണയായി ഒരു ദിവസം എറി ഞ്ഞാൽ പോരെ, എന്നിങ്ങനെ ഒരു പക്ഷേ തനിക്കുത്തരം കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ പോലും അല്ലാഹുവി ൻെറ ആജ്ഞയാണോ, പ്രവാചകൻ കൽപ്പിച്ചതാണോ എങ്കിൽ ഞാൻ അനുസരിക്കും എന്നവൻ പ്രവൃത്തിയി ലൂടെ തെളിയിക്കുന്നു. ഈ ഒരനുസരണം തൻെറ ഭാവി ജീവിതത്തിൽ കൂടി നിലനിൽക്കുമ്പോൾ മാത്രമേ അല്ലാ ഹുവേ നിൻെറവിളി ഞാൻകേട്ടിരിക്കുന്നു എന്ന് ദിവസ



ങ്ങളോളം രാപ്പകലിടവില്ലാതെ താൻ മുഴക്കിയ തൽബിയ ത്ത് ഫലവത്താവുകയുള്ളൂ.

## എല്ലാം അല്ലാഹുവിന്

ത്വവാഫ്, ബലി, പ്രാർത്ഥന എല്ലാം അല്ലാഹുവുമായി ബ ന്ധപ്പെട്ടുമാത്രം. അത് മററാർക്കും അവകാശപ്പെടുന്നില്ല എന്ന കാര്യം ദിവസങ്ങളോളം നീണ്ടുനിന്ന ത്യാഗ പരി ശ്രമങ്ങളിലൂടെ അനുഷ്ഠിച്ച ഹജജ്കർമ്മങ്ങളിലൂടെ അവ നൊന്നുകൂടി മനസ്സിലാക്കി പ്രതിജ്ഞപുതുക്കുന്നു. അ തെ ഉപകാരം നൽകുന്നതും ഉപദ്രവത്തെ തടുക്കുന്നതു മെല്ലാം അല്ലാഹുമാത്രം എന്ന ദൃഢവിശ്വാസം അവനെ അതിനു പ്രേരിപ്പിക്കുന്നു. ഹജറുൽ അസ്വദ് ചുംബിച്ചു കൊണ്ട് മഹാനായ ഉമർ(റ) പറഞ്ഞവാക്ക് അതായിരിക്ക ണം അന്നേരത്ത് പോലും നമ്മിലുണ്ടായിരിക്കേണ്ടത്. ''കല്ലേ, നീ ഒരു കല്ലു മാത്രമാണ്, എനിക്കെന്തെങ്കിലും ഉ പകാരം ചെയ്തുതരുവാനോ, ഉപദ്രവത്തിൽ നിന്ന് എ ന്നെ രക്ഷപ്പെടുത്തുവാനോ നിന്നെക്കൊണ്ടാകില്ല; എന്ന് എനിക്കറിയാം അല്ലാഹുവിൻെറ റസൂൽ നിന്നെ ചുംബി ക്കു ന്നത് ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ ഞാൻ നി ന്നെ ചുംബിക്കുമായിരുന്നില്ല.''[1]

മേൽ പറഞ്ഞതായ തത്വങ്ങൾ മനസ്സിലാക്കിക്കൊണ്ട് പ്ര വാചകൻ(സ) യുടെ മാതൃകയനുസരിച്ച് മാത്രം ഹജജും ഉംറയും, മററു മുഴുവൻ കർമ്മങ്ങളും നാം നിർവ്വഹിക്കു ക. അതിലൂടെ നമ്മിലുണ്ടാകണമെന്ന് ഇസ്ലാം ആവശ്യ പ്പെടുന്ന സദ്ഗുണങ്ങൾ ഉൾക്കൊണ്ട് ജീവിതം നയിക്കു ക. അതിനായി പ്രതിജ്ഞയെടുക്കുക. നമ്മുടെ ഹജ്ജു ക

[1] **ബുഖാരി**

ർമ്മത്തെയെന്നു മാത്രമല്ല, മുഴുവൻ സൽ ക്കർമ്മങ്ങളെ ക്കൂടി നിഷ്ഫലമാക്കി, ശാശ്വതനരകാവകാശിയാക്കി മാററുന്ന ശിർക്കിൽ നിന്നും, നരകത്തിലേക്ക് എന്ന് നബി (സ) ആവർത്തിച്ചു പറഞ്ഞ ബിദ്അത്തുകളിൽ നിന്നും നാം വിട്ടുനിൽക്കുക. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ).

അല്ലാഹു മഖ്ബൂലും മബ്റൂറുമായ (സ്വീകാര്യവും പുണ്യകരവുമായ) നിലയിൽ ഹജ്ജും ഉംറയും നിർവ്വഹിക്കുവാനും അതിൻെറ ചൈതന്യം ജീവിതത്തിലുടനീളം കാത്ത് സൂക്ഷിക്കുവാനും മുഴുവൻ സഹോദരങ്ങൾക്കും തൗഫീഖ് നൽകട്ടെ. തങ്ങളുടെ മാതാക്കൾ തങ്ങളെ പ്രസവിച്ച ദിവസത്തിലേതു പോലെ പാപമുക്തരായി തിരിച്ചുവരാനും, പ്രതിഫലമായി സ്വർഗ്ഗം കരസ്ഥമാക്കുവാനും ഹജ്ജുചെയ്യുന്ന മുഴുവൻ സഹോദരങ്ങൾക്കും അല്ലാഹു തൗഫീഖ് നൽകട്ടെ.(ആമീൻ).

## മദീനാസന്ദർശനം

മദീനാ സന്ദർശനം ഹജ്ജിൻേറയോ ഉംറയുടേയോ ഭാഗമല്ല എന്നതാണ് ഒന്നമതായി അറിഞ്ഞിരിക്കേണ്ടവിഷയം. മദീനാ പള്ളിയിൽ (മസ്ജിദുന്നബവിയിൽ) വെച്ചുള്ള നമസ്കാരം മസ്ജിദുൽ ഹറാമല്ലാത്ത മററു പള്ളികളിൽ വെച്ചുള്ള നമസ്കാരത്തേക്കാൾ ആയിരമിരട്ടി പ്രതിഫലാർഹമാണ് (നബിവചനം).

പ്രസ്തുത പുണ്യം ആഗ്രഹിച്ചു മദീനയിൽ പോകാവുന്നതാണ്. മദീനയിലെത്തുന്ന പുരുഷന്മാർക്ക് നബി(സ) യുടേയും അബൂബക്കർ, ഉമർ(റ) എന്നിവരുടേയും ഖബറുകൾ സന്ദർശിക്കലും അവർക്ക് അല്ലാഹുവിൻെറ രക്ഷ



യുണ്ടാകട്ടെ എന്ന്സലാം പറയലും, പ്രാർത്ഥിക്കലും സുന്നത്താണ്.

നബിയുടെ വീടിൻേറയും (ഇപ്പോൾ ഖബർ സ്ഥിതി ചെയ്യുന്ന സ്ഥലം) മിമ്പറിൻേറയും ഇടക്കുള്ള സ്ഥലത്തെ റൗള എന്നാണ് നബി(സ) വിശേഷിപ്പിച്ചിട്ടുള്ളത്. (ഖബറിന്നല്ല റൗള എന്നു പറയുക). ''എൻെറ വീടിൻേറയും മിമ്പറിൻേറയുമിടക്കുള്ള സ്ഥലം സ്വർഗ്ഗത്തോപ്പുകളിലെ ഒരു തോപ്പാണ്''[1] കഴിയുമെങ്കിൽ തഹിയ്യത്ത് നമസ്കാരങ്ങൾ പോലുള്ളവ അവിടെ വെച്ച് നമസ്കരിക്കുന്നത് പുണ്യകരമാണ്. എന്നാൽ ഫറദ് നമസ്കാരങ്ങൾക്ക് ഒന്നാമത്തെ സ്വഫ്ഫ് തന്നെയാണുന്നമം.

അതുപോലെ മദീനക്കടുത്തുള്ള, നബി(സ) മദീനയിൽ എത്തി ആദ്യമായി നിർമ്മിച്ച പള്ളിയായ ''മസ്ജിദുൽ ഖുബാഇൽ വെച്ചുള്ള നമസ്കാരിക്കുന്നതിനു ഉംറയുടെ പ്രതിഫലമാണുള്ളത്''[2]

മററുസ്ഥലങ്ങളിലെ സന്ദർശനം സുന്നത്ത് എന്ന നിലയിൽ അനുവദനീയമല്ലെങ്കിലും, വിദേശത്തുനിന്നെത്തുന്ന ഒരാൾക്ക് ചരിത്രപരമായി പ്രാധാന്യമർഹിക്കുന്ന സ്ഥലങ്ങൾ സന്ദർശിക്കുന്നതും ചരിത്രങ്ങളയവിറക്കുന്നതും അവയിലൂടെ പാഠമുൾക്കൊള്ളുന്നതും നിഷിദ്ധമല്ല. എന്നാൽ കൂടുതൽ പുണ്യം ലഭിക്കാൻ കൈവന്ന സമയങ്ങളും സ്ഥലങ്ങളും നഷ്ടപ്പെടുത്തിയുള്ള സന്ദർശനങ്ങൾ കുറക്കുന്നതു തന്നെയാണുത്തമം.

അല്ലാഹു അവനിഷ്ടപ്പെടുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനും അതനുസരിച്ച് പ്രവർത്തിക്കുവാനും നമ്മെ അനു

---

[1] ബുഖാരി

[2] ഇബ്നുമാജ (അൽബാനിയുടെ സ്വഹീഹ് )

**ഗ്രഹിക്കട്ടെ. തെററാണെന്ന് മനസ്സിലായ കാര്യങ്ങൾ ക യ്യൊഴിക്കാനുള്ള സന്മനസ്സും അവൻ നമുക്ക് നൽകു മാ റാകട്ടെ. (ആമീൻ)**

# വിശ്വാസപരമായ സുപ്രധാന താക്കീതുകൾ

സർവ്വസ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിന്ന്, അവൻെറ പ്രവാചകരിൽ ശ്രേഷ്ഠരായ മുഹമ്മദ് നബി (സ) യിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങൾ എന്നുമെന്നും വർ ഷിക്കുമാറാകട്ടെ. (ആമീൻ).

വിശ്വാസപരമായി ഇന്ന് മുസ്ലിം സമൂഹത്തിലെ ഭൂരി ഭാഗം ജനങ്ങളിലും പടർന്നു പിടിച്ചിട്ടുള്ള വളരെ മാരക മായ ചില തെററുകളെക്കുറിച്ച് ഉണർത്തുകയും അവർ നന്മയിലേക്കും സ്വർഗ്ഗത്തിലേക്കും എത്തിച്ചേരുന്നതിനു ള്ള മാർഗ്ഗം ചൂണ്ടിക്കാണിക്കുകയും ചെയ്യുക എന്നതാണ് ഈ തൂലികയുടെ ലക്ഷ്യം അല്ലാഹു അനുഗ്രഹിക്കട്ടെ.

## ശിർക്ക് (അല്ലാഹുവിൽ പങ്കുചേർക്കൽ)

നിഷിദ്ധകാര്യങ്ങളിൽ ഏററവും ഗുരുതരമായത് ശിർക്കാ ണെന്ന് നബി(സ) വ്യക്തമാക്കി യിട്ടുണ്ട്. അബൂബക്റത് (റ) വിൽ നിന്ന് നബി (സ)പറയുന്നു: ‘‘ഏററവും വലിയ പാപമേതാണെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടെയോ എന്ന് മൂന്ന് പ്രാവശ്യം നബി(സ) ആവർത്തിച്ചു ചോദിച്ചു, അന്നേരം സ്വഹാബികൾ: അതേതാണെന്ന് ചോദിച്ചപ്പോൾ



അവിടുന്ന് പറഞ്ഞു: അത് അല്ലാഹുവിൽ പങ്കുചേർക്കലാ ണ് എന്ന്’’[1]

ശിർക്കൊഴികെയുള്ള മറെറല്ലാപാപങ്ങളും അല്ലാഹു ത ൻെറ അപാരമായ കാരുണ്യത്താൽ പൊറുത്തേക്കാം. എ ന്നാൽ ശിർക്ക്, അതിൽനിന്നും പരിപൂർണ്ണമായും വിട്ടു നിന്ന് നിഷ്കളങ്കമായി പശ്ചാത്തപിച്ചെങ്കിൽ മാത്രമേ അല്ലാഹു പൊറുക്കുകയുള്ളൂ. അല്ലാഹു പറയുന്നത് ശ്ര ദ്ധിക്കുക.

﴿إِنَّ اللهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَنْ يَشَاءُ﴾ (النساء ٤٨).

‘‘തന്നോട് പങ്കുചേർക്കുന്നത് അല്ലാഹു ഒരിക്കലും പൊറു ക്കുകയില്ല. അതല്ലാത്തത് അവൻ ഉദ്ദേശിക്കുന്നവർക്ക് അ വൻ പൊറുത്തു കൊടുത്തേക്കും.’’[2]

ശിർക്ക്, അതുപ്രവർത്തിക്കുന്നവൻ ഇസ്ലാമിൽ നിന്ന് പു റത്ത്പോകുന്നതും, ശിർക്കോടു കൂടിയാണ് മരണപ്പെടുന്ന ത് എങ്കിൽ ശാശ്വതമായ നരകത്തിലായിത്തീരുന്നതുമാണ്.

എന്നാൽ ദു:ഖകരമെന്ന് പറയട്ടെ അത്തരത്തിലുള്ള കൊ ടിയശിർക്ക് ഇന്ന് മുസ്ലിം സമൂഹത്തിൽ പ്രചരിക്കുകയും ഒരുവിഭാഗം അത് പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടി രിക്കുന്ന് എന്നതാണ് സങ്കടകരം. അജ്ഞത മൂലം അത്ത രത്തിലുള്ള കാര്യങ്ങൾ ഗൗരവം മനസ്സിലാക്കാതെ നന്മ യാണ്, പുണ്യകർമ്മമാണ് എന്നനിലയിൽപ്രവർത്തിക്കുന്ന നിഷ്പക്ഷരായ സാധാരണക്കാർക്കുള്ള ഒരുമുന്നറിയിപ്പ് മാത്രമാണിത്.

[1] **മുത്തഫഖുൻ അലൈഹി**

[2] **നിസാഅ് 34**

## ഖബർആരാധന

മരണപ്പെട്ടതിന്നു ശേഷവും ഔലിയാക്കൾക്ക് തങ്ങളെ സഹായിക്കാനും ആവശ്യം പൂർത്തീകരിച്ചുതരാനും അപകടങ്ങളിൽ നിന്നു രക്ഷപ്പെടുത്താനും കഴിവുണ്ടെന്ന് വിശ്വസിച്ചുകൊണ്ട് അത്തരത്തിലുള്ള, മഹാത്മാക്കളാണ് എന്ന് കരുതുന്നവരുടെ ഖബറുകൾകെട്ടിപ്പൊക്കി അതിന്നടുത്ത് ചെന്നും അല്ലാതെയും ആളുകൾ നടത്തി ക്കൊണ്ടിരിക്കുന്ന പ്രാർത്ഥന, സങ്കടംപറയൽ, സഹായമർത്ഥന തുടങ്ങിയവയെല്ലാം അല്ലാഹുവിൽ പങ്ക്ചേർക്കലും, ആരോടാണോ തേടുന്നത് അതവർക്കുള്ള ആരാധനയുമായിട്ടാണ് മാറുക. എന്നാൽ ആരാധനകളാകട്ടെ അല്ലാഹുവിനു മാത്രമവകാശപ്പെട്ടതുമാണ്. അല്ലാഹുപറയുന്നു:

﴿ وَقَضَى رَبُّكَ أَلاَّ تَعْبُدُوا إِلاَّ إِيَّاهُ ﴾ (الإسراء ٢٣).

''തന്നെയല്ലാതെ ആരാധിക്കരുതെന്ന് നിൻെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു.''[1]

അപ്രകാരംതന്നെ മരണപ്പെട്ട അമ്പിയാക്കളോടും ഔലിയാക്കളോടും തങ്ങളുടെ സമീപത്തില്ലാത്തവരോടും അഭൗതികമായ നിലക്ക് സഹായം തേടുകയും ശുപാർശ തേടുകയും ചെയ്യുന്നവരോടായി ഖുർആൻ ചോദിക്കുന്നത് ശ്രദ്ധിക്കുക:

﴿ أَمَّنْ يُجِيبُ الْمُضْطَرَّ إِذَا دَعَاهُ وَيَكْشِفُ السُّوءَ وَيَجْعَلُكُمْ خُلَفَاءَ الأَرْضِ أَإِلَهٌ مَعَ اللهِ ﴾ (النمل ٦٢)

''കഷ്ടപ്പെട്ടു വിളിച്ചുപ്രാർത്ഥിക്കുന്നവന് ഉത്തരം നൽകുകയും, വിഷമം നീക്കിക്കൊടുക്കുകയും, നിങ്ങളെ ഭൂമി

[1] ഇസ്റാഅ് 23



യിൽ പ്രതിനിധികളാക്കുകയും ചെയ്യുന്ന വല്ല ഇലാഹും അല്ലാഹുവോടൊപ്പം അവർക്കുണ്ടോ?''[1]

അല്ലാഹുവേ എന്നുവിളിക്കേണ്ടതിന്നു പകരം പല തങ്ങന്മാരുടേയും ശൈഖുമാരുടേയും ബീവിമാരുടേയും പേരുകൾ വിളിക്കുകയും അവരോട് സഹായം തേടുകയും ചെയ്യുക എന്നുള്ളത് ഇന്നൊരു നിത്യ സംഭവമായിരിക്കുകയാണ്. എന്തെങ്കിലും അപകടമോ പ്രയാസമോ അതല്ലെങ്കിൽ ഒന്നു കാലിടറുകയോ മററോ ചെയ്താൽ ഉടനെ ..ചിലർ യാമുഹമ്മദ് .. .. ബദ്രീങ്ങളേ.., പുത്തൻപള്ളിമൂപ്പരേ.., മമ്പുറത്തെതങ്ങളേ.., .. എന്നി ങ്ങനെയുള്ള പേരുകൾ പറഞ്ഞായിരിക്കും പ്രാർത്ഥിക്കുക!? എന്നാൽ അല്ലാഹു പറയുന്നത് കാണുക:

إِنَّ الَّذِينَ تَدْعُونَ مِنْ دُونِ اللهِ عِبَادٌ أَمْثَالُكُمْ (الأعراف ١٩٤)

''തീർച്ചയായും അല്ലാഹുവിന്നുപുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലുള്ള അടിമകൾ മാത്രമാണ്.''[2]

മററുചിലർ മഖാമുകളും ദർഗ്ഗകളും ത്വവാഫുചെയ്യുക, ചുംബിക്കുക, അവടുത്തെ മണ്ണും എണ്ണയും വെള്ളവും പുണ്യംകരുതി തലയിലും ദേഹത്തും പുരട്ടുക, ജാറങ്ങൾക്കു മുന്നിൽ സുജൂദ്ചെയ്യുക, (കേരളത്തിനു പുറത്ത് ഇതുംനടക്കുന്നുണ്ട്) അവിടെ അടക്കം ചെയ്തവരോട് സങ്കടമുണർത്തിയുംസഹായംതേടിയും ഭക്തിയോടെ നിൽക്കുക, അവരോട് രോഗശമനവും സന്താനഭാഗ്യവുമെല്ലാം ചോദിക്കുക എന്നതെല്ലാം ചെയ്തുവരുന്നു. ചില

[1] നംല് 62
[2] അഅ്റാഫ് 194

പ്പോൾ ശൈഖിൻേറയോ വലിയ്യിൻേറ പേരുപറഞ്ഞു കരഞ്ഞുകൊണ്ട് ഞങ്ങൾ വളരെ ദൂരെനിന്ന് നിങ്ങളെ മാത്രമുദ്ദേശിച്ചു വന്നവരാണ് അതുകൊണ്ട് ഞങ്ങളെ നിരാശരാക്കരുതേ എന്നുകൂടി പറയാൻ മറക്കാറില്ല.

എന്നാൽ മേൽപറഞ്ഞെതല്ലാം അല്ലാഹു ഒരിക്കലും പൊറുക്കാത്തതും, ശാശ്വതമായും നരകത്തിനു കാരണമായിത്തീരുന്നതുമായ ശിർക്കാണ്. അത്തരം ദുരാചാരങ്ങളിൽ പെട്ടുപോയവർ അതിൽനിന്നും പിന്തിരിഞ്ഞ് എത്രയും പെട്ടെന്ന് പശ്ചാത്തപിക്കേണ്ടതാണ്. കാരണം മേൽ പറയപ്പെട്ട വിശ്വാസവുമായി മരണപ്പെടുന്നവർക്ക് സ്വർഗ്ഗം നിഷിദ്ധമാണെന്നാണ് അല്ലാഹു അവൻെറ കലാമിലൂടെ വ്യക്തമാക്കുന്നത്.

**إِنَّهُ مَنْ يُشْرِكْ بِاللهِ فَقَدْ حَرَّمَ اللهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنْصَارٍ (المائدة ٧٢)**

‘‘ അല്ലാഹുവിൽ വല്ലവരും പങ്കുചേർക്കുന്ന പക്ഷം അവന്ന് അല്ലാഹു സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ് നരകം അവൻെറ വാസസ്ഥലവുമായിരിക്കും. (അത്തരം) അക്രമികൾക്ക് സഹായികളാരുംതന്നെ ഉണ്ടാവുകയുമില്ല.’’[1]

അവരെപ്പോലെ വഴിപിഴച്ചവരായി മററാരു മില്ലതന്നെ. ഖുർആൻ വ്യക്തമാക്കുന്നതുകാണുക:

**وَمَنْ أَضَلُّ مِمَّنْ يَدْعُو مِنْ دُونِ اللهِ مَنْ لَا يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ وَإِذَا حُشِرَ النَّاسُ كَانُوا لَهُمْ أَعْدَاءً وَكَانُوا بِعِبَادَتِهِمْ كَافِرِينَ (الأحقاف ٤،٥).**

[1] **മാഇദ 72**



‘‘അല്ലാഹുവിന്നു പുറമെ, അന്ത്യനാൾവരെ ഉത്തരം നൽകാത്തവരോട് വിളിച്ചുപ്രാർത്ഥിക്കുന്നവനേക്കാൾ വഴി പിഴച്ചവനാരാണുള്ളത്!? അവരാകട്ടെ ഇവരുടെ പ്രാർത്ഥനയെപ്പററി ബോധമില്ലാത്തവരാണുതാനും. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുമ്പോൾ അവർ ഇവരുടെ ശത്രുക്കളാവുകയും, ഇവരുടെ (പ്രാർത്ഥനയെന്ന) ഇബാദത്തിനെ നിഷേധിക്കുകയും ചെയ്യും’’[1]

മേൽപറഞ്ഞ ആയത്തുകളോടൊപ്പം ഇനി പറയുന്ന നബിവചനവും കൂടി ശ്രദ്ധിക്കുക:

**مَنْ مَاتَ وَهُوَ يَدْعُو مِنْ دُونِ لِلّٰهِ نِدًّا دَخَلَ النَّارَ (البخاري)**

‘‘വല്ലവനും അല്ലാഹുവിനോടല്ലാതെ മററുവല്ലവരോടും പ്രാർത്ഥിക്കുന്ന നിലയിൽ മരണപ്പെട്ടാൽ അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ്.’’[2] (ബുഖാരി).

ഇന്ന് ചിലയിടങ്ങളിൽ ഖബറിന്നടുത്ത്വെ ച്ച് (ഹജ്ജിൽ നിർവ്വഹിക്കുന്നതുപോലെ) തലമൊട്ടയടിക്കാൻ വരെ നേർച്ചയാക്കുന്നു. മററുചിലരാകട്ടെ (مَنَاسِكُ حَجِّ الْمَشَاهِدِ) മനാസികു ഹജ്ജിൽ മശാഹിദ് എന്ന് ജാറ/ദർഗ്ഗ സന്ദർശന വിവരങ്ങളും അവിടെയർപ്പിക്കേണ്ട കർമ്മങ്ങളും വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾക്ക്, ഹജ്ജ്കർമ്മമെന്ന് പേരു നൽകുകവരെ ചെയ്തിരിക്കുന്നു!?. വേറെ ചിലരാകട്ടെ ഔലിയാക്കളാണ് ഈ ലോകംതന്നെ നിയന്ത്രിക്കുന്നതും ലോകർക്ക് ഉപകാരഉപദ്രവങ്ങൾ വരുത്തുന്നതും എന്നുവരെ വിശ്വസിച്ചുവരുന്നു!

[1] **അഹ്ഖാഫ് 4,5**
[2] **ബുഖാരി**

എന്നാൽ അല്ലാഹുവിൻെറ കലാമിനെ തള്ളിക്കളഞ്ഞു കൊണ്ടല്ലാതെ അവർക്കത് ന്യായീകരിക്കാൻ കഴിയുകയില്ല. അല്ലാഹു പറയുന്നത് കാണുക:

وَإِنْ يَمْسَسْكَ اللهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلاَّ هُوَ وَإِنْ يُرِدْكَ بِخَيْرٍ فَلاَ رَادَّ لِفَضْلِهِ (يونس ١٠٧)

‘‘ നിനക്ക് അല്ലാഹു വല്ല ദോഷവും ഏൽപ്പിക്കുന്ന പക്ഷം അത് നീക്കംചയ്യാൻ അവനല്ലാതെ ഒരാളുമില്ല. അ വൻ നിനക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നപക്ഷം അവൻെറ അനുഗ്രഹം തട്ടിമാററുവാനും ഒരാളുമില്ല.’’[1]

ഏതെങ്കിലും പള്ളിയിലോ അതല്ലങ്കിൽ പള്ളിമുററത്തോ ഖിബ്ലയുടെ ഭാഗത്തോ ആരാധിക്കപ്പെടുന്ന ഖബറുകളുണ്ടെങ്കിൽ പ്രസ്തുത പള്ളിയിൽ വെച്ച് നമസ്കാരം പോലും അനുവദനീയമല്ല. പള്ളിയിൽ ഖബറുണ്ടായിരിക്കെ, അത് പള്ളിക്ക് അകത്തായാലും, ഇനി നമസ്കരിക്കുന്നവരുടെ മുന്നിലോ പിന്നിലോ ഇടത്തോ വലത്തോ എവിടെയായാലും അവിടെ വെച്ചുള്ള നമസ്കാരം സ്വഹീഹാവുകയില്ല; എന്നതാണ് പണ്ഡിതാഭിപ്രായം.

നബി(സ) പറഞ്ഞതുകാണുക,

لَعَنَ اللهُ الْيَهُودَ وَالنَّصَارَى اتَّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدًا(بخاري)

‘‘ജൂതന്മാരേയും ക്രിസ്ത്യാനികളേയും അല്ലാഹു ശപിക്കട്ടെ അവർ അവരുടെ പ്രവാചകന്മാരുടെ ഖബറുകൾ ആരാധനാലയങ്ങളാ ക്കിയവരാണ്’’[2]

[1] യൂനുസ് 107
[2] ബുഖാരി



മറെറാരു നബിവ ചനവും കൂടി ഇവ്വിഷയത്തിൽ ശ്രദ്ധിക്കുക:

أَلاَ وَإِنَّ مَنْ كَانَ قَبْلَكُمْ كَانُوا يَتَّخِذُونَ قُبُورَ أَنْبِيَائِهِمْ وَصَالِحِيهِمْ مَسَاجِدًا أَلاَ فَلاَ تَتَّخِذُوا الْقُبُورَ مَسَاجِدًا فَإِنِّي أَنْهَاكُمْ عَنْ ذَلِكَ (مسلم)

‘‘അറിയുക, തീർച്ചയായും നിങ്ങളുടെ മുൻഗാമികൾ അവരിലെ പ്രവാചകന്മാരുടേയും സ്വാലിഹുകളുടേയും ഖബറുകളെ ആരാധനാലയങ്ങൾ ആക്കിയവരായിരുന്നു. എന്നാൽ നിങ്ങളോടിതാ ഞാനക്കാര്യം വിരോധിക്കുന്നു; നിങ്ങളൊരിക്കലും ഖബറുകളെ ആരാധനാലയങ്ങളാക്കരുത്’’[1]

തീർച്ചയായും ഖബറിന്നടുത്ത്വെച്ചുള്ള നമസ്കാരം ശിർക്കിലേക്കും ഖബറാളികളോട് അതിരുകവിഞ്ഞ ആദരവിലേക്കും വ്യക്തി പൂജയിലേക്കും എത്തിക്കുന്നതാണ് അക്കാരണത്താൽതന്നെ മുകളിൽ സൂചിപ്പിച്ച രണ്ട് ഹദീസുകളുടെയും അതേ ആശയത്തിലുള്ള മററുവചനങ്ങളുടേയും അടിസ്ഥാനത്തിൽ ഖബറുള്ള പള്ളിയിൽ വെച്ചുള്ള നമസ്കാരം ശിർക്കിലേക്ക് വഴിവെക്കുന്നതിനാൽ അത് തീർത്തും തടയപ്പെടേണ്ടതുതന്നെയാണ് .

എന്നാൽ ഖബറാളികൾക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുവാനും, സന്ദർശകർക്ക് പരലോക ബോധം ഉണ്ടാകുന്നതിനും വേണ്ടിയുള്ള ഖബർ സന്ദർശനം സുന്നത്തും പ്രോൽസാഹിപ്പിക്കപ്പെടേണ്ടതുമാണ്.

## അല്ലാഹുവല്ലാത്തവർക്കുള്ള അറവ് :

മേൽപറഞ്ഞതായ ശിർക്കിൽ പെട്ടതുതന്നെയാണ് അല്ലാ

[1] മുസ്ലിം

ഹു അല്ലാത്തവരുടെ പ്രീതിക്കായി നേർച്ച നേരുന്നതും അറവു നടത്തുന്നതും.
അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

**فَصَلِّ لِرَبِّكَ وَانْحَرْ (سورة الكوثر ٢).**

''നീ നിന്റെ റബ്ബിന്നുവേണ്ടി നമസ്കരിക്കുകയും ബലി യറുക്കുകയും ചെയ്യുക.''[1]

ഇതേ ആശയം വ്യക്തമാക്കുന്ന നബിവചനവും കാണാവുന്നതാണ്.

**قال النبي (ص) لَعَنَ اللهُ مَنْ ذَبَحَ لِغَيْرِ اللهِ (رواه مسلم).**

നബി (സ) പറഞ്ഞു: '' അല്ലാഹുവല്ലാത്തവർക്കായി അറവു നടത്തുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു.'' (മുസ്ലിം). അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കായി നടത്തുന്ന അറവിൽ പെട്ടതു തന്നെയാണ് നബിദിനത്തിന്റെ പേരിലും ബദ്‌രീങ്ങളുടെ ആണ്ട് എന്ന പേരിലും മററും നടത്തിക്കൊണ്ടിരിക്കുന്ന അറവുകൾ. രണ്ടുനിലക്കുള്ള ഹറാമുകൾ കടന്നുവരുന്നുണ്ട്. അവ, അല്ലാഹുവിന്റെ പ്രീതിയല്ലാതെ ആഗ്രഹിക്കുന്നു എന്നതും, അറുക്കുന്നു എന്നതുമാണ്. ഇനി അറുക്കുന്ന സമയത്ത് ബിസ്മി ചൊല്ലി അറുത്താൽ പോലും പ്രസ്തുത മാംസം ഭക്ഷിക്കൽ പന്നി മാംസം, ശവം എന്നിവപോലെ ഹറാമാണ് എന്നാണ് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നത്.
ഖുർആൻ വ്യക്തമാക്കുന്നു:

**حُرِّمَتْ عَلَيْكُمُ الْمَيْتَةُ وَالدَّمُ وَلَحْمُ الْخِنْزِيرُ وَمَا أُهِلَّ لِغَيْرِ اللهِ بِهِ (المائدة ٣) (البقرة ١٧٣)**

[1] **കൗഥർ**



''ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.''[1]
ജാഹിലിയ്യാകാലത്ത് പതിവുണ്ടായിരുന്നതും, ഇന്നും പലയിടങ്ങളിലും നടപ്പിലുള്ളതുമായ, വല്ലവരും ഒരു വീടു നിർമ്മിക്കുകയോ, വാങ്ങുകയോ അതല്ലെങ്കിൽ വല്ല കിണർ കുഴിക്കുക പോലുള്ളതോ ആയ കാര്യങ്ങൾ ചെയ്താൽ പിശാചിന്റെ ഉപദ്രവം ഉണ്ടാകാതിരിക്കാനായി പിശാചിനെ പ്രീതിപ്പെടുത്താൻ അറവു നടത്തുന്നതും നിഷിദ്ധമായവയിൽ പെട്ടവ തന്നെയാണ്. അല്ലാഹു നമ്മെ അത്തരം വിശ്വാസങ്ങളിൽ നിന്നെല്ലാം കാത്തുരക്ഷിക്കുമാറാകട്ടെ. (ആമീൻ).

## ജോൽസ്യം, മാരണം, ആഭിചാരം

സിഹ്റ്, മാരണം, ആഭിചാരം എന്നിവയും മനുഷ്യനെ കുഫ്റിലേക്ക് (അവിശ്വാസത്തിലേക്ക്) എത്തിക്കുന്നതും ചിലപ്പോൾ ശിർക്കിലേക്ക് തന്നെ മനുഷ്യനെ കൊണ്ട് ചെന്നെത്തിക്കുന്നതാണ്.

സിഹ്റ് പ്രവാചക(സ), സബ്ഉൽ മൂബിഖാത്തിൽ (ഏഴുമഹാപാപങ്ങളിൽ) എണ്ണിയ വിഷയവും കൂടിയാണ്. അതാകട്ടെ മനുഷ്യന്ന് ഉപദ്രവമുണ്ടാക്കുമെന്നല്ലാതെ ഒട്ടും ഉപകാരമുണ്ടാക്കുന്നതല്ല. സിഹ്റ് പഠിക്കുന്നതിനെ സംബന്ധിച്ച് അല്ലാഹു പറയുന്നത് കാണുക:

**وَيَتَعَلَّمُونَ ما يَضُرُّهُمْ وَلاَ يَنْفَعُهُمْ (البقرة ١٠٢)**

[1] **മാഇദ 3, ബഖറ 173.**

''(അവർക്കുതന്നെ) ഉപദ്രവമുണ്ടാക്കുന്നതും ഒരു പ്രയോജനവും ചെയ്യാത്തതുമായ കാര്യമാണ് അവർപഠിക്കുന്നത്'' [1]

وَلاَ يُفْلِحُ السَّاحِرُ حَيْثُ أَتَى (طه ٦٩)

''സിഹ്റു പ്രവർത്തിക്കുന്നവൻ എവിടെ ചെന്നാലും വിജയിക്കുകയില്ല'' [2]

സിഹിറുമായി ബന്ധപ്പെടുന്നവൻ കാഫിറാണ് എന്നാണ് അല്ലാഹു വ്യക്തമാക്കുന്നതും

وَمَا كَفَرَ سُلَيْمَانُ وَلَكِنَّ الشَّيَاطِينَ كَفَرُوا يُعَلِّمُونَ النَّاسَ السِحرَ وَمَا أُنْزِلَ عَلَى الْمَلَكَيْنِ بِبابِلَ هارُوتَ وَمارُوتَ وَما يُعَلِّمانِ مِنْ أَحَدِ حَتى يَقُولاَ إِنَّما نَحْنُ فِتْنَةٌ فَلاَ تَكْفُرْ (البقرة ١٠٢)

''സുലൈമാൻ നബി ദൈവനിഷേധം പ്രവർത്തിച്ചിട്ടില്ല. എന്നാൽ ജനങ്ങൾക്ക് സിഹ്റ് പഠിപ്പിച്ചുകൊടുത്തുകൊണ്ട് പിശാചുക്കളാണ് ദൈവനിഷേധത്തിലേർപ്പെട്ടത്. ബാബിലോണിൽ ഹാറൂത്ത് മാറൂത്ത് എന്നീ പേരുകളിലുള്ള രണ്ട് മലക്കുകൾക്ക് ലഭിച്ചതിനേയും (പററി പിശാചുക്കൾ പറഞ്ഞുണ്ടാക്കിക്കൊണ്ടിരിക്കുന്നത് അവർ പിന്തുടരുന്നു) എന്നാൽ ഹാറൂത്തും മാറൂത്തും ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും 'ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്ന്; അതിനാൽ (ഇതുപയോഗിച്ച്) നിങ്ങൾ ദൈവനിഷേധികൾ ആകരുത്' എന്നവർ പറയാതിരുന്നിട്ടില്ല.'' [3]

---

[1] ബഖറ 102
[2] ത്വാഹ 69
[3] _ബഖറ 102



എന്നാൽ ചിലയാളുകൾ ഇന്ന്, സിഹ്റ് ബാധിച്ചത് ഒഴിപ്പിക്കാനാണ് എന്ന നിലയിലും ജോൽസ്യന്മാരേയും മന്ത്രവാദികളേയും സമീപിപ്പിച്ച് ഹറാമുകൾ പ്രവർത്തിച്ചു വരുന്നുണ്ട് എന്നതാണ് ഖേദകരം ! പക്ഷേ, അത്തരം ഘട്ടങ്ങളിൽ സൂറത്തുൽ മുഅവ്വദതൈനി (ഖുൽഅഊദു ബിറബ്ബിൽ ഫലഖ്, ഖുൽഅഊദു ബിറബ്ബിന്നാസ്) പോലുള്ള അല്ലാഹുവിൻെറ വചനങ്ങൾ മുഖേനെ അവർ അല്ലാഹുവിൽ ശരണം തേടുകയാണ് ചെയ്യേണ്ടത്.

ജോൽസ്യൻേറയും മറഞ്ഞ കാര്യങ്ങൾ പറയുന്നവരുടേയും അവസ്ഥയും മേൽപറയപ്പെട്ടതു പോലെത്തന്നെയാണ്. അവരും അല്ലാഹുവിൽ വിശ്വസിക്കാത്ത കാഫിറുകൾ തന്നെയാണ്, അവർ ഏതു പേരിലറിയപ്പെട്ടാലും ശരി!?. അത്തരത്തിലുള്ളയാളുകൾ പലപ്പോഴും മറഞ്ഞ കാര്യങ്ങൾ അറിയിച്ചുതരുമെന്ന് പറഞ്ഞേക്കും യഥാർത്ഥത്തിൽ ഗൈബ് (അദൃശ്യം) അല്ലാഹുവിന്നല്ലാതെ മററാർക്കും അറിയുകയില്ലതന്നെ. ജനങ്ങളെ കബളിപ്പിച്ച് അവരിൽ നിന്നും പണംതട്ടിയെടുക്കാനായി അവർ പല വേലത്തരങ്ങളും ഒപ്പിക്കും. പലകകളിലും തകിടുകളിലും കളങ്ങൾ വരക്കുക, കുപ്പികളിലും പിഞ്ഞാണങ്ങളിലും എഴുതി നിറക്കുക, അങ്ങിനെ പലതും. എന്നാൽ ഇത്തരം ചെപ്പടിവിദ്യകളിലൂടെ പിശാചിൻെറ സഹായത്തോടെ ചില പ്പോൾ അവർ പറയുന്നതിൽ ഏതെങ്കിലും കാര്യങ്ങൾ സത്യവുമായി യോജിച്ചുവന്നേക്കാം എന്നാൽ അതോടൊപ്പം തൊണ്ണൂററൊമ്പതെണ്ണം തെററായി വന്നാലും ആളുകളത് ശ്രദ്ധിക്കുകയില്ല എന്നു മാത്രമല്ല, അവർ മറഞ്ഞ കാര്യങ്ങൾ അറിയാനും കാണാതെപ്പോയ കാര്യങ്ങൾ തേടിപ്പിടിക്കാനും, ഭാവിയും ഭാഗ്യവും അറിയാനും, വിവാഹത്തിലും കച്ചവടത്തിലും ബർക്കത്ത് ആഗ്രഹിച്ചും വി

സ്ഥികളായ ദീനീവിജ്ഞാനമില്ലാത്തയാളുകൾ അത്തരക്കാരെ സമീപിക്കുകയും അവർ പറയുന്നത് വിശ്വസിക്കു കയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നത് സർവ്വസാധാരണയായിരിക്കുകയാണ്. എന്നാൽ അത്തരം വിശ്വാസം വെച്ചുപുലർത്തുന്നവർ കാഫിറുകളായിക്കഴിഞ്ഞു എന്നാണ് പ്രവാചകൻ(സ) വ്യക്തമാക്കിത്തരുന്നത്. അത്കൊണ്ടു തന്നെ മേൽപറഞ്ഞ വിശ്വാസവുമായി ജീവിക്കുന്നവർ താഴെ പറയുന്ന നബിവചനങ്ങളുടെ ഗൗരവം മനസ്സിലാക്കി എത്രയും പെട്ടെന്ന് അതിൽ നിന്നും പിന്തിരിഞ്ഞ് പശ്ചാത്തപിക്കേണ്ടതാണ്.

**مَنْ أَتَى كَاهِنَاً أَوْ عَرَّافَاً فَصَدَّقَهُ بِمَا يَقُولُ فَقَدْ كَفَرَ بِمَا أُنْزِلَ عَلَى مُحَمَّدٍ صلى الله عليه وسلم (أحمد)**

''വല്ലവനും ജോൽസ്യനേയോ കണക്കുനോട്ടക്കാരനേയോ സമീപിക്കുകയും അവർ പറയുന്നത് വിശ്വസിക്കുകയും ചെയ്താൽ തീർച്ചയായും അവൻ മുഹമ്മദ് നബി (സ)ക്ക് ഇറക്കപ്പെട്ടതിൽ അവിശ്വസിച്ചു(കാഫിറായി) കഴിഞ്ഞു.''[1]

ഇനി അവർക്ക് അദൃശ്യമറിയും എന്ന കാര്യത്തിൽ വിശ്വാസമില്ലാതെയാണ് പോകുന്നത് എങ്കിൽ പോലും അത് ഗുരുതരമായ തെററ് തന്നെയാണ് അതുമൂലം നാൽപ്പത് (40) ദിവസത്തെ അവൻെറ നമസ്കാരം പോലും അല്ലാഹു സ്വീകരിക്കുന്നതല്ല. നബി(സ) പറയുന്നത് കാണുക:

**مَنْ أَتَى عَرَّافَاً فَسَأَلَهُ عَنْ شَيْءٍ لَمْ تُقْبَلْ لَهُ صَلَاةُ أَرْبَعِينَ لَيْلَةً (مسلم).**

''വല്ലവനും മറഞ്ഞകാര്യങ്ങൾ അറിയിച്ചു കൊടുക്കുന്ന ഒരുവനെ സമീപിച്ച് അവനോട് വല്ല കാര്യത്തെ സംബ

[1] **അഹ്മദ്**



ന്ധിച്ചും ചോദിച്ചാൽ നാൽപ്പത് ദിവസത്തെ അവൻെറ നമസ്കാരം സ്വീകരിക്കപ്പെടുന്നതല്ല''[1]

## ഉറുക്കും ഐക്കല്ലും മന്ത്രച്ചരടും

അല്ലാഹു നിർണ്ണയിച്ചതല്ലാത്ത വിഷയത്തിൽ ഗുണം പ്രതീക്ഷിച്ചുകൊണ്ട് പണ്ടുമുതലേ നടപ്പുള്ള ഉറുക്ക്, ഏലസ്സ്, നൂല് എന്നിവയിൽ വിശ്വാസമർപ്പിച്ച് അത് അരയിലും കഴുത്തിലുമെല്ലാം ബന്ധിക്കുന്ന ഏർപ്പാടും ശിർക്കിൽ പെട്ടതുതന്നെയാണ്.

പലപ്പോഴും ഏതെങ്കിലും ജോൽസ്യൻേറയോ മന്ത്ര വാദികളുടേയോ നിർദ്ദേശപ്രകാരമോ അതല്ലങ്കിൽ പാരമ്പര്യ വിശ്വാസപ്രകാരമോ ആളുകൾ ലോഹവളയങ്ങളോ തകിടുകളോ ഐക്കല്ലുകളോ ബർക്കത്തിന്നു വേണ്ടിയോ അതല്ലെങ്കിൽ കണ്ണേറുകളെ തടുക്കുവാനോ ഉപദ്രവങ്ങളിൽ നിന്ന് രക്ഷപ്പെടുവാനോ വേണ്ടി കുട്ടികളുടെ കഴുത്തിലും, വീടുകളിലും വാഹനങ്ങളിലും കടകളിലുമെല്ലാം കെട്ടിത്തൂക്കുന്ന സമ്പ്രദായങ്ങളും, ഉപദ്രവങ്ങൾ ഏൽക്കാതിരിക്കാൻ ചില പ്രത്യേക തരം കല്ലുകൾ വെച്ചുള്ള മോതിരം ധരിക്കലുമെല്ലാം മതത്തിൽ അനുവദിക്കപ്പെട്ടതല്ലെന്നുമാത്രമല്ല, അവയെല്ലാം ഹറാമുമാണ്. നബി (സ) പറയുന്നതുകാണുക:

**مَنْ عَلَّقَ تَمِيمَةً فَقَدْ أَشْرَكَ (أحمد في السلسلة الصحيحة ٤٩٢)**

''വല്ലവനും ഉറുക്ക് കെട്ടിയാൽ അവൻ ശിർക്ക് ചെയ്തവൻ ആയിക്കഴിഞ്ഞു''[2] അത്തരം പ്രവർത്തനത്തിലേർപ്പെ

[1] **മുസ്‌ലിം**

[2] **അഹ്മദ് (അൽബാനിയുടെ സിൽസില)**

ടുന്ന വ്യക്തി തന്റെ ഈ പ്രവർത്തനം കൊണ്ട് തന്നെ (ഉറുക്ക്, ഏലസ്സ്, ഐക്കല്ല്, മന്ത്രിച്ചനൂല്, ചരട് എന്നിവ കൊണ്ട്) തനിക്ക് ഗുണം ലഭിക്കുമെന്നോ, ഉപദ്രവം നീങ്ങിക്കിട്ടുമെന്നോ വിശ്വസിക്കുന്നുവെങ്കിൽ അവൻ വലിയ ശിർക്ക് ചെയ്ത മുശ്‌രിക്കായിക്കഴിഞ്ഞു. ഇനി മേൽ പറയപ്പെട്ടവ പ്രവർത്തിക്കുന്നത് തനിക്ക് ഗുണം ലഭിക്കുവാനും ഉപദ്രവം നീങ്ങുവാനും ഒരു കാരണമായേക്കും എന്നാണ് വിശ്വസിക്കുന്നതെങ്കിൽ അവൻ ചെറിയ ശിർക്കു പ്രവർത്തിച്ചവനായിക്കഴിഞ്ഞു. അത് വലിയ ശിർക്കിലേക്ക് എത്തിച്ചേക്കാവുന്നതുമാണ്. കാരണം അല്ലാഹു അത്തരം കാര്യങ്ങൾ ഗുണം നൽകുവാനോ ഉപദ്രവം നീക്കുവാനോ കാരണമായി നിശ്ചയിച്ചിട്ടില്ല എന്നതു തന്നെ.

## സത്യം ചെയ്യൽ

അല്ലാഹു അവന്റെ സൃഷ്ടികളിൽ നിന്നും അവനുദ്ദേശിക്കുന്നവയുടെ പേരിൽ അവൻ സത്യം ചെയ്യും എന്നാൽ സൃഷ്ടികൾക്ക് അല്ലാഹുവിന്റെ പേരിലല്ലാതെ സത്യം ചെയ്യൽ പാടുള്ളതല്ല. എന്നാലിന്ന് ഇത്തരം വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാതെ അല്ലാഹുവിന്റെ പേരിലല്ലാതെ മററു പലരുടേയും പേരിൽ സത്യംചെയ്യൽ സർവ്വ സാധാരണയായിരിക്കുകയാണ്. സത്യംചെയ്യുക എന്നത് ഒരുനിലക്കുള്ള ബഹുമാനമാണ് അതാകട്ടെ അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതുമാണ്.

അബ്ദുല്ലാഹിബ്നു ഉമർ(റ) വിൽ നിന്ന് ഇമാം അബൂ ദാവൂദ് റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം:

مَنْ حَلَفَ بِالأَمَانَةِ فَلَيْسَ مِنَّا (أبوداود )

''ആരെങ്കിലും അമാനത്ത്കൊണ്ട് (അല്ലാഹുവിനെ ക്കൊണ്ടല്ലാതെ, അല്ലാഹു മററുള്ളവർക്ക് നൽകിയവകൊണ്ട്)



സത്യം ചെയ്താൽ അവൻ നമ്മിൽ (മുസ്‌ലിംകളിൽ) പെട്ടവനല്ല.''[1]

അത്കൊണ്ടുതന്നെ, കഅബയെപ്പിടിച്ചോ അതല്ലെങ്കിൽ മററാരുടെയെങ്കിലും ബർക്കത്തോ, ഔന്നത്യമോ, അതല്ലെങ്കിൽ ഏതെങ്കിലും വലിയ്യിനേയോ, നബിയേയോ, മാതാ പിതാക്കളേയോ മക്കളേയോ പിടിച്ചുസത്യം ചെയ്യുക എന്നതും ഹറാമാണ്.

ആരെങ്കിലും അല്ലാഹുവിനെക്കൊണ്ടല്ലാതെ സത്യം ചെയ്തു പോയിട്ടുണ്ടെങ്കിൽ അതിനുള്ള പ്രായശ്ചിത്തം അവൻ വീണ്ടും ശഹാദത്തുകലിമ ചൊല്ലി തിരിച്ചുവരിക എന്നുള്ളതാണ്. ഇക്കാര്യം താഴെ പറയുന്ന നബിവചനത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

مَنْ حَلَفَ فَقَالَ فِي حَلِفِهِ بِاللاتَ وَالعُزَّى فَلْيَقُلْ لاَ إِلهَ إِلاَّ الله (البخاري).

''ആരെങ്കിലും ലാത്തയേയോ ഉസ്സയേയോ പിടിച്ചു സത്യം ചെയ്താൽ അവൻ ലാഇലാ ഹഇല്ലല്ലാഹു എന്നു പറയട്ടെ''[2]

## കാലത്തെ ശപിക്കൽ

ചിലയാളുകൾ നശിച്ചകാലം, ലക്ഷണം കെട്ട നേരം എന്നിങ്ങനെ അനങ്ങിയാൽ കാലത്തെ ദുഷിച്ചു പറയുന്നതും ശരിയല്ല. അത് അല്ലാഹുവിലേക്കാണ് ചെന്നെത്തുക. കാരണം അല്ലാഹു പറയുന്നതായി നമുക്ക് ഇപ്രകാരം ഹദീസുകളിൽ കാണാവുന്നതാണ് ''നിങ്ങൾ കാലത്തെ ചീ

[1] അബൂദാവൂദ്
[2] ബുഖാരി

ത്തപറയരുത് (അല്ലാഹുവാകുന്ന) ഞാനാകുന്നു കാലം.''[1]

ഇപ്രകാരം നിഷിദ്ധമായതും, ശിർക്കിൽ പെട്ടതുമായ കാര്യം തന്നെയാണ് ചിലയാളുകൾ പറഞ്ഞുവരാറുള്ള താഴെ പറയുന്ന ചില വാക്കുകളും: അല്ലാഹുവിനോടും താങ്കളോടും ഞാൻ ശരണം തേടുന്നു, അല്ലാഹുവിലും താങ്കളിലും ഞാൻ ഭരമേൽപ്പിക്കുന്നു. അല്ലാഹുവും താങ്കളുമല്ലാതെ എനിക്കാരുമില്ല. തുടങ്ങിയ വാക്കുകളും. എന്നാൽ മേൽ പറയപ്പെട്ടവയിൽ ശരിയായ രീതി അല്ലാഹുവിലും പിന്നെ നിങ്ങളിലും എന്ന രീതിയാണ്. കഴിയുന്നതും അത്തരം വാക്കുകൾ ഉപേക്ഷിക്കലാണ് നല്ലത്.

## അല്ലാഹുവിന്നല്ലാതെയുള്ള നേർച്ച

മതത്തിൽ നിർബന്ധമല്ലാത്ത ഒരുകാര്യം നിർബന്ധമായും താൻ പ്രവർത്തിക്കുമെന്ന് ബുദ്ധിയും വിവേകവുമുള്ള ഒരു മുസ്‌ലിം സ്വയം പ്രഖ്യാപിക്കുന്നതിന്നാണ് മതത്തിൽ നേർച്ചയെന്നു പറയുക.

നേർച്ചയെന്നുള്ളതും ഇബാദത്ത് ആണ് അതുകൊണ്ട് അതും അല്ലാഹുവിനുമാത്രം അവകാശപ്പെട്ടതാണ്. അത് മററുവല്ലരുടേ യും പ്രീതിക്കായി നിർവ്വഹിച്ചാൽ അത് അവർക്കുള്ള ഇബാദത്തും അല്ലാഹുവിൽ പങ്ക് ചേർക്കലുമായിരിക്കും. അതുകൊണ്ട് എന്തെങ്കിലും കാര്യം നേർച്ചയാക്കുകയാണ് എങ്കിൽ അല്ലാഹുവിന്ന് വേണ്ടിമാത്രം നേർച്ചയാക്കുക. നേർച്ചയാക്കുന്നകാര്യം മതത്തിൽ അറിയപ്പെട്ട പുണ്യകർമ്മമോ (സുന്നത്ത്) അതല്ലെങ്കിൽ ഫർദ് കിഫാ (സാമൂഹ്യ ബാധ്യത) യിൽ പെട്ട കാര്യമോ ആയിരിക്കണം.

[1] ബുഖാരി



നേർച്ചയാക്കിയാൽ അത് പൂർത്തിയാക്കൽ നിർബന്ധമാണ്. എന്നാൽ ഒരാൾ അറിവില്ലാതെ അല്ലാഹുവിന്ന് ഇഷ്ടമില്ലാത്ത വല്ലകാര്യവും നേർച്ചയാക്കിയാൽ അതവൻ വീട്ടേണ്ടതില്ല; എന്നുമാത്രമല്ല പകരം മറെറാന്നും ചെയ്യേണ്ടതുമില്ല.

നേർച്ചനേരുമ്പോൾ എന്തെങ്കിലും നിബന്ധനകൾ (ശർത്വുകൾ) വെച്ചുകൊണ്ട് നേർച്ച നേരുകയെന്നുള്ളതും മാതൃകയില്ലാത്തതാണ്. ഉദാ: എൻെറ നഷ്ടപ്പെട്ട വസ്തു തിരിച്ചുകിട്ടിയാൽ ഞാനിന്നത് പ്രവർത്തിച്ചുകൊള്ളാം, എന്നതുപോലുള്ള നേർച്ച. അത്തരം നേർച്ചയെ സംബന്ധിച്ച് നബി(സ) പറഞ്ഞത് അത് പിശുക്കൻെറ കയ്യിൽ നിന്നും പണം പുറത്തെടുക്കാൻ മാത്രമേ ഉപകാരപ്പെടുകയുള്ളൂ[1].

ഇന്ന് പാമരജനങ്ങൾ മഖ്ബറകളിലേക്കും മററും എണ്ണയും തിരിയും പട്ടുമെല്ലാം നേർച്ചയാക്കുന്നത് ശിർക്കു തന്നെയാണ്. അതു പോലെ അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കായി ആട് കോഴി മുതലായവയെ നേർച്ചയാക്കുകയും മററും ചെയ്തുവരുന്നതും ശിർക്ക് തന്നെയാണ്.

## നക്ഷത്രങ്ങളിലും ഞാററുവേലകളിലും വിശ്വസിക്കൽ

ഇന്ന് ചിലയാളുകൾ പല പത്രമാസികകളിൽ കാണുന്ന പരസ്യങ്ങളിൽ വഞ്ചിതരായി തങ്ങളുടെ ഭാഗ്യ നിർഭാഗ്യങ്ങൾ അറിയുന്നതിനായി നക്ഷത്രഫലങ്ങളേയും വാര ഫലങ്ങളേയും ആശ്രയിച്ചുവരുന്നു എന്നതും മനുഷ്യനെ ശിർക്കിലേക്കാണ് കൊണ്ടുചെന്നാക്കുന്നത്. അതുപോലെ

[1] ബുഖാരി

**നക്ഷത്രങ്ങളും ഞാററുവേലകളും മനുഷ്യന്‍േറയും പ്ര കൃതിയുടെ തന്നെ കാര്യത്തില്‍ സ്വാധീനം ചെലുത്തു ന്നുണ്ട് എന്നവിശ്വാസവും അവകളില്‍ സമാധാനം ക ണ്ടെത്തലും ശിര്‍ക്കുതന്നെയാണ്. '' ഒരിക്കല്‍ നബി(സ) പറഞ്ഞു, അല്ലാഹു പറയുന്നു: ആരെങ്കിലും തങ്ങള്‍ക്ക് മഴലഭിച്ചാല്‍ ഞങ്ങള്‍ക്ക് ഇന്ന ഞാററു വേലകൊണ്ട് മഴ ലഭിച്ചു എന്ന് പറഞ്ഞാല്‍ അവന്‍ എന്നില്‍ അവിശ്വസി ക്കുകയും നക്ഷത്രങ്ങളില്‍ വിശ്വസിക്കുകയും ചെയ്തു എന്നാല്‍, ഞങ്ങള്‍ക്ക് അല്ലാഹുവിന്‍െറ റഹ്മത്തിനാല്‍ മഴലഭിച്ചു എന്നാണ് പറഞ്ഞതെങ്കില്‍ അവന്‍ എന്നില്‍ വിശ്വസിക്കുകയും നക്ഷത്രത്തില്‍ അവിശ്വസിക്കുകയും ചെയ്തു''** [1]

**എന്നാലിന്ന് ധാരാളം ആളുകള്‍ മേല്‍പറയപ്പെട്ട വിശ്വാ സങ്ങളില്‍ അകപ്പെട്ട് ശിര്‍ക്കിലേക്കെത്തിപ്പെടുന്നതായി കണ്ടു വരുന്നു! അല്ലാഹു നമ്മെയെല്ലാം കാത്തു രക്ഷി ക്കട്ടെ.**

# തവസ്സുല്‍

**സര്‍വ്വസ്തുതിയും ജഗപരിപാലകനായ അല്ലാഹുവിന്ന്, അവന്‍െറ ദൂതരില്‍ അന്തിമനായ മുഹമ്മദ്നബി(സ) യിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും അല്ലാ ഹുവിന്‍െറ കരുണാകടാക്ഷങ്ങള്‍ എന്നെന്നും വര്‍ഷിക്കു മാറാകട്ടെ (ആമീന്‍).**

ഇന്ന് മുസ്ലിംകള്‍ക്കിടയില്‍ തങ്ങളുടെ രക്ഷിതാവിനെ ക്കുറിച്ചുള്ള അജ്ഞതയുടേയും യഥാര്‍ത്ഥ മതത്തില്‍ നി

[1] **അുതഫഖുന്‍ അലൈഹി**



ന്നുള്ള അകല്‍ച്ചയുടേയും ഫലമായി ഒരുപാട് ശിര്‍ക്കന്‍ ആചാരങ്ങളും ബിദ്അത്തുകളും ഖുറാഫാത്തുകളും കട ന്നു കൂടുകയും പുരോഹിത വേഷ ധാരികളുടെ അംഗീ കാരത്തോടെ പാമര ഭൂരിപക്ഷത്തിന്നിടയിലത് വേരുറക്കു കയും ചെയ്തിട്ടുണ്ടെന്നുള്ളത് ഒരു യാഥാര്‍ത്ഥ്യമാണ്. അ ത്തരത്തിലുള്ള വളരെ മാരകമായ ഒന്നാണ് ഔലിയാക്ക ളെന്നപേരില്‍ ചിലരെ ബഹുമാനിക്കുകയും അവര്‍ തങ്ങ ള്‍ക്ക് ഉപകാരങ്ങള്‍ ചെയ്തു തരികയും തങ്ങള്‍ നേരിടു ന്ന ഉപദ്രവങ്ങളില്‍നിന്നും തങ്ങളെ രക്ഷപ്പെടുത്തുകയും ചെയ്യുമെന്ന വിശ്വാസം.

ഇത്തരത്തിലുള്ള പിഴച്ച വിശ്വാസത്താല്‍ അവരോട് പ്രാര്‍ ത്ഥിക്കുകയും അവര്‍ക്കായി അത്തരത്തിലുള്ളവരുടെ മഖ് ബറകളിലേക്ക് നേര്‍ച്ചവഴിപാടുകള്‍ നേരുകയും അവരുടെ ഖബറുകളില്‍ തൊട്ടുമുത്തി ബര്‍ക്കത്തെടുക്കുകയും ചെ യ്തുവരുന്നു.. എന്നാല്‍ ഇത്തരം പ്രവര്‍ത്തനത്തിലൂടെ, അവര്‍ അവരുടെ ആവശ്യപൂര്‍ത്തീകരണത്തിനും അപകട നിവാരണത്തിനുമായി മേല്‍പറയപ്പെട്ട മഹാത്മാക്കളെ അല്ലാഹുവിലേക്ക് വസീലയാക്കുക (കാര്യം നേടിത്തരാ നുള്ള ഇടയാളനാക്കുക) മാത്രമാണ് ചെയ്യുന്നത് എന്നാ ണ് അവരുടെ വാദം !?. ഇത്തരത്തിലുള്ള പ്രവര്‍ത്തനത്തി ലേര്‍പ്പെട്ടിരിക്കുന്ന വിവരമില്ലാത്തവരായ ഇക്കൂട്ടര്‍ ഖുര്‍ആ നിലേക്കും പ്രവാചക ചര്യയിലേക്കും മടങ്ങുകയും സ ത്യം മനസ്സിലാക്കുകയും ചെയ്തിരുന്നുവെങ്കില്‍ ഏതൊ ക്കെയാണ് അനുവദിക്കപ്പെട്ട തവസ്സുല്‍ എന്ന് അവര്‍ക്ക് ബോധ്യപ്പെടുമായിരുന്നു !!.

ഇസ്ലാം അനുവദിക്കുന്ന തവസ്സുല്‍ അല്ലാഹുവിനേയും റസൂലിനേയുമനുസരിച്ചുകൊണ്ട് അല്ലാഹുവും റസൂലും ആവശ്യപ്പെടുന്ന തനുസരിച്ചും, വിരോധിച്ചത് കയ്യൊഴിച്ചും

ജീവിച്ച് പുണ്യകർമ്മങ്ങൾ അനുഷ്ഠിക്കുക എന്നതാണ് മുഖ്യമായിട്ടുള്ളത്. അതുപോലെ അല്ലാഹുവിന്നുള്ളതായ ഉത്തമമായ നാമങ്ങളും ഉന്നതങ്ങളായ വിശേഷണങ്ങളും മുൻനിറുത്തിക്കൊണ്ട് ചോദിക്കുക എന്നതും അല്ലാഹുവിലേക്കുള്ള വസീലയാക്കാവുന്നതാണ്. അതുപോലെ സജ്ജനങ്ങളിൽ പെട്ട ആളുകളെക്കൊണ്ട് അവരുടെ സമീപത്ത് വെച്ച്, തനിക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ ആവശ്യപ്പെടുക എന്നതും മാതൃകയുള്ളതാണ്.

മേൽപറയപ്പെട്ട നിലക്കുള്ള തവസ്സുല് മാത്രമാണ് അല്ലാഹുവിൻെറ കാരുണ്യവും തൃപ്തിയും നേടിയെടുക്കാനുള്ള വഴിയും. വിശുദ്ധ ഖുർആൻ പറയുന്ന സൂറത്ത് മാഇദയിലെ 35 ാം വചനത്തിൽ പറയുന്നു:

**يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللهَ وَابْتَغُوا إِلَيْهِ الْوَسِيلَةَ (المائدة ٣٥).**

**'' വിശ്വാസികളേ നിങ്ങളല്ലാഹുവിനെ സൂക്ഷിക്കുകയും അവങ്കലേക്ക് വസീല: തേടുകയുംചെയ്യുക''[1].**

**മേൽകൊടുത്ത ആയത്തിന്ന് പ്രാമാണിക തഫ്സീറുകളിലെല്ലാം പുണ്യകർമ്മങ്ങളിലൂടെ അല്ലാഹുവിലേക്ക് അടുക്കുക എന്നുമാത്രമാണ് കാണാൻ കഴിയുക. അതല്ലാതെ ഇന്നൊരു വിഭാഗം പ്രചരിപ്പിക്കുന്നതുപോലെ ജീവിച്ചിരിക്കുന്നവരോ മരിച്ചുപോയവരോ ആയ മഹാത്മാക്കളിലൂടെ അല്ലാഹുവിലേക്കടുക്കുക എന്നത് ഖുർആനോ ഹദീസോ പഠിപ്പിച്ചിട്ടില്ല എന്നുമാത്രമല്ല ഖുർആനിൻേറയും സുന്നത്തിൻേറയും ആശയങ്ങൾക്ക് വിരുദ്ധവുമാണ്. നബി(സ) വളർത്തിയെടുത്ത, അല്ലാഹു പ്രശംസിച്ച സമൂഹത്തിൽ നിന്നും മേൽപറഞ്ഞ വിഭാഗത്തിന്ന് മാതൃക കാണാൻ കഴിയുകയുമില്ല. മഹാത്മാക്കളുടെ മഖ്ബറകൾ**

[1] **മാഇദ 35**



**ക്ക് അരികിൽ ചെന്ന് അഭൗതികനിലക്കുള്ള നേട്ടം ആഗ്രഹിച്ചുകൊണ്ടുള്ള വിനയപ്രകടനം, പ്രാർത്ഥന, ഖബറുകളെ തവാഫുചെയ്യൽ, അവർക്കായി നേർച്ചനേരൽ, അവരുടെ ജാറങ്ങളിൽ ആവശ്യപൂർത്തീകരണത്തിന്നായി കാണിക്കകൾ സമർപ്പിക്കൽ എന്നിവയൊന്നും അംഗീകൃത തവസ്സുലുകളിൽ പെടുകയില്ല. അവകളെല്ലാം ശിർക്കും കുഫ്റുമാണ് അല്ലാഹു നമ്മെ കാത്ത്രക്ഷിക്കട്ടെ.**

**ഉമർ(റ) തൻെറ ഭരണകാലത്ത് മഴകിട്ടാതെ ബുദ്ധിമുട്ട് അനുഭവപ്പെട്ടപ്പോൾ നബി(സ)യുടെ പിതൃവ്യനായ ജീവിച്ചിരിക്കുന്ന അബ്ബാസ്(റ) വിനെക്കൊണ്ട് പ്രാർത്ഥിപ്പിച്ച് മഴ ലഭിച്ച സംഭവമാണ് ചില തൽപ്പരകക്ഷികൾ മേൽപറഞ്ഞ ശിർക്ക് പ്രചരിപ്പിക്കാൻ തെളിവായി കാണിക്കാറുള്ളത്. എന്നാലിവിടെ ഉമർ(റ), ജീവിച്ചിരിക്കുന്ന തൻെറ സമീപത്തുള്ള വ്യക്തിയെ ക്കൊണ്ട് പ്രാർത്ഥിപ്പിക്കുക എന്ന അനു വദനീയമായൊരു കാര്യം മാത്രമാണ് ചെയ്തിട്ടുള്ളത്. ഇവിടെ ഒരിക്കലും വ്യക്തിയെ തവസ്സുലാക്കലുണ്ടായിട്ടില്ല. മരണപ്പെട്ടവരോടും സ്ഥലത്തില്ലാത്തവരോടും തവസ്സുൽ പാടില്ല, പ്രവാചകൻ(സ) പഠിപ്പിച്ചിട്ടില്ല എന്നതിന്നാണ് ഈ സംഭവം തെളിവാകുന്നത്. ഉമർ(റ) അന്നേരം ആമുഖമായി പറഞ്ഞവാക്കുകളിൽ നിന്നു തന്നെ നമുക്കത് മനസ്സിലാക്കാവുന്നതാണ്.**

**اَللّٰهُمَّ إِنَّا كُنَّا نَتَوَسَّلُ إِلَيْكَ بِنَبِيِّنَا فَتَسْقِينَا، وَإِنَّا نَتَوَسَّلُ إِلَيْكَ بِعَمِّ نَبِيِّنَا فَاسْقِنَا. فَيُسْقَوْنَ (البخاري).**

**''അല്ലാഹുവേ ഞങ്ങൾ ഞങ്ങളുടെ പ്രവാചകനെക്കൊണ്ട് നിന്നോട് പ്രാർത്ഥിപ്പിക്കുകയും നീ ഞങ്ങൾക്ക് മഴ നൽകുകയും ചെയ്തിരുന്നു. ഇന്നു ഞങ്ങളിതാ പ്രവാചകൻെറ പിതൃവ്യനെക്കൊണ്ട് നിന്നോട് പ്രാർത്ഥിപ്പിക്കുന്നു നീ ഞ**

ങ്ങൾക്ക് മഴ നൽകേണമേ. അവർക്ക് മഴവർഷിക്കുകയും ചെയ്തു.''[1]

മഹാത്മാക്കളെ തവസ്സുലാക്കൽ അനുവദനീയമായിരുന്നുവെങ്കിൽ സ്വഹാബികൾ നിറഞ്ഞുനിൽക്കുന്ന സദസ്സിൽ വെച്ച് ഉമർ(റ), നബിയെ ഒഴിവാക്കി നബിയുടെ പിതൃവ്യനായ അബ്ബാസ്(റ)നെ ഇമാമാക്കി പ്രാർത്ഥിപ്പിക്കുമായിരുന്നില്ല. സ്വഹാബികളിൽ ഒരാൾക്ക് പോലും നബിയുടെ ഹഖ്, ജാഹ്, ബർക്കത്ത് എന്നിവകൊണ്ട് ചോദിക്കാമെന്നോ, അതല്ലങ്കിൽ നമുക്ക് നബി(സ)യുടെ ഖബറിന്നടുത്ത് പോയി നബിയെ തവസ്സുലാക്കാമെന്നോ നബിയോട് ഇസ്തിഗാസ നടത്താമെന്നോ ഒരാളും പറഞ്ഞിട്ടില്ല. അക്കാരണത്താൽ മരണപ്പെട്ടവരോട് നേരെയുള്ള ഇന്ന് കണ്ടുവരുന്ന പ്രവർത്തനങ്ങൾ നബി(സ) കൊണ്ടുവന്ന ദീനിൽ പെട്ടതല്ല എന്ന കാര്യത്തിൽ സ്വഹാബികളുടെ ഇജ്മാഅ് (അഭിപ്രായ ഐക്യം) ഉള്ളതായും മനസ്സിലാക്കാൻകഴിയും.
ഇക്കാര്യം ജീവിച്ചിരിക്കുന്ന ഒരാളെക്കൊണ്ട് നമുക്ക് വേണ്ടി പ്രാർത്ഥിപ്പിക്കാം എന്നതിലേക്ക് മാത്രമാണ് തെളിവ്. ഇക്കാര്യത്തിൽ നബി(സ)യുടെ തന്നെ മാതൃകയുമുണ്ട്. നബി (സ), ഉമർ(റ) ഉംറനിർവ്വഹിക്കാൻ പോകുന്ന സമയത്ത് ''നിൻെറ പ്രാർത്ഥനയിൽ എന്നേയും ഉൾപ്പെടുത്തണേ''[2] എന്നു പറഞ്ഞതായി ഹദീസുകളിൽ കാണാവുന്നതാണ്.
ഇനി ആളുകൾ ബർക്കത്ത് ചോദിച്ചും സഹായം തേടിയും പോയിക്കൊണ്ടിരിക്കുന്ന മരണപ്പെട്ടവരുടെ കാര്യമെടുത്താൽ, അവർ അവരുടെ മരണശേഷം അവർക്ക് ത

[1] **ബുഖാരി**
[2] **ഹദീസ്**



ന്നെ എന്തെങ്കിലും ഉപകാരം ചെയ്യുവാനുള്ള കഴിവില്ലാത്തവരാണ്. തനിക്കുതന്നെ എന്തെങ്കിലും ഉപകാരം ചെയ്യാൻ കഴിവില്ലാത്തവർക്ക് എങ്ങിനെയാണ് അന്യരെ സഹായിക്കാൻ കഴിയുക !?. ഇക്കാര്യം സാമാന്യബുദ്ധിയെങ്കിലുമുള്ള ഏതൊരാൾക്കും മനസ്സിലാക്കാൻ പ്രയാസമുണ്ടാകുകയില്ല. മനുഷ്യകഴിവുകൾ മരണത്തോടുകൂടി അവസാനിക്കുമെന്ന കാര്യം പ്രവാചകൻ(സ) വ്യക്തമാക്കിതന്നിട്ടുമുണ്ട്. അവിടുന്ന് പറയുന്നത്കാണുക:
إِذَا مَاتَ ابْنُ آدَمَ انْقَطَعَ عَنْهُ عَمَلُهُ إِلاَّ مِنْ ثَلاَثٍ: صَدَقَةٍ جَارِيَةٍ أَوْ علم يُنْتَفَعُ بِهِ أَوْ وَلَدٍ صَالِحٍ يَدْعُو لَهُ (مسلم).
''ഒരുമനുഷ്യൻ മരണപ്പെട്ടുകഴിഞ്ഞാൽ മൂന്ന് കാര്യങ്ങൾ ഒഴിച്ച് അവൻെറ മറ്റെല്ലാ പ്രവർത്തനങ്ങളും അതോടെ നിലച്ചുപോകുന്നതാണ്. സ്ഥായിയായ ദാനധർമ്മം, ഉപകാരപ്രദമായ അറിവ്, തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്വാലിഹായ മക്കൾ എന്നിവയത്രെ അത്[1]
മേൽകൊടുത്ത ഹദീസിൽനിന്നും മരണപ്പെട്ടുപോയവർ ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനകളും പാപ മോചന അർത്ഥനകളും ആവശ്യമുള്ളവരാണ് എന്നാണ് മനസ്സിലാക്കേണ്ടത്; അല്ലാതെ അവർ ജീവിച്ചിരിക്കുന്നവരെ സഹായിക്കും എന്നല്ല. മരണത്തോടെ മനുഷ്യൻെറ പ്രവർത്തങ്ങളെല്ലാം നിലച്ചുപോകുമെന്ന് പ്രവാചകൻ(സ) പറഞ്ഞുതന്നാൽ അതിന്നെതിരായി അവർ ഖബറുകളിൽ ജീവിച്ചിരിക്കുമെന്ന് മുഅ്മിനുകളെങ്ങനെ വിശ്വസിക്കും!? അവർക്ക് എങ്ങിനെ മററുള്ളവരുമായി സമ്പർക്കം പുലർത്താനും അവരെ സഹായിക്കാനും കഴിയും!? എല്ലാം നഷ്ടപ്പെട്ടവന് എങ്ങിനെ അന്യർക്ക് നൽകാൻ കഴിയും!?. അവ

[1] **മുസ്‌ലിം**

രോട് പ്രാർത്ഥിച്ചാലത് പോലും അവർക്ക് കേൾക്കാനാകില്ലെന്നാണ് അല്ലാഹു പറഞ്ഞുതരുന്നത്.

وَالَّذِينَ تَدْعُونَ مِنْ دُونِهِ ما يَمْلِكُونَ مِنْ قطمير إِنْ تَدْعُوهُم لا يَسْمَعُونَ دُعاءَكُمْ وَلَوْ سَمِعُوا ما اسْتَجابُوا لَكُمْ وَيَوْمَ الْقِيامَةِ يَكْفُرُونَ بِشِرْكِكُمْ (الفاطر ١٣، ١٤).

‘‘അല്ലാഹു, അവനുപുറമെ നിങ്ങളാരോട് പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുന്നില്ല. നിങ്ങളവരോട് പ്രാർത്ഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയില്ല. (ഇനി) കേട്ടാൽ തന്നെയും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. അന്ത്യ നാളിലാകട്ടെ നിങ്ങളവരെ (അല്ലാഹുവിൽ) പങ്കുചേർത്തതിനെ (നിങ്ങൾ ചെയ്ത) ശിർക്കിനെ അവർ നിഷേധിക്കുകയും ചെയ്യും’’[1]

അല്ലാഹുവിന്നു പുറമെ പ്രാർത്ഥിക്കപ്പെടുന്നവർ യാതൊന്നും ഉടമപ്പെടുത്തുന്നവരല്ലെന്നും അവർക്ക് വല്ലതും കേൾക്കുവാനോ കേട്ടാൽ തന്നെ ഉത്തരം നൽകുവാനോ, കഴിയുകയില്ലെന്ന് അല്ലാഹു വ്യക്തമാക്കിയാൽ പിന്നെ അത്തരക്കാരോടുള്ള സഹായമർത്ഥന തന്നെ പാടില്ലാത്തതാണ്. തന്നെയുമല്ല അല്ലാഹുവിനല്ലാതെ നിർവ്വഹിക്കുന്ന ആരാധനകളെല്ലാം നിരർത്ഥകമാണെന്നും അല്ലാഹു വ്യക്തമാക്കിയതാണ്.

ഖുർആൻ പറയുന്നത്കാണുക:

[1] ഫാത്വിർ 13, 14.



وَلاَ تَدْعُ مِنْ دُونِ اللهِ مَالاَ يَنْفَعُكَ وَلاَ يَضُرُّكَ فَإِنْ فَعَلْتَ فَإِنَّكَ إِذًا مِنَ الظَّالِمِينَ وَإِنْ يَمْسَسْكَ اللهُ بِضُرٍّ فَلاَ كَاشِفَ لَهُ إِلا هُوَ وَإِنْ يُرِدْكَ بِخَيْرٍ فَلاَ رَادَّ لِفَضْلِهِ (يونس ١٠٦، ١٠٧).

‘‘അല്ലാഹുവിനു പുറമെ, നിനക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാത്ത യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്നപക്ഷം നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും. നിനക്ക് അല്ലാഹു വല്ലദോഷവും വരുത്തുന്ന പക്ഷം, അവനക്കൊണ്ടല്ലാതെ അത് നീക്കം ചെയ്യാൻ ഒരാളുമില്ല. അവൻ നിനക്കു വല്ല ഗുണവും ഉദ്ദേശിക്കുന്ന പക്ഷം അവൻെറ അനുഗ്രഹത്തെ തട്ടി മാററാനും ഒരാളുമില്ല.’’[1]

പ്രസ്തുത ഖുർആൻ വചനത്തിൽ നിന്നും അല്ലാഹുവിനു പുറമേ ആരോട് പ്രാർത്ഥിച്ചാലും അവർക്കൊന്നും തന്നെ യാതൊരു വിധത്തിലുള്ള ഉപകാരം ചെയ്യുവാനോ, ഉപദ്രവം നീക്കുവാനോ സാധ്യമല്ലെന്നകാര്യം വ്യക്തമാണ്. അപ്പോൾ പിന്നെ എനിക്ക് ഇന്ന ജാറത്തിൽ പോയ കാരണത്താൽ ഇന്ന ഇന്ന നേട്ടങ്ങൾ ഉണ്ടായി, അതല്ലങ്കിൽ ഇന്ന ശൈഖിനോട് പ്രാർത്ഥിച്ചതിനാൽ എൻെറ മുറാദുകൾ ഹാസ്വിലായി (ഉദ്ദേശ്യങ്ങൾ സഫലമായി) എന്നെല്ലാം പറയുന്നതിൽ യാതൊരു കഴമ്പുമില്ലെന്നും, അത് അല്ലാഹുവിനെ കളവാക്കലാണെന്നും മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല. ഇനി അത്തരക്കാർക്ക് വല്ലതും നേടാൻ കഴിഞ്ഞാൽ തന്നെ അത് താഴെ പറയുന്ന രണ്ടാലൊരു കാരണത്താലായിരിക്കും .

[1] അതൂനുസ് 107, 108.

ഒന്നുകിൽ അത് പിശാചിൽ നിന്നുള്ളതായിരിക്കും. കാരണം പിശാചുക്കളാണ് അത്തരത്തിലുള്ള വിഷയങ്ങൾക്ക് മനുഷ്യനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയും മഖ്ബറകൾക്ക് അടുത്തും വിഗ്രഹങ്ങൾക്കടുത്തും പിശാചുക്കൾ പ്രത്യക്ഷപ്പെടുകയും ആളുകളെ വഴി പിഴപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യും. അവർ സഹായം തേടപ്പെട്ടു കൊണ്ടിരിക്കുന്നവരുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു ജോൽസ്യന്മാരോട് സംസാരിക്കുന്നപോലെ സംസാരിക്കുകയും, മനുഷ്യനെ പരീക്ഷിക്കുവാനായി പലതും പറയുകയും പ്രവർത്തിക്കുകയും ചെയ്തേക്കും. അതിൽ അൽപ്പം സത്യമുണ്ടായിയെന്നും വന്നേക്കാം. അങ്ങനെ സാധാരണ മനുഷ്യർക്ക് കഴിയാത്ത എന്തെങ്കിലും ആ പിശാചുക്കൾ പറയുകയും അത് ഈ മാനില്ലാത്തആളുകൾ ഏററുപറയുകയും ചെയ്യുന്നതാണ് ഇന്ന് നാം കണ്ടുവരുന്നത്. ഇത് തന്നെയാണ് വിഗ്രഹപൂജാരികളുടെ കാര്യത്തിലും നാം കണ്ടുവരുന്നത്. അവരും ഉറഞ്ഞു തുള്ളിയും മററും പലതും വിളിച്ചുപറയുകയും കാര്യങ്ങൾ സാധിപ്പിക്കുകയും ചെയ്യുന്നത് പോലെ എന്നുമാത്രം.

ഇനി അതല്ലെങ്കിൽ ഔലിയാക്കളോട് സഹായം തേടിയും ജാറങ്ങളിൽ പോയും കാര്യങ്ങൾ നേടുന്നു എന്നു പറയുന്നത്, അല്ലാഹു അക്കാര്യം അവർക്ക് മുൻകൂട്ടിത്തന്നെ തീരുമാനിച്ചതാകും ആകാശഭൂമികളുടെ സൃഷ്ടിപ്പിന്ന് അമ്പതിനായിരം കൊല്ലം മുമ്പുതന്നെ അല്ലാഹു എല്ലാം രേഖപ്പെടുത്തിയിട്ടുള്ളതാണ് എന്നാൽ അതിനുള്ള സമയം അപ്പോൾമാത്രമേ ആയിട്ടുള്ളൂ എന്നുമാത്രം. അതല്ലാതെ അതിനുജാറവുമായോ ശൈഖിൻെറ ബർക്കത്തുമായോ ഒരു നിലക്കും ബന്ധമില്ല. അതിലപ്പുറമുള്ള വിശ്വാസം മുഅ്മിനുകൾക്ക് പാടില്ലാത്തതുമാണ്. അതുകൊണ്ടുതന്നെ വിശ്വാസികൾ അത്തരത്തിലുള്ള ഖുറാഫാത്തുകൾ വിശ്വസിക്കാതിരിക്കുകയും അവരുടെ ആവശ്യങ്ങൾ
പടച്ചതമ്പുരാനിൽ മാത്രം സമർപ്പിച്ച് അവനേടിയെടുക്കാൻ അവനെ മാത്രം ആശ്രയിക്കേണ്ടതുമാണ്. തന്നെപ്പോലുള്ള സൃഷ്ടികളോട് അഭൗതികമായ കാര്യങ്ങളെ തേടിക്കൂടാത്തതുമാണ്. മഖ്ബറകളിൽ അടക്കം ചെയ്യപ്പെട്ടവർക്ക് അവരുടെ ശരീരത്തിലുള്ള മൺതരികളെപ്പോലും തട്ടിനീക്കാൻകഴിയില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ പിശാചുക്കളാകട്ടെ മനുഷ്യൻെറ അധർമ്മങ്ങളെ അവർക്ക് ഭംഗിയാക്കി കാണിച്ചുകൊടുക്കുക തന്നെ ചെയ്യും!. അതാകട്ടെ മനുഷ്യനെ സൃഷ്ടാവിൽ നിന്ന് അകററുന്നു. പിന്നീടവൻെറ കണ്ണുകളെ അന്ധതയിലാക്കുകയും ഹൃദയങ്ങളെ മരവിപ്പിക്കുകയും ചെയ്യുന്നു.



## കറാമത്ത് വാദം

ഇന്ന് നിരർത്ഥകമായ തവസ്സുലിനെ പ്രോത്സാഹിപ്പിക്കുകയും ഉപജീവനമാർഗ്ഗമാക്കുകയും ചെയ്യുന്ന ആളുകൾ പറയുന്ന മറെറാരു വാദമാണ്, സാധാരണക്കാരായ ആളുകൾ അന്യോന്യം സാധാരണ കാര്യങ്ങളിൽ സഹായിക്കുന്നതുപോലെ അസാധാരണക്കാരായ ആളുകൾ അവരുടെ കറാമത്ത് മുഖേനയും സഹായിക്കും എന്ന്. എന്നാൽ ജനങ്ങളിൽ അധിക പേരും മുഅ്ജിസത്തിനേയും കറാമത്തിനേയും ശരിയായ നിലയിൽ മനസ്സിലാക്കുന്നില്ല എന്നു മാത്രമല്ല അവയുടെ കാര്യത്തിൽ സാധാരണക്കാർക്ക് ഇടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ കൂടിയാണ് ശ്രമിക്കുന്നത്. ഇന്ന് നാട്ടിൽ നടക്കുന്ന എല്ലാ ഖുറാഫാത്തുകളും കറാമത്തിൻെറ പേരിലാണ് ആളുകൾ എഴുതിച്ചേർക്കാറു

ള്ളത്. യഥാർത്ഥത്തിൽ മുഅ്ജിസത്തും കറാമത്തും, അത് രണ്ടും അല്ലാഹുവിൽനിന്ന് ഉള്ളതാണ്. മുഅ്ജിസത്ത് പ്രവാചകന്മാരുടെ രിസാലത്ത് അല്ലാഹുവിൽ നിന്നുള്ളതാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ അല്ലാഹു അവരിലൂടെ അവനുദ്ദേശിക്കുമ്പോൾ മാത്രം പ്രകടിപ്പിക്കുന്നതും. കറാമത്ത് ജനങ്ങളിൽ നിന്നും അല്ലാഹുവിന്ന് ഇഷ്ടമുള്ള പ്രവർത്തനങ്ങൾ മാത്രം പ്രവർത്തിച്ച് അവനിലേക്ക് അടുത്തവർക്കുള്ള ബഹുമതിയായി അല്ലാഹു ഉദ്ദേശിക്കുന്ന കാര്യങ്ങളിൽ അവനുദ്ദേശിക്കുമ്പോൾ അല്ലാഹു അവർക്ക് നൽകുകയോ അതല്ലെങ്കിൽ അവരിലൂടെ പ്രകടിപ്പിക്കുകയോ ചെയ്യുന്ന കാര്യങ്ങളാണ്. മുഅ്ജിസത്ത് ആളുകളെ കാണിക്കൽ നിർബന്ധമാണ്; കറാമത്ത് അങ്ങിനെയുള്ളതല്ല.

എന്നാലിന്ന് ഈ പേരുകൾ പറഞ്ഞ് ആളുകളെ കബളിപ്പിച്ച് ഉപജീവനം നടത്തുവാനാണ് ഒരു വിഭാഗം ശ്രമം നടത്തുന്നത് എന്നതാണ് ദു:ഖകരം. വിവരമില്ലാത്ത സാധാരണക്കാർ ധരിച്ചു വെച്ചിരിക്കുന്നത്, പ്രവാചകന്മാർക്ക് മുഅ്ജിസത്തും ഔലിയാക്കൾക്ക് കറാമത്തും അവർ ഉദ്ദേശിക്കുമ്പോഴൊക്കെ പ്രകടിപ്പിക്കാൻ കഴിയുമെന്നാണ്. ഇത് സത്യത്തിൽ മതത്തെക്കുറിച്ചുള്ള അജ്ഞതയും അല്ലാഹുവിനെക്കുറിച്ചുള്ള അറിവില്ലായ്മയും മാത്രമാണ്.

എന്നാലിന്ന്, കറാമത്താണെന്ന് ചിലയാളുകൾ പറഞ്ഞു പരത്തുന്ന കള്ളക്കഥകളെക്കുറിച്ച് നമുക്ക് പറയാനുള്ളത് അത് പിശാചിൽ നിന്നുള്ള കളികൾ മാത്രമാണ് എന്നാണ്. അതല്ലെങ്കിൽ ചില സൂത്രശാലികളായ കുബുദ്ധികൾ തങ്ങൾ ആചരിക്കുന്ന ശിർക്കൻ വിശ്വാസത്തെ ജനങ്ങളിൽ പ്രചരിപ്പിക്കുവാനും താൻ ആദരിക്കുന്ന ശൈഖിന്നോ, ജാറത്തിനോ ഉള്ള വരുമാനം വർദ്ധിപ്പിക്കാനും അ



വിടേക്ക് ആളെ കൂട്ടാനുമായി ഒപ്പിക്കുന്ന വേലത്തരങ്ങൾ മാത്രമാണ് എന്നതാണ്. അതുമുഖേന അവിടേക്ക് നേർച്ചകളും കാണിക്കകളും ഒഴുകുകയും ചെയ്തേക്കും. മടിയന്മാരും പണിയില്ലാത്തവരുമായ ചിലയാളുകൾ എക്കാലത്തും ആളുകളെ വഞ്ചിച്ച് ഹറാമുകൾ ഭക്ഷിച്ച് ഉപജീവനം കഴിക്കാൻ എക്കാലത്തുമുണ്ടാകാറുണ്ട്.

മനുഷ്യൻ മരണപ്പെട്ട് ആത്മാവ് വേർപെട്ട് ശരീരമെല്ലാം ജീർണ്ണിച്ച് എല്ലെല്ലാം നുരുമ്പിയശേഷം പിന്നേയും അവർക്ക്നമ്മെ സഹായിക്കാൻ കഴിയുമെന്ന് പറഞ്ഞാൽ ബുദ്ധിയുള്ള ഏതൊരാൾക്കാണ് അതു വിശ്വസിക്കാൻ കഴിയുക!? ഇത്തരം പൊള്ളത്തരങ്ങൾ വിശ്വസിക്കാൻ വിഡ്ഢികളായ പുരോഹിതന്മാരെയും അവരെ കണ്ണടച്ചു വിശ്വസിക്കുന്ന പാമരന്മാരെയുമല്ലാതെ കിട്ടുകയില്ല. അവർപറഞ്ഞു പരത്തുന്ന കാര്യങ്ങളിൽ അധികവും ജീവിച്ചിരിക്കുന്നവർക്കു പോലും കഴിയില്ല, എന്നിട്ടല്ലേ മരണപ്പെട്ടവർക്കു കഴിയുക!! ഈ ഖുറാഫാത്തുകളിൽ വിശ്വസിക്കാൻ അല്ലാഹു നൽകിയ ബുദ്ധി നാം തള്ളിക്കളയുകയോ!? തീക്ഷ്ണമായ ബുദ്ധിശക്തിയും ജ്വലിക്കുന്ന ചിന്തയും അ ല്ലാഹു നിശ്ചയിച്ച ശരീഅത്തിനും പ്രാപഞ്ചിക വ്യവസ്ഥകൾക്കും വിരുദ്ധമായ കാര്യങ്ങളിൽ വിശ്വസിക്കാനായി നാം ഒരിക്കലും പണയപ്പെടുത്തിക്കൂടാത്തതാണ്.

## മുശ്രിക്കുകൾ അന്നും ഇന്നും

മഹാത്മാക്കളുടേതെന്ന് വാദിച്ചുകൊണ്ട് മഖ്ബറകളിലും ദർഗ്ഗകളിലും നടത്തിക്കൊണ്ടിരിക്കുന്ന ശിർക്കൻ പ്രവർത്തനങ്ങളെ ആരെങ്കിലും സദുദ്ദേശ്യത്തോടെ തിരുത്താൻ ശ്രമിച്ചാൽ ഉടനെ കേൾക്കുന്ന മറുപടി, നിങ്ങൾ പറയു

ന്നത് മക്കാമുശ്രിക്കുകൾ ജാഹിലിയ്യാകാലത്ത് വിഗ്രഹങ്ങളെ ആരാധിച്ചിരുന്നതിനെ സംബന്ധിച്ചുള്ളതാണ്. ഞങ്ങൾ ഒരിക്കലും വിഗ്രഹങ്ങളെ ആരാധിക്കുന്നില്ല, ഞങ്ങൾ മഹാന്മാരുടെ ഖബറുകളെ ആദരിക്കുകയും അവർ മുഖേനെ അല്ലാഹുവിനോട് ഇസ്തിഗാസ: (സഹായം തേടൽ) നടത്തുക മാത്രമാണ് ചെയ്യുന്നത്, എന്നായിരിക്കും.! എന്നാൽ യാഥാർത്ഥമെന്തന്നാൽ മരണപ്പെട്ടവരിൽ നിന്നും സഹായം തേടുക എന്നത് ഏത് പേരിലൂടെ പരിചയപ്പെടുത്തിയാലും അത് അവരോടുള്ള പ്രാർത്ഥന തന്നെയാണ് അതാകട്ടെ ശിർക്കാണെന്ന് ഖുർആനും ഹദീസും വ്യക്തമാക്കിയിട്ടുള്ള കാര്യവുമാണ്. ഇവിടെ ജാഹിലിയ്യാകാലത്തെ മുശ്രിക്കുകൾ ചെയ്തിരുന്ന ബിംബങ്ങളോട് സഹായം തേടിയിരുന്നതും ഇന്നത്തെ മുസ്ലിം നാമധാരികൾ ചെയ്യുന്നതും ഫലത്തിൽ ഒന്നുതന്നെ. സഹായം ചോദിക്കപ്പെടുന്നത് വിഗ്രഹമോ ദർഗ്ഗയോ ജാറമോ മററു മൂർത്തികളോ ദേവിയോ ബീവിയോ ശൈഖോ ആരായിരുന്നാലും അതിനോട്/അവരോട് സഹായം ചോദിക്കുന്നുണ്ടോ എങ്കിൽ വ്യത്യാസമൊന്നുമില്ല. നാട്ടിനിർത്തലോ കിടത്തിവെക്കലോ എല്ലാം അക്കാര്യത്തിൽ സമമാണ്. ലാത്തയെപ്പോലുള്ള മഹാത്മാക്കളുടെ വിഗ്രഹങ്ങളെവ സീലയാക്കി അവരോട് പ്രാർത്ഥിച്ചിരുന്ന മക്കാ മുശ്രിക്കുകളോട് അതിനെ സംബന്ധിച്ച് ചോദിക്കുമ്പോൾ അവർ പറഞ്ഞിരുന്ന മറുപടി ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

مَا نَعْبُدُهُمْ إِلاَّ لِيُقَرِّبُونَا إِلَى اللهِ زُلْفَى (الزمر ٣)



‘‘ഞങ്ങളെ അല്ലാഹുവിലേക്ക് അടുപ്പിക്കാൻ വേണ്ടി മാത്രമാണ് ഞങ്ങൾ അവരെ ആരാധിക്കുന്നത്’’[1]

ആയത്തിൽ പറഞ്ഞ هُمْ(ഹും) എന്ന സർവ്വനാമം മനുഷ്യന്മാരെ സൂചിപ്പിക്കുന്നതാണ്. അതിൽനിന്നു തന്നെ അവർ വിഗ്രഹങ്ങളുടെ മുന്നിലാണ് നിന്നിരുന്നതെങ്കിലും അവരുടെ മനസ്സുകളിൽ മഹാത്മാക്കൾ തന്നെയായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്).

മേൽകൊടുത്ത ആയത്തിൽ അവരുടെ വാദമായി പറയുന്നത്, ഞങ്ങൾ ഞങ്ങളുടെ ആവശ്യ പൂർത്തീകരണത്തിനായി അവരെ ഞങ്ങളുടേയും അല്ലാഹുവിൻേറയും ഇടയിൽ മദ്ധ്യവർത്തികളാക്കി അവർ മുഖേനെ ചോദിക്കുകയാണ് ചെയ്യുന്നത് എന്നാണ്. ഇതുതന്നെയാണ് ഇന്നത്തെ ജാറപ്പൂജകരുടേയും വിശ്വാസമായി നമുക്ക് കാണാൻ കഴിയുന്നതും. രണ്ടും ലക്ഷ്യമൊന്നുതന്നെ! ശിർക്ക് അന്നും ഇന്നും ഒരുപോലെതന്നെ തുടരുന്നു പേരും ആളും വ്യത്യാസമുണ്ടെന്നുമാത്രം !!

## ശിർക്കിന്നുകാരണം സ്നേഹംതന്നെ

എക്കാലത്തുമുള്ള ജനങ്ങളേയും ശിർക്കിലേക്ക് എത്തിച്ചിട്ടുള്ളത് അതിരുവിട്ട സ്നേഹ ബഹുമാനങ്ങളാണെന്ന് കാണാൻ കഴിയും. എന്നാലതും ഇബാദത്തായിട്ടാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. അക്കാരണത്താൽ തന്നെ അതും അല്ലാഹുവിനോട് മാത്രമേ ആയിക്കൂടൂ. ഇന്നും ആളുകളിൽ നിന്ന് നമുക്ക് കേൾക്കാൻ കഴിയുന്ന വാദം ഞങ്ങൾ ഔലിയാക്കളെ സ്നേഹിക്കുകയാണ് ചെയ്യുന്ന

[1] സുമർ 3

ത്. നിങ്ങളാകട്ടെ അമ്പിയ, ഔലിയാക്കളെ സ്നേഹിക്കാത്തവരുമാണ് എന്നാണ്. എന്നാൽ അവരാകട്ടെ ശരീഅത്തിൻെറ പരിധി ലംഘിച്ചുകൊണ്ടുള്ള സ്നേഹാദരവുകളാണ് അവർക്കുനേരെ കാണിക്കുന്നത്. അവർ സത്യത്തിൽ അവരെ ആരാധിക്കുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിരുകവിഞ്ഞ സ്നേഹം കാരണത്താലാണ് ഇന്ന് അവർ ഔലിയാക്കളുടെ പേരിൽ മൗലിദുകളുണ്ടാക്കുകയും അരുടെ മഖ്ബറകൾ കെട്ടി ഉയുയർത്തി അവിടേക്ക് നേർച്ച വഴിപാടുകൾ നേരുകയും ഖബർ തൊട്ടുമുത്തുകയും ത്വഫാഫും സുജൂദുംവരെ ചെയ്യുകയും അവരോട് സങ്കടമുണർത്തി സഹായം തേടുകയും ചെയ്യുന്നത്. അ പ്രകാരം തന്നെ അല്ലാഹുവിൻെറ പേരിൽ കള്ളസത്യം ചെയ്യാൻ പോലും മടിയില്ലാത്ത ഇവർ ഔലിയാക്കളുടെ പേരിൽ അത്യാവശ്യത്തിനു സത്യംചെയ്യാൻ പോലും തയ്യാറാകാറില്ല. അല്ലാഹുവിനെ വല്ലവരും ചീത്തപറഞ്ഞാൽ പോലും ക്ഷോഭിക്കാത്തവർ ഔലിയാക്കളെ ചീത്ത പറഞ്ഞാൽ അങ്ങേയററം ദേഷ്യപ്പെടുന്നതും കാണാം. ഇതെല്ലാം അതിരുവിട്ട നിലയിൽ, അല്ലാഹുവിനേക്കാൾ അധികം ഔലിയാക്കളെ സ്നേഹിക്കുന്നു എന്നതാണ് മനസ്സിലാക്കിത്തരുന്നത്. അതാകട്ടെ ശിർക്കാണുതാനും. അല്ലാഹു പറയുന്നത് എത്രവ്യക്തം!

وَمِنَ النَّاسِ مَنْ يَتَّخِذُ مِنْ دُونِ اللهِ أَنْدَادًا يُحِبُّونَهُمْ كَحُبِّ اللهِ وَالَّذِينَ آمَنُوا أَشَدُّ حُبًّا لِلَّهِ (البقرة ١٦٥).

''അല്ലാഹുവിന്നു പുറമെയുള്ളവരെ അവനു സമന്മാരാക്കുന്ന ചിലയാളുകളുണ്ട്, അല്ലാഹുവിനെ സ്നേഹിക്കുന്നതു പോലെ ആ ആളുകൾ അവരേയും സ്നേഹിക്കുന്നു. എന്നാൽ വിശ്വാസികളാകട്ടെ അവർ അല്ലാഹുവിനെ അതിശക്തമായി സ്നേഹിക്കുന്നവരാണ്''[1]



## അല്ലാഹു നമ്മുടെ സമീപസ്ഥൻ

അല്ലാഹു തൻെറ അടിമകളുടെ സമീപത്ത് തന്നെയുണ്ട് എന്ന കാര്യം ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي لَعَلَّهُمْ يَرْشُدُونَ (البقرة ١٨٦).

''നിന്നോട് എൻെറ ദാസന്മാർ എന്നെക്കുറിച്ച് ചോദിച്ചാൽ ഞാൻ (അവരോട് ഏററവും) അടുത്തുള്ളവനാകുന്നു (എ ന്നുപറയുക) പ്രാർത്ഥിക്കുന്നവൻ എന്നെവിളിച്ചു പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എൻെറ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ എങ്കിലവർ നേർവഴി പ്രാപിച്ചേക്കും'' [2]

അല്ലാഹുവിൻേറയും അടിമകളുടേയും ഇടയിൽ അവനോട് സങ്കടം പറയുകയും സഹായം തേടുകയും ചെയ്യുന്നതിന് തടസ്സം നിൽക്കുന്ന യാതൊരു മറയുമില്ലാ എന്നാണ് അല്ലാഹു വ്യക്തമാക്കുന്നത്. കാര്യം ഇത്രയും വ്യക്തമായിരിക്കെ മനുഷ്യന് എന്താവശ്യമാണുള്ളത് ദർഗ്ഗകളിലേക്കും ശവകുടീരങ്ങളിലേക്കും അഭയം തേടുവാൻ!? മനുഷ്യൻ അല്ലാഹുവിൽ ശരണം തേടുകയും അവനോട് നേരിട്ട് പ്രാർത്ഥിച്ചും ഇസ്ലാം അനുവദിക്കുന്നതാ

[1] ബഖറ 165
[2] ബഖറ 186

യ, സൽക്കർമ്മങ്ങളിലൂടെയും അല്ലാഹുവിൻെറ മഹത്തായ നാമവിശേഷണങ്ങൾ മുൻനിർത്തിയുള്ള തവസ്സുൽ ചെയ്തും തൻെറ ആഗ്രഹങ്ങളും ആവശ്യങ്ങളും നേടിയെടുക്കണമെന്നതാണ് അല്ലാഹു അവനിൽനിന്നും ആവശ്യപ്പെടുന്നത്; അതത്രെ നേർമാർഗ്ഗം പ്രാപിക്കാനുള്ള വഴിയും. അപ്രകാരം തന്നെ തൻെറ വിശ്വാസത്തിൻെറ പരിപൂർണ്ണതയിൽ പെട്ടതാണ്, താഴെ പറയുന്ന കാര്യങ്ങളിൽ ദൃഢമായി വിശ്വസിക്കലും. അല്ലാഹുവാണ് തന്നെ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത്. അവൻ തന്നെയാണ് പ്രതാപവും അപമാനവും വരുത്തുന്നവൻ. അവൻ തന്നെയാണ് ഉപകാരവും ഉപദ്രവവും ഉടമപ്പെടുത്തുന്നവൻ. അവൻ തന്നെയാകുന്നു എല്ലാം നിയന്ത്രിക്കു ന്നവനും. നന്മയും തിന്മയും അവനിൽനിന്നുതന്നെ.

മനുഷ്യൻ എത്ര ഉന്നതനായാലും അല്ലാഹു ഒരാൾക്ക് കണക്കാക്കിയതിനേക്കാൾ എന്തെങ്കിലും കാര്യങ്ങൾ അധികം നേടിക്കൊടുക്കുവാനോ ഒരാൾക്ക് എന്തെങ്കിലും ദ്രോഹങ്ങൾ വരുത്തുവാനോ സാധ്യമല്ലെന്നും അവൻ വിശ്വസിച്ചിരിക്കൽ നിർബന്ധമാണ്. നബി(സ) പറയുന്നത് ശ്രദ്ധിക്കുക:

**وَاعْلَمْ أَنَّ الأُمَّةَ لَوِ اجْتَمَعَتْ عَلَى أَنْ يَنْفَعُوكَ بِشَيْءٍ لَمْ يَنْفَعُوكَ بِشَيْءٍ إِلاَّ بِشَيْءٍ قَدْ كَتَبَهُ اللهُ لَكَ، ولو اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلاَّ بِشَيْءٍ قَدْ كَتَبَ اللهُ عَلَيْكَ (الترمذي).**

''നീ മനസ്സിലാക്കുക, സമൂഹം മുഴുവനും നിനക്ക് ഒരു ഉപകാരം ചെയ്തുതരാൻ ഒരുമിച്ചു കൂടിയാലും അല്ലാഹു നിനക്ക് തീരുമാനിച്ചു രേഖപ്പെടുത്തിയതല്ലാതെനിനക്ക് പ്രയോജനപ്പെടുന്നതല്ല, (അതുപോലെ) അവർ നിനക്കൊരു ഉപദ്രവംവരുത്താൻ ഒരുമിച്ചു ശ്രമിച്ചാലും അല്ലാഹു



നിനക്കുരേഖപ്പെടുത്തിയതല്ലാതെ നിനക്ക് ഏൽക്കുന്നതുമല്ല.''[1]

സമൂഹം മുഴുവൻ ഒരുമിച്ചു ശ്രമിച്ചാലും നിനക്ക് ഉപകാരമോ ഉപദ്രവമോ ഒന്നും വരുത്താൻ സാധ്യമല്ലെന്ന് പ്രവാചകൻ(സ) പറഞ്ഞു തന്നാൽ പിന്നെ ഒരു വ്യക്തി അവൻ ജീവിച്ചിരിക്കുന്നവനോ മരിച്ചവനോ ആകട്ടെ അവനെങ്ങിനെയാണ് അല്ലാഹു തീരുമാനിക്കാത്ത ഒരു കാര്യത്തിൽ നിന്നെ സഹായിക്കാൻ കഴിയുക!? അങ്ങിനെയാണെങ്കിൽ പിന്നെ അല്ലാഹുവിനോടു തന്നെ സഹായം തേടിയാൽപേരേ ? അതെ, അതത്രെ ഖുർആൻ പറയുന്നത്; ചിന്തിക്കുന്ന മനസ്സിന്ന് അതുതന്നെ മതിയായതാണ് ''അടിമക്ക് അല്ലാഹു പോരേ?'' [2]

അതുകൊണ്ട് സഹോദരന്മാരേ ആരെങ്കിലും മേൽ പറയപ്പെട്ട ശിർക്കൻ വിശ്വാസത്തിലും ആചാരങ്ങളിലും പെട്ടുപോയിട്ടുണ്ടെങ്കിൽ അവർ ആത്മാർത്ഥമായി അല്ലാഹുവോട് പശ്ചാത്തപിക്കുകയും അത്തരം വിശ്വാസാചാരങ്ങളിൽ നിന്ന് പിന്മാറുകയുംചെയ്തു കൊള്ളട്ടെ. കാരണം ശിർക്കൻ വിശ്വാസത്തോടുകൂടി മരണപ്പെടുന്നവരുടെ മുഴുവൻ അമലുകളും അതോടെ ബാത്വിലായിത്തീരുകയും അവൻ നഷ്ടക്കാരിൽ പെട്ടു പോകുകയും ചെയ്യുന്നതാണ്. അല്ലാഹു പറയുന്നത് കാണുക:

**إِنَّهُ مَنْ يُشْرِكْ بِاللهِ فَقَدْ حَرَّمَ اللهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنْصَارٍ (المائدة ٧٢).**

---

[1] **തുർമുദി**

[2] **സുഖ്റുഫ്**

''അല്ലാഹുവോട് വല്ലവനും പങ്കചേർക്കുന്ന പക്ഷം തീർച്ചയാ യും അല്ലാഹു അവന്ന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസസ്ഥലവു മായിരിക്കും. (അത്തരം) അക്രമികൾക്ക് സഹായികളായി ആരും തന്നെ ഉണ്ടാകുന്നതല്ല''[1]

സഹോദരന്മാരേ,

അല്ലാഹു നമുക്ക് നൽകിയ കണക്കല്ലാത്ത അനുഗ്രഹങ്ങൾ ആസ്വദിച്ചുകൊണ്ട് നാം ഇവിടെ ജീവിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, അല്ലാഹു നമുക്ക് കനിഞ്ഞേകിയ അനുഗ്രഹ ങ്ങൾ മതിയാകാതെ വരുമ്പോൾ നൽകിയ പടച്ചവനോടുതന്നെ വീണ്ടും ചോദിക്കുക. അവൻ പ്രയാസങ്ങൾ നൽകി നമ്മെ പരീക്ഷിക്കുമ്പോൾ അതിൽനിന്നും രക്ഷപ്പെടുത്താനും അവനോട് തന്നെപറയുക. ഇതാണ് ഇസ്ലാം നമ്മോടാവശ്യപ്പെടുന്നത്. അതിനാൽ നമ്മുടെ ആരധനകൾ ആത്മാർത്ഥമായും, അവനിൽ ആരേയും പങ്ക് ചേർക്കാതെ നിർവ്വഹിക്കുക. പ്രാർത്ഥന, സഹായമർത്ഥന എന്നീ കാരണങ്ങളിലൂടെ മററാരിലേക്കും തിരിയാതിരിക്കുക. എല്ലാററിനും കഴിവുള്ള സർവ്വശക്തനായ അല്ലാഹുവിനെ മാത്രം ആശ്രയിക്കുക. ജീവിതത്തിൽ അല്ലാഹുവിൻെറ കലാമായ വിശുദ്ധഖുർആനും അതിൻെറ വിവരണമായ പ്രവാചകചര്യയും പ്രമാണമാക്കി ജീവിതം ക്രമപ്പെടുത്തുക. അവക്ക് എതിരായി മററുള്ളവരെ അന്ധമായി അനുകരിച്ച് ശിർക്കു ബിദ്അത്തുകളിൽ അകപ്പെട്ട് ഇഹവും പരവും നഷ്ടപ്പെടുത്താതിരിക്കുക. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. (ആമീൻ).

وَصَلَّى اللهُ وَسَلَّم عَلَى نَبِيِّنَا مُحَمَّدٍ وَعَلى آلِهِ وَصَحْبِهِ أَجْمَعِين (آمين)

[1] മാഇദ 72



# നമസ്കാരത്തിൻെറ പ്രാധാന്യം

സർവ്വ സ്തുതിയും ജഗപരിപാലകനായ അല്ലാഹുവിന്ന്, അവൻെറ ദൂതരിൽ അന്തിമനായ മുഹമ്മദ് നബിയിലും കുടുംബത്തിലും ബന്ധുമിത്രാദികളിലും സജ്ജനങ്ങളായ മുഴുവൻ ആളുകളിലും അവൻെറ കരുണാകടാക്ഷങ്ങൾ എന്നെന്നും നിർലോഭം വർഷിക്കുമാറാകട്ടെ. (ആമീൻ).

ശഹാദത്തുകലിമകൾ ഉച്ചരിച്ച് ഒരാൾ മുസ്ലിമായിക്കഴിഞ്ഞാൽ പിന്നീട് ഏററവും ഗൗരവപൂർവ്വം അവൻെറ മേൽ ചുമത്തപ്പെട്ടിട്ടുള്ള കർമ്മമത്രെ അഞ്ച് സമയങ്ങളിലുള്ള നമസ്കാരം. ഒരുമുസ്ലിമിന്ന് തൻെറ രക്ഷിതാവുമായുള്ള ബന്ധം സ്ഥിരീകരിക്കപ്പെടുന്നത് നമസ്കാരത്തിലൂടെയാണ്. അത് വിശ്വാസത്തിൻെറ പ്രകടരൂപവും കൂടിയാണ്. അത്കൊണ്ട്തന്നെ പ്രായപൂർത്തിയും ബുദ്ധിയുമുള്ള എല്ലാ സ്ത്രീപുരുഷൻമാർക്കും ഒഴിച്ചുകൂടാൻ പാടില്ലാത്ത വിഷയവുമാണ് നമസ്കാരം. കുട്ടികൾക്ക് ഏഴ് വയസ്സ് പ്രായമാകുമ്പോൾ മുതൽ അത് അവരോട് കൽപ്പിക്കുകയും പരിശീലിപ്പിക്കുകയും പത്ത് വയസ്സായിട്ടും അവർ നമസ്കരിക്കാത്ത പക്ഷം അവരെ അടിക്കുകയും ചെയ്യൽ മാതാ പിതാക്കളുടെ ബാധ്യതയായി ഇസ്ലാം ചുമതലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നിന്ന് നിർവ്വഹിക്കാൻ കഴിയാത്തവർ ഇരുന്നോ, കിടന്നോ തനിക്ക് കഴിയുന്ന വിധത്തിൽ അത് അതാതിൻെറ സമയത്ത്തന്നെ നിർവ്വഹിക്കൽ നിർബന്ധമാണ്. നമസ്കരിക്കാത്തവർ നരകത്തിലാണ് എന്നകാര്യവും സംശയത്തിനിടമില്ലാത്ത വിധം ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. സ്വർഗ്ഗത്തിൽ എ

ത്തുന്ന ആളുകൾക്ക് നരകക്കാരെ കണ്ട് മുട്ടാനും സംസാരിക്കാനും അല്ലാഹു പരലോകത്ത് അവസരം നൽകുകയും അന്നേരം സ്വർഗ്ഗക്കാർ നരകവാസികളോട് ചോദിക്കുന്ന ഒരു ചോദ്യവും അതിന്നവർ നൽകുന്ന മറുപടിയും നമുക്ക് ഇപ്രകാരം കാണാം.

مَا سَلَكَكُمْ فِي سَقَرقَالُوا لَمْ نَكُ مِنَ الْمُصَلِّينَ (المدثر).

‘‘നിങ്ങൾ എന്തുകൊണ്ട് ഈ കഠിനമായ നരകത്തിൽ എത്തിപ്പെട്ടു, അവർപറയും ഞങ്ങൾ നമസ്കരിച്ചിരുന്നില്ല എന്ന്.’’[1]

നബി(സ)പറയുന്നു, നമസ്കരിക്കാത്തവർ കാഫിറുകൾ ആണ്:

الْعَهْدُ الذي بيننا وبينهم الصلاة فمن تركها فقد كفر (مسلم).

‘‘നമുക്കും അവർക്കും ഇടയിലുള്ള കരാർ നമസ്കാരമാണ്. ആരെങ്കിലും അത് ഉപേക്ഷിച്ചാൽ അവൻ കാഫിറായി.’’ [2]

بين الرجل وبين الكفروالشرك ترك الصلاة (مسلم).

‘‘ ഒരാളുടേയും ശിർക്കിൻേറയും കുഫ്റിൻേറയും ഇടയിലുള്ള വിവേചനം നമസ്കാരം ഉപേക്ഷിക്കലാണ്.’’[3]

പ്രവാചകന്മാരുടെ പ്രബോധനത്തെ സംബന്ധിച്ച് പറയുന്നിടത്തെല്ലാം നമസ്കാരത്തെ സംബന്ധിച്ച് പ്രബോധനം നടത്തിയിരുന്നതായി കാണാൻ കഴിയുന്നതാണ്. ഇക്കാര്യവും നമസ്കാരത്തിൻെറ പ്രാധാന്യത്തെയാണ് വിളിച്ചറിയിക്കുന്നത്.

1 **മുദ്ദഥ്ഥിൽ 42,43**

2 **മുസ്ലിം**





## നമസ്കാരത്തിൻെറ മഹത്വം

സഹോദരന്മാരേ, നമസ്കാരം മാത്രമാണ് ആകാശ ലോകത്ത് വെച്ച് മനുഷ്യൻെറമേൽ നിർബന്ധമാക്കപ്പെട്ട ഏക ആരാധന. നബി(സ)യുടെ മിഅ്റാജ് എന്നറിയപ്പെടുന്ന ആകാശാരോഹണ വേളയിലായിരുന്നു അത്. ഇത് തന്നെ മതി നമസ്കാരത്തിൻെറ മഹത്വമായിട്ട്!. കൂടാതെ പരലോകത്ത് ഒന്നാമതായി വിചാരണ ചെയ്യപ്പെടുന്ന വിഷയവും നമസ്കാരമാണ് എന്നും അതിൽ രക്ഷപ്പെട്ടാൽ അവൻെറ മററെല്ലാ കർമ്മങ്ങളിലും അവൻ രക്ഷപ്പെടുമെന്നും അതിൽ പരാജയപ്പെട്ടാൽ അവൻ മററെല്ലാ കാര്യത്തിലും പരാജയപ്പെടുക തന്നെ ചെയ്യുമെന്നും നബി(സ) ഓർമ്മപ്പെടുത്തിയിട്ടുണ്ട്. നമസ്കാരം പ്രായപൂർത്തിയും ബുദ്ധിയുമുള്ള എല്ലാവരിലും, ആരോഗ്യാവസ്ഥയിലും രോഗാവസ്ഥയിലും, സ്വദേശത്തായാലും വിദേശത്തായാലും, ഭയനിർഭയ ഘട്ടങ്ങൾ എന്ന വ്യത്യാസമില്ലാതെ തനിക്ക് കഴിയുന്നവിധം നിർവ്വഹിക്കൽ നിർബന്ധമാണ്. ഇതു പോലുള്ള ഗൗരവം മററൊരു കർമ്മത്തിനും ചുമത്തപ്പെട്ടതായി കാണാൻ കഴിയുന്നതല്ല. ഹജ്ജ് കഴിവുള്ളവർക്ക് മാത്രമേ നിർബന്ധമുള്ളൂ, സക്കാത്ത് ദരിദ്രർക്ക് ബാധകമല്ല, നോമ്പ് രോഗികളും യാത്രക്കാരും മററ് അവസരങ്ങളിൽ നോററുവീട്ടിയാലും മതി. എന്നാൽ നമസ്കാരം ശുദ്ധീകരണത്തിന് വെള്ളം ലഭിച്ചില്ലെങ്കിൽ തയമ്മും (*കുളിക്കും വുദൂവിന്നും പകരം നിർബന്ധ സാഹചര്യങ്ങളിൽ തൻെറ ഇരുകൈപ്പത്തികളും ശുദ്ധമായ ഭൂമിയിൽ ഒരടി അടിച്ച് മുഖവും കൈപ്പടങ്ങളും ഒരു പ്രാവശ്യം തടവലാണ് തയമ്മും*). ചെയ്തു തനിക്ക് കഴിയുന്ന രൂപത്തിൽ നിർവ്വഹിക്കേണ്ടതാണ്. യാത്രയിലാ

ണെങ്കിലും -നാലു റക്അത്തുള്ളവ രണ്ട് റക്അത്താക്കി ചുരുക്കണം- അവൻ നമസ്കരിച്ചേ മതിയാകൂ.

അത്കൊണ്ട് സഹോദരാ, നമസ്കാരം അതിൻെറ നിബന്ധനകളും മര്യാദകളും പാലിച്ചുകൊണ്ട് കൃത്യതയോടെ നമസ്കരിക്കുമ്പോൾ മാതമേ നാം മുസ്ലിമായിത്തീരുകയുള്ളൂ. നാം മുസ്ലിമാണ് എങ്കിൽ എല്ലായിപ്പോഴും നമ്മുടെ വാക്കും പ്രവർത്തനങ്ങളും മുസ്ലിംകളുടേത് തന്നെയായിത്തീരാൻ ശ്രദ്ധിക്കണം. അല്ലാത്തപക്ഷം മുനാഫിഖായിട്ടായിരിക്കും അല്ലാഹു നമ്മെ കണക്കാക്കുക. അവൻെറ സംരക്ഷണം നമുക്ക് നഷ്ടപ്പെടുകയും ചെയ്യുന്നതാണ്. അക്കാരണത്താൽ തന്നെ മുസ്ലിംകളുടെ ആരാധനകളും ആചാരങ്ങളും പ്രവർത്തിക്കാതെ, പറയുക മാത്രം ചെയ്യുന്ന, നാമമാത്ര മുസ്ലിമായി ജീവിക്കുന്നവരിൽ പെട്ടുപോകുന്നതിനെ നാം കരുതിയിരിക്കുക. അതുപോലെ തോന്നുമ്പോൾ മാത്രം നമസ്കരിക്കുന്നവനുമാകാതിരിക്കുക. മേൽപറഞ്ഞതൊന്നും മുസ്ലിംകളുടെ വിശേഷണങ്ങളിൽ പെട്ടതല്ല. മുസ്ലിമെന്നാൽ പരിപൂർണ്ണമായും അല്ലാഹുവിന്ന് കീഴ്പ്പെട്ടു കൊണ്ട് തൻെറ ജീവിതം അവൻ ആവശ്യപ്പെടുന്ന കൽപ്പനകൾക്ക് അനുസരിച്ച് സമർപ്പിക്കുക എന്നതാണ്. അല്ലാഹു മനുഷ്യനോടു കൽപ്പിച്ചിട്ടുള്ള പ്രധാന കൽപ്പനകളിൽ പെട്ടതാണ് നമസ്കാരം കൃത്യതയോടെ അവക്ക് നിശ്ചയിച്ചിട്ടുള്ള സമയത്ത് തന്നെ നിർവ്വഹിക്കുക എന്നുള്ളത്. അല്ലാഹു പറഞ്ഞിരിക്കുന്നതുന്നത് കാണുക:

إِنَّ الصَّلاَةَ كَانَتْ عَلَى الْمُؤْمِنِينَ كِتَاباً مَوْقُوتاً ( النساء ١٠٣)



''തീർച്ചയായും നമസ്കാരം സത്യവിശ്വാസി കളുടെമേൽ സമയബന്ധിതമായ നിർബന്ധ കർമ്മമത്രെ.'' [1]

## ജമാഅത്ത് നമസ്കാരം

നമസ്കാരം ജമാഅത്തായി (സംഘമായി)ട്ടായിരിക്കണം നിർവ്വഹിക്കേണ്ടത്. മററു മുസ്ലിംകളോടൊപ്പം സംഘമായി നമസ്കാരം നിർവ്വഹിക്കുവാനാണ് അല്ലാഹു കൽപ്പിച്ചിട്ടുള്ളത്. ഖുർആൻ പറയുന്നത് കാണുക:

وَأَقِيمُوا الصَلاَةَ وَآتُوا الزَّكَاةَ واركعوا مَعَ الرَاكِعِينَ (البقرة)

''നിങ്ങൾ നമസ്കാരം നിർവ്വഹിക്കുകയും സക്കാത്ത് നൽകുകയും ചെയ്യുക. റുകൂഅ് ചെയ്യുന്നവരോടൊപ്പം നിങ്ങൾ റുകൂഅ് ചെയ്യുക.'' [2]

ഇവിടെ നിങ്ങൾ നമസ്കാരം നിർവ്വഹിക്കുക (അഖീമുസ്വലാത്ത) എന്ന് പറഞ്ഞതിന്ന് ശേഷം റുകൂഅ് ചെയ്യുന്നവരോടൊപ്പം റുകൂഅ് ചെയ്യുക (വർകഊ മഅർറാകിഈൻ) എന്ന് വീണ്ടും പറഞ്ഞതിൽനിന്നും നമസ്കാരം ജമാഅത്തായിട്ടാണ് നമസ്കരിക്കേണ്ടത് എന്ന കൽപ്പനയാണ് കാണാൻ കഴിയുക. അതുപോലെ ഇസ്ലാമിൻെറ സംരക്ഷണത്തിനു വേണ്ടി യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ പോലും ജമാഅത്തായിക്കൊണ്ട് തന്നെയായിരിക്കണം നമസ്കാരം നിർവ്വഹിക്കേണ്ടത് എന്ന് അല്ലാഹു പ്രത്യേകംപറഞ്ഞതായും ഖുർആനിൽ നമുക്ക് കാണാവുന്നതാണ്;

---

[1] നിസാഅ് 103
[2] ബഖറ 43

وَإِذَا كُنْتَ فِيهِمْ فَأَقَمْتَ لَهُمُ الصَلَاةَ فَلْتَقُمْ طَائِفَةٌ مِنْهُمْ مَعَكَ وَلْيَأْخُذُوا أَسْلِحَتَهُمْ فَإِذَا سَجَدُوا فَلْيَكُونُوا مِنْ وَرَائِكُمْ وَلْتَأْتِ طَائِفَةٌ أُخْرَى لَمْ يُصَلّوا مَعَكَ (النساء١٠٢ ).

‘‘(നബിയേ)താങ്കൾ അവരുടെകൂട്ടത്തിൽ ഉണ്ടായിരിക്കുകയും, അവർക്ക് നേതൃത്വം നൽകിക്കൊണ്ട് നമസ്കാരം നിർവ്വഹിക്കുകയുമാണെങ്കിൽ അവരിൽ ഒരുവിഭാഗം നിൻെറകൂടെ നിൽക്കട്ടെ അവർ അവരുടെ ആയുധങ്ങൾ എടുക്കുകയും ചെയ്തുകൊള്ളട്ടെ. അങ്ങിനെ അവർ സുജൂദ് ചെയ്തു കഴിഞ്ഞാൽ അവർ നിങ്ങളുടെ പിന്നിലേക്ക് മാറി നിൽക്കുകയും, നമസ്കരിച്ചിട്ടില്ലാത്ത മറെറ വിഭാഗം വന്ന് താങ്കളുടെ കൂടെ നമസ്കരിക്കുകയും ചെയ്യട്ടെ.’’ [1]

യുദ്ധം നടക്കുമ്പോൾ നിങ്ങൾക്ക് കഴിയുന്ന വിധത്തിൽ സൗകര്യപ്പെടുന്നിടത്ത്പോയി നമസ്കരിക്കണം എന്നല്ല പറഞ്ഞത്, മറിച്ച് ജമാഅത്തായിതന്നെ നിർവ്വഹിക്കണം എന്നാണ് കൽപ്പന. എങ്കിൽ പിന്നെ യുദ്ധാവസരമല്ലാത്ത, നിർഭയഘട്ടത്തിൽ എങ്ങിനെ ജമാഅത്തിന് ഇളവു ലഭിക്കും !?

അത്കൊണ്ട് ശറഇയായ കാരണമില്ലാത്ത മററു സമയങ്ങളിലെല്ലാം ജമാഅത്തായി നമസ്കരിക്കൽ നിർബന്ധമാണ്. നബി(സ) പറയുന്നു:

من سمع النداء فلم يأته فلا صلاة له إلا من عذر (صحيح ابن ماجة للألباني ١/٢٦٠ رقم ٧٩٣)

[1] നിസാഅ് 102



‘‘ആരെങ്കിലും ബാങ്ക്കേൾക്കുകയും എന്നിട്ട് കാരണം കൂടാതെ, അതിന് എത്താതിരിക്കുകയുമാണെങ്കിൽ (ജമാഅത്തിന്ന് എത്തിയിട്ടില്ലെങ്കിൽ) അവന് നമസ്കാരമില്ല.’’ (അൽബാനി സ്വഹീഹ് ഇബ്നുമാജ 1/260 നമ്പർ : 793)

ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു സംഭവം കാണുക: അന്ധനായിരുന്ന സ്വഹാബി, അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം നബി(സ)യുടെ അടുത്ത് വന്ന് ഇപ്രകാരം പറഞ്ഞു, ‘‘പ്രവാചകരേ എന്നെ പള്ളിയിലേക്ക് കൈ പിടിച്ചു കൊണ്ടുവരാൻ ആരുമില്ല. വഴിയാണെങ്കിൽ ദുർഘടവുമാണ്. അത്കൊണ്ട് എ നിക്ക് വീട്ടിൽവെച്ച് നമസ്കരിക്കാൻ ഇളവ് തന്നുകൂടെ. നബി ആദ്യം അദ്ദേഹത്തിന് ഇളവു നൽകിയെങ്കിലും ഉടനെ തിരിച്ചുവിളിച്ചു അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു നിങ്ങൾ ബാങ്ക് കേൾക്കാറുണ്ടോ ? അദ്ദേഹം അതെയെന്ന് മറുപടി പറഞ്ഞപ്പോൾ എന്നാൽ താങ്കൾ അതിന് ഉത്തരംനൽകുക തന്നെ ചെയ്യണം എന്ന് പറഞ്ഞു.’’ [1]

നോക്കൂ സഹോദരാ..! കണ്ണുകാണാൻ കഴിയാത്ത മനുഷ്യൻ, വീട് വളരെ അകലെ, വഴിയാണെങ്കിൽ ദുർഘടം പിടിച്ചത്, പള്ളിയിലേക്ക് കൊണ്ടുവരാൻ ആരുമില്ല. എന്നിട്ടും ജമാഅത്ത് ഒഴിവാക്കി വീട്ടിൽ വെച്ച് നമസ്കരിക്കാൻ യാതൊരിളവും പ്രവാചകൻ നൽകിയില്ല.! എങ്കിൽ കണ്ണുള്ള, ആരോഗ്യമുള്ള, വീടിന്നടുത്ത് പള്ളിയും സുരക്ഷിതമായ വഴികളും വേണമെങ്കിൽ സ്വന്തമായി വാഹനവുമുള്ള നമുക്കൊക്കെ എങ്ങിനെ ഇളവു ലഭിക്കും?. പള്ളിയിലെ ജമാഅത്തിൽ പങ്കെടുക്കാതിരിക്കാൻ എന്ത് കാരണമാണ് നമുക്കൊക്കെയുള്ളത് ?

[1] മുസ്‌ലിം

അത്കൊണ്ട് അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹു നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾ എടുത്ത് കളയാനും കഴിവുള്ളവനാണ് അവൻ; എന്നകാര്യം മറക്കാതിരിക്കുക. അവൻെറ ശിക്ഷയെ നാം ഭയപ്പെടുക. അല്ലാഹുവിൻെറ കൽപ്പനകൾ ധിക്കരിക്കുന്നവർക്ക് എങ്ങിനെ അവനിൽ നിന്നും നിന്നും സമാധാനം ലഭിക്കും?
എത്രയോ അനുഗ്രഹങ്ങൾ ചെയ്തു തന്ന നമ്മുടെ നാഥനെ എങ്ങിനെയാണ് നമുക്ക് വഞ്ചിക്കാൻ കഴിയുന്നത് !?. എവിടെ നമ്മുടെ ഈമാൻ? ആർക്ക് കീഴ്പ്പെട്ടാണ് നാം ജീവിക്കുന്നത്? ഏത് മതത്തെയാണ് നാം ഉൾക്കൊണ്ടിരിക്കുന്നത്? ദുനിയാവിനേയും അതിലെ ചപ്പു ചവറുകളേയുമാണോ നാം ഇഷ്ടപ്പെടുന്നത്? അല്ലാഹുവിനെ ഭയപ്പെടുക. സഹോദരാ, നാം പള്ളിയിൽ വെച്ച് ജമാഅത്തായിക്കൊണ്ട് നമസ്കാരം നിർവ്വഹിക്കുക. അല്ലാഹു നമുക്ക് ചെയ്തുതന്നിട്ടുള്ള ആരോഗ്യം, സുഖം, ഉന്മേഷം എന്നിവയെക്കുറിച്ച് ചിന്തിക്കുക. അവനോട് നന്ദികാണിക്കുക. നമ്മുടെ പ്രായമുള്ളവരായിരുന്ന നമ്മുടെ കൂട്ടുകാരിലും ബന്ധുക്കളിലുംപെട്ട പലരും ഇന്ന് ഖബറിലാണ് എന്ന കാര്യം നാം ഓർക്കുക. അവർ സ്നേഹിച്ചിരുന്ന കൂട്ടു കാരേയും കുടുംബത്തേയുമെല്ലാം വിട്ടുപിരിഞ്ഞ്, താൻ സ്നേഹിച്ചിരുന്ന ദുനിയാവിനേയും അതിലെ എല്ലാ സുഖങ്ങളേയും വെടിഞ്ഞ്, തൻെറ ജീവിതത്തിലെ നമസ്കാരത്തേയും തനിക്ക് കിട്ടിയസമയത്തേയുമെല്ലാം പററി ചോദ്യം ചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാകാം. ഒരുപക്ഷേ, എനിക്കൊന്നു കൂടി ദുനിയാവിലേക്ക് മടങ്ങാൻ കഴിഞ്ഞാൽ ഞാൻ നഷ്ടപ്പെടുത്തിയ നമസ്കാരങ്ങൾ എനിക്ക് മടക്കി നമസ്കരിക്കാമായിരുന്നു. എന്നവൻ വിലപിച്ചു നോക്കുന്നുണ്ടായിരിക്കാം.! പക്ഷേ അതിനുള്ള അവസരം മരണത്തിനു മുമ്പ് കഴിഞ്ഞുപോയി. നാമും മരിക്കുമെന്നുള്ളതും, മരണത്തിനു മുമ്പായി ലഭിക്കുന്ന ഓരോ സെക്കൻറും എങ്ങിനെയൊക്കെ കഴിച്ചുകൂട്ടിയെന്ന് ചോദിക്കുമെന്നുള്ളതും മറക്കാതിരിക്കുക.



നാം ഒന്ന് ഓർത്തുനോക്കിയാൽ, നമ്മുടെ കൂട്ടുകാരിൽ പലരുമിന്ന് അനങ്ങാൻപോലും കഴിയാത്തരോഗത്താൽ ഹോസ്പിററലിലും മററുമായി കഴിഞ്ഞുകൂടുന്നു.!? അവർ ബാങ്ക് കേൾക്കുമ്പോൾ നമസ്കരിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ട്! എന്നാൽ ഇന്നവന് നമസ്കാരം ആംഗ്യം കാണിക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ്. നാം ഇന്ന് ആരോഗ്യവാനാണ്. എന്നിട്ടും അല്ലാഹുവിൻെറ കൽപ്പനകൾ ധിക്കരിക്കുകയാണ് എങ്കിൽ എത്ര നന്ദികെട്ടവനായിരിക്കും നമ്മൾ, എന്നൊന്ന് ഓർത്തു നോക്കൂ. ഈ ഒരവസ്ഥ എന്നും കിട്ടിക്കൊള്ളണ മെന്നില്ല. നമുക്ക് കണക്കാക്കിയിട്ടുള്ള ആയുസ്സ് എത്രയാണെന്ന് അറിഞ്ഞുകൂടാ. അതു കൊണ്ട് കുറച്ചുകൂടി കാലം കഴിഞ്ഞിട്ടാകാം എന്ന ചിന്തക്കും സ്ഥാനമില്ല. ഇപ്പോൾ തന്നെ ഒരു തീരുമാനമെടുക്കാം... അല്ലാഹുവിൻെറ കൽപ്പനകൾ അനുസരിക്കാൻ, നമസ്കാരത്തിൻെറ കാര്യം കഴിവതും ജമാഅത്തായിട്ടുതന്നെ നിർവ്വഹിക്കാൻ. അടുത്ത ദിവസം തന്നെ ഒരുപക്ഷേ, നാം പ്രാധാന്യത്തോടെ കാണുന്ന എല്ലാ വിധ സുഖസൗകര്യങ്ങളെയും സുഹൃത്തുക്കളെയുമെല്ലാം വിട്ട് ഇരുട്ട് മൂടിയ, ഇടുങ്ങിയ, ഭയാനകമായ ഖബറിൽ എത്തിപ്പെട്ടാൽ..... പടച്ചവൻെറ ചോദ്യങ്ങൾക്ക് കൃത്യമായി സമാധാനത്തോടെ മറുപടിപറയാൻ, നിൻെറ ഖബറും തുടർന്നുള്ള ജീവിതവും സ്വർഗ്ഗത്തോപ്പാക്കി മാററാൻ ഇന്ന് തന്നെ, ഇപ്പോൾ തന്നെ ഒരുങ്ങുക.

## തോന്നുമ്പോഴുള്ള നമസ്കാരം !?

ജമാഅത്തായി നമസ്കാരം പതിവാക്കാത്തവൻ പലപ്പോഴും കൃത്യനിഷ്ഠയില്ലാതെ തോന്നുമ്പോൾ നമസ്കരിക്കുന്നവനായിരിക്കും. നമസ്കാരം സമയം തെററിച്ചുകൊണ്ട് നിർവ്വഹിക്കൽ ഒരിക്കലും അനുവദനീയമല്ല. അത്തരം നമസ്കാരം സ്വീകരിക്കപ്പെടുമോ എന്ന കാര്യത്തിൽ പോലും സംശയമാണ്. കാരണം നമസ്കാരം സമയബന്ധിതമായാണ് നിർബന്ധമാക്കിയിട്ടുള്ളത് എന്നകാര്യം അല്ലാഹു അറിയിച്ചിട്ടുള്ളതാണ്. നമസ്കാരം നഷ്ടപ്പെടുത്തുന്നവൻ കാഫിറാണ്. നമസ്കാരം സമയം തെററിച്ചു നമസ്കരിക്കുന്നവൻ അത് പാഴാക്കുന്നവനുമാണ്.

فَخَلَفَ مِنْ بَعْدِهِمْ خَلْفٌ أَضَاعُوا الصَلاَةَ وَاتَبَعُوا الشَهَوَاتِ فَسَوْفَ يَلْقَوْنَ غيا (مريم ٥٩).

''എന്നിട്ട് അവർക്കു ശേഷം അവരുടെ സ്ഥാനത്ത് മറെറാരു തലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം അവർ കഠിനമായ ചൂടുള്ള നരകം കണ്ടുമുട്ടുക തന്നെ ചെയ്യും.''[1]

ഈ ആയത്തിലെ *അളാഉ സ്വലാത്ത* എന്നത് കൊണ്ടുള്ള വിവക്ഷ, സുബ്ഹി നമസ്കാരം സൂര്യോദയത്തിനു ശേഷവും അസ്വർ നമസ്കാരം അസ്തമയത്തിനു ശേഷവും മററും സമയം തെററി നമസ്കരിക്കലാണ് എന്നാണ് ഇബ്നു മസ്ഊദ്(റ)വിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്.

'' ബോധപൂർവ്വം ഒരു നമസ്കാരം സമയം തെററുന്നത് വരെ ഉപേക്ഷിച്ചാൽ അവൻ കാഫിറാണ്.'' എന്ന അഭിപ്രാ

[1] മറിയം 59



യമാണ് പ്രമുഖ സ്വഹാബികളായ ഉമർ, അബൂ ഹുറൈറ, അബ്ദുർ റഹ്മാനുബ്നു ഔഫ്, മുആദ്ബ്നു ജബൽ (റ) എന്നിവരുടെ അഭിപ്രായമായി അബൂ മുഹമ്മദ് ബ്നു ഹസ്മ് (റ) രേഖപ്പെടുത്തിയിട്ടുള്ളത്.

ശൈഖ് ഇബ്നുബാസ് (റ) അവർകളോട് ജോലിസമയം കണക്കാക്കി അലാറം തിരിച്ചു വെച്ച്, എഴുന്നേൽക്കുമ്പോൾ മാത്രം (സമയം തെററിക്കൊണ്ട്) സുബ്ഹി നമസ്കരിക്കുന്നവൻെറ മതവിധിഎന്താണ് എന്നചോദ്യത്തിന് അദ്ദേഹം നൽകിയ ഫത്വയിൽ ഇപ്രകാരം കാണാം: തീർച്ചയായും ബോധപൂർവ്വം നമസ്കാരം പാഴാക്കുന്നവൻെറ വിധിയാണ് അവനുള്ളത്. അവൻകാഫിറാണ് എന്നതിലാണ് പണ്ഡിതന്മാരിൽ അധികമാളുകളും എത്തിച്ചേർന്നിരിക്കുന്നത്. ഈ അഭിപ്രായം തന്നെയാണ് സ്വഹാബികൾക്കും ഉണ്ടായിരുന്നത് എന്നതും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നു;

فَوَيْلٌ لِلمُصَلِّينَ الَّذِينَهُمْ عَنْ صَلاَتِهِمْ سَاهُون (الماعون ٤،٥).

''നമസ്കാരത്തിൽ അശ്രദ്ധകാണിച്ചു കൊണ്ട് നമസ്കരിക്കുന്നവർക്കാണ് നാശം''[1] ഇവിടെ നമസ്കാരം പറെറ ഉപേക്ഷിക്കുന്നവരല്ല മറിച്ച് സമയം തെററിച്ചുകൊണ്ട് നമസ്കരിക്കുന്നവരാണ് എന്നതാണ്. അത്തരക്കാർക്കാകട്ടെ നരകത്തിലെ ചൂടേറിയതും ആഴമുള്ളതുമായ ശിക്ഷയായിരിക്കും ലഭിക്കുക എന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുകയും ചെയ്തിരിക്കുന്നു.

പരലോകത്ത് സമയം തെററിച്ചു നമസ്കരിക്കുന്നവർക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷ അല്ലാഹു നബിക്ക് കാണിച്ചു

[1] മാഊൻ 4,5.

കൊടുക്കുകയും അത് നബി(സ) നമുക്ക് ഇപ്രകാരം പറഞ്ഞു തന്നത് ശ്രദ്ധിക്കുക:

''ഒരുവിഭാഗം ആളുകൾക്ക് ലഭിക്കാനിരിക്കുന്ന ശിക്ഷ എനിക്ക് അല്ലാഹു കാണിച്ചു തരികയുണ്ടായി, ഒരാൾ മലർന്ന് കിടക്കുന്നു അയാളുടെ തല മററൊരാൾ വലിയ പാറക്കല്ല് കൊണ്ട് ചതച്ച് വികൃതമാക്കുന്നു ഏതാണ്ട് തല മുഴുവൻ നശിച്ചു കഴിയുമ്പോൾ അയാളുടെ കൈകളിൽ നിന്ന് കല്ല് താഴെ വീണ് ഉരുണ്ട്പോകുന്നു. അയാൾ വീണ്ടും കല്ലെടുത്ത് ആ മനുഷ്യൻെറ അടുത്തേക്ക് തന്നെ തിരിച്ചുവരുന്നു അപ്പോഴേക്കും തല പഴയ രൂപത്തിലേക്ക് തന്നെ മാറിയിരിക്കും. പിന്നേയും ഇതിങ്ങനെ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഇതാരാണ്? എന്ത് കുററമാണ് ഇയാളുടേത് ? എന്ന് ചോദിച്ചപ്പോൾ പറഞ്ഞത്

الذي ينام عن الصلاة المكتوبة (البخاري).

ഫറള്നമസ്കാര സമയം നമസ്കാരം നിർവ്വഹിക്കാതെ കിടന്നുറങ്ങുന്ന വ്യക്തിയാണ് അയാൾ എന്നാണ്''[1]

നോക്കൂ.. എന്തൊരു ഭീകരമായ ശിക്ഷ! അതൊന്ന് ഓർത്തുനോക്കൂ.. ഇന്ന് കൃത്യമായി നമസ്കരിക്കുന്നു എന്ന് കരുതുന്നവരിൽ പലരും സുബ്ഹിയും അസ്വറുമെല്ലാം നമസ്കരിക്കാതെ കിടന്നുറങ്ങുകയും ഉണരുമ്പോൾ മാത്രം, എഴുന്നേററ് സമയം കഴിഞ്ഞ ശേഷം നമസ്കരിക്കുന്നു. എത്ര കുററകരമാണത് !?

അത്കൊണ്ട് നമസ്കാരം ഉപേക്ഷിച്ച് അശ്രദ്ധയോടെ ജീവിക്കുന്ന സഹോദരാ, നമസ്കാരവിഷയത്തിൽ അത് അർഹിക്കുന്ന ഗൗരവം നൽകാതെ തോന്നിയ പോലെ നി

[1] **ബുഖാരി**



ർവ്വഹിക്കുന്ന മനുഷ്യാ.. പശ്ചാത്തപിക്കൂ ഇപ്പോൾ നമുക്ക് അതിന്ന് അവസരമുണ്ട്. അതും നഷ്ടപ്പെട്ട് ഖേദിക്കേണ്ടി വരുന്നതിന് മുമ്പ്.

رَبِّ ارْجِعُونِي لَعَلِّي أَعْمَلُ صَالِحا فِيما تركت (مؤمنون ١٠٠)

''നാഥാ എന്നെ അൽപനേരത്തേക്ക് ഒന്നുപിന്തിക്കൂ. ഞാൻ ചെയ്യാതെ വിട്ടുകളഞ്ഞതെല്ലാം നിർവ്വഹിച്ചുകൊള്ളാം''[1]

എന്ന് പറയാനിടവരുന്നതിന്ന് മുമ്പ്. പക്ഷേ, അന്നേരം എല്ലാ ചാൻസും നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കും. അത്കൊണ്ട് ചിന്തിക്കുക, എല്ലാ കവാടങ്ങളും കൊട്ടിയടക്കുന്നതിന്ന് മുമ്പ്, നിൻെറമീതെ മണ്ണ് വന്നുവീഴുന്നതിന്ന് മുമ്പ് ഉണരുക. അല്ലാഹുവിനെ ഓർക്കുക. നമസ്കാരത്തിൻെറ കാര്യം പ്രത്യേകം ശ്രദ്ധിക്കുക. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. (ആമീൻ)

## നമസ്കരിക്കാത്തവനോടുള്ള സമീപനം

നമസ്കരിക്കാൻ ഉപദേശിച്ചിട്ടും നമസ്കരിക്കാതെ മുസ്ലിമാണെന്ന് പറഞ്ഞു നടക്കു ന്നവരുമായുള്ള ജീവിതത്തെക്കുറിച്ച് സുഊദി അറേബ്യയിലെ പ്രമുഖ പണ്ഡിതരിലൊരാളായിരുന്ന ബഹു: ശൈഖ് മുഹമ്മദ് ബ്നു സ്വാലിഹുൽ ഉഥൈമീൻ(റ) അവർ കളോട് ചോദിച്ച ചോദ്യത്തിന് അദ്ദേഹം നൽകിയ ഫത്വ ഇവിടെ ചേർക്കുന്നു.

''തീരെ നമസ്കാരം നിർവ്വഹിക്കാത്തവനാണ് എങ്കിൽ തീർച്ചയായും അവൻ കാഫിറാണ്. അവൻ മുർതദ്ദ് (മതത്തിൽനിന്നും പുറത്തുപോയവൻ) ആയിക്കഴിഞ്ഞു. അവനോടു കൂടിയുള്ള ജീവിതം ഒരിക്കലും മുസ്ലിമിന്ന് അ

[1] **അൽമുഅ്മിനൂൻ 100.**

നുവദനീയമല്ല. എങ്കിലും അവനെ നമസ്കരിക്കാൻ തോന്നത്തക്കവിധം പ്രേരിപ്പിക്കുകയും, ക്ഷണിക്കുകയും, നിർബന്ധിക്കുകയും ചെയ്തുകൊണ്ടിരിക്കണം. നമസ്കരിക്കാത്തവൻ കാഫിറാണ് എന്നത് ഖുർആനും, ഹദീസും, സ്വഹാബികളുടെ അഭിപ്രായവും, വക്രതയില്ലാത്ത ബുദ്ധിയും മനസ്സിലാക്കിത്തരുന്ന കാര്യവുമാണ്.

## ഖുർആൻ പറയുന്നു:

فَإِن تَابُوا وَأَقَامُوا الصَّلَاةَ وَآتَوُا الزَّكَاةَ فَإِخْوَانُكُمْ فِي الدِّينِ (التوبة)

‘‘എന്നാൽ അവർ പശ്ചാത്തപിക്കുകയും, നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുകയും, സക്കാത്ത് നൽകുകയും ചെയ്യുന്ന പക്ഷം അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളാകുന്നു.’’[1]

മുകളിൽ കൊടുത്ത ആയത്തിൽനിന്നും മേൽ പറഞ്ഞ കാര്യങ്ങൾ നിർവ്വഹിച്ചിട്ടില്ലെങ്കിൽ അവർ നിങ്ങളുടെ സഹോദരന്മാരല്ല എന്നു തന്നെയാണ് മനസ്സിലാക്കാൻ കഴിയുക. തെററു പ്രവർത്തിക്കുന്നവരുമായുള്ള സാഹോദര്യബന്ധം ഒരിക്കലും മുറിഞ്ഞുപോകുന്നില്ല. എന്നാൽ മതത്തിൽനിന്നും പുറത്തു പോകാനിടയാകുന്ന കാരണങ്ങളുണ്ടായാൽ അവരുമായുള്ള സാഹോദര്യ ബന്ധം അതോടുകൂടി ഇല്ലാതെയായിത്തീരുന്നതാണ്.

## ഹദീസ് പറയുന്നു

بَيْنَ الرَّجُلِ وَبَيْنَ الْكُفْرِ وَالشِّرْكِ تَرْكُ الصَّلَاةِ (مسلم)

1



‘‘ഒരു മനുഷ്യൻേറയും, കുഫ്റിൻേറയും ശിർക്കിൻേറയും ഇടയിലുള്ള മറ നമസ്കാരം ഉപേക്ഷിക്കലാണ്.’’[1]

‘നമുക്കും അവർക്കും (അവിശ്വാസികൾക്കും) ഇടയിലുള്ളകരാർ നമസ്കാരമാകുന്നു. വല്ലവനും അത് ഉപേക്ഷിച്ചാൽ അവൻ കാഫിറായിക്കഴിഞ്ഞു .’’

## സ്വഹാബികളുടെ അഭിപ്രായം:

സ്വഹാബികളിൽ പ്രമുഖനായ ഉമർ(റ) പറയുന്നത് ഇപ്രകാരമാണ്, ‘‘നമസ്കരിക്കാത്തവന് ഇസ്ലാമിൽ ഒരു സ്ഥാനവുമില്ല.’’ അബ്ദുല്ലാഹിബ്നു ശഖീഖ്(റ) പറയുന്നു, നബി(സ)യുടെ സ്വഹാബികൾ നമസ്കാരമല്ലാതെ മറെറാരുകാര്യവും ഉപേക്ഷിച്ചാൽ കാഫിറാകുന്നതായിട്ട് അവർ മനസ്സിലാക്കിയി രുന്നില്ല.

ഒരാൾ ഒരു കടുക് മണിയോളമെങ്കിലും ഈമാനുള്ളവനും നമസ്കാരത്തിൻെറ ഗൗരവം മനസ്സിലാക്കിയിട്ടുള്ള വ്യക്തിയുമാണ് എങ്കിൽ അവൻ ഒരിക്കലും നമസ്കാരം ഉപേക്ഷിക്കുകയില്ല.

നമസ്കാരം ഉപേക്ഷിക്കുന്നവൻ കാഫിറാണ് എന്നത് വ്യക്തമാണ്, പിന്നീട് അവനോട് മുർതദ്ദിൻെറ വിധിയാണ് ഉത്തരവാദപ്പെട്ടവർ നടപ്പാക്കേണ്ടത്.

## മുർതദ്ദിനോടുള്ള വിധികൾ

1, അവന് മുസ്‌ലിം സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കാൻ പാടുള്ളതല്ല. അത്തരം നികാഹുകൾ ബാത്വിലാണ്. കാരണം മുസ്‌ലിം സ്ത്രീ ഒരിക്കലും കാഫിറിന്ന് അനുവ

[1] **മുസ്‌ലിം**

ദനീയമല്ല. ഹിജ്റയുമായി ബന്ധപ്പെട്ട് അവതരിച്ച ഖുർആൻ വചനം കാണുക:

فَإِنْ عَلِمْتُمُوهُنَّ مُؤْمِنَاتٍ فَلاَ تَرْجِعُوهُنَّ إِلَى الكُفار لاهنَّ حِلٌّ لَهُمْ وَلاَهُمْ يَحِلّون لَهُنَّ (الممتحنة ١٠).

‘‘ (അഭയാർത്ഥിനികൾ) വിശ്വാസിനികളാണെന്ന് നിങ്ങൾ അറിഞ്ഞുകഴിഞ്ഞാൽ അവരെ നിങ്ങൾ സത്യനിഷേധികളുടെ അടുത്തേക്ക് തിരിച്ചയക്കരുത്. ആ സ്ത്രീകൾ അവർക്ക് അനുവദനീയമല്ല, അവർ ആ സ്ത്രീകൾക്കും അനുവദനീയമല്ല.’’[1]

2, വിവാഹശേഷമാണ് നമസ്കാരം ഉപേക്ഷിക്കുന്നത് എങ്കിൽ അതോടുകൂടെ വിവാഹബന്ധം ദുർബലപ്പെടുന്നതാണ്. അത് അവളുമായി ബന്ധപ്പെടുന്നതിനു മുമ്പായാലും ശേഷമായാലും ഒരു പോലെത്തന്നെയാണ്. എന്നതാണ് പൺഡിതാഭിപ്രായം.

3, അവർ അറുത്തത് മുസ്ലിംകൾക്ക് ഭക്ഷിക്കാൻ പാടുള്ളതല്ല.

4, മക്കായിൽ വിശുദ്ധഹറമിൻെറ പരിധിക്കുള്ളിൽ അവർക്ക് പ്രവേശിക്കൽ അനുവദനീയമല്ല. ഇക്കാര്യം ഖുർആൻ ഇങ്ങിനെ വ്യക്തമാക്കുന്നു.

يا أيها الذين آمنوا إنما المشركون نجس فلا يقربوا المسجد الحرام بعد عامهم هذا (التوبة ٢٨).

‘‘ സത്യവിശ്വാസികളേ ബഹുദൈവ വിശ്വാസികൾ അശുദ്ധർ തന്നെയാണ്. അത്കൊണ്ട് അവർ ഈവർഷത്തിനു ശേഷം മസ്ജിദുൽഹറമിനെ സമീപിക്കരുത്.’’[2]

[1] മുംതഹിന 10
[2] തൗബ 28



4, മരണപ്പെട്ടാൽ അനന്തരമെടുക്കാൻ പാടുള്ളതല്ല. നമസ്കരിക്കുന്ന ഒരാൾ മരിച്ചാൽ അയാൾക്ക് നമസ്കരിക്കാത്ത മകനും നമസ്കരിക്കുന്ന പിതൃവ്യ പുത്രനുമുണ്ട് എങ്കിൽ പിതൃവ്യപുത്രനായിരിക്കും അനന്തരസ്വത്തിന് അർഹതയുണ്ടായിരിക്കുക. കാരണം നബി(സ) പറഞ്ഞതായി, ഉസാമ: (റ)യിൽ നിന്നും ബുഖാരിയും മുസ്ലിമും ഇങ്ങിനെ റിപ്പോർട്ട് ചെയ്യുന്നു.

لاَ يَرِثُ المُسْلِمَ الكَافِرَ وَلاَ الكَافِرُ المُسْلِمَ (متفق عليه)

‘മുസ്ലിം കഫിറിൽ നിന്നോ, കാഫിർ മുസ്ലിമിൽ നിന്നോ അനന്തിരമെടുക്കാവതല്ല.’’[1]

6, അവർ മരിച്ചാൽ കുളിപ്പിക്കുവാനോ, കഫൻ ചെയ്യുവാനോ, മുസ്ലിംകളോടൊപ്പം മുസ്ലിം ശ്മശാനത്തിൽ സംസ്കരിക്കു വാനോ മുസ്ലിംകൾക്ക് ബാധ്യതയില്ല. പിന്നെ എന്ത് ചെയ്യണമെന്ന് സംശയിക്കുന്നുണ്ടാകും, അവരെ മുസ്ലിം ശ്മശാനത്തിൽ നിന്നുമകററി ഏതെങ്കിലും ഒഴിഞ്ഞ മരുഭൂമിയിൽ കൊണ്ടുപോയി അവർ മരിക്കുമ്പോൾ ധരിച്ചതായ അതേ വസ്ത്രത്തിൽ കുഴിച്ചുമൂടണം എന്നാണ് പൺഡിതന്മാർ അഭിപ്രായപ്പെടുന്നത്. അവർക്ക് വേണ്ടി മയ്യത്ത് നമസ്കാരം നിർവ്വഹിക്കുകയോ മററുള്ളവർക്ക് നമസ്കരിക്കാൻ സൗകര്യം ചെയ്തുകൊടുക്കുകയോ പാടില്ലാത്തതാണ്.

7, അവർ പരലോകത്ത് ഉയർത്തെഴുന്നേൽ പ്പിക്കപ്പെടുക ദുഷ്ടൻമാരായ ഫിർഔൻ, ഖാറൂൻ, ഹാമാൻ, ഉബയ്യുബ്നു ഖലഫ് എന്നിവരോടൊപ്പമായിരിക്കും. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. അവർക്കുവേണ്ടി പാപമോച

[1] മുത്തഫഖുൻ അലൈഹി

നത്തിനായി പ്രാർത്ഥിക്കുവാൻ തൻെറ കുടുംബക്കാർക്ക് കൂടി പാടില്ലാത്തതാണ്. അല്ലാഹു പറയുന്നത് കാണുക:

مَا كَانَ لِلنَّبِيِّ وَالَّذِينَ آمَنُوا أَنْ يَسْتَغْفِرُوا لِلْمُشْرِكِينَ وَلَوْ كَانُوا أُولِي قُرْبَى مِنْ بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَابُ الْجَحِيمِ (التوبة).

''ബഹുദൈവ വിശ്വാസികൾ നരകാഗ്നിയുടെ അവകാശികളാണ് എന്നകാര്യം വ്യക്ത മായിക്കഴിഞ്ഞശേഷം അവർക്കു വേണ്ടി പാപമോചനം തേടുവാൻ, അവർ അടുത്ത ബന്ധുക്കളാണ് എങ്കിൽപോലും വിശ്വാസികൾക്കോ പ്രവാചകന്നോ (ഒരിക്കലും) പാടുള്ളതല്ല.''[1]

അത്കൊണ്ട് സഹോദരൻമാരേ ഇക്കാര്യം വളരെ ഗൗരവമുള്ളതാണ് എന്നകാര്യം മനസ്സിലാക്കുക. മറക്കാതിരിക്കുക.

സഹോദരാ! ചിന്തിക്കുക. കുററവാളിയായി അല്ലാഹുവിനെ കണ്ടുമുട്ടാതിരിക്കാൻ പരിശ്രമിക്കുക.

إِنَّهُ مَنْ يَأْتِ رَبَّهُ مُجْرِماً فَإِنَّ لَهُ جَهَنَّمَ لاَ يَموتُ فِيها وَلا يَحْيَى (طه).

''തീർച്ചയായും വല്ലവനും കുററവാളിയായ നിലയിൽ തൻെറ രക്ഷിതാവിൻെറ അടുത്ത് ചെല്ലുന്ന പക്ഷം അവനുള്ളത് നരകമത്രെ. അതിലവർ മരിക്കുകയുമില്ല ജിവിക്കുകയുമില്ല.''[2]

فَأَمَّا مَنْ طَغَى وَآثَرَ الحَياةَ الدُّنْيا فَإِنَّ الجَحِيمَ هِيَ المَأْوَى (النازعات)

[1] തൗബ 113.
[2] ത്വാഹ 74



''ആര് അതിരുകവിയുകയും ഐഹിക ജീവിതത്തിന് അമിത പ്രാധാന്യം നൽകുകയും ചെയ്യുന്നുവോ അവന്ന് കത്തിജ്വലിക്കുന്ന നരകം തന്നെയാണ് സങ്കേതം''[1]

അല്ലാഹു നന്മകൾ പ്രവർത്തിച്ചു വിജയം വരിക്കുവാനും, ഇസ്ലാമിക ശരീഅത്തിൻെറ തണലിൽ സൗഭാഗ്യ ജീവിതം കെട്ടിപ്പടുക്കുവാനും നമ്മെ അനുഗ്രഹിക്കട്ടെ''. അല്ലാഹുവേ ഞങ്ങളേയും ഞങ്ങളുടെ മക്കളേയും കൃത്യമായി നമസ്കരിക്കുന്നവരിൽ ഉൾപ്പെടുത്തുകയും പരലോകത്ത് സ്വർഗ്ഗം തന്ന് അനുഗ്രഹിക്കുകയും ചെയ്യേണമേ. (ആമീൻ).

وصلى الله وسلم على نبينا محمد وعلى آله وصحبه أجمعين. (آمين)

[1] നാസിആത്ത് 37-41.

# ഹാജിമാരുടെ പാഥേയം

തയ്യാറാക്കിയത്:
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി



# زاد الحاج

(باللغة المليبارية)

إعداد :
قسم الترجمة بالمكتب